# കരിവെള്ളൂർ പ്രാദേശിക ചരിത്രം
# ഒരു വിശകലനം

കാലിക്കറ്റ് സർവ്വകലാശാലയിലെ മലയാള – കേരളപഠനവിഭാഗത്തിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി
സമർപ്പിക്കുന്ന ഗവേഷണപ്രബന്ധം

**ലസിത. കെ.വി.**

**മലയാള – കേരള പഠനവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**

2016

# KARIVELLUR LOCAL HISTORY
# AN ANALYSIS

**Thesis submitted to the**
**Department of Malayalam and Kerala Studies, University of Calicut**
**for the Degree of**
**DOCTOR OF PHILOSOPHY**


LASITHA. K.V.



**DEPARTMENT OF MALAYALAM AND KERALA STUDIES**
**UNIVERSITY OF CALICUT**


**2016**

**പ്രൊഫ. (ഡോ.) പവിത്രൻ ടി.**
റിട്ട. പ്രൊഫസർ
മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലാ മലയാള-കേരളപഠനവിഭാഗത്തിൽ പിഎച്ച്.ഡി. യോഗ്യതാ പരീക്ഷയ്ക്ക് സമർപ്പിക്കുന്ന **കരിവെള്ളൂർ പ്രാദേശിക ചരിത്രം ഒരു വിശകലനം** എന്ന ഈ പ്രബന്ധം **ലസിത. കെ.വി.** എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി
തിയ്യതി :

**പ്രൊഫ. (ഡോ.) പവിത്രൻ ടി.**

**പ്രൊഫ. (ഡോ.) പവിത്രൻ ടി.**
റിട്ട. പ്രൊഫസർ
മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലാ മലയാള-കേരളപഠനവിഭാഗത്തിൽ പിഎച്ച്. ഡി. യോഗ്യതാ പരീക്ഷയ്ക്ക് സമർപ്പിച്ച **കരിവെള്ളൂർ പ്രാദേശിക ചരിത്രം ഒരു വിശകലനം** എന്ന ഈ പ്രബന്ധം **ലസിത. കെ.വി.** പരീക്ഷകർ നിർദ്ദേശിച്ച ഭേദ ഗതികൾ വരുത്തി പരിഷ്കരിച്ച കോപ്പിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു

കാലിക്കറ്റ് യൂണിവേഴ്സിറ്റി
തിയ്യതി :

**പ്രൊഫ. (ഡോ.) പവിത്രൻ ടി.**

# സത്യപ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **കരിവെള്ളൂർ പ്രാദേശിക ചരിത്രം ഒരു വിശകലനം** എന്ന ഈ ഗവേഷണ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ അസോസിയേറ്റ്ഷിപ്പിനോ ഫെലോഷിപ്പിനോ മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ലെന്ന് ഇതിനാൽ സത്യമായി ബോധിപ്പിക്കുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി

തിയ്യതി :

**ലസിത. കെ.വി.**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| ആമുഖം | | 1 – 17 |
| അധ്യായം ഒന്ന്: | കരിവെള്ളൂരും മഹാശിലാസംസ്കാരവും | 13 – 35 |
| അധ്യായം രണ്ട്: | ജാതി ജന്മി നാടുവാഴിത്തം | 36 – 82 |
| അധ്യായം മൂന്ന്: | നാടുവാഴിത്തത്തിനെതിരെയുള്ള മുന്നേറ്റങ്ങൾ | 83 – 108 |
| അധ്യായം നാല്: | ആധുനികത | 109 – 135 |
| ഉപസംഹാരം | | 136 – 143 |
| ഗ്രന്ഥസൂചി | | 144 - 153 |
| ആവേദകസൂചി | | 154 – 156 |
| അനുബന്ധം | | 157 - 215 |

## കടപ്പാട്

കരിവെള്ളൂരിന്റെ വൈവിധ്യപൂർണ്ണമായ സാമൂഹിക ചുറ്റുപാടുകൾ പഠനകാലം മുതൽ എന്റെ മനസ്സിൽ പലതരം ചോദ്യങ്ങൾ ഉയർത്തിയിരുന്നു. പി.എച്ച്.ഡി പഠനത്തിനുവേണ്ടി ഇങ്ങനെ ഒരു വിഷയം തെരഞ്ഞെടുക്കുവാൻ പ്രോത്സാഹനം നൽകുകയും ഗവേഷണാദ്യം മുതൽ അവസാനംവരെ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും എനിക്ക് പ്രചോദനമാകുകയുംചെയ്ത പ്രിയ അധ്യാപകൻ ഡോ: ടി. പവിത്രൻമാഷിനോട് എനിക്കുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

കരിവെള്ളൂരിന്റെ ചരിത്രം വാമൊഴിയായി പറഞ്ഞുതന്ന നിരവധി ആവേദകരെ പഠനകാലയളവിൽ ഞാൻ സന്ദർശിച്ചിട്ടുണ്ട്. വിലപ്പെട്ട അറിവുകൾ പകർന്നു തന്ന അവരിൽ പലരും ഇക്കാലയളവിൽ ലോകത്തോട് വിടപറഞ്ഞു. പാവൂർ കുഞ്ഞിരാമൻ, ടി.കരുണാകരൻ, അമ്മിണി.വി, കുഞ്ഞിരാമപ്പെരുവണ്ണാൻ (കടന്നപ്പള്ളി), പയങ്ങപ്പാടൻ ജാനകി, ഇ.പി.തമ്പാൻമാസ്റ്റർ, നാരു ഉണിത്തിരി, പി.വി. രാമകൃഷ്ണൻ തുടങ്ങിയവരെ ബഹുമാനപൂർവ്വം നന്ദിയോടെ സ്മരിക്കുന്നു. നേരിട്ടും അല്ലാതെയും എന്റെ പഠനത്തിനാവശ്യമായ വിലപ്പെട്ട വിവരങ്ങൾ നല്കിയവർക്കെല്ലാം എന്റെ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

ഗവേഷണ പഠനത്തിനാവശ്യമായ പുസ്തകങ്ങൾതന്ന് എന്റെ പഠനത്തെ ഊർജ്ജസ്വലമാക്കിയ ജവഹർലൈബ്രറി വെള്ളൂർ, കരിവെള്ളൂർപെരളം ഗ്രാമ പഞ്ചായത്ത് ലൈബ്രറി, കൈരളിവായനശാല പെരളം, കണ്ണൂർ സർവ്വകലാശാല സി.എച്ച്. ലൈബ്രറി, മലയാള-കേരളപഠന വിഭാഗം ലൈബ്രറി എന്നിവിടങ്ങളിലെ ലൈബ്രേറിയൻമാർക്കുള്ള നന്ദി അറിയിക്കുന്നു.

കാലിക്കറ്റ് സർവ്വകലാശാല മലയാള-കേരള പഠന വിഭാഗത്തിലെ ഡോ: കെ.എം. അനിൽ, ഡോ: അനിൽവള്ളത്തോൾ, ഡോ: ഉമ്മർതറമേൽ, ഡോ: എൽ

തോമസ്കുട്ടി എന്നിവർക്കും മറ്റ് അധ്യാപകർക്കും ഓഫീസ്സ്റ്റാഫിനും എന്റെ പ്രിയ സുഹൃത്തുക്കൾക്കും നന്ദി രേഖപ്പെടുത്തുന്നു. പ്രബന്ധത്തിന്റെ ഡി.ടി.പി പ്രവർത്തനങ്ങൾ ചെയ്തുതന്ന ശ്രീമതി ബിന്ദുവിന് നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. ഗവേഷണത്തിൽ ആദ്യാവസാനം എനിക്ക് പിൻതുണയേകിയ എന്റെ കുടുംബാംഗങ്ങളെ ഞാൻ ഈ അവസരത്തിൽ ഓർക്കുന്നു.

ലസിത.കെ.വി

# ആമുഖം

കേരളത്തിൽ കണ്ണൂർ ജില്ലയുടെ വടക്കേ അറ്റത്ത് കാസർഗോഡ് ജില്ലയുമായി അതിർത്തി പങ്കിടുന്ന പഞ്ചായത്താണ് കരിവെള്ളൂർ–പെരളം ഗ്രാമ പഞ്ചായത്ത്. ചരിത്രപരമായി ഏഴിമല രാംജവംശത്തിന്റെയും കോലത്തു നാടി ന്റെയും ഭാഗമായിരുന്നു കരിവെള്ളൂർ.

കരിവെള്ളൂരിന്റെ പ്രാദേശിക ചരിത്രം–ഒരു വിശകലനം എന്ന പഠനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ

1. കരിവെള്ളൂർ–പെരളം ഗ്രാമപഞ്ചായത്തിലെ ചരിത്രവസ്തുതകൾ ശേഖരി ക്കുക. ചരിത്രസ്മാരകങ്ങൾ, വാമൊഴി പാരമ്പര്യം, വാമൊഴി ചരിത്രം രേഖാസഹിത ചരിത്രം എന്നിവയിലൂടെ കിട്ടാവുന്ന ചരിത്രവസ്തുതകൾ ശേഖരിക്കുക.

(2) ശേഖരിക്കുന്ന ചരിത്രവസ്തുതകളെ ലോകചരിത്രത്തിന്റെയും ദേശചരിത്ര ത്തിന്റെയും ഭാഗമായി പ്രാദേശികചരിത്രത്തിന്റെ രീതിശാസ്ത്രമുപയോഗിച്ച് അപഗ്രഥിക്കുക.

(3) പ്രാദേശികമായി വേറിട്ടുനിൽക്കുന്ന ചരിത്രസവിശേഷതകളെ കണ്ടെത്തു കയും അപഗ്രഥിക്കുകയും ചെയ്യുക.

**പ്രബന്ധസ്വരൂപം**

പ്രബന്ധത്തിൽ പ്രധാനമായി നാലധ്യായങ്ങളാണ് ഉള്ളത്. ഒന്നാമധ്യായ ത്തിൽ കരിവെള്ളൂർ ദേശം, ഭൂപ്രകൃതി സവിശേഷതകൾ എന്നിവ പരിചയപ്പെടു ത്തുകയും ചരിത്രാതീതകാലത്തെ കരിവെള്ളൂരിലെ അവശേഷിപ്പുകൾ പരിശോധി ക്കുകയുമാണ് ചെയ്തിട്ടുള്ളത്. മഹാശിലാകാലഘട്ടം മുതൽക്കുള്ള ഉപദാന

വസ്തുക്കൾ കരിവെള്ളൂരിൽനിന്നും കണ്ടെടുത്തിട്ടുണ്ട്.[1] സംഘകാലത്തോളം നീളുന്ന മഹാശിലാസ്മാരകത്തിന്റെ കരിവെള്ളൂരിലെ അവശേഷിപ്പുകൾ എന്തെല്ലാമാണ് എന്ന അന്വേഷണമാണ് ഒന്നാമധ്യായത്തിൽ. സമൂഹത്തിലെ ഇരുമ്പിന്റെ സ്വാധീനം, കാർഷിക സംസ്ക്കാരത്തിന്റെ വ്യാപനം എന്നിവ കൂടി ചർച്ച ചെയ്യുന്നു.

ഇരുമ്പിന്റെ കണ്ടുപിടിത്തവും കാർഷികപുരോഗതിയും ഗോത്ര സമൂഹത്തെ ഫ്യൂഡൽ സമൂഹമെന്ന നിലയിലേക്ക് പരിവർത്തിതമാക്കി. ഗോത്ര ജീവിതം നാടുവാഴിത്തത്തിലേക്ക് വളർന്നതോടെ ജാതീയത വേരുറപ്പിച്ചു.[2] നാടുവാഴിത്തവും ജാതിവ്യവസ്ഥയും നിലനിന്ന സമൂഹത്തിൽ യഥാക്രമം വർഗ്ഗപരവും വംശപരവുമായ ആധിപത്യം നിലനിർത്തുന്നു. ഗോത്രജീവിത വ്യവസ്ഥയിൽനിന്ന് നാടുവാഴിത്തത്തിലേക്കുള്ള മാറ്റമുണ്ടായത് കൃഷിവളർന്നുവന്ന ഇടനാടൻ ഊരുകളെ കേന്ദ്രീകരിച്ചാണ്. 'കരിവെള്ളൂർ'പേര് സൂചിപ്പിക്കുംപോലെ കാർഷിക പ്രാധാന്യമുള്ള ഊരായിരുന്നിരിക്കണം. കൃഷി അടിസ്ഥാനമാക്കി വളർന്നുവന്ന നാടുവാഴിത്തവും ജാതിവ്യവസ്ഥയും കരിവെള്ളൂരിൽ വേരുറച്ചത് എങ്ങനെ, അതിന്റെ അവശേഷിപ്പുകൾ എന്തൊക്കെ എന്നെല്ലാമുള്ള അന്വേഷണം രണ്ടാമധ്യായത്തിൽ ഉൾപ്പെടുന്നു. വിവിധ ജാതിസമൂഹങ്ങൾ ഏവ, അവയുടെ കരിവെള്ളൂരിലെ അധിവാസത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം എന്നുള്ള കാര്യങ്ങൾ രണ്ടാമധ്യായത്തിൽ ചർച്ച ചെയ്യുന്നു.

മൂന്നാമധ്യായത്തിൽ നാടുവാഴിത്തത്തിനും ജാതീയതയ്ക്കും എതിരായ പോരാട്ടങ്ങൾ രൂപപ്പെട്ടതും അത് കരിവെള്ളൂർ സമരമായി വളർന്നുവരുന്നതുമാണ് പഠിക്കാൻ ശ്രമിച്ചിട്ടുള്ളത്. രണ്ടാം ലോകമഹായുദ്ധം, ദേശീയതയുടെ സ്വാധീനം, രാഷ്ട്രരൂപീകരണം തുടങ്ങിയവ കരിവെള്ളൂരിൽ എങ്ങനെ പ്രതിഫലിച്ചു എന്നത് മൂന്നാമധ്യായത്തിൽ പരിശോധിക്കുന്നു.

നാലാമധ്യായത്തിൽ ആധുനികതയുടെ കടന്നുവരവും കരിവെള്ളൂരിലെ ജാതികേന്ദ്രിത നാടുവാഴിത്തസമൂഹത്തിൽ ആധുനികത വരുത്തിയ മാറ്റങ്ങളുമാണ് പഠിക്കാൻ ശ്രമിച്ചത്. വിവരസാങ്കേതികവിദ്യയുടെ വികാസം, ടെലിവിഷൻ, കമ്പ്യൂട്ടർ, സെൽഫോണുകൾ എന്നിവയുടെ വ്യാപനം മുതലായവ കരിവെള്ളൂരിലെ സാമൂഹ്യജീവിതത്തിൽ വരുത്തിയ പരിവർത്തനങ്ങളും ഈ അധ്യായത്തിൽ പഠനവിധേയമാക്കിയിട്ടുണ്ട്.

നാലധ്യായങ്ങളിലൂടെ കടന്നുപോയപ്പോൾ ഉണ്ടായ നിരീക്ഷണങ്ങളും എത്തിച്ചേർന്ന നിഗമനങ്ങളും ഉപസംഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അനുബന്ധത്തിൽ കരിവെള്ളൂരിലും പരിസരപ്രദേശങ്ങളിലും നിലനിൽക്കുന്ന പ്രാദേശികമായ നാടൻപാട്ടുകൾ, ചൊല്ലുകൾ, ആയിരത്തിതൊള്ളായിരത്തി നാല്പതുകളിൽ കലാ-സാംസ്കാരികരംഗത്ത് പാടിയ പാട്ടുകൾ, പ്രാദേശിക സവിശേഷതകൾ ചൂണ്ടിക്കാട്ടുന്ന ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

**പ്രാദേശിക ചരിത്രപഠനം**

കാരോൾ കമ്മൻ എന്ന അമേരിക്ക പ്രാദേശിക ചരിത്ര പണ്ഡിത പ്രാദേശിക ചരിത്രത്തെക്കുറിച്ച് പറയുന്നത് ഇതാണ്. പ്രാദേശിക ചരിത്രം എന്നത് ഭൂമിശാസ്തപരമായി ചെറിയ ഒരിടത്തെ സംഭവങ്ങളുടെ കേവലമായ വിവരണമല്ല.[3] വിവിധ സ്രോതസ്സുകളിൽ നിന്നും കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ദേശചരിത്രത്തിന്റെ ഭാഗമായി ഉരുത്തിരിഞ്ഞുവരേണ്ട വലിയൊരു തുറസ്സാണ് പ്രാദേശിക ചരിത്രത്തിലൂടെ സാധ്യമാവേണ്ടത്. പ്രാദേശിക ചരിത്രത്തിന്റെ പ്രാധാന്യം കാരോൾകാമ്മൻ ഇങ്ങനെ വിശദീകരിക്കുന്നു. പ്രാദേശിക ചരിത്രം തെരെഞ്ഞെടുത്ത പ്രാദേശികസമൂഹത്തിന്റെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ചരിത്രമാണ്.[4] ചരിത്ര സന്ദർഭങ്ങളോടും ചരിത്രസംഭവങ്ങളോടുമുള്ള വൈയക്തികപ്രതികരണങ്ങൾ ഉൾക്കൊള്ളുന്നു. പ്രാദേശികചരിത്രപഠനത്തിലൂടെ എഴുതപ്പെട്ട ചരിത്ര

ത്തിൽനിന്നും വ്യത്യസ്തമായ ചരിത്രവീക്ഷണങ്ങളവതരിപ്പിക്കാൻ സാധിക്കുന്നു.[13] അതുകൊണ്ടുതന്നെ പ്രാദേശികചരിത്രത്തിലൂടെ ചരിത്രം ജനാധിപത്യവൽക്കരിക്കപ്പെടുന്നു.[5]

ഒരു ദേശത്തെ അല്ലെങ്കിൽ പ്രദേശത്തെ എടുക്കുമ്പോൾ ഭരണപരമായ ആ ദേശം അഥവാ പ്രദേശം രുപംകൊണ്ടിട്ട് അധികമാവണമെന്നില്ല. ഇന്നുള്ള ഭരണാതിർത്തിക്ക് പുറത്തുള്ള ഭാഗങ്ങൾ മുൻപ് ഈ ദേശത്തിന്റെഅഥവാ പ്രദേശത്തിന്റെ ഭാഗമായിരിക്കാം, ഇന്നുള്ള ഭാഗങ്ങൾ മുൻപ് ഇതിനു പുറത്തുമായിരുന്നിരിക്കാം. ഭരണപരമായ  അതിർത്തി പല കാലത്തും മാറിമറിഞ്ഞു വന്നുകൊണ്ടിരിക്കും.

''ഭരണപരമായ പുതിയ അതിർത്തിക്കകത്ത് ജീവിക്കുന്ന ജനങ്ങൾ ഇത് തിരിച്ചറിയുന്നുണ്ട്. ആ പ്രദേശത്തെക്കുറിച്ച് അവരിൽ ഒരു ബോധം വളരുന്നുണ്ട്. അതോടൊപ്പംതന്നെ പണ്ട് നിലനിന്നിരുന്ന അതിർത്തിക്കകത്തെ പ്രദേശ മെന്ന ബോധവും അവരിൽ നിലനിൽക്കുന്നുണ്ട്. ഈ രണ്ടുതരത്തിലുള്ള പ്രവണതകൾ ഒരു പ്രദേശത്തെ രൂപീകരിക്കുന്നതിൽ ഒരു  പ്രദേശം എന്നതു കൊണ്ട് നാം എന്താണ് അർത്ഥമാക്കുന്നത് എന്നതിൽ വളരെ ശക്തമായ സ്വാധീനം ചെലുത്തുന്നു''.[6] അതായത് ഒരു പ്രദേശത്തിന്റെ സ്വത്വരൂപീകരണ പ്രക്രിയയിൽ ഭരണാധികാരികൾ ഉറപ്പിക്കുന്ന അതിരുകൾക്കപ്പുറത്തേക്ക് നീങ്ങുന്ന ഒരവബോധം എപ്പോഴും ഇടപെടുന്നു. അതുകൊണ്ടുതന്നെ പ്രാദേശിക ചരിത്രരചനയിൽ രേഖപ്പെടുത്തിയിട്ടുള്ള അതിരുകൾ എല്ലാ കാലത്തും സമയത്തും അങ്ങനെതന്നെ വരണമെന്നില്ല. പലപ്പോഴും അതിരുകൾ അതിലം ഘിക്കപ്പെടുന്നു.[7]

**പ്രദേശം, രാഷ്ട്രം, ലോകം**

പ്രാദേശികചരിത്രം രാഷ്ട്രചരിത്രവുമായും ലോകചരിത്രവുമായും നിരന്തരം ബന്ധപ്പെടുന്നുണ്ട്.[8] ബ്രിട്ടീഷ് ആധിപത്യത്തിനുശേഷം ഇന്ത്യ എന്ന ബോധം വളർന്നുവന്നത് പ്രാദേശികമായി അതുൾക്കൊള്ളുന്നതിലൂടെയാണ്. രാഷ്ട്രവുമായും ലോകവുമായുള്ള ബന്ധത്തിലൂടെയാണ് പ്രാദേശികചരിത്രം രൂപ

പ്പെടുന്നത്.[9] കരിവെള്ളൂരിൽ കോലത്തുനാടെന്ന പ്രാദേശിക അവബോധത്തിൽ നിന്ന് ദേശീയതയിലേക്ക് വളരുന്നത് ആയിരത്തിതൊള്ളായിരത്തി മുപ്പത് നാൽപത് കാലങ്ങളിലാണ്. ലോകത്തിലുള്ള യുദ്ധവും സമുദ്രാന്തരയാത്രകളും, സാമ്രാജ്യത്വവും ആഗോളീകരണവുമെല്ലാം പ്രദേശത്ത് ഇടപെടുന്നതിലൂടെ പ്രാദേശിക ജീവിതത്തിൽ ശക്തമായ സ്വാധീനം ചെലുത്തുന്നു. അതുകൊണ്ടുതന്നെ കരിവെള്ളൂരിന്റെ പ്രാദേശിക ചരിത്രമെന്നത് ദേശചരിത്രവുമായും ലോകചരിത്രവുമായും ബന്ധപ്പെട്ടിരിക്കുന്നു.

പ്രാദേശികമായി വന്നിട്ടുള്ള മാറ്റങ്ങളെ ലോകചരിത്രത്തിന്റെയോ രാഷ്ട്രചരിത്രത്തിന്റെയോ വെളിച്ചത്തിൽ വിശദീകരിക്കാനാകുന്നു. ലോകത്തെ പല സംഭവഗതികളും കരിവെള്ളൂരിൽ പ്രതിഫലിച്ചു കാണുന്നതിനാൽ, കേരളചരിത്രവും ഇന്ത്യാചരിത്രവും ലോകചരിത്രവുമായി ബന്ധപ്പെടുത്തിയേ കരിവെള്ളൂർ ചരിത്രം പഠിക്കാനാകൂ.

**പ്രാദേശിക ചരിത്രരചനയുടെ പ്രാധാന്യം**

ലോകചരിത്രവും ഇന്ത്യാചരിത്രവും കേരളചരിത്രവും നമ്മൾ പഠിക്കാറുണ്ട്. രാജ്യം ഭരിച്ച രാജാക്കന്മാരെക്കുറിച്ചും സാമ്രാജ്യം വാണചക്രവർത്തിമാരെകുറിച്ചും നമുക്കറിയാം. യൂറോപ്യൻ ആധുനികത ഇന്ത്യൻ സമൂഹത്തിൽ; കേരളീയസമൂഹത്തിൽ വരുത്തിയ പരിഷ്കരണപ്രവർത്തനങ്ങൾ നമ്മൾ പഠിച്ചിട്ടുണ്ട്. ഇങ്ങനെ നമ്മൾ ചരിത്രംപഠിക്കുമ്പോൾ ജനസംസ്കാരമെന്തെന്ന് അറിയുന്നില്ല.[10] ''സാമ്പ്രദായിക ചരിത്രരചനയുടെ പരിമിതി മാനവചരിത്ര വികാസഘട്ടങ്ങളെ സൂക്ഷ്മമായി അടയാളപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ്.''[11] പ്രാദേശിക ചരിത്രരചനകൊണ്ട് സാധ്യമാകുന്നത് അതാണ്. ലോകത്തോ ഇന്ത്യയിലോ കേരളത്തിലോ നടന്നിട്ടുള്ള ചരിത്രസംഭവങ്ങൾ ഉത്തരകേരളത്തിലെ കുഞ്ഞുഗ്രാമമായ കരിവെള്ളൂരിൽ എങ്ങനെ പ്രതിഫലിച്ചു എന്നു പരിശോധിക്കു മ്പോൾ ചരിത്രപഠനം സൂക്ഷ്മമായി[12] തീരുന്നു. അധികാരം മുകളിൽനിന്ന് താഴേക്ക് പ്രയോഗിക്ക

പ്പെടുമ്പോൾ[13] അതിനകത്ത് ജനങ്ങൾ എങ്ങനെയാണ് ജീവിക്കുന്നത്. ഫ്യൂഡൽ 'അധികാരവ്യവസ്ഥിതിയോട് താതാത്മ്യപ്പെട്ടതും കലഹിക്കുന്നതും എങ്ങനെയാണ്, അതിനുള്ള കാരണങ്ങൾ എന്താണ്, മനുഷ്യന്റെ ജീവിത പന്ഥാവിൽ ജൈവികവും ഭൗതികവുമായ പരിസ്ഥിതി ഇടപെടുന്നത് എങ്ങനെ എന്നുതുടങ്ങുന്ന ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരങ്ങൾ നൽകാൻ പ്രാദേശീക ചരിത്രപഠനങ്ങൾക്ക് കഴിയുന്നു.[14] പ്രാദേശികചരിത്രരചനയിലൂടെ ജനകീയചരിത്ര രചനയാണ് നടത്തുന്നത്.

**പ്രാദേശിക ചരിത്രരചനയുടെ സ്രോതസ്സുകൾ**

പ്രാദേശിക ചരിത്രമെഴുതുന്നവരെ സംബന്ധിച്ച് സാധാരണ ചരിത്രരചനയ്ക്കുപയോഗിക്കുന്ന ഉപദാനസാമഗ്രികൾ പലപ്പോഴും ലഭിച്ചെന്നു വരില്ല. ചരിത്രം സാധാരണഗതിയിലെഴുതുന്നത് രേഖപ്പെടുത്തിയ സ്രോതസ്സുകളുടെ അല്ലെങ്കിൽ മനുഷ്യന്റെ ജീവിതത്തിൽനിന്ന് നമുക്ക് ലഭിക്കാവുന്ന അടയാളപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലാണ്.[15] ഒരു ചെറിയ പ്രദേശത്തിന്റെ ചരിത്രമെഴുതാൻ ശ്രമിക്കുമ്പോൾ അത്തരം സ്രോതസ്സുകൾ ലഭ്യമായി എന്നുവരില്ല. പ്രാദേശികചരിത്രരചനയ്ക്കുതകുന്ന പ്രധാന സ്രോതസ്സുകളാണ് വാമൊഴി പാരമ്പര്യവും വാമൊഴി ചരിത്രവും.

**വാമൊഴിപാരമ്പര്യം (Oral Tradition)**

വാമൊഴിപരമ്പര്യം വളരെ പഴയകാലത്തെ ചരിത്രത്തെ ഒരു സമൂഹം എങ്ങനെ കാലാനുകാലമായി ചിന്തിപ്പിച്ചു എന്നതിനെ വീണ്ടെടുക്കാൻ സഹായിക്കുന്നു.[16] ''ഒന്നാം നൂറ്റാണ്ടിലേയോ രണ്ടാംനൂറ്റാണ്ടിലേയോ പത്താം നൂറ്റാണ്ടിലേയോ പതിനഞ്ചാം നൂറ്റാണ്ടിലേയോ ഒക്കെ ചില ചരിത്രാശയങ്ങൾ അനുഭവങ്ങൾ സമൂഹം സംരക്ഷിച്ചിട്ടുണ്ട്. സമൂഹം ഇത് സംരക്ഷിച്ചുവയ്ക്കുന്നത് ഓർമ്മകളിലൂടെയാണ്. ഓർമ്മകളുണ്ട് എന്നതുകൊണ്ട് അത് യാഥാർത്ഥ്യമാണോ

യെന്ന് തിരിച്ചറിയാൻ സാധിച്ചുവെന്നുവരും''.[17] വാമൊഴി പാരമ്പര്യത്തെ പ്രാദേശികചരിത്രത്തിന്റെ ശക്തമായ ഉപദാനസാമഗ്രിയായി ഉപയോഗപ്പെടുത്താൻ സാധിക്കുമെന്ന് കെ. എൻ. പണിക്കർ വിശദീകരിക്കുന്നതാണ് മുകളിലുദ്ദരിച്ചത്. കരിവെള്ളൂരിന്റെ പ്രാദേശിക ചരിത്രത്തിൽ വാമൊഴി പരമ്പര്യങ്ങൾ ധാരാളമായി ലഭിച്ചിട്ടുണ്ട്. അവയെ ഒരു പരിധിവരെ പ്രബന്ധരചനയ്ക്കായി ഉപയോഗ പ്പെടുത്തിയിട്ടുണ്ട്.

**വാമൊഴിചരിത്രം**

വാമൊഴിചരിത്രം എന്നുപറയാവുന്നത് ഒരു ചരിത്ര സന്ദർഭങ്ങളെക്കുറി ച്ചുള്ള 'ഓർമ്മകളറിയുന്നവരിൽനിന്ന് നാം വീണ്ടെടുക്കുന്ന ചരിത്രമാണ്.'[18] ''ആ ഓർമ്മകൾ പലപ്പോഴും നാം രേഖകളിൽ കാണുന്ന ഓർമ്മകളാവുകയില്ല. സംഭവ ങ്ങളാവുകയില്ല. ഗവൺമെന്റിന്റെ രേഖകളിലോ അല്ലെങ്കിൽ മറ്റ് പത്രമാധ്യമങ്ങ ളിലോ കാണുന്നവയായിരിക്കില്ല. അതിൽനിന്നും തികച്ചും വ്യത്യസ്തമായ സംഭവങ്ങളായിരിക്കും അവരുടെ ഓർമ്മകളിലുണ്ടാവുക അത്, ചരിത്രത്തിന് ഒരു സമഗ്രത കൊടുക്കും.''[19] ചരിത്രകാരന്മാർ എഴുതിയ ചരിത്രത്തിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു ചരിത്രത്തിലേക്ക് കടന്നുചെല്ലാൻ ഇതുവഴി നമുക്ക് സന്ദർഭം ലഭിച്ചേക്കാനിടയുണ്ട്.[20] പ്രാദേശികചരിത്രരചനയ്ക്ക് വാമൊഴിപാരമ്പര്യവും വാമൊഴിചരിത്രവും മാത്രമല്ല എഴുതപ്പെട്ട രേഖാസഹിതസാമഗ്രികളും, ചരിത്രസാ മഗ്രികളും, ചരിത്രസ്മാരകങ്ങളുമെല്ലാം എനിക്ക് ലഭിക്കുകയുണ്ടായി. ഇവയെല്ലാം പരമാവധി ഉപയോഗപ്പെടുത്തിയാണ് പ്രബന്ധരചന നിർവ്വഹിച്ചിരിക്കുന്നത്.

**ഭൂപ്രകൃതി**

കണ്ണൂർജില്ലയുടെ വടക്കേഅറ്റത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് കരിവെള്ളൂർ-പെരളംഗ്രാമപഞ്ചായത്ത്. കിഴക്ക് കാങ്കോൽ ആലപ്പടമ്പ് ഗ്രാമങ്ങളും തെക്കുഭാഗം പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട വെള്ളൂർഗ്രാമവും വടക്കുഭാഗം

കാസറഗോഡ് ജില്ലയിലെ പിലിക്കോട്, കൊടക്കാട്, ചീമേനി ഗ്രാമങ്ങളും പടിഞ്ഞാറ് ഭാഗം മാണിയാട്ട്, വടക്കേതൃക്കരിപ്പൂർ ഗ്രാമങ്ങളും അതിർത്തിയായി നിലകൊള്ളുന്നു. ഭൂമിശാസ്ത്രപരമായി 2223.65 ഹെക്ടർ വിസ്തൃതിയുള്ള പ്രദേശമാണിത്.[21]

**നീരുറവകൾ**

ലോകചരിത്രത്തിലെ സംസ്കാരങ്ങളെല്ലാം രൂപംകൊണ്ടത് ഓരോ നദീതട ങ്ങളിലാണ്. സിന്ധുനദീതടസംസ്കാരവും[22] നൈൽനദീതടസംസ്കാരവു[23]മെല്ലാം നദിയെ അഥവാ ശുദ്ധജലസ്രോതസ്സുകളെ ആശ്രയിച്ചാണ് വളർന്നുവന്നത്. കൃഷിയും സംസ്കാരവും വളർന്നുവരുന്നതിൽ നീരുറവകൾക്ക് വളരെയേറെ പ്രാധാന്യമുണ്ടെന്നതാണ് ഇത് കാണിക്കുന്നത്. കരിവെള്ളൂരിൽ അധിവാസങ്ങൾ വളർന്നുവരുന്നതിലും നീരുറവകൾ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.[24] ഭൂപ്രകൃതി, കാലാവസ്ഥ എന്നിവ രൂപപ്പെടുന്നതിലും നീരുറവകൾ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കരിവെള്ളൂരിന്റെ ജീവിതത്തെ രൂപപ്പെടുത്തിയത് നെൽകൃഷിയാണ്. നെൽകൃഷി ജലലഭ്യതയെ ആശ്രയിച്ചാണ് വളർന്നുവന്നത്. കരിവെള്ളൂരിലെ ജനസംസ്കാര പഠനത്തിലും നീരുറവകൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്.

**പുത്തൂർ തോട്**

കരിവെള്ളൂരിലെ പ്രധാന നീരുറവകൾ പുത്തൂർതോട്, കരിവെള്ളൂർ കിഴക്കേതോട്, മാണിയാട്ട് തോട് എന്നിവയാണ്. ഇതിൽ പ്രധാനം പുത്തൂർ തോടാണ്. കയ്യൂർ ചീമേനി പഞ്ചായത്തിൽ ഉൾപ്പെടുന്ന ഈശ്വരൻകാനം, വണ്ണാത്തിക്കാനം എന്നിവയിൽ നിന്നുമുത്ഭവിച്ച് അഞ്ച് കിലോമീറ്ററോളം ഒഴുകി വെള്ളൂർപുഴയോട് ചേർന്ന് കുണിയൻപുഴയോടും അവിടെനിന്നും കവ്വായി പുഴയോടുംചേർന്ന് എട്ടിക്കുളത്ത് കടലിൽ പതിക്കുന്നു.[25] ആക്കവും കൊഴുപ്പും പലപ്പോഴായി അതിപ്രവാഹവും ഉണ്ടാക്കാൻ സഹായിക്കുന്ന ചെറുതോടുകളും

അരുവികളും നീർച്ചാലുകളും ഈ തോടിന്റെ പരിപോഷകങ്ങളാണ്. അവ ഇരയിലെചാൽ മാണിക്കോത്ത് തോട്, മുളയിലെകൊല്ലി, പൊള്ളപൊയിൽ ചാൽ, കോട്ടക്കുന്ന്തോട്, ക്ടാമ്പ് കൊല്ലി, തീണ്ടാച്ചാൽ, കാരാട്ട്ചാൽ, ഓണച്ചാൽ, പാച്ചേനിച്ചാൽ കൊല്ലി, വേട്ടക്കുന്ന്ചാൽ, കണ്ണാരംചാൽ, കൊറ്റ്യൻവീട്ചാൽ കുടവക്കുളങ്ങരചാൽ, കക്കറകാവുചാൽ, വണ്ണാത്തിക്കടവ്ചാൽ, വരീക്കരച്ചാൽ, മാലാപ്പ്ചാൽ, കോട്ടോൻചാൽ എന്നിവ.

**കരിവെള്ളൂർകിഴക്കേതോട്**

കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ മറ്റൊരു പ്രധാനതോടാണ് കരിവെള്ളൂർ കിഴക്കേ തോട്. കൂക്കാനത്തിനടുത്തുള്ള കുണ്ടുപൊയിലിൽനിന്ന് ഇത് ഉത്ഭവിക്കുന്നു. ഏകദേശം നാല് കി.മി ഒഴുകി വെള്ളൂർപുഴയിൽ ചേരുന്നു. മഴക്കാലത്ത് ഒഴുകി വരുന്ന വെള്ളം പലയിടത്തും വയലിലൂടെ പരന്ന് ഒഴുകിയാണ് തോട്ടിൽ എത്തുന്നത്. നീർച്ചാലുകൾ കുറവാണ്. തോട്ടിലേക്ക് വരുന്ന പ്രധാന ജലമാർഗ്ഗം കൊടക്കാട് ഭാഗത്തുനിന്നും വരുന്ന പാടിക്കിൽതോടാണ്. ഇത് പലിയേരിയിൽവെച്ച് പ്രധാന തോടിനോട് ചേരുന്നു. കൊളവയൽചാൽ, ചങ്ങമ്പള്ളിത്തോട്, ചീറ്റത്തോട് എന്നിവയാണ് മുഖ്യനീർച്ചാലുകൾ എരുവക്കുതിർ എന്ന സ്ഥലത്തുവെച്ച് പുത്തൂർ തോടുമായി ചേർന്ന് വെള്ളൂർപുഴയായി ഒഴുകുന്നു.[26]

**മാണിയാട്ട് തോട്**

കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറേയറ്റത്തുള്ള തോടാണിത്. ഏതാണ്ട് നാല് കി.മി ഓളം ഒഴുകി കുണിയൻ പുഴയിൽ ചേരുന്നു. ഇരയിത്തോട്, ചൂലടിച്ചാൽ എന്നിവ ഇതിന്റെ കൈവഴികളാണ്. നമ്പിക്കുളത്തിന് സമീപത്തുനിന്ന് ഉത്ഭവിക്കുന്ന ചൂലടിച്ചാൽ കുഞ്ഞിതോടുമായി ചേർന്ന് മാണിയാട്ട് തോടുമായി സന്ധിക്കുന്നു. മഴക്കാലത്തുണ്ടാകുന്ന വെള്ളത്തിന്റെ

ഭൂരിഭാഗവും പല പല ചാലുകൾ വഴിയും, വയലിലൂടെയും പരന്നൊഴുകിയും കുണിയൻ പുഴയിലെത്തുന്നു.[27]

**കൃഷി**

കരിവെള്ളൂരിലെ പ്രധാന കൃഷി നെല്ലാണ്. തെങ്ങും കവുങ്ങും, കുരുമുളകും സമൃദ്ധമായി വിളയുന്നു. കശുവണ്ടി കൃഷി കുറയുകയും റബ്ബർ വ്യാപിക്കുകയും ചെയ്തു. ചക്കയും മാങ്ങയും സുലഭമാണ്. കപ്പ(മരച്ചീനി) കൃഷി വ്യാപകമായി നടത്തുന്നുണ്ട്. മഴക്കാല- വേനൽക്കാല പച്ചക്കറി കൃഷികളുമുണ്ട്. വെള്ളരി, മത്തൻ, കൈപ്പ, പടവലം, കുമ്പളം തുടങ്ങിയവ താഴ്ന്ന പ്രദേശത്ത് വ്യാപകമായി നടത്തുമ്പോൾ വഴുതിന, പയർ തുടങ്ങിയ കുന്നിൻ പ്രദേശങ്ങളിലും കൃഷി ചെയ്യുന്നു.

**കാവുകൾ**

കടവിൽകാവ്, പതിക്കാവ്, വട്ടപൊയിൽ നാഗം കാവ്, ചേനോടത്തുകാവ്, പുലിക്കണ്ടൻകാവ്, കുടുവക്കുളങ്ങരക്കാവ്, പാച്ചേനിക്കാവ്, കക്കറക്കാവ്, വരീക്കരക്കാവ്, ആകാശക്കോട്ടക്കാവ് എന്നിവ പുത്തൂർതോടിനുവശമായിട്ടുള്ള കാവുകളാണ്. പലിയേരി തടുപ്പക്കുളങ്ങരക്കാവ് (മൂകാംബിക ക്ഷേത്രം), പെരളത്തെ പുതുക്കുളങ്ങരക്കാവ്, പാലത്തരക്കാവ്, കോട്ടൂർക്ഷേത്രത്തിലെ നാഗക്കാവ്, കോട്ടൂർപറമ്പത്തുള്ള മുണ്ട്യക്കാവ് എന്നിവ കരിവെള്ളൂർ കിഴക്കേതോടി നിരുവശവുമായുള്ള കാവുകളാണ്. കുണിയൻകാവ്, പുഴക്കരപെരുമുടിക്കാവ്, പുഴക്കര പെരുമുടിക്കാവ് എന്നിവയും കരിവെള്ളൂരിലെ കാവുകളാണ്. കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിലെ വനസമ്പത്ത് എന്നവകാശപ്പെടാനാകില്ലെങ്കിലും ജൈവവൈവിധ്യങ്ങളുടെ കലവറയായി കാവുകൾ നിലനിൽക്കുന്നുണ്ട്.[28] കാവുകൾ ക്ഷേത്രവൽക്കരിക്കപ്പെടുകയും ക്ഷേത്രങ്ങളാവുകയും ചെയ്യുമ്പോൾ കാവിന്റെ (കാടിന്റെ) വേരുകൾവരെ അറുത്തുമാറ്റുന്നു. കാവുസംസ്കാരം ക്ഷേത്രസംസ്കാരമായി മാറുന്നു.[29] പഴയകാല ബ്രാഹ്മണേതരുടെ ആരാധനാകേന്ദ്രങ്ങളിൽ

മിക്കവയും കാവുകളാണ്. മുണ്ട്യക്കാവ്, മുച്ചിലോട്ട്കാവ്, പതിക്കാവ് തുടങ്ങിയവ പഴയകാലത്തെ കാവുകളാണ് കൂടാതെ കുണിയൻ പുഴക്കരികിൽ ഒരു ചെറിയ കാവുണ്ട് (അനുബന്ധം ചിത്രങ്ങൾ കാണുക). ഇവിടെ ധാരാളം ദേശാട നക്കിളികൾ വന്നുപോകുന്നു. പക്ഷികളെകുറിച്ച് പഠിക്കുന്ന ധാരാളം ആളുകൾ ഇവിടെയെത്താറുണ്ട്. കാവുകളിൽ ഒറ്റപ്പെട്ട മരങ്ങളും, കുറ്റിക്കാടുകളും വള്ളികളും നിറഞ്ഞുനിൽക്കുന്നു. പാമ്പ്, കീരി, കുറുക്കൻ, അരണ, ഓന്ത്, മുയൽ, മരപ്പട്ടി, അണ്ണാൻ തുടങ്ങിയ ജീവികൾ വസിക്കുന്നു. കാഞ്ഞിരം, ആൽ, അരയാൽ, ഞാവൽ, ഇലഞ്ഞി, പ്ലാവ്, വട്ട, തേക്ക് തുടങ്ങിയ മരങ്ങൾ കാവുകളിലുണ്ട്. ചെക്കി, ചെമ്പകം തുടങ്ങിയ പൂക്കൾ കാവിനുള്ളിൽ വളരുന്നു.

**കുന്നുകൾ**

കരിവെള്ളൂർ പെരളം പ്രദേശത്തിന്റെ പടിഞ്ഞാറുഭാഗം സമുദ്രനിരപ്പിൽ നിന്നും മൂന്നുമീറ്റർവരെ ഉയർന്നു നിൽക്കുന്ന പ്രദേശമാണ്. വടക്കു കിഴക്കൻ ഭാഗ ങ്ങളാണ് പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ. ഏഴുമീറ്ററിനും എഴുപത്തഞ്ച് മീറ്റ റിനും ഇടയിൽ ഉയർന്നിരിക്കുന്ന ഭൂമിയുടെ കിടപ്പ് വടക്കുകിഴക്ക് ഉയർന്നപ്രദേ ശവും പടിഞ്ഞാറോട്ട് ചരിഞ്ഞ്താഴ്ന്ന് കിടക്കുകയും ചെയ്യുന്നു.[30] ഭൂമിയുടെ സ്വഭാവം തമിഴകത്തെ ഐന്തിണകളുടെ[31] സ്വഭാവമനുസരിച്ച് പരിശോധിച്ചാൽ മുല്ലൈ, മരുതം, സ്വഭാവം കാണിക്കുന്നു. ഐന്തിണകളിൽ കുറിഞ്ചി വനനിബി ഡവും മുല്ലൈകുന്നിൻ പ്രദേശവും പാലൈ തരിശുഭൂമിയും മരുതം കഷിഭൂമിയും നെയ്തൽ കടലോരവുമാണ്. പടിഞ്ഞാറുഭാഗത്ത് നെയ്തൽ സ്വഭാവം കാണുന്നുണ്ട്. ഇവിടെ ഉപ്പുവെള്ളം കയറുന്ന പതിവുണ്ട്. എന്നാൽ വയലുകൾ കൃഷിക്കനുയോജ്യമാണ്. ഇവിടെ ധാരാളം നെൽകൃഷി ചെയ്തുവരുന്നുണ്ട്. വടക്കുകിഴക്കൻ പ്രദേശം കുന്നിൻ പ്രദേശമാണ് സമുദ്രനിരപ്പിൽനിന്ന് ഉയരമുള്ള പ്രദേശം വലിയമലകളില്ല. കുന്നിൻചെരിവിൽ വയലുകളുണ്ട്. ഇടയിലുള്ളത് വയലുകളും സമതലപ്രദേശങ്ങളും ഒറ്റപ്പെട്ട കുന്നുകളാണ്. കോട്ടക്കുന്ന്,

കൊവ്വച്ചേരി, കണിയാൻ കുന്ന്, മാലാപ്പ് തുടങ്ങിയ പ്രദേശം മുതൽ പുത്തൂർ പ്രദേശംവരെ കുന്നിൻപ്രദേശങ്ങളാണ് ഒറ്റപ്പെട്ട മേച്ചിൽപുറങ്ങളും കുറ്റിക്കാടുകളും മരങ്ങളും തിങ്ങിനിറഞ്ഞ ഉയരംകുറഞ്ഞ കുന്നിൻപുറങ്ങൾ ജനനിബിഡമാണ്. കോട്ടക്കുന്ന്, ചെമ്പോട്ടിക്കുന്ന്, കണിയാൻകുന്ന് എന്നിവിടങ്ങളിൽ മഹാശിലാ സ്മാരകങ്ങളുടെ അവശിഷ്ടങ്ങൾ കാണുന്നു.

1946ൽ നടന്ന നെല്ലെടുപ്പ് സമര[32]ത്തിന്റെ പേരിലാണ് കരിവെള്ളൂരെന്ന ദേശം ലോകത്തിനുമുന്നിൽ അറിയപ്പെട്ടത്.[33] എന്നാൽ മഹാശിലാകാലഘട്ടം മുതൽക്കുള്ള ചരിത്രത്തിന്റെ ഉപാദാനസാമഗ്രികളും, രേഖകളും കരിവെള്ളൂരിൽനിന്നും കണ്ടെടുത്തിട്ടുണ്ട്.[34] കൂളിപ്പാറയിൽ കണ്ടെത്താൻ കഴിഞ്ഞ ഇരുപത്തിരണ്ടോളം ചെങ്കൽ കുഴികളോടുകൂടിയ വലിയ പഴുതറ കരിവെള്ളൂരിന്റെ ചരിത്രം അടയാളപ്പെടുത്തുന്നു. ഈ പഴുതറക്ക് കേരളത്തിൽ പൊതുവെ കാണുന്ന പഴുതറകളിൽനിന്ന് ഏറെ വ്യത്യസ്തതയുണ്ട് (അനുബന്ധം ചിത്രം 6 കാണുക). നാറോത്ത് വിഷ്ണുക്ഷേത്രത്തിൽനിന്നും ഡോ.ടി.പവിത്രൻ കണ്ടെത്തിയ രണ്ടുവരി വട്ടെഴുത്ത് ലിഖിതവും (അനുബന്ധ ചിത്രം 10 കാണുക) കരിവെള്ളൂരിന്റെ ചരിത്രത്തെ അടയാളപ്പെടുത്തുന്നു. കരിവെള്ളൂർ ശിവക്ഷേത്ര ത്തിന്റെ പ്രാധാന്യം ഇവിടെ ഒരുമാസക്കാലം മാണിചാക്യാർ കുടുംബക്കാർ നട ത്തുന്ന കൂത്തിന്റേതാണ്.[35] മത്തവിലാസം കൂത്താണിത്. കൂത്തിൽ ബുദ്ധമതത്തെ കണക്കിനു പരിഹസിക്കുന്നുണ്ട്. ബൗദ്ധ-ശൈവമത സംഘർഷങ്ങളുടെ വേദി യായി കരിവെള്ളൂർ മത്തവിലാസം കൂത്ത് മാറിയതിന്റെ തെളിവുകൾ തരുന്നു.[36] കരിവെള്ളൂരിൽ വടക്കേ മലബാറിന്റെ അനുഷ്ഠാനകലയായ തെയ്യത്തിന് പ്രാധാന്യമുണ്ട്. മണക്കാടൻ ഗുരുക്കൾ ചിറക്കൽ തമ്പുരാന്റെ മുന്നിൽ ഒരൊറ്റ രാത്രികൊണ്ട് ഒന്ന് കുറെയ നാല്പത് തെയ്യക്കോലങ്ങൾ കെട്ടിയാടിയ തോടെയാണ് തെയ്യങ്ങൾക്ക് രൂപം നൽകിയത് എന്നാണ് ഐതി[37] വണ്ണാൻ സമുദാ യത്തിലുൾപ്പെട്ട മണക്കാടൻ ഗുരുക്കൾ കരിവെള്ളൂരിൽ ജീവിച്ചിരുന്ന ഒരു വ്യക്തി യായിരുന്നു.[38] അദ്ദേഹത്തിന്റെ സമാധി സ്ഥാനം (മണക്കാടൻ ഗുരുക്കൾ സ്ഥാനം)

ഇപ്പോഴും കരിവെള്ളൂരിലുണ്ട് (അനുബന്ധചിത്രം 13 കാണുക). മീനമാസത്തിലെ പൂരം വടക്കേ മലബാറിലെ പ്രധാന ആഘോഷമാണ്. കൊട്ടുക്കരനമ്പിതറവാട്ടിൽ ഒരുക്കുന്ന പൂകൊണ്ടുള്ള വലിപ്പമേറിയ കാമരൂപം (അനുബന്ധം ചിത്രം 19 കാണുക) കരിവെള്ളൂരിന്റെ സവിശേഷതയാണ്'.[39] ചരിത്രപരമായ സവിശേഷതകൾ കരിവെള്ളൂരിനെ മറ്റു പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നതോടൊപ്പം സ്വന്തം സ്വത്വം അടയാള പ്പെടുത്തുകകൂടി ചെയ്യുന്നു.

**കുറിപ്പുകൾ**


1. ഗണേശ്. കെ.എൻ, – 'കേരളത്തിന്റെ ഇന്നലെകൾ' – 1997, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് , കേരളസർക്കാർ, പുറം 116.
2. Carol Kamman - On doing Local History - 2003, Altamira press - UK. ISBN 78-0-750 - 2371-7 - Page 3, 4
3. Ibid.
4. Carol Kamman, Amy. H. Wilsom - Encyclopedia of local history – 2000, Altamire press - U.K. ISBN : 978 - 0-7591 - 20488 Page:
5. Carol Kammon - On doing local history - 2003 - Altamire press - UK- ISBN : 978 - 0-7591 -2371-7 page 4.
6. പണിക്കർ. കെ.എൻ. ഡോ:, പവിത്രൻ.ടി., ഭരതൻ കെ.എം., ബാബുരാജ്, ദിനേശൻ.ഇ. – പ്രദേശം, രാഷ്ട്രം, ലോകം–കടത്തനാടിന്റെ സാഹിത്യ പാരമ്പര്യം – 2007, കടത്തനാട് ജനസംസ്കാര പഠന കേന്ദ്രം, പുറം 11.
7. അതേ കൃതി, അതേ പുറം.
8. Carol Kammen - On doing local history - 2003 - Altamire press , U.K.- Page - 240,241.
9. Ibid.
10. ഗണേഷ് കെ.എൻ. കേരളസമൂഹപഠനങ്ങൾ 2002–പ്രസക്തി ബുക് ഹൗസ്, പത്തനംതിട്ട. പുറം 13, 14.
11. നമ്പൂതിരി എൻ.എം. പി.കെ.ശിവദാസ് കേരളചരിത്രത്തിന്റെ നാട്ടുവഴികൾ 2009 പുറം 9.
12. അതേ കൃതി, അതേ പുറം.

13. ഗ്രാംഷി അന്തോണിയോ–ജയിൽക്കുറിപ്പുകൾ 2010 – മൈത്രിബുക്സ് –പുറം 56,57.

14. അതേ കൃതി, അതേ പുറം.

15. പണിക്കർ .കെ.എൻ –കടത്തനാടിന്റെ സാഹിത്യ പാരമ്പര്യം – 2007 കറന്റ് ബുക്സ് ,പുറം12.

16. അതേ കൃതി, അതേ പുറം.

17. നമ്പൂതിരി എൻ.എം. ഡോ: കേരളസംസ്ക്കാരം അകവും പുറവും – കാലിക്കറ്റ് യൂണിവേഴ്സിറ്റി Page IV, V, Vi.

18. പണിക്കർ കെ.എൻ. കടത്തനാടിന്റെ സാഹിത്യ പാരമ്പര്യം 2007 കറന്റ്

19. അതേ കൃതി, അതേ പുറം.

20. അതേ കൃതി, അതേ പുറം.

21. കരിവെള്ളൂരിന്റെ ഇന്നലെകൾ – കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക ചരിത്രം 2010 – കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് പേജ്–22

22. Habeeb Irfan - Peoples history of India.I Pre history - Aligarh historians society, 2002 - ISBN 81-85229-68-6 published by Thulika books - shahpus - New Delhi - Page -68

23. lbid

24. കരിവെള്ളൂർപെരളം ഗ്രാമപഞ്ചായത്ത് നീർത്തടാധിഷ്ഠിത വികസനം പത്താം പഞ്ചവത്സപദ്ധതി –2001 പേജ് – 6

25. അതേ കൃതി, അതേ പുറം.

26. കരിവെള്ളൂരിന്റെ ഇന്നലെകൾ കരിവെള്ളൂർ– പെരളംഗ്രാമപഞ്ചായത്ത് പുറം 3.

27. അതേ കൃതി, അതേ പുറം.

28. ശിവൻ.വി.വി. ‘ജൈവവൈവിധ്യംപ്രസക്തിയും പ്രാധാന്യവും’. നീർത്ത ടാധിഷ്ഠിത വികസനം എന്ത്? എങ്ങനെ? കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്ത്. പശ്ചിമഘട്ടവികസന പരിപാടി – പുറം 63

29. കുറുപ്പ് കെ.കെ.എൻ ഡോ. ആര്യ-ദ്രാവിഡ ഘടകങ്ങൾ മലബാറിലെ നാടൻ കലയിൽ– 1980– കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.പുറം 20.

30. കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് 12–ാം പഞ്ചവത്സരപദ്ധതി 2012–17 വികസന രേഖ –2012 പുറം 6.

31. അതേ കൃതി, അതേ പുറം.

32. 1946ലാണ് കരിവെള്ളൂർ സമരം നടന്നത്. ഇത് ജന്മി നെല്ല് കടത്തുന്നതി നെതിരെയുള്ള സമരമായിരുന്നു. വിശദാംശങ്ങൾ മൂന്നാമദ്ധ്യായത്തിൽ കൊടു ത്തിരിക്കുന്നു.

33. ജോഡിവിറ്റ് എന്ന ഡച്ച് വിദ്യാർത്ഥി 1981 ൽ ആംസ്റ്റർഡാം യൂണിവേഴ്സിറ്റിയിൽ സാംസ്ക്കാരിക നരവംശശാസ്ത്രത്തിൽ എം.എ യ്ക്ക് പഠിക്കുന്നതിന്റെ ഭാഗമായി ‘ഭൂപരിഷ്ക്കരണവും കർഷക പ്രസ്ഥാനങ്ങളും കരിവെള്ളൂരും’ എന്ന വിഷയത്തിൽ പഠനം നടത്തുകയുണ്ടായി.

34. പവിത്രൻ ടി.ഡോ., നായർ.ജി.ഡി (എഡി:) – പയ്യന്നൂർ ഫർക്ക ചരിത്രവും സമൂഹവും – 2007, ഇം.എം.എസ് പഠനകേന്ദ്രം, പയ്യന്നൂർ, പുറം 22.

35. പവിത്രൻ.ടി.ഡോ: നായർ ജി.ഡി (എഡി:) – പയ്യന്നൂർ ഫർക്ക ചരിത്രവും സമൂഹവും – 2007, ഇ.എം.എസ് പഠനകേന്ദ്രം, പയ്യന്നൂർ, പുറം 94.

36. ഉണിത്തിരി.എൻ.വി.പി. – അത്യുത്തര കേരളീയം – 2008, കൈരളി ബുക്സ് കണ്ണൂർ, പുറം 87.

37. കണ്ണൻ. വൈ.വി. – തെയ്യങ്ങളും അനുഷ്ഠാനങ്ങളും ഒരു പഠനം–2011, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പുറം 60, 61.

38. ചന്തേര സി.എം.എസ് – തെയ്യത്തിന്റെ ആദിരൂപം – 2004, ഡി.സി.ബുക്സ് കോട്ടയം, പുറം 21.

39. പവിത്രൻ ടി.ഡോ:. നായർ. ജി.ഡി (എഡി:) – പയ്യന്നൂർ ഫർക്ക ചരിത്രവും സമൂഹവും – 2007 ഇ.എം.എസ് പഠനകേന്ദ്രം, പയ്യന്നൂർ, പുറം 94.

## അധ്യായം – 1

## കരിവെള്ളൂരും മഹാശിലാസംസ്ക്കാരവും

ചരിത്രാതീതകാലത്തെ മനുഷ്യവാസത്തെ കുറിച്ച് കേരളത്തിൽ സൂചനകളുണ്ട്. എടക്കൽ ഗുഹാചിത്രങ്ങളും, ഏറ്റുകുടുക്കയിലെ ചിത്രങ്ങളും കേരളത്തിലെ ചരിത്രാതീതകാലജീവിതത്തെ അടയാളപ്പെടുത്തുന്നുണ്ട്.[1] നിബിഡവനങ്ങളിൽ അലഞ്ഞുതിരിഞ്ഞ മനുഷ്യർ ഇരുമ്പ് കണ്ടുപിടിച്ചതോടുകൂടിയാണ് പുരോഗതി പ്രാപിക്കുന്നത്. ഇരുമ്പുയുഗത്തിന്റെ വ്യക്തമായ സൂചനകളാണ് കേരളത്തിലങ്ങോളമിങ്ങോളം കാണുന്ന മഹാശിലാസ്മാരകങ്ങൾ തരുന്നത്. മഹാശിലാസ്മാരകങ്ങൾ ഇരുമ്പുയുഗജീവിതത്തിന്റെ അവശേഷിപ്പുകളാണ്. കരിവെള്ളൂർ– പെരളം പഞ്ചായത്തിന്റെ അതിർത്തി പ്രദേശത്താണ് ഏറ്റുകുടുക്കചിത്രങ്ങൾ കാണുന്നത്. കരിവെള്ളൂരിലും ധാരാളം മഹാശിലാസ്മാരകങ്ങളുണ്ട്.

ഏററുകുടുക്കചിത്രങ്ങൾ കന്നുകാലി വളർത്തലുമായി ജീവിച്ചുവന്ന കാലമാണ് അടയാളപ്പെടുത്തുന്നത്.[2] കരിവെള്ളൂർ പ്രദേശം ഭൂമിശാസ്ത്രപരമായി ഇടനാടാണ്. തീരപ്രദേശമായ തൃക്കരിപ്പൂർ പഞ്ചായത്തുണ്ട്. മലനാടിന്റെ ഭാഗമായി താഴ്ന്നുകിടക്കുന്ന ചീമേനി പഞ്ചായത്തും കരിവെള്ളൂരിന്റെ പടിഞ്ഞാറും കിഴക്കും അതിർത്തി പങ്കിടുന്നു. ഇതിനിടയിൽ കിടക്കുന്ന കരിവെള്ളൂരും ധാരാളം നീരൊഴുക്കുള്ള പ്രദേശമാണ് കൃഷിക്ക് പ്രധാന്യമുള്ള ഇടനാടുകൾ കേന്ദ്രീകരിച്ചാണ് ഊരുകൾ ഉയർന്നുവന്നത്. ഇത്തരം ഊരുകളിൽ കൃഷിപുരോഗതി പ്രാപിക്കുകയും സമ്പത്ത് കേന്ദ്രീകരിക്കപ്പെടുകയും ചെയ്തു. പിന്നീട് സമ്പത്തിന്റെ അടിസ്ഥാനത്തിൽ വർഗ്ഗവിഭജനം ഉണ്ടാവുകയും ചെയ്തു. കാർഷിക പ്രാധാന്യത്തോടെ ഉയർന്നുവന്ന ഒരു ഊരായിരിക്കണം കരിവെള്ളൂരും, സ്ഥലനാമവും ഇത് സൂചിപ്പിക്കുന്നുണ്ട് (കരിവെള്ളം ഒഴുകുന്ന ഊര്). കൃഷി അടിസ്ഥാനത്തിൽ ഉയർന്നുവന്ന ജാതിവ്യവസ്ഥയും നാടുവാഴിത്തവും കരിവെള്ളൂരിന്റെ പിൽക്കാല ജീവിതത്തെ നിർണ്ണയിച്ചത്.

### 1.1. മഹാശിലാസംസ്കാരം

ചരിത്രാതീതകാലത്തെ മനുഷ്യർ ശവസംസ്ക്കാരരീതിയുമായി ബന്ധപ്പെട്ട് ഭീമാകാരമായ ശിലകൾ നാട്ടുകയോ കല്ലറകൾ നിർമ്മിക്കുകയോ ചെയ്തിരുന്നുവെന്നതിന് ലോകത്തിന്റെ പല ഭാഗത്തുനിന്നും തെളിവുകൾ ലഭിച്ചിട്ടുണ്ട്. ചരിത്രാതീതകാലത്തെ മനുഷ്യർ സ്ഥാപിച്ചിട്ടുള്ള ഇത്തരം ശിലാവസ്തുക്കളെ മഹാശിലാസ്മാരകങ്ങൾ എന്നോ മഹാശിലാസ്ഥാപനങ്ങൾ[3] എന്നോ വിളിക്കുന്നു. യൂറോപ്പ്, ആഫ്രിക്ക, ഏഷ്യ എന്നിവിടങ്ങളിലെല്ലാം പരക്കെ വ്യാപിച്ചിരുന്ന ഒരു സംസ്കാരവിശേഷമാണ് മഹാശിലാസംസ്കാരം. ചരിത്രാതീത മനുഷ്യർ സ്ഥാപിച്ചിട്ടുള്ള ഏറ്റവും പഴയ കൂറ്റൻശിലകൾ കാണുന്നത് കിഴിക്കൻ യൂറോപ്പിലും പശ്ചിമേഷ്യയിലുമാണ്.[4] ഇത്തരം മഹാശിലാസ്മാരകങ്ങൾ ദക്ഷിണേന്ത്യയിലും ധാരാളമായി കണ്ടുവരുന്നുണ്ട്.[5]

ബി.സി.1000 മുതൽ എ.ഡി 500 വരെയാണ് മഹാശിലാസംസ്ക്കാരം എന്നറിയപ്പെടുന്ന ഇരുമ്പ് സംസ്കൃതിയുടെ കാലം എന്ന് രാജൻ ഗുരുക്കളും രാഘവവാര്യരും പറയുന്നു. [6]

''ഇരുമ്പുയുഗത്തിന്റെ ഇന്ത്യയിലെ പ്രധാനപ്പെട്ട ചരിത്രശേഷിപ്പുകളായ സ്മാരകങ്ങളും ശവസംസ്കാരരീതികളും ഒരി പ്രത്യേകകാലഘട്ടത്തെതന്നെ പ്രതിനിധാനം ചെയ്യുന്നു. പ്രത്യേകിച്ച് കേരളത്തിൽ വലിയ കല്ലുകൾ സ്മാരകങ്ങളാക്കുന്ന സമ്പ്രദായമായതുകൊണ്ട് ഇരുമ്പുയുഗത്തെ മഹാശിലായുഗം എന്നു വിളിക്കുന്നു.[7]

കേരളത്തിൽ ഇത് വ്യാപിച്ചിരുന്നത് ബി.സി. 500 മുതൽ എ.ഡി 500 വരെയാണ്.[8]

### 1.2. മഹാശിലാസ്മാരകങ്ങൾ

കെ.ടി.രവിവർമ്മ 'പണ്ടത്തെ മലയാളക്കര'എന്ന പുസ്തകത്തിൽ മഹാ ശിലാസ്മാരകങ്ങളെ പൊതുവെ രണ്ടായി തിരിച്ചിരിക്കുന്നു.[9]

''പരേതരുടെ മൃതാവശിഷ്ടങ്ങൾ അടക്കം ചെയ്യപ്പെട്ടിട്ടുള്ളവയെ ശവ മാടങ്ങൾ എന്നു പറയുന്നു. പഴുതറകൾ, നന്നങ്ങാടികൾ തുടങ്ങിയവ ശവമാട ങ്ങളാണ്. പരേതരുടെ സ്മരണക്കായി സ്ഥാപിക്കപ്പെട്ടിട്ടുള്ളവയാണ് സ്മാരക ങ്ങൾ. കുടക്കല്ല്, നടുകല്ല് തുടങ്ങിയവ സ്മാരകങ്ങളാണ്.''[10]

പഴയകാലത്ത് ശവം അടക്കം ചെയ്തിരുന്നത് വിവിധ തരത്തിലാണ്. ശവം കുഴിയിൽ അടക്കം ചെയ്യുക, ശവം പക്ഷിമൃഗാദികൾക്ക് ഭക്ഷിക്കുന്നതിനായി നൽകുക,ശവം മൺകുടത്തിലാക്കി അടക്കം ചെയ്യുക തുടങ്ങിയവ അക്കാലത്തെ ശവസംസ്കാരരീതികളിൽപെടുന്നു.[11] കുഴിയിൽ അടക്കംചെയ്ത സ്ഥാനത്ത് മണ്ണു കൊണ്ട് തറകെട്ടുകയോ വലിയപരന്നകല്ല് സ്ഥാപിക്കുകയോ ചെയ്തിരുന്നു. ചുറ്റും വലിയകല്ലുകൾ നിരത്തിവെക്കുക, വലിയ കല്ലുകൾ കൂമ്പാരമായി കൂട്ടിയിടുക എന്നിവയും കാണുന്നു. മൃതശരീരത്തോടൊപ്പം പരേതനുപയോഗിച്ചതോ അല്ലാത്തതോ ആയ ഉപകരണങ്ങളും വസ്തുക്കളും അടക്കം ചെയ്യുന്ന പതിവും ഉണ്ടായിരുന്നു.[12]

കേരളത്തിൽ കണ്ടുവരുന്ന മഹാശിലാവശിഷ്ടങ്ങൾ താഴെ കൊടുക്കുന്നു.

#### 1.2.1. നന്നങ്ങാടികൾ

മൃതാവശിഷ്ടങ്ങളോ (ശരീരമോ, അസ്ഥികളോ, ചിതാഭസ്മമോ) വലിയ മൺപാത്രങ്ങളിലാക്കി കുഴിച്ചിടുന്നു. ഇത്തരം മൺപാത്രങ്ങൾക്ക് ചാടി, താഴി, നന്നങ്ങാടി, എന്നെല്ലാം പേരുകൾ ഉണ്ട്. നാലടി ഉയരവും രണ്ടടിയോളം വ്യാസവുമുള്ളചാടികൾ കേരളത്തിൽ സാധാരണമായിരുന്നു. ഉരുണ്ട് കലശം പോലെയുള്ളവയും നീണ്ടവയുമായ മൺപാത്രങ്ങളാണ് നന്നങ്ങാടികളിൽ

മിക്കവയും. ചുവപ്പും - കറുപ്പും കലർന്ന മൺപാത്രങ്ങളാണിവ.[13] മണ്ണുകൊണ്ടുള്ള അടുപ്പും ഇവയ്ക്ക് കാണാം. നന്നങ്ങാടികൾ കൂടുതലായും കാണുന്നത് പൂഴി മണ്ണുള്ള തീരപ്രദേശത്താണ്. വെട്ടുകല്ലിന്റെ ഉറപ്പായപ്രതലംവരെ കുഴിച്ച് അവിടെ യാണ് നന്നങ്ങാടികൾ സ്ഥാപിച്ചു കാണുന്നത്.[14] പ്രധാനന്നങ്ങാടിക്ക് ചുറ്റും ചെറിയകലശങ്ങളും പലതരം മൺപാത്രങ്ങളും മറ്റും കാണാറുണ്ട്.

### 1.2.2. കൽവൃത്തങ്ങൾ

ആഴത്തിൽ കുഴിച്ചിട്ട നന്നങ്ങാടിക്ക് മുകളിൽ വലിപ്പമുള്ള കല്ലുകൾ വൃത്താകൃതിയിൽ സ്ഥാപിക്കുന്ന പതിവുണ്ട്. ചെത്തിപരുവപ്പെടുത്തിയ കല്ലുകൾ കൊണ്ടോ, പെറുക്കികൂട്ടിയ കല്ലുകൾകൊണ്ടോ വളയങ്ങൾ ഉണ്ടാക്കുന്നു. ഇവ പൊതുവെ കൽവൃത്തങ്ങൾ എന്നാണ് അറിയപ്പെടുന്നത്.[15]

### 1.2.3. മേശക്കല്ല്

കുഴിച്ചിട്ട നന്നങ്ങാടികളുടെ സ്ഥാനം സൂചിപ്പിക്കാൻ മൺനിരപ്പിനുമീതെ വലിയപരന്നകല്ലുകൾ സ്ഥാപിക്കുന്ന പതിവ് ചിലയിടത്തുണ്ട്. ഇതിനെ മേശക്കല്ല് എന്നുവിളിക്കുന്നു.[16]

### 1.2.4. തൊപ്പിക്കല്ല്

നന്നങ്ങാടിക്കുമുകളിൽ സ്ഥാപിക്കുന്ന കല്ലുകൾ അർദ്ധവൃത്താകൃതിയിൽ ആണെങ്കിൽ അവയെ തൊപ്പിക്കല്ല് എന്നു വിളിക്കുന്നു.[17]

### 1.2.5.പഴുതറകൾ

മണ്ണിൽ ചതുരാകൃതിയിലുള്ള കുഴികൾ ഉണ്ടാക്കിയശേഷം വശങ്ങളിലും മുകളിലും കരിങ്കൽപാളികൾകൊണ്ട് മറയ്ക്കുന്നു. ഇത്തരം കല്ലറകൾ കരിങ്കല്ലു കൾ സുലഭമായ ഹൈറേഞ്ച് പ്രദേശങ്ങളിലാണ് കാണപ്പെടുന്നത് നിക്ഷേപ വസ്തുക്കളും കാണാറുണ്ട്. കരിങ്കല്ലുകൾ ഉപയോഗിക്കാതെ വെട്ടുകൽപാറകൾ

തുരന്നുണ്ടാക്കുന്ന ചെങ്കല്ലറകളെ പഴുതറകൾ എന്നുപറയുന്നു.[18] ഇത്തരം അറകളിൽ മൃതാവശിഷ്ടങ്ങളോടൊപ്പം നിക്ഷേപവസ്തുക്കളും സൂക്ഷിക്കാറുണ്ട്. ചുവപ്പും-കറുപ്പും നിറമുള്ള മൺപാത്രങ്ങളും ഇരുമ്പായുധങ്ങളും മഹാശിലാ വശിഷ്ടങ്ങളോടൊപ്പം കണ്ടുകിട്ടിയിട്ടുണ്ട്.[19]

### 1.3. കരിവെള്ളൂരിലെ മഹാശിലാവശിഷ്ടങ്ങൾ

കേരളത്തിന്റെ വടക്കേയറ്റംമുതൽ തെക്കേയറ്റംവരെ വ്യാപിച്ചിട്ടുണ്ട് മഹാശി ലാസ്മാരകങ്ങൾ. അതിന്റെ ഭാഗമായി കരിവെള്ളൂരിലും മഹാശിലാസ്മാരകങ്ങൾ കാണുന്നു.

#### 1.3.1. പഴുതറകൾ

പെരളത്തെ കോട്ടക്കുന്നിൽ അഞ്ച് പഴുതറകൾ കാണാനുണ്ട്. ഇവിടെ കൂടുതൽ പഴുതറകൾ (അനുബന്ധ ചിത്രം1 കാണുക) ഉണ്ടായിരുന്നതായി പ്രദേശവാസികൾ പറയുന്നു.[20] വീട് നിർമ്മാണം, റോഡ്നിർമ്മാണം എന്നിവ മൂലം ഈ പ്രദേശത്തെ മറ്റു പഴുതറകൾ നശിച്ചുപോയിരിക്കുന്നു. ഇവയുടെ പ്രവേശനകവാടം ചതുരാകൃതിയിലാണ് (അനുബന്ധ ചിത്രം2 കാണുക). മുകളിൽ വൃത്താകൃതിയിലുള്ള ദ്വാരമുണ്ട് (അനുബന്ധ ചിത്രം3 കാണുക). 170-172 സെ.മി. നീളത്തിൽ അർദ്ധവൃത്താകൃതിയിലാണ് ഉൾഭാഗം. പ്രവേശനകവാടം 52 സെ.മി വീതിയും 57 സെ.മി ഉയരവുമുണ്ട്. മുകളിലെ ദ്വാരത്തിന് 30 സെ.മി ഓളം വ്യാസമുണ്ട്. ഇവയുടെ പ്രവേശനകവാടത്തിന്റെ മുഖം പടിഞ്ഞാറ് ഭാഗത്തേ ക്കാണുള്ളത്. കൂക്കാനം കൂളിപ്പാറയിലും പഴുതറകളുണ്ട് (ചിത്രം കാണുക).

#### കൂളിപ്പാറയിലെ 22 ചെങ്കൽ കുഴികളോടുകൂടിയ പഴുതറ

മഹാശിലാസ്മാരകങ്ങൾ ഉൾപ്പെട്ട കൂക്കാനം കൂളിപ്പാറയിൽ കണ്ടെത്തിയ സ്മാരകങ്ങൾക്ക് വ്യത്യസ്തതയുണ്ട്. പ്രദേശങ്ങളിൽ കാണപ്പെടുന്ന പഴുതറകളെ ക്കാൾ വലിപ്പമുള്ള ഒരു പഴുതറ ഇവിടെ കാണുന്നു (അനുബന്ധ ചിത്രം5 കാണു

ക) അതിന്റെ പ്രവേശന കവാടം വലിപ്പം കൂടിയതാണ്.പാറയുടെ മുകൾഭാഗത്ത് അണ്ഡാകൃതിയിൽ ഇരുപത്തി രണ്ടോളം ചെത്തിമിനുസപ്പെടുത്തിയ ചെറുകുഴികൾ കാണുന്നു (അനുബന്ധം ചിത്രം6 കാണുക). ഇവ ഓരോന്നും വൃത്താകൃതിയിൽ പന്ത്രണ്ട് സെന്റീമീറ്ററോളം വ്യാസത്തിലും, മുപ്പത് സെന്റിമീറ്ററിലധികം ആഴത്തിലുമുള്ളതാണ്. ഇവയുടെ നിർമ്മാണം ഇരുമ്പുയുഗത്തിലാവണമെന്ന് തോന്നിക്കുന്ന തരത്തിലുള്ളതാണ്. അതിനടുത്ത് ഇത്തരത്തിൽ വലിപ്പം കുറഞ്ഞ ആറോളം പഴുതറകളുണ്ട്. അവയ്ക്കു മുകളിൽ ഒന്നോ രണ്ടോ മൂന്നോ കുഴികളും കാണുന്നു. വലിപ്പംകൂടിയ പഴുതറയ്ക്കു മുകളിൽ കാണുന്ന ഈ കുഴികൾ ശവസംസ്ക്കാരരീതിയുമായി ബന്ധപ്പെട്ടതാവണം. പഴുതറക്കു മുകളിൽ കാണുന്ന ദ്വാരങ്ങൾ അതിനകത്ത് അടക്കംചെയ്ത ആളുകളുടെ എണ്ണം സൂചിപ്പിക്കുന്നുണ്ടെ ങ്കിൽ വലിയ പഴുതറ ഇരുപത്തിരണ്ടുപേരെ അടക്കം ചെയ്ത കല്ലറയാവാം. ഒരു പക്ഷെ ഇവർ വ്യാധികൾ മൂലമോ പ്രകൃതിക്ഷോഭം മൂലമോ കൂട്ടമായി മരണപ്പെട്ടവരായിരിക്കാം. അവരുടെ കല്ലറയാവാം ഈ വലിയ പഴുതറ. ഇത്തരം പഴുതറ സാധാരണ കാണാത്തതാണ്. വലിപ്പംകൂടിയ പഴുതറയക്ക് ശവസംസ്ക്കാ ത്തിനുപുറമെയുള്ള ധർമ്മങ്ങളുണ്ടായിരുന്നോ എന്നത് കൂടുതൽ പഠിക്കേണ്ടതുണ്ട്. ഈ പഴുതറക്ക് ഇരുമ്പുസംസ്കരണവുമായി ബന്ധമുണ്ടോ എന്നത് കൂടുതൽ പഠ നവിധേയമാക്കേണ്ടതുണ്ട്. കേരളത്തിൽ കണ്ടെത്തിയിട്ടില്ലാത്ത വ്യത്യസ്തമായ ഒരു പഴുതറയാണ് കരിവെള്ളൂർ കൂളിപ്പാറയിൽ കാണാൻ കഴിഞ്ഞത്. കരിവെള്ളൂ രിന്റെ പ്രാദേശികചരിത്രത്തിൽ ഇരുപത്തിരണ്ടു ചെങ്കൽകുഴികളോടുകൂടിയ ഈ പഴുതറ പ്രാധാന്യമർഹിക്കുന്നു. അതിനടുത്തായി ഒരു കുടക്കല്ല് കാണുന്നുണ്ട്. അത് വലിപ്പം കുറഞ്ഞതാണ് (അനുബന്ധ ചിത്രം7 കാണുക). കുടക്കല്ല് ഗോത്രത്തലവന്റെയോ നായകന്റെയോ മരണമുണ്ടാകുമ്പോഴാണ് നിർമ്മിക്കുന്നത്.[21] അത് നായകന്റെ ശവകുടീരമോ സ്മാരകമോ ആണെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ശവസംസ്ക്കാരത്തെക്കുറിച്ചുള്ള ഓർമ്മനിലനിർത്തുന്നത് കൊണ്ടാവണം ഈ പ്രദേശം കൂളിപ്പാറ എന്നറിയപ്പെടുന്നത്.

### 1.3.2. കുടക്കല്ല്

മാലാപ്പിലെ (ചെമ്പോട്ടിക്കുന്ന്) പെരികമനയില്ലത്ത് നാരായണൻ നമ്പൂതിരിയുടെ വീട്ടുപറമ്പിൽ കൊടക്കല്ലുകളുണ്ട്. വട്ടക്കല്ലുകൾ എന്നാണ് നാട്ടുകാർ പറയുന്നത്. ഒന്ന് പൂർണ്ണ രൂപത്തിലും മറ്റ് ഏഴും താഴേക്ക് ഊർന്ന് വീണ രീതിയിലുമാണ് ഉള്ളത് (അനുബന്ധ ചിത്രം 9 കാണുക). കരിവെള്ളൂർ പ്രദേശത്ത് കൊടക്കൽ എന്ന വീട്ടുപേര് നിലവിലുണ്ട്. കുടക്കല്ലിന്റെ സാന്നിധ്യമാവാം കൊടക്കൽ എന്ന വീട്ടുപേരിന് അടിസ്ഥാനം.

### 1.3.3. കൽവൃത്തം

കണിയാൻകുന്നിൽ തമ്പാൻ അടിയോടിയുടെ പറമ്പിൽ ഒരു കൽവൃത്തം ഉണ്ടായിരുന്നു (അനുബന്ധ ചിത്രം8 കാണുക). ഇപ്പോൾ ഇവിടെ പറമ്പ് വെട്ടിനിരത്തിയരൂപത്തിലാണ് കാണുന്നത്. കൽവൃത്തങ്ങൾക്കടിയിൽ നന്നങ്ങാടികൾ കാണുന്നതിനാൽ ഇവിടെ ഉത്ഖനനം ചെയ്താൽ ചിലപ്പോൾ നന്നങ്ങാടികൾ ലഭിച്ചേക്കാം.

ഇരുമ്പുപകരണങ്ങളും അവയോടൊത്ത് കാണപ്പെടുന്ന ഉള്ളും വക്കും കറുത്ത ചുവന്ന കളിമൺപാത്രമാതൃകയും (Black-Redware) മഹാശിലാവശിഷ്ടങ്ങളുടെ പ്രാതിനിധ്യസ്വഭാവമുള്ള വസ്തുക്കളാണ്. ഇത്തരത്തിലുള്ള മൺപാത്രങ്ങളും ഇരുമ്പുപകരണങ്ങളും കരിവെള്ളൂരിലെ പഴുതറകളിൽനിന്നും കണ്ടെടുത്തിട്ടുണ്ട്.[22] ബി.സി. 1000 മുതൽ എ.ഡി. 500 വരെയുള്ള ഇരുമ്പുയുഗ കാലഘട്ടം മുതൽതന്നെ കരിവെള്ളൂരിലും പരിസരപ്രദേശങ്ങളിലും മനുഷ്യവാസം ആരംഭിച്ചിരുന്നുവെന്നാണ് ഇവിടെ കാണപ്പെടുന്ന മഹാശിലാസ്മാരകങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. ഈ പ്രദേശ ങ്ങളിൽ ഇരുമ്പായുധങ്ങൾകൊണ്ട് കാടുവെട്ടി തെളിച്ച് കൃഷിക്കനുയോജ്യമായി ഭൂമി മാറ്റിയതും ഇതേ ജനതതന്നെ

ആയിരിക്കണം. ഇവിടത്തെ പുലയർ തുടങ്ങിയവർ ആദിമനിവാസികളുടെ പിന്മുറക്കാർ ആയിരിക്കാമെന്ന് എൻ.വി.പി. ഉണിത്തിരി അഭിപ്രായപ്പെടുന്നു.[23]

**1.4. ഇരുമ്പിന്റെ സ്വാധീനം**

കരിവെള്ളൂരിലെ ജനജീവിതത്തിന് ഇരുമ്പുമായി വളരെയധികം ബന്ധമു ണ്ട്. ഇരുമ്പയിര് കൂടുതലുള്ള മണ്ണാണ് കേരളത്തിൽ പൊതുവെയുള്ളത്. മണ്ണിൽനിന്ന് ഇരുമ്പ് അയിര് വേർതിരിച്ചെടുക്കാനും അതുപയോഗിച്ച് ആയുധ ങ്ങൾ നിർമ്മിക്കാനും ഇവിടുത്തെ ജനത പരിശീലിച്ചിരുന്നു.[24]

ഒരു സമ്പൂർണ്ണഫ്യൂഡൽ ഗ്രാമത്തിൽ മറ്റ് ജാതി-സമൂഹങ്ങളെപ്പോലെ കൊല്ലൻമാരും ഇവിടെ ജീവിച്ചുവന്നു. ഇരുമ്പായുധങ്ങൾ നിർമ്മിക്കുന്നതും, വില്പന നടത്തുന്നതുമെല്ലാം ഇവിടെ കൊല്ലന്മാരാണ്. പണിയായുധങ്ങൾ, ക്ഷേത്രങ്ങളിലും കാവുകളിലുമുള്ള ആയുധങ്ങൾ, കാർഷികായുധങ്ങൾ തുടങ്ങിയ ഇരുമ്പായുധങ്ങൾ കൊല്ലന്മാർ നിർമ്മിക്കുന്നു.

ബ്രാഹ്മണരുടെ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠയാണ് ഉള്ളതെങ്കിലും കാവുകളിൽ ആയുധങ്ങളാണ് ആരാധിക്കപ്പെടുന്നത്. കരിവെള്ളൂർ പ്രദേശത്തെ കാവുകളിൽ ഇരുമ്പായുധങ്ങളാണ് ആരാധിക്കുന്നത്. വിശേഷദിവസങ്ങളിൽ (പൂരത്തിനോ, പാട്ടിനോ) ആയുധങ്ങൾ എഴുന്നള്ളിക്കുന്നു. തിരുവായുധങ്ങൾ അണിയിച്ചൊരുക്കി മീനമാസത്തിലെ പുരത്തിന് പൂരംകുളി[25] നടത്തുന്നു. പാട്ടുത്സവത്തിനോ, കളിയാട്ടത്തിനോ, നവരാത്രിദിനത്തിനോ ആയുധം പുറത്തെടുത്ത് പൂജിക്കുന്നു. കല്ലിനെയും മറ്റ് ബിംബങ്ങളെയും ആരാധിക്കുന്ന തിൽ നിന്ന് വ്യത്യസ്തമായി ഇരുമ്പിനെ ആരാധിക്കുന്ന സമ്പ്രദായം ഇരുമ്പുമാ യുള്ള പ്രാചീനകാലബന്ധത്തെ അടിവരയിടുന്നു. തെയ്യങ്ങൾക്കെല്ലാം ആയുധങ്ങ ളുണ്ട്. അമ്പ്, വില്ല്, അരിവാൾ, വാൾ പരിച തുടങ്ങിയവ തെയ്യങ്ങളുടെ ആയുധങ്ങ ളാണ്. ഈ ആയുധങ്ങളെയാണ് തെയ്യക്കാവുകളിൽ ആരാധിക്കുന്നത്. കാവുക

ളിലെ ഇരുമ്പാരാധനയും ഇരുമ്പുയുഗ സംസ്കൃതിയും തമ്മിലുള്ളബന്ധം കൂടുതൽ പഠനവിധേയമാക്കേണ്ടതുണ്ട്.

കാർഷികാവശ്യത്തിനുള്ള കലപ്പ, അരിവാൾ, കത്തിവാൾ തുടങ്ങിയ കാർഷികോപകരണങ്ങൾ പണിശാലയിൽ (ആലയിൽ)നിർമ്മിച്ച് ആവശ്യക്കാർക്ക് കൊടുക്കുന്ന പാരമ്പര്യം കൊല്ലന്മാർക്കുണ്ട്. ഇവിടുത്തെ മനുഷ്യർ ഇരുമ്പയിരിൽ നിന്നും ഇരുമ്പ് വേർതിരിച്ചെടുക്കാനും ഇരുമ്പായുധങ്ങൾ നിർമ്മിക്കാനും പരിശീലിച്ചവരായിരുന്നു. കലപ്പകൊണ്ട് ഉഴുതുമറിച്ച് കൃഷിചെയ്യാൻ പഠിച്ചതോടുകൂടി മനുഷ്യന് കൃഷിയിൽ വിപ്ലവാത്മകമായ നിലയിൽ അഭിവൃദ്ധി നേടിയെടുക്കാനായി.[26] കാള, പോത്ത് എന്നിവയുടെ സഹായത്താലാണ് അടുത്ത കാലംവരെ വയലുകൾ ഉഴുതുമറിച്ചത്.[27] ഇതിനെ പ്രദേശവാസികൾ 'കാലിപൂട്ടൽ' എന്നാണ് പറഞ്ഞുവന്നത്. ഇരുമ്പായുധങ്ങളുടെ കണ്ടുപിടിത്തവും അവയുടെ കാർഷികാവശ്യത്തിനായുള്ള ഉപയോഗവും കാർഷിക പുരോഗതിക്ക് അടിത്തറയിട്ടതോടൊപ്പം തന്നെ സാമൂഹ്യപുരോഗതിക്കും കാരണമായി. കാർഷിക പ്രാധാന്യമുള്ള ഇടനാടുകൾ കേന്ദ്രീകരിച്ച് ധാരാളം ജനപദങ്ങൾ കടന്നുവരികയും അധിവാസമുറപ്പിക്കുകയും ചെയ്തു.[28] ഇത് വിവിധ തൊഴിൽ കൂട്ടായ്മകൾ സൃഷ്ടിച്ചു.

കരിവെള്ളൂരിലെ പ്രദേശവാസികൾക്ക് ഇരുമ്പായുധങ്ങളുമായുള്ള ബന്ധം ഗോത്രജീവിതകാലത്തോളം നീളുന്നതാണ്. ദുഷ്ടശക്തികളിൽ നിന്നും രക്ഷ നേടാൻ ഇരുമ്പ് അടുത്തുവയ്ക്കുന്നപതിവ് ഇവിടെ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പ്രസവിച്ച് നാല്പത് ദിവസക്കാലം അമ്മയ്ക്കും കുഞ്ഞിനുമരികിൽ ഇരുമ്പായുധങ്ങൾ വയ്ക്കുന്ന പതിവ് അതിനുദാഹരണമാണ്. [29]

### 1.5. കാർഷികപാരമ്പര്യം

മാനവചരിത്രത്തിൽ ഇരുമ്പിന്റെ കണ്ടുപിടിത്തം വിപ്ലവാത്മകമായ മാറ്റങ്ങളാണ് വരുത്തിയത്. ഇരുമ്പിന്റെ ഉപയോഗം കാർഷികരംഗത്ത് പ്രയോജനപ്പെടുത്തിയതോടുകൂടി കാർഷികവിപ്ലവത്തിന് വഴിയൊരുങ്ങി. വനങ്ങളിൽ

അലഞ്ഞ് തിരിഞ്ഞ് കാടുകളിൽ മാറി മാറി വെട്ടിതെളിച്ച് കൃഷി ചെയ്തുവന്നിരുന്നവരായിരുന്നു ആദ്യകാലത്തെ കാർഷികസമൂഹം.[30] ഇരുമ്പിന്റെ കണ്ടുപിടിത്തം കാർഷിക ഉപകരണങ്ങളുടെ കണ്ടുപിടിത്തങ്ങളിലേക്ക് നയിച്ചു. കലപ്പ ഉപയോഗിച്ചുള്ള കൃഷിരീതി നല്ലരീതിയിൽ കാർഷിക പുരോഗതിയുണ്ടാക്കി. നദീതടങ്ങളിലെ കൃഷി പുരോഗതി പ്രാപിച്ചതോടുകൂടി മനുഷ്യർ നദീതടങ്ങളിൽ സ്ഥിരവാസമാരംഭിച്ചു. കൂട്ടമായ അധ്വാനത്തിലൂടെ മനുഷ്യൻ സാമൂഹികജീവിയായി പരിവർത്തിതമായി. വനങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടന്ന ജനത ഗോത്രവ്യവസ്ഥയാണ് നയിച്ചിരുന്നത്.

നദീതടപ്രദേശങ്ങളിൽ കലപ്പകൊണ്ടുള്ള കൃഷിയുടെ വ്യാപനം ഗോത്രവ്യവസ്ഥയ്ക്ക് ഗുണപരമായ മാറ്റംവരുത്തി.[31] ഫലഭൂയിഷ്ഠമായ മണ്ണായിരുന്നു നദീതടങ്ങളിൽ. ''കലപ്പ ഉപയോഗിച്ചുള്ള കൃഷിയിലേക്ക് ആദ്യം തിരിഞ്ഞത് മഹാശിലാസംസ്കാരങ്ങളുടെ സ്രഷ്ടാക്കൾ തന്നെയായിരുന്നു. തിരശ്ചീന സ്വഭാവമുള്ള ഗോത്രവർഗ ഉല്പാദനമായിരുന്നു അത്. കലപ്പ ഉപയോഗിച്ചുള്ള കൃഷിരീതി പരിശീലിച്ച ഗോത്രവർഗസമൂഹം കൂട്ടമായാണ് അധ്വാനിച്ചത്. അക്കാലത്ത് കൂട്ടമായി അധ്വാനിക്കുകയും ഉല്പന്നങ്ങൾ തുല്യമായി പങ്കിട്ടെടുക്കുകയും ചെയ്തുവന്നു''.[32] കാർഷികരംഗത്തുണ്ടായ പുരോഗതി മിച്ചോൽപാദനം വർദ്ധിക്കാനിടയാക്കുകയും ഇത് സാമൂഹ്യവിഭജനത്തിന് കാരണമാകുകയും ചെയ്തു. ഗോത്രസമൂഹമായി നിലനിന്ന കൂട്ടായ്മയിലേക്ക് ജൈനരും, ബൗദ്ധരും ബ്രാഹ്മണരുമെല്ലാം കടന്നുവന്നു.[33]

**1.6.ബൗദ്ധ – ജൈനസംസ്കാരം**

''ഏതാണ്ട് ക്രി.പി. 3,4 നൂറ്റാണ്ടുകളോടുകൂടി കർണ്ണാടകത്തിൽനിന്നും തമിഴ്നാട്ടിൽനിന്നും ശ്രീലങ്കയിൽനിന്നും മറ്റുമായി ജൈനരും ബൗദ്ധരും കേരളത്തിൽവന്ന് കുടിയേറിപ്പാർക്കുകയുണ്ടായി. അതിന്റെ അവശിഷ്ടങ്ങൾ കേരളത്തിന്റെ പല ഭാഗങ്ങളിലുമെന്നപോലെ കരിവെള്ളൂരിലുമുണ്ട്. ഇവിടുത്തെ

ചാലിയർ, വാണിയർ എന്നീ ജാതിക്കാർ അങ്ങനെ കുടിയേറിപ്പാർത്ത ജൈനരുടെയും തീയർ ബൗദ്ധരുടെയും സന്തതിപരമ്പരകളായിരിക്കണം.''[34] ജാതി വ്യവസ്ഥ ഹിന്ദുക്കളെ വൈശ്യ(കച്ചവട) വൃത്തിയിൽനിന്നും വിലക്കിയതിനാൽ പ്രാചീനകാലങ്ങളിൽ ജൈന ബൗദ്ധമതാനുയായികളാണ് ഈ വൃത്തി ചെയ്തു വന്നിരുന്നത്. കരിവെള്ളൂർ പ്രദേശത്ത് ആ വൃത്തി നിർവ്വഹിച്ചുവന്നത് ചാലിയരും വാണിയരുമായിരുന്നു കാർഷികരംഗത്തുണ്ടായ പുരോഗതിയും ജൈന-ബൗദ്ധ ബ്രാഹ്മണരുടെ കടന്നുവരവും സമൂഹഗോത്രവ്യവസ്ഥയിൽനിന്ന് ഫ്യൂഡൽ സമൂഹത്തിലേക്ക് വളർന്നു വരാനുള്ള കാരണമായി. കലപ്പ ഉപയോഗിച്ചുള്ള കൃഷിരീതിക്ക് സംഘടിത രൂപം കൈവന്നതോടെ അവർ പ്രാചീന കേരളസമൂഹ ത്തിൽനിന്നും തികച്ചും ഭിന്നമായ വർഗ്ഗ-ജാതി വ്യവസ്ഥകളുടെ ഭാഗമായി തീർന്നു. നീർനിലങ്ങളിലായിരുന്നു കൃഷി അഭിവൃദ്ധി നേടിയിരുന്നത്. കാർഷിക പ്രാധാന്യ മുള്ള പ്രദേശങ്ങളെ ആശ്രയിച്ചായിരുന്നു ഊരാളർ, കാരാളർ, അടിയാർ എന്നിവരുടെ ശ്രേണീബന്ധമായ സാമൂഹ്യവ്യവസ്ഥ ഉണ്ടായിവന്നത്.[35]

### 1.7. സംഘകാലജീവിതത്തിന്റെ അവശേഷിപ്പുകൾ

മഹാശിലാസംസ്കാരകാലത്തെ ശവസംസ്ക്കാരരീതിയെക്കുറിച്ച് സംഘം കൃതികൾ സൂചനനൽകുന്നു. പ്രാചീനകാലത്ത് അഞ്ച്തരം ശവസംസ്ക്കാര രീതികൾ സംഘകാലത്ത് നിലനിന്നിരുന്നതായി പി.കെ.ഗോപാലകൃഷ്ണൻ പറയുന്നു.[36] ശുടുവോർ (ശവം ദഹിപ്പിക്കുന്നവർ), ഇടുവോർ (മൃതശരീരങ്ങൾ പക്ഷിമൃഗാദികൾക്ക് ഇട്ടുകൊടുക്കുന്നവർ), തൊടുകുളിപ്പതുപ്പോർ (ശവം കുഴിച്ചിടുന്നവർ) തൽവായിൽ അടപ്പോർ (കല്ലറകളിൽ അടക്കം ചെയ്യുന്നവർ), താഴിയിൽകവിപ്പോർ (നന്നങ്ങാടികളിൽ നിക്ഷേപിച്ച് കുഴിച്ചുമൂടുന്നവർ).

കരിവെള്ളൂരിനുപരിസരത്തായി കാണപ്പെടുന്ന പഴുതറകൾ ശവം അടക്കം ചെയ്തിരുന്ന കല്ലറകളാണ്. തൽവായിൽ അടപ്പോർ എന്ന് മണിമേഖല യിൽ സൂചിപ്പിക്കുന്നവരുടെ സംസ്കാര വിശേഷത്തിന്റെ അവശിഷ്ടങ്ങളാണിത്.

അവർ കരിവെള്ളൂരിലും ജീവിച്ചിരിക്കാം. കൽവൃത്തം നന്നങ്ങാടികൾ സ്ഥാപിച്ചതിനു മുകളിലായിട്ടാണ്  നിർമ്മിച്ചു കാണുന്നത്. കൽവൃത്തം നന്നങ്ങാടികളുമായി ബന്ധപ്പെടുന്നതിനാൽ താഴികിൾ കവിപ്പോർ ശവശരീരമോ അവശിഷ്ടങ്ങളോ നന്നങ്ങാടികളിൽ നിക്ഷേപിച്ച് കുഴിച്ചുമൂടുന്നവരാണ്. ഇവരും കരിവെള്ളൂരിൽ ജീവിച്ചിരുന്നുവെന്നതിന്റെ തെളിവുകളുണ്ട്  കരിവെള്ളൂരിൽ പല സമുദായങ്ങളും  ശവശരീരങ്ങൾ മണ്ണിൽ കുഴിച്ച് മൂടുന്നവരായിരുന്നു.[37] ഇപ്പോഴും ദഹിപ്പിച്ച ശരീരത്തിലെ അവശിഷ്ടങ്ങൾ മൺകൂടത്തിലാക്കിസൂക്ഷിക്കുന്നപതിവ് ഇവിടെ നിലനിൽക്കുന്നുണ്ട്. സംഘകാലത്ത് നിലനിന്നിരുന്ന പരേതാരാധന, തീണ്ടാരി പോലുള്ള അനുഷ്ഠാനങ്ങൾ കരിവെള്ളൂരിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. തെയ്യങ്ങളുടെ പുരാവൃത്തങ്ങളിലും പരേതാരാധനയ്ക്ക് പ്രാധാന്യമുണ്ട്. മണക്കാടൻ ഗുരുക്കളുടെ സമാധിസ്ഥാനത്ത് പരേതാരാധനയ്ക്ക് പ്രാധാന്യമുണ്ട്.[38]

**പരേതാരാധന**

കർക്കിടകം, തുലാം, കുംഭം, മേടം എന്നീ മാസങ്ങളിൽ അമാവാസി ദിവസം വാവ് അനുഷ്ഠിക്കുന്നു. പരേതർക്കുവേണ്ടി നമ്പൂതിരിമാർ, അമ്പലവാസിസമുദായങ്ങൾ, നായർ തുടങ്ങിയവർ സസ്യാഹാരങ്ങൾവെച്ച് പടിഞ്ഞാറ്റയിൽ (പൂജാമുറി) വിളമ്പി കതകടച്ച് പരേതർക്കായി സമർപ്പിക്കുന്നു. തീയ്യർ, കാവുതീയ്യർ, വണ്ണാന്മാർ, പുലയർ തുടങ്ങിയവർ മാംസം, കള്ള്, ചോറ്, ദോശ, തരക്കിയഅരി (പുഴുങ്ങാതെ കുത്തിയത്) കൊണ്ടുള്ള ചോറ് തുടങ്ങിയവയാണ് 'അകത്ത്വെച്ചു കൊടുക്കുന്നത്'.[39] കുടുംബത്തിലെ മൂത്തവർ കാരണവന്മാർക്കുവേണ്ടിയും അച്ഛനമ്മമാർക്കുവേണ്ടിയും വാവ് എടുക്കുന്നു. വാവിനു ചോറു വിളമ്പുന്നത് അച്ഛനോ അമ്മയോ, അമ്മാവനോ ജീവിച്ചിരിക്കാത്തവരായിരിക്കണം എന്നുണ്ട്. ഇവർ അന്നേദിവസം ഒരു നേരം മാത്രം അരി ഭക്ഷണം കഴിക്കുന്നു.[40]

മണക്കാടൻ ഗുരുക്കളുടെ സമാധിസ്ഥാനത്ത് മൂന്ന് വാവുകൾ അനുഷ്ഠിക്കുന്നു. 'കർക്കിടകം, തുലാം, കുംഭം എന്നീമാസങ്ങളിൽ. മേടത്തിലെ വാവുദിവസമാണ് അദ്ദേഹം സമാധിയായത് എന്നാണ് വിശ്വാസം. മേടത്തിൽ 'വാവ് എടുക്കുന്നില്ല'. വാവ് അനുഷ്ഠിക്കുന്നതിന് 'വാവ് എടുക്കുക' എന്നുപറയുന്നു. ഇവിടെ കോഴിയറവ് ഉണ്ടായിരിക്കും. ചുറ്റുപാടുമുള്ളവർ പ്രാർത്ഥനയായി കോഴിയെ അറവിനുവേണ്ടി കൊടുക്കുന്നു.

തെയ്യങ്ങളുടെ പുരാവൃത്തങ്ങൾ കേവലമിത്തുകൾക്കപ്പുറം ചരിത്ര പുരുഷന്മാരുടെ അപദാനങ്ങളായിട്ടാണ് സാധാരണക്കാർ വായിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ തെയ്യാരാധനയിലും പരേതാരാധന ഉൾച്ചേർന്നിരിക്കുന്നു.

**തീണ്ടാരി**

സംഘകാലത്ത് നിലനിന്നിരുന്ന മറ്റൊരനുഷ്ഠാനമാണ് തീണ്ടാരി.[51] ഋതുവായ സ്ത്രീകൾ പ്രത്യേകപുരകളിൽ മാറി താമസിക്കുന്ന ഈ സമ്പ്രദായത്തെക്കുറിച്ച് സംഘംകൃതികൾ പറയുന്നുണ്ട്. 'തീണ്ടാരി' സമ്പ്രദായം വളരെ ശക്തമായ നിലയിൽ ഇവിടെ നിലനിന്നുവന്നിരുന്നു. ചെറിയ തോതിലെങ്കിലും ഇപ്പോഴും തീണ്ടാരി ഇവിടെ നിലനിൽക്കുന്നു. തീണ്ടാരി എന്ന വാക്കും ഇതിനെകുറിക്കാൻ പ്രദേശവാസികൾ ഉപയോഗിച്ചുവന്നിരുന്നു. കരിവെള്ളൂരിൽ ഋതുവായ സ്ത്രീകൾ വീട്ടിനകത്തുതന്നെ മൂന്നു ദിവസം മാറിയിരിക്കുന്നു. ജാതിശ്രേണിയിൽ മൂന്നാംനാൾ നമ്പൂതിരി സ്ത്രീകൾ മുതൽ ഈഴവ സ്ത്രീകൾവരെയുള്ളവർ വണ്ണാത്തിമാറ്റ് ഉടുത്ത് കുളിക്കുന്നു. നാലാംനാൾ കുളിച്ച് അകത്ത് പ്രവേശിക്കുന്നു.[41] വണ്ണാത്തിമാറ്റ് ഉടുത്ത് കുളിച്ചാൽ മാത്രമെ തീണ്ടാരിമൂലമുണ്ടാകുന്ന സങ്കല്പിത അയിത്തംമാറുകയുള്ളൂ എന്ന് ആളുകൾ വിശ്വസിച്ചു. വണ്ണാത്തി മാറ്റ് ഇപ്പോൾ നിലവിലില്ല എങ്കിലും ഋതുവായ സ്ത്രീകൾ വീട്ടിനകത്തുതന്നെ മാറിനിന്ന് അയിത്തം ആചരിക്കുന്ന പതിവ് ചില വീടുകളിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ക്ഷേത്രങ്ങളിലും കാവുകളിലും ഈ കാലത്ത്

സ്ത്രീകൾ പ്രവേശിക്കാറില്ല. ഋതുവായ സ്ത്രീകൾക്കു നേരെയുള്ള അയിത്തം ക്ഷേത്രങ്ങളിലും കാവുകളിലും അലിഖിത നിയമമെന്നപോലെതന്നെ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. സ്ത്രീ വിദ്യാഭ്യാസപരമായ മുന്നേറ്റം നേടിയെങ്കിലും ഋതുവാകുന്ന കാലത്ത് സ്ത്രീകൾക്ക് നേരെ കൽപ്പിക്കുന്ന ഈ അയിത്തം ചോദ്യം ചെയ്യപ്പെടുന്നില്ല.

**ദായക്രമം**

മക്കത്തായവും മരുമക്കത്തായവും കരിവെള്ളൂരിലെ ജനങ്ങൾക്കിടയിലു ണ്ടെങ്കിലും മിക്കസമുദായങ്ങളിലും തറവാടുകളും ദേവസ്ഥാനങ്ങളിലും മരുമക്ക ത്തായമാണ്. തീയ്യർ, ചാലിയർ, വാണിയർ, വണ്ണാന്മാർ, പുലയർ തുടങ്ങിയ ജാതി സമൂഹങ്ങൾ മരുമക്കത്തായികളാണ്. നമ്പൂതിരി, ആശാരി, മലയർ തുടങ്ങിയ വർ മക്കത്തായികളാണ്.

**മഹാശിലാസംസ്കാരവും കരിവെള്ളൂരും**

മഹാശിലാസ്മാരകങ്ങളിൽനിന്ന് ഇരുമ്പുകൊണ്ടുള്ള ഉപകരണങ്ങൾ കണ്ടെടുത്തിട്ടുണ്ട്. കാർഷികരംഗത്ത് വ്യാപകമായി ഉപയോഗിക്കുന്ന ഉപകരണ ങ്ങൾ ഇരുമ്പായുധങ്ങളാണ്. കാർഷികാവശ്യത്തിനുപയോഗിച്ചിരുന്ന കൊഴു (കല പ്പ) വയനാട്ടിൽനിന്നും പാലക്കാട്ടിൽനിന്നും കണ്ടെടുത്തിട്ടുണ്ട്. ഇരുമ്പായുധങ്ങൾ മഹാശിലാസ്മാരകങ്ങളുടെ ഉദ്ഖനനത്തിന്റെ ഭാഗമായാണ് കണ്ടെടുത്തത്. അതു കൊണ്ടുതന്നെ കൊഴു (കലപ്പ)യുടെ ഉപയോഗം മഹാശിലാകാലഘട്ടത്തോളം പഴ ക്കമുണ്ടെന്ന് മനസ്സിലാക്കാം.[42] വയനാട്ടിലെ ഉദ്ഖനനത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞ ഉമിയുടെ സാന്നിധ്യം കാർഷികരംഗത്ത് നെല്ലിന്റെ പ്രാചീനതയിലേക്ക് വെളിച്ചം വീശുന്നു.[43] ഇരുമ്പായുധങ്ങളാണ് കേരളത്തിലെ സാമുഹ്യമാറ്റത്തിൽ വിപ്ലവാ ത്മകമായ മാറ്റങ്ങൾ വരുത്തിയത്. ഇരുമ്പായുധങ്ങൾ കാർഷികരംഗത്ത് ഉപയോഗിച്ചതോടെയാണ് കൃഷിക്ക് വൻപുരോഗതി ഉണ്ടായത്. അലഞ്ഞു തിരിഞ്ഞു കൃഷിചെയ്തവർ നദീതീരങ്ങളിൽ സ്ഥിരവാസമാരംഭിച്ച് കൃഷിചെയ്തു.

കരിവെള്ളൂരിന്റെ ഭൂമിശാസ്ത്രപരവും പാരിസ്ഥിതികപരവുമായ പ്രത്യേകതകൾ ഇവിടുത്തെ സാമൂഹ്യഘടനയെയും സ്വാധീനിച്ചിട്ടുണ്ട്. കരിവെള്ളൂർ നീരൊഴുക്ക് വ്യാപകമായ ഒരു കാർഷിക പ്രാധാന്യമുള്ള ഭൂമിയാണ്.[44] ഭൂമിശാസ്ത്രപരവും പാരിസ്ഥിതികപരവുമായ പ്രത്യേകതകളാണ് ഒരു പ്രദേശത്തിന്റെ നിലനിൽപ്പിനടിസ്ഥാനം. കരിവെള്ളൂരിലും ജാതി അടിസ്ഥാനത്തിൽ നാടുവാഴിത്തവ്യവസ്ഥ വളർന്നുവരാൻ കാരണമായത് ഭൂമിശാസ്ത്രപരവും പാരിസ്ഥിതികപരവുമായ പ്രത്യേകതകളാണ്.

**കുറിപ്പുകൾ**

1. പ്രാചീന തമിഴകത്തെ ഭൂമിശാസ്ത്രപരമായി 5 തിണകളായി വിഭജിച്ചിരിക്കുന്നു. കുറിഞ്ചി, മുല്ലൈ, പാലൈ, മരുതം, മെയ്തൽ എന്നിവ ഐന്തിണകളിൽപെടുന്നു.
2. പവിത്രൻ. ടി.ഡോ: നായർ ജി..പയ്യന്നൂർ ഫർക്ക : ചരിത്രവും സമൂഹവും –2007 ഇ.എം.എസ് പഠനകേന്ദ്രം , പയ്യന്നൂർ
3. എഡിറ്റർ മോഹൻരാജ് എ.ടി. ചിത്രകലയുടെ സർഗ്ഗഭാവനകൾ
4. രവിവർമ്മ.കെ.ടി. പണ്ടെത്തെ മലയാളക്കര 2008 കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്പുറം, 120.
5. Banerji. R.D. Pre- Historic, Ancient and Hindu, p. 13;
6. Sreedhara Menon A.A Survey of Kerala p. 46
7. Rajan Gurukkal and Raghava Varier. Cultural History of Kerala. Vol. 1: 1999. p.p 103
8. Ibid., 103
9. Ibid., 103

10. രവിവർമ്മ .കെ.ടി. പണ്ടത്തെ മലയാളക്കര 2008 പുറം.132

11. ഗണേശ് കെ.എൻ. ഡോ. കേരളത്തിന്റെ ഇന്നലെകൾ, പു. 20.

12. ഗോപാലകൃഷ്ണൻ.പി.കെ. കേരളത്തിന്റെ സാംസ്കാരികചരിത്രം. 2012 പുറം –46

13. അതേ പുസ്തകം പു. 46

14. Sreedhara Menon. A. A Survey of Kerala History, p. 49.

15. Banerji. R.D. Pre- Historic, Ancient and Hindu, p. 13;

16. Ayyappan A., Ward and Corner, Memor of survey, pp.19

17. Rajan and Raghava varier cultural History of Kerala, pp. 117

18. Ibid.

19. Sathyamurthy. T. The lorn age in Kerala Mangada Excavation, 1996 - pp.23

20. കല്യാണി.പി.പി. ( 70) കാവുതീയ്യ സ്ത്രീ. കോട്ടക്കുന്ന്

21. പവിത്രൻ.ടി. ഡോ., നായർ ജി.ഡി (എഡി) പയ്യന്നൂർ ഫർക്ക ചരിത്രവും സമൂഹവും ഇ.എം.എസ് പഠനകേന്ദ്രം പയ്യന്നൂർ പേജ് 26.

22. കരിവെള്ളൂരിൽ നിന്നും 2008 ൽ ടി.പവിത്രനും വിദ്യാർത്ഥികളും ചേർന്ന് ശേഖരിച്ച മഹാശിലാവശിഷ്ടങ്ങൾ പയ്യന്നൂർ കോളേജ് ചരിത്രമ്യൂസിയ ത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

23. ഉണിത്തിരി എൻ.വി. പി. അത്യുത്തര കേരളീയം 2008 പുറം. 94

24. Rajan Gurukkal and Raghava Varier Cultural History of Kerala.1999. pp.119.

25. പൂരംകുളി– മീനമാസത്തിലെ പൂരം വടക്കേമലബാറിലെ പ്രധാന ആഘോഷമാണ്. കാർത്തികനാൾമുതൽ പൂരംവരെ ഒൻപതുനാൾ നീളുന്ന

പൂരോത്സവം ഒരു ഉർവ്വരതാനുഷ്ഠാനമാണ്. പൂരംനാളിൽ ഭഗവതിക്കാവുകളിലും ക്ഷേത്രങ്ങളിലും പൂരംകുളി നടത്തും. പൂജാരി പ്രത്യേക പൂജകൾക്കു ശേഷം അണിയിച്ചൊരുക്കിയ പ്രതിഷ്ഠയും ആയുധങ്ങളുമായി വാദ്യാകമ്പടിയോടെ കുളത്തിൽ മുങ്ങിക്കുളിക്കുന്നു. ചാർത്തിയ പൂക്കളെല്ലാം വെള്ളത്തിൽ കളഞ്ഞ് വാദ്യാകമ്പടിയോടെ ഈറനായി ക്ഷേത്രനടയിൽ തിരിച്ചെത്തുന്നു.

26. ഗണേശ്. കെ.എൻ. കേരള സമൂഹ പഠനങ്ങൾ 2002. പുറം.-14.

27. നാരായണൻ.ടി.വി. (തീയ്യ) പുരു.പെരളം

28. Kosambi, D.D.The culture and civilization of ancient India, p. 45.

29. കുഞ്ഞിപ്പാർവ്വതിയമ്മ.ടി.(84) നായർ, (സ്ത്രി) ഓണക്കുന്ന്

30. ശിവശങ്കരപ്പിള്ള.കെ. കേരളത്തിന്റെ പ്രാചീനചരിത്രം 2004 . 139.

31. അതേ കൃതി, അതേ പുറം.

32. Kosambi, D.D.The culture and civilization of ancient India, p. 21.

33. Ibid.

34. അജു നാരായണൻ. ബുദ്ധമത പാരമ്പര്യം നാട്ടറിവുകളിലൂടെ, 2012. പുറം 25.

35. ജയചന്ദ്രൻ കീഴോത്ത് - വാണിയ സമുദായോല്പത്തി സങ്കല്പങ്ങൾ, സൂചനകൾ - കരിവെള്ളൂർ മുച്ചിലോട്ട് ഭഗവതീക്ഷേത്രം പെരുങ്കളിയാട്ട സ്മരണിക

36. മഹാശിലാസംസ്ക്കാര കാലത്തെ ശവസംസ്ക്കാര രീതി സംഘകാലത്തും നിലനിന്നതിന്റെ സൂചന സംഘം കൃതികൾ തരുണനായി പി.കെ.ബാലകൃഷ്ണൻ കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ പറയുന്നു, പുറം 49.

37. കൃഷണൻ പയ്യാടക്കൻ നായർ ( 95) നായർ പുരു. പെരളം

38. മണക്കാടൻ ഗുരുക്കളുടെ സമാധിസ്ഥാനത്ത് മൂന്നു വാവുകൾക്ക് (തുലാം, കുംഭം,കർക്കിടകം എന്നീ മാസങ്ങളിൽ) അടിയന്തിരം നടത്തുന്നു (ഉണക്കലരി വേവിച്ചത്. കോഴി, കള്ള് തുടങ്ങിയവ ഇവിടെ വാവുദിവസങ്ങളിൽ നിവേദിക്കുന്നു) ഇത് ഇളയമണക്കാടൻ തറവാട്ടുകാരാണ് ചെയ്തുവരുന്നു.

39. കൃഷ്ണൻനായർ, പരിയാരത്ത് പയ്യാടക്കത്ത് - (85)- കരിവെള്ളൂർ.

40. തീണ്ടാരി- മാസമുറകാലത്ത് സ്ത്രീകൾ പ്രത്യേക പുരകളിൽ താമസിക്കുന്ന സമ്പ്രദായം സംഘകാലത്ത് നിലനിന്നതായി സംഘം കൃതികളിൽ സൂചിപ്പി ക്കുന്നുണ്ട്.(ഗോപാലകൃഷ്ണൻ പി.കെ. കേരളത്തിന്റെ സാംസ്കാരിക ചരിത്രം പുറം)

41. ലക്ഷ്മി അമ്മ (83), പരദേശി - കരിവെള്ളൂർ

42. കെ.എൻ.ഗണേഷ്, കേരളത്തിന്റെ ഇന്നലെകൾ, 1997, പുറം. 28.

43 അതേ കൃതി, അതേ പുറം.

44. മരുമക്കത്തായം മാതൃദായക്രമവും മക്കത്തായം പിതൃദായക്രമവുമാണ്.

# അധ്യായം - 2

# ജാതി - ജന്മിനാടുവാഴിത്തം

## 2.0. ജാതിവ്യവസ്ഥയും കരിവെള്ളൂരും

ബി.സി. 1000 മുതൽ ഏ.ഡി 500 വരെയാണ് മഹാശിലാസംസ്ക്കാര കാലഘട്ടം. ഇരുമ്പിന്റെ കണ്ടുപിടിത്തത്തോടെ കാർഷികരംഗത്ത് വൻപുരോഗതി യുണ്ടാവുകയും ഉല്പാദനം വർദ്ധിക്കുകയും കൃഷി അടിസ്ഥാനമായി ഒരു നാടുവാഴിത്തവ്യവസ്ഥ നിലവിൽവരികയും ചെയ്യുന്നു.[1] സംഘകാലത്ത് മൻറങ്ങൾ കേന്ദ്രമാക്കി ഗോത്രജീവിതമാണ് നയിച്ചിരുന്നത്[2]. തൊഴിലടിസ്ഥാനത്തിൽ നിലനിന്ന ജാതി സമ്പ്രദായത്തെകുറിച്ച് സംഘം കൃതികൾ സൂചനനൽകുന്നുണ്ട്[2]. തൊഴിലടിസ്ഥാനത്തിൽ നിലവിൽവന്ന ജാതിസമ്പ്രദായം പിന്നീട് നാടുവാഴിത്ത വ്യവസ്ഥയുടെ വേരായി തീർന്നു. ജാതി കേന്ദ്രമാക്കി നിർത്തിയ ജാതി-ജന്മി നാടുവാഴിത്തസമൂഹമായി ക്രമേണ ഈ സമൂഹം പരിണമിച്ചു[3]. മഹാ ശിലാസംസ്ക്കാരവും ഇരുമ്പും കരിവെള്ളൂരിലെ സമൂഹത്തിൽ ചെലുത്തിയ സ്വാധീനം കഴിഞ്ഞ അധ്യായത്തിൽ ചർച്ച ചെയ്തു. ഇവിടെ കൃഷിയുടെ വ്യാപനവും അതേതുടർന്ന് നിലവിൽവന്ന ജാതികേന്ദ്രിതനാടുവാഴിത്ത സമൂഹ രൂപീകരണവുമാണ് ചർച്ചചെയ്യുന്നത്. സംഘകാലത്ത് നിലവിലിരുന്ന മൻറങ്ങൾ കേന്ദ്രമാക്കിയ ഗോത്രവർഗ്ഗസമൂഹത്തിൽനിന്നും ജാത്യാടിസ്ഥാനത്തിലുള്ള ഗ്രാമങ്ങളുടെ രൂപീകരണമാണ് ഈ അധ്യായത്തിൽ പരിശോധിക്കുന്നത്. കേരളീയ സാമൂഹ്യവികാസത്തിൽ നാടുവാഴിത്തവ്യവസ്ഥ ജാതിവ്യവസ്ഥയോടുകൂടിയാണ് നിലയുറപ്പിച്ചത്[4]. യൂറോപ്യൻ ആധുനികത കേരളീയസമൂഹത്തിൽ ഇടപെടുന്നതു വരെ നിലനിന്ന ജാതി-ജന്മിനാടുവാഴിത്ത വ്യവസ്ഥയുടെ സ്വഭാവം കരിവെള്ളൂ രിലും ദൃശ്യമാകുന്നുണ്ട്.

ഇരുമ്പിന്റെ കണ്ടുപിടിത്തം സമൂഹത്തിൽ വിപ്ലവാത്മകമായ മാറ്റങ്ങളാണ് വരുത്തിയത്. മണ്ണിൽനിന്ന് ഇരുമ്പയിര് വേർതിരിച്ച് ഇരുമ്പിൽനിന്ന് ആയുധങ്ങൾ നിർമ്മിക്കാൻ പഠിച്ചവരായിരുന്നു കേരളക്കരയിലുണ്ടായിരുന്നത്[5.] ഇരുമ്പായുധങ്ങൾ കൃഷിയിൽ ഉപയോഗിച്ചു തുടങ്ങിയതോടെ കാർഷികരംഗത്ത് പുരോഗതിയുണ്ടായിത്തുടങ്ങി.

ബൗദ്ധരും ജൈനരും ബ്രാഹ്മണരുമടങ്ങുന്ന ജനപദങ്ങൾ പലകാലങ്ങളിലായി കേരളത്തിലേക്കും വരികയും ഇവിടെയുണ്ടായിരുന്ന ഗോത്രസമൂഹങ്ങളുമായി ഇടകലർന്നു ജീവിക്കുകയും ചെയ്തു. സമൂഹവുമായുള്ള ജീവിതത്തിൽ കൂട്ടമായ അധ്വാനമുണ്ടാവുകയും കൃഷിരീതിക്ക് സംഘടിതരൂപം കൈവരികയും ചെയ്തു. തൊഴിലടിസ്ഥാനത്തിലുള്ള ജാതിസമൂഹങ്ങൾ ഇടകലർന്ന് ജീവിക്കുന്ന നാടുകൾ നിലവിൽവന്നത് ഈയൊരുകാലഘട്ടത്തിലാണ്[7] .

ഒന്നാംനൂറ്റാണ്ടു മുതലാരംഭിച്ച ആര്യാഗമനം എ.ഡി പന്ത്രണ്ടാം നൂറ്റാണ്ടോടെ ശക്തമാവുകയും ബ്രാഹ്മണാധിപത്യം എന്ന നിലയിലേക്ക് വളരുകയും ചെയ്തു. ഇവിടെ ഉയർന്നുവന്ന ഗോത്രവർഗ്ഗ സമുദായങ്ങൾ പിന്നീട് ജാതികളായിമാറി. ''ഉത്തരേന്ത്യയിൽ ജാതികളുടെ വളർച്ച ജനപദങ്ങളുടെ ആവിർഭാവത്തോടെയായിരുന്നു. ഇത്തരം ജാതികളെ വർണ്ണവ്യവസ്ഥയ്ക്കനുയോജ്യമായ രീതിയിൽ ന്യായീകരിക്കാൻ ശ്രമിക്കുകയും വർണ്ണവ്യവസ്ഥയുടെ പിടിയിലൊതുങ്ങാത്തവരെ ചണ്ഡാളന്മാരായി പുറംതള്ളുകയുമാണ് ആര്യസംസ്ക്കാരം ചെയ്തത്. ഇതേ പ്രക്രിയതന്നെ തമിഴകത്തും കേരളത്തിലും നടന്നു.''[8] ജാതികളുടെ ഉത്ഭവത്തോടൊപ്പം ഗോത്രവർഗ സമുദായങ്ങൾ ഭൂവുടമകളാവുകയും, ഗോത്രവർഗ സമുദായങ്ങൾക്കു പകരം വിവിധ തൊഴിൽ കൂട്ടങ്ങൾ ഉൾപ്പെട്ടനാടുകൾ നിലവിൽ വരികയും ചെയ്തു[9]. ഇത്തരം നാടുകളാണ് സംഘം കൃതികളിൽ കാണുന്ന മൻറങ്ങൾ[10]. ആര്യാഗമനത്തിനുശേഷം ഇവിടെ നിലനിന്നിരുന്ന ഗോത്രവർഗ സമുദായങ്ങളിലെ ഉല്പാദകവർഗത്തിന്റെ സ്ഥാനം

അധപതിക്കുകയും പകരം ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ബ്രാഹ്മണാധിപത്യ സമൂഹം നിലവിൽ വരികയും ചെയ്തു. ഇടനാടുകളിലെ നദീതീരങ്ങളിൽ പുതുതായി വെട്ടിത്തെളിക്കപ്പെട്ട കൃഷിഭൂമി കേന്ദ്രീകരിച്ചുകൊണ്ട് ക്ഷേത്രാധിഷ്ഠിത സാമൂഹ്യ വ്യവസ്ഥ ഉയർന്നുവന്നത്. ഗോത്രവർഗ സമുദായങ്ങളിൽ നിന്നും നാടുവാഴിത്ത സമൂഹത്തിലേക്കുള്ള പരിണാമം പ്രധാനമായും കൃഷിക്ക് പ്രാധാന്യമുള്ള ഇടനാടുകളെ കേന്ദ്രീകരിച്ചുകൊണ്ടാണ് നടന്നത്[11]. മലമുകളിൽ ജനങ്ങൾ ഗോത്രവർഗങ്ങളായിതന്നെ നിലനിന്നത് അതുകൊണ്ടാവണം.

### 2.1. വിവിധ ജാതിസമൂഹങ്ങൾ

വിവിധ ജാതിസമൂഹങ്ങൾ പരസ്പര സഹകരണത്തോടെ ജീവിച്ചുവന്ന പ്രദേശമാണ് നാടുകൾ. നാടുവാഴിത്ത വ്യവസ്ഥയുടെ നിലനില്പിന് തൊഴിലടിസ്ഥാനത്തിലുള്ള ജാതികൾ ശ്രേണീബന്ധങ്ങൾക്കകത്ത് പരസ്പരസഹകരണത്തോടെ നിലനിൽക്കേണ്ടിയിരുന്നു. ഗ്രാമത്തിന്റെ നിലനിൽപ്പ് അവിടുത്തെ തൊഴിൽ കൂട്ടായ്മയിലൂടെയാണ് നിലനിന്നത്. കൃഷിപ്പണി, അലക്ക്, ചികിത്സ, മന്ത്രവാദം, ക്ഷൗരം, പണിയായുധങ്ങളുടെ നിർമ്മാണം, എണ്ണയാട്ടൽ, വസ്ത്രം, നെയ്ത്ത്, മത്സ്യബന്ധനവും വിൽപ്പനയും, ആഭരണനിർമ്മാണം, മരപ്പണി, കല്ലുപണി, തുടങ്ങിയ തൊഴിലുകൾ ഓരോ ജാതിയിലുള്ളവർ ചെയ്തുവന്നു. അലക്ക്, ക്ഷൗരം തുടങ്ങിയ തൊഴിലുകൾ ചെയ്യാൻ സവർണ്ണർക്കും അവർണ്ണർക്കും വെവ്വേറെ ജാതികളുണ്ട്.

**കരിവെള്ളൂരിലെ പ്രധാന ജാതി സമൂഹവും അവരുടെ തൊഴിലുകളും.**

| | | |
|---|---|---|
| പുലയർ | – | കൃഷി |
| വണ്ണാൻ | – | അലക്ക്, തുന്നൽ, ചികിത്സ |
| മലയർ | – | മന്ത്രവാദം, പ്രസവ ചികിത്സ |
| കാവുതീയ്യ | – | തീയ്യരുടെ ക്ഷൗരം |
| നാവുതീയ്യ | – | സവർണ്ണരുടെ ക്ഷൗരം |

| | | |
|---|---|---|
| വണ്ണത്താൻ | - | സവർണ്ണരുടെ അലക്ക് |
| വാണിയർ | - | എണ്ണയാട്ടൽ , എണ്ണവില്പന |
| ചാലിയർ | - | നെയ്ത്ത് |
| മണിയാണി | - | കല്ല്പണി, ആടുമാടുകളെ വളർത്തൽ |
| മൂവാരി | - | കല്ല്പണി |
| നായർ | - | സൈനിക സേവനം |
| നമ്പൂതിരി | - | പൂജാദികാര്യങ്ങൾ |

### 2.1.1. പുലയർ

കേരളത്തിലങ്ങോളമിങ്ങോളമുള്ള പ്രധാന ജാതിസമൂഹമാണ് പുലയർ. പുലം എന്ന വാക്കിന് വയൽ എന്നാണർത്ഥം. വയലിൽ പണിയെടുക്കുന്നവൻ പുലയൻ. ആര്യന്മാർക്കുമുമ്പ് ഇന്ത്യയിൽവന്ന തുറേനിയൻ (Turanean) വംശ ജരുടെ പിൻഗാമികളാണു പുലയരെന്ന് ചിലർക്ക് അഭിപ്രായമുണ്ട്. നെഗ്രിറ്റോ വംശജരാണ് പുലയരെന്ന് ഒരു പക്ഷം ദ്രാവിഡരാണെന്ന് മറുപക്ഷവും അഭിപ്രായമുണ്ട്.[12] 'നൂറ്റാണ്ടുകളോളം പുലയർ അടിമകളായി ജീവിച്ചു. കരിവെള്ളൂർ പ്രദേശത്ത് പുലയരെ അടിയാർ എന്ന് വിളിച്ചിരുന്നു[13.] പുലയരെ അടിമകളാക്കി വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്നു. കേരളത്തിൽ തിരുനെല്ലി ക്ഷേത്രത്തിൽവെച്ച് അടിമകളെ വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്നുവെന്നതിന് രേഖകളുണ്ട്. മാടായിക്കാവിലും ഇത്തരത്തിൽ അടിമവ്യാപാരം നിലനിന്നിരുന്നുവെന്ന് നിരീക്ഷിക്കപ്പെടുന്നു[14.]

#### 2.1.1.1. ചാവ് കരച്ചിൽ

കരിവെള്ളൂരിലെ പുലയർ പ്രദേശത്തെ ജന്മികുടുംബത്തോടുള്ള കൂറ് പ്രകടിപ്പിക്കുന്ന ഒരനുഷ്ഠാനമാണ് ചാവ് കരച്ചിൽ. ജന്മികുടുംബങ്ങളിലാരെങ്കിലും മരിച്ചാൽ ഇവർ ശ്മശാനത്തിനരികിൽ ഇരുന്ന് ഉറക്കെ വിളിച്ച് കരയുന്നു.

മരിച്ചയാളുടെ ഗുണഗണങ്ങളെ പ്രകീർത്തിച്ച് ഉറക്കെ നിലവിളിച്ചു കരയുന്നു. ശവദാഹവും മറ്റും കഴിഞ്ഞാൽ ഇവർക്ക് പ്രതിഫലം നൽകുന്നു.[15]

### 2.1.1.2. താലികെട്ട് കല്യാണം (കുളത്ത് കുടി കല്ല്യാണം)

പെൺകുട്ടി വയസ്സറിയിക്കുന്നതിന് (ആദ്യമായി ഋതുമതിയാകുന്നതിന്) മുമ്പ് മച്ചുനനു(അമ്മാമന്റെ മകൻ, അച്ഛന്റെ പെങ്ങളുടെ മകൻ)മായി താലികെട്ട് കല്ല്യാണം കഴിപ്പിക്കുന്നു. വിവാഹം കഴിക്കുന്നതിനുമുമ്പേ പെണ്ണ് പ്രസവിച്ചാൽ കുട്ടിയുടെ പിതൃത്വം താലികെട്ട് കല്യാണം കഴിച്ചയാൾക്കാണ്. വിവാഹം പെണ്ണ് വയസ്സറിയിച്ചതിനുശേഷം പൊടമുറിയായി നടത്തുന്നു.[16]

### 2.1.1.3. മരുമക്കത്തായം

പരമ്പരാഗതമായി ഇവർ മരുമക്കത്തായികളാണ്. അമ്മയുടെ ഇല്ല[17]ത്തി ലാണ് മക്കൾ എന്നതിനാലാണ് അത്. പത്തില്ലക്കാരാണ് ഇവർ.[17]

### 2.1.1.4. തൊഴിൽ

നെൽകൃഷി പണിയോടൊപ്പംതന്നെ പുലയർ കൈതോല കൊണ്ട് പായയുണ്ടാക്കുന്നു. (ചിത്രം കാണുക) പൂരത്തിനും ഓണത്തിനും പൂപറിക്കാൻ കൈതോല കൊണ്ടുള്ള പൂകൊട്ട മെടഞ്ഞുണ്ടാക്കി വീടുകളിൽ കൊണ്ടു കൊടുക്കുന്നു. മീനിനെ പിടിക്കാൻ ഉപയോഗിച്ചിരുന്ന 'കുട്ടൂട്' തുടങ്ങിയവ നിർമ്മിക്കൽ എന്നിങ്ങനെയുള്ള കൈതോലകൾ വയലിലെ പണികൾക്കുപുറമെ പുലയർ ചെയ്തു വന്നു. ആളുകൾക്ക് ആവശ്യാനുസരണം കിടക്കാനുള്ള ഓലപ്പായയും ഉണ്ടാക്കി എത്തിച്ചു കൊടുക്കുന്നു. പ്രസവിച്ച വീട്ടിൽ വലിയ പായയോടൊപ്പം തൊട്ട്പ്പായ (തൊട്ടിൽ പായ-തൊട്ടിലിൽ വിരിക്കാനുള്ളത്) കൊടുക്കണം. പ്രസവിച്ചവീടുകൾ ഏതെല്ലാമാണെന്ന് അറിഞ്ഞ് അവിടെ പായയും തൊട്ടിൽപായയുമായി പുലയസ്ത്രീ ചെല്ലണം. അതിന് അവരെ പ്രത്യേകം

അറിയിക്കേണ്ടതില്ല.20 ഇതിനെല്ലാം പ്രതിഫലം ഒന്നേകാൽ ഇടങ്ങഴി[18] നെല്ലായിരുന്നു.

**2.1.1.5 തെയ്യങ്ങൾ**

ഇവരുടെ ദേവസ്ഥാനങ്ങളിൽ ഇവർതന്നെയാണ് തെയ്യങ്ങൾ കെട്ടുന്നത്. ആടയാഭരണങ്ങളും അംഗചമയങ്ങളും കുറവാണ്. ഇവരുടെ പ്രധാന തെയ്യങ്ങൾ. കാലിച്ചാൻതെയ്യം, ഭദ്രമൂർത്തി, ബ്രഹ്മമൂർത്തി,ഗുരുനാഥൻതുടങ്ങിയവയാണ്. ഇവരുടെ കാവുകൾ പതി, കോട്ടം എന്നിങ്ങനെയെല്ലാം അറിയപ്പെടും.[19] പാലക്കുന്നിലെ പുലയ സമുദായത്തിന്റെ കാവ് പതിയാണ്. കാലിച്ചാൻ തെയ്യത്തിന്റെ ആരൂഢസ്ഥാനം[20] ഇവിടെയാണെന്നാണ് വിശ്വസിക്കപ്പെടുന്നത് .ഈ സമുദായവുമായി ബന്ധമുള്ള തെയ്യങ്ങൾ മിക്കവാറും കൃഷിയുമായും, കന്നുകാലി വളർത്തലുമായും ബന്ധപ്പെടുന്നുണ്ട്.

**2.1.1.6. കാലിച്ചാൻതെയ്യം**

കന്നുകാലി വളർത്തലിന് കാർഷികപാരമ്പര്യമായി ബന്ധമുണ്ട്. കന്നുകാലികളെ കാർഷികപുരോഗതിക്കായി ഉപയോഗിച്ചതോടെയാണ് കാർഷിക പുരോഗതി ഉണ്ടായത്. കൃഷിക്കും കന്നുകാലിവളർത്തലിനും സാമൂഹ്യജീവിതത്തിൽ വളരെ പ്രാധാന്യമുണ്ടായിരുന്നു. കൃഷിയും കന്നുകാലിവളർത്തും സജീവമായി നില നിന്ന ചരിത്രഘട്ടത്തെ അടയാളപ്പെടുത്തുന്ന തെയ്യമാണ് കാലിച്ചാൻ തെയ്യം. കാലിച്ചാൻ അഥവാ കാലിച്ചേകവൻ[20] തെയ്യമാണ്. കന്നുകാലി സമ്പത്തിനും, കാർഷിക വർധനവിനും ഈ തെയ്യത്തെ പ്രസാദിപ്പിക്കണം. തുലാപ്പത്ത് വടക്കേമലബാറിൽ തെയ്യം ആരംഭിക്കുന്ന ദിവസമാണ്. അന്നേ ദിവസമാണ് ഇവരുടെ ദേവസ്ഥാനത്ത് തെയ്യം ഉണ്ടാവുന്നത്. പിറ്റേദിവസം കാലിച്ചേകവൻ തെയ്യം വീടുകളിൽ കയറിയിറങ്ങും.[21]

#### 2.1.1.7. കാലിച്ചാനൂട്ട്

കരിവെള്ളൂരിൽ നിലനിന്നുവന്ന ഒരനുഷ്ഠാനമാണ് 'കാലിച്ചാനൂട്ട്'[22]. തുലാമാസം പത്താം തീയ്യതി വൈകുന്നേരമാണിത് നടത്തുന്നത്. 'കാലിച്ചാനൂട്ടൽ' എന്നാൽ കാലിച്ചാന് ഊട്ടൽ എന്നർത്ഥം. കാലിച്ചാൻ എന്നത് കാലിച്ചേകവൻ. കാലികളെ മേയ്ക്കുന്ന ആൾ എന്നാണ് അർത്ഥം. പശുക്കളെ വളർ ത്തുന്ന വീടുകളിൽ പശുത്തൊഴുത്തിന് സമീപത്തായി കാലിച്ചാനൂട്ട് നടത്തുന്നു.

ആലയ്ക്ക് (പശുത്തൊഴുത്ത്) സമീപത്തായി മണ്ണുകൊണ്ട് ഒരു തറയുണ്ടാക്കുന്നു. അതിനുമുകളിൽ കാഞ്ഞിരത്തിന്റെ ഒരു കമ്പ് നാട്ടുന്നു. അതിനടുത്തായി കല്ലുകൊണ്ട് അടുപ്പുകൂട്ടി മൺകലത്തിൽ പാലും അരിയും വേവിക്കുന്നു. ഉപ്പോ മധുരമോ ചേർക്കില്ല. വെന്ത പാൽചോറ് ഈ സാങ്കൽപ്പിക കാഞ്ഞരിത്തറയിൽ കാഞ്ഞിരയില നിരത്തിവച്ച് അതിൽ വിളമ്പുന്നു. പിന്നീട് ''കാലിച്ചാനേ കാലിച്ചാനേ.......കൂയ്'' എന്നാർത്തു വിളിച്ചുകൊണ്ട് ഈ തറക്കുചുറ്റും വലം വെയ്ക്കുന്നു. കുറച്ചുസമയം കഴിഞ്ഞ് ബാക്കിയുള്ള പാൽച്ചോറ് കുട്ടികൾക്ക് കൊടുക്കുന്നു.[23]

കരിവെള്ളൂരിൽ നിലനിന്നുവന്ന ഈ അനുഷ്ഠാനം കന്നുകാലികളെ മേയ്ച്ച് ജീവിച്ചുവന്ന ഭൂതകാലത്തെ ഓർമ്മപ്പെടുത്തുന്നു. കന്നുകാലികളെ മേയ്ച്ച് ജീവിച്ചുവന്ന പ്രാചീനഇടയജീവിതത്തെക്കുറിച്ച് സംഘം കൃതികൾ സൂചന നൽകുന്നു. ഇടയവർഗ്ഗം കന്നുകാലിമേയ്ക്കലോടൊപ്പം കൃഷി ആരംഭിക്കുകയും കൃഷിയിൽ പുരോഗതി കൈവന്നതോടെ സ്ഥിരവാസം ആരംഭിക്കുകയും ചെയ്തു. കരിവെള്ളൂരിലെ ഈ അനുഷ്ഠാനം കന്നുകാലി മേയ്ച്ചും അതൊടൊപ്പം കൃഷിചെയ്തും ജീവിച്ചുവന്ന പ്രാചീനജനതയുടെ ഓർമ്മയാണ് നിലനിർത്തുന്നത്. മഹാശിലാസംസ്ക്കാര സ്മാരകങ്ങളും ഇരുമ്പാരാധനയും കൃഷിയും കാർഷികാനുഷ്ഠാനങ്ങളും അടിവരയിടുന്നത് ഇവിടെ വളർന്നുവന്ന സമൂഹത്തിന്റെ വളർച്ചയാണ്.

**2.1.1.8. അധിവാസ കേന്ദ്രങ്ങൾ**

കരിവെള്ളൂർ വില്ലേജിൽ പുലയരുടെ അധിവാസ കേന്ദ്രങ്ങൾ പാലക്കുന്ന്, കോട്ടോൽ എന്നിവയും പെരളം വില്ലേജിൽ പള്ളിക്കുളം, കോട്ടക്കുന്ന്, പുത്തൂര് എന്നിവിടങ്ങളിലുമാണ്. ഈ സ്ഥലങ്ങളെല്ലാംതന്നെ വയലോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളാണ്. നൂറ്റാണ്ടുകളോളം വയലിൽ പണിയെടുത്ത ജനവിഭാഗമാണ് പുലയർ. ഇവരുടെ അധിവാസകേന്ദ്രങ്ങൾ വയലോടു ചേർന്നിരിക്കുന്നു എന്നത് ഒരു പൊതുപ്രത്യേകതയാണ്. വയലിലെ കൃഷിപ്പണി യോടൊപ്പംതന്നെ ഇവർ കൈതോല കൊണ്ട് പായ, കൊട്ട, മീനിനെ പിടിക്കുന്ന പ്രത്യേക തരം കൂത്തൂട് എന്നിവ ഉണ്ടാക്കുകയും ചെയ്തിരുന്നു. ഇവർ പ്രദേശത്തെ ജന്മി കുടുംബത്തോട് കൂറ് പുലർത്തുന്നവരാണ്. പ്രസ്തുത ജന്മികുടുംബവുമായോ, മറ്റു സവർണ്ണ വിഭാഗവുമായോ ബന്ധപ്പെട്ടുള്ള ഉല്പത്തിക്കഥകൾ ഇവർക്കിടയിലുണ്ട്.[23] കോട്ടൂര് വീട്ടിൽ നാരായണി പാടിയ തോറ്റംപാട്ട്[24] ഇത്തരത്തിലുള്ള ഒരു ഉല്പത്തി ക്കഥയാണ്.

കരിവെള്ളൂരിൽ വയലുകൾ ധാരാളമുണ്ടായിരുന്നു. ചെറുകിട കർഷകരും ജന്മിമാരും ഉണ്ടായിരുന്നെങ്കിലും പ്രധാന ജന്മി ചിറക്കൽതമ്പുരാൻ ആയിരുന്നു. കരിമ്പിൽ കൊട്ടുക്കര, ഇടമന,പനക്കാച്ചേരി നമ്പിമാരും നല്ലഭാഗം വയലുകൾ കയ്യടക്കിവെച്ചിരുന്നു.[25] നമ്പൂതിരിമാർ ജന്മിമാരായി ഉയർന്നുവന്നില്ലെങ്കിലും ഭൂമിയുടെ വലിയൊരു പങ്ക് നമ്പൂതിരിമാരുടെ കയ്യിലുണ്ട്.

പ്രദേശത്തെ പ്രധാന ഉപജീവനമാർഗ്ഗം നെൽകൃഷിയായിരുന്നു. നെല്ലിന് ജീവിതത്തിൽ നിർണ്ണായകപങ്കുണ്ട്. തുണി, എണ്ണ. ഉപ്പ്, പലചരക്ക്, മത്സ്യം, തുടങ്ങിയ എല്ലാ സാധനങ്ങളും നെല്ല് നൽകിയാണ് വാങ്ങിയിരുന്നത്. വിൽക്കൽ വാങ്ങലുകളുടെ വിപണനമാധ്യമം നെല്ലായിരുന്നു. എല്ലാ തൊഴിലുകൾക്കും കൂലി നെല്ലായാണ് കണക്കാക്കിയിരുന്നത്.[26] നെല്ലിനും അരിക്കും ജീവിതത്തിൽ അനുഷ്ഠാനപരമായ ധർമ്മങ്ങളും ഉണ്ടായിരുന്നു. 'അരിയിട്ടുവാഴ്ച', 'അരിയിട്ട്

അനുഗ്രഹിക്കൽ', 'അരിയെറിഞ്ഞ് തൊഴിൽ', 'വായിക്ക് അരിയിടൽ' എന്നിങ്ങനെ ജീവിതത്തിലെ പ്രത്യേക സന്ദർഭങ്ങളിൽ അരിക്ക് പ്രാധാന്യമുണ്ടായിരുന്നു. തെയ്യത്തിന്റെ മുതിർച്ച[27]യ്ക്ക് അരി,നെല്ല്, നാളികേരം, അടയ്ക്ക, വെറ്റില തുടങ്ങിയവയും വെക്കാറുണ്ട്. നെൽക്കൃഷി അടിസ്ഥാനമാക്കിയാണ് നാടു വാഴിത്തം വളർന്നുവന്നത്. വാരവും പാട്ടവും നൽകേണ്ടിയിരുന്നത് നെല്ലായിട്ടാ യിരുന്നു.[28] കൃഷിഭൂമിയുടെ ആധിപത്യം കയ്യടക്കിയവരാണ് നാടുവാഴിത്തത്തിൽ അധികാരം കയ്യാളിയത്. ക്ഷേത്രങ്ങൾ ഭൂമിയുടെ ആധിപത്യം കയ്യടക്കിവെച്ച തോടുകൂടിയാണ് സമൂഹത്തിന്റെ ആധിപത്യകേന്ദ്രമായത്. നാടുവാഴിത്ത കരിവെ ള്ളൂരിലെ 'സമ്പത്ത്' - മൂലധനം നെല്ലായിരുന്നു. അതുകൊണ്ടുതന്നെ കൃഷിയാ യിരുന്നു സമൂഹത്തെ നിലനിർത്തിയത്. കൃഷിഭൂമി കൈവശം വെച്ചവൻ നാടുവാ ഴിയായി. അരിക്കും നെല്ലിനും സമൂഹത്തിൽ വളരെ പ്രാധാന്യമുള്ളതു കൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട് ധാരാളം അനുഷ്ഠാനങ്ങളും ആഘോഷ ങ്ങളും ഇവിടെ വളർന്നുവന്നു. നെല്ലിനും അരിക്കുമുള്ള പ്രാധാന്യം വ്യക്ത മാക്കുന്ന അനുഷ്ഠാനങ്ങളാണ് നിറയും പുത്തരിയും.

### 2.1.1.9. പുത്തരി

കൊയ്തെടുത്ത നെല്ല് പുഴുങ്ങിക്കുത്തി പുത്തരിഅടിയന്തിരം[29] നടത്തുന്നു. പുതിയനെല്ല് പുഴുങ്ങി പത്ത് തിരിയിട്ട നിലവിളക്ക് കത്തിച്ച് മുറ്റത്ത് ചൊരിയുന്നു. 'പുതിയനെല്ല്' തുലാമാസത്തിൽ പതിനൊന്നാം തീയ്യതിക്കുമുമ്പ് പുഴുങ്ങില്ല. തുലാം പതിനൊന്നിന് ശേഷം വീടുകളിൽ പുത്തരിയൂട്ട്[30] നടത്തും. പുതിയരിയും, പൂവും മുറ്റത്ത് വയ്ക്കുന്നു. ഉരലിൽ ഇടിച്ചെടുത്ത അവിൽ, ഇളനീരിൽ കുഴച്ച്, വെണ്ണയും തുമ്പപ്പൂവും ചേർത്ത് പടിഞ്ഞാറ്റയിൽവെച്ച് കുടുംബാംഗങ്ങൾക്ക് മൂത്തയാൾ കൊടുക്കുന്നു. പുതിയരിചോറ് വെച്ചുവിളമ്പുന്നു. വിളവെടുപ്പ് പുലയരിൽ ആഹ്ലാദത്തിന്റെ ഉത്സവമാണ്.

**2.1.1.10.നിറ**

കർക്കിടകമാസത്തിലെ നിറയും പ്രാധാന്യമുള്ള കാർഷിക ഉത്സവമാണ്. വയലിൽനിന്നും നെൽക്കതിർകൊണ്ടുവന്ന് ക്ഷേത്രത്തിലോ, വീട്ടിലോ ഉത്തര ത്തിൽ കെട്ടിവയ്ക്കുന്ന പതിവാണിത്. കർക്കിടകമാസത്തിലെ പത്താം തീയ്യതിക്കു ശേഷം വയലിൽചെന്ന് പുതിയ നെൽക്കതിർ ഊരിയെടുത്ത് ക്ഷേത്രത്തിൽ നിന്നും തീണ്ടാപ്പാടകലെയുള്ള കല്ലിന്മേൽ വയ്ക്കണം. ഈ കർമ്മം ചെയ്യുന്നത് പ്രസ്തുത പ്രദേശത്തെ പുലയസമുദായത്തിലെ മൂത്തയാളാണ്.[31] പ്രദേശത്തെ ജന്മിയുടെ കണ്ടത്തിൽ (വയലിൽ) പണിയെടുക്കുന്നത് പുലയ രായിരുന്നുവെന്നും, പുലയരും ജന്മികുടുംബവും തമ്മിൽ ഉടയവരും, അടിയാറും എന്ന ബന്ധം നിലനിന്നിരുന്നു വെന്നും ഈ അനുഷ്ഠാനത്തിലൂടെ വ്യക്തമാകുന്നു. സവർണ്ണക്ഷേത്രങ്ങളിൽ മാത്രമാണ് പുലയൻ കതിർകൊണ്ട് വയ്ക്കേണ്ടത്. കാവുകളിൽ അതതു സമുദായ ക്കാർതന്നെയാണ് കതിർ പറിക്കുന്നതും നിറക്കുന്നതും.[32]

നാടുവാഴിത്ത സമൂഹത്തിൽ ഏറ്റവും അടിത്തട്ടിൽകിടന്ന് നൂറ്റാണ്ടുകളോളം അടിമത്തം അനുഭവിച്ച ഈ ജാതിസമൂഹം അധ്വാനം കൊണ്ടാണ് മേലെ വിഭാഗ ത്തെയാകെ നിലനിർത്തിയതും വളർത്തിയതും. തൊട്ടുകൂടായ്മ ശക്തമായിരുന്നു. മേലെ ജാതിക്കാർ ഇവരെ തൊട്ടുപോയാൽ കുളിച്ചിട്ടു മാത്രമേ അകത്തു പ്രവേശിക്കാവൂ എന്നത് നിർബന്ധമായിരുന്നു.[33] വയലിലെ പണിയേക്കാൾ പുലയരുടെ പണിയായി നാട്ടുകാർ കണക്കാക്കുന്നത് കൈതോല പായ ഉണ്ടാക്കലും (പായയിടൽ) മറ്റുമാണ്. 'പൊലയ', 'പൊലയന്റെമോനെ' എന്നെല്ലാ മുള്ള പ്രയോഗങ്ങൾ ഒരു കാലത്ത് തെറിവാക്കുകളായിരുന്നു.[34]

ഇന്ന് പുലയസമുദായം കരിവെള്ളൂർ പ്രദേശത്ത് മറ്റു സമുദായക്കാർ ക്കൊപ്പം തന്നെയാണ്. തൊട്ടുകൂടായ്മയോ, തീണ്ടിക്കൂടായ്മയോ നിലവിലില്ല. ചിലർ മറ്റു ജാതിയിലോ, മതത്തിലോ ഉള്ളവരെ വിവാഹം കഴിച്ച് സാധാരണ ജീവിതം നയിക്കുന്നു. പരമ്പരാഗത തൊഴിലായ പായനെയ്ത്ത് പോലുള്ള

കൈതൊഴിൽ ചിലർക്ക് ജീവിതോപാധിയാണ്. പായ വീടുകളിലോ, ചന്തയിലോ വിറ്റ് കാശുണ്ടാക്കുന്നു. നാടുവാഴിത്ത കാലഘട്ടത്തിലെ ജീവിതനിലവാരമല്ല ഇന്നു കരിവെള്ളൂരിലെ പുലയന്മാരിലുള്ളത്. പൊതുസമൂഹത്തിന്റെ ഭാഗമായുള്ള സാധാരണ ജീവിതമാണ് അവർ നയിക്കുന്നത്. എങ്കിലും സർക്കാർ സർവ്വീസി ലേക്കും, മറ്റ് ഉയർന്ന മേഖലകളിലേക്കും ഉയർന്നുവന്നവർ മറ്റുസമുദായങ്ങളെ അപേക്ഷിച്ച് കുറവാണ്.

### 2.1.2. വണ്ണാൻ

കരിവെള്ളൂർ-പെരളം പ്രദേശത്തെ ഒരു പ്രധാന സമുദായമാണ് വണ്ണാൻ സമുദായം. 'വണ്ണാത്തിക്കാനം', 'വണ്ണാത്തിക്കുണ്ട്', 'വണ്ണാൻവളപ്പ്' തുടങ്ങിയ സ്ഥലനാമങ്ങൾ ഈ സമുദായത്തിന്റെ സാന്നിദ്ധ്യത്തെ കുറിക്കുന്നു. വണ്ണാന്മാർ വടക്കേ മലബാറിലെ തെയ്യം കയ്യാളുന്ന പ്രധാന ജാതി സമൂഹമാണ്.

#### 2.1.2.1. തൊഴിൽ

വണ്ണാൻ സമുദായത്തിന് തുന്നലുമായി നല്ല ബന്ധമുണ്ട്. വണ്ണാൻ എന്ന പദം ചിലന്തി (വലയുണ്ടാക്കുന്ന ജീവി)യെയും സൂചിപ്പിക്കുന്നു. വണ്ണാൻ സമുദ യാക്കാരുടെ പ്രധാന തൊഴിൽ തുന്നലാണ്. പരുത്തി കിടക്ക തുന്നൽ, കുഞ്ഞുങ്ങൾക്ക് തലയിണ (നെല്ലിയില ഉണക്കി തുണിയിൽ നിറച്ചത്) ഉണ്ടാക്കൽ, കുട തുന്നൽ തുടങ്ങിയ തുന്നൽ തൊഴിൽ ഇന്നും വണ്ണാൻമാർ ചെയ്തു വരുന്നുണ്ട്.[35] ജാതീയമായ സമൂഹത്തിലെ അലക്കുകാരികളാണ് വണ്ണാത്തിമാർ.

#### 2.1.2.2. വണ്ണാത്തി മാറ്റ്

'മാറ്റ്' എന്നതിന് (change) 'chiefly of raiment'. എന്നും 'വണ്ണാത്തിമാറ്റ് കൊടുക്കൽ' എന്നതിന് സാങ്കല്പികഅയിത്തം ഇല്ലാതാക്കാൻ കൊടുക്കുന്ന വസ്തു, ശുദ്ധിയുള്ള വസ്ത്രം ('to supply clean cloths', 'the property of others

for removing imaginary pollution'). എന്നും ഗുണ്ടർട്ട് രേഖപ്പെടുത്തിയിരിക്കുന്നു.[36] കരിവെള്ളൂരിൽ വണ്ണാത്തി കൊടുക്കുന്ന തുണി (മാറ്റ്) ഉടുത്ത് കുളിച്ച് വന്നാൽ മാത്രമേ മരണം, പ്രസവം, തീണ്ടാരി തുടങ്ങിയ സന്ദർഭങ്ങളിലുണ്ടാകുന്ന അയിത്തം മാറുകയുള്ളൂ എന്ന വിശ്വാസം ഉണ്ടായിരുന്നു. വണ്ണാത്തി മാറ്റ് വിലക്കൽ ഒരു ശിക്ഷാസമ്പ്രദായമായി നിലനിന്നിരുന്നു. പാടില്ലാത്തതു ചെയ്തയാൾക്കോ കുടുംബത്തിനോ വണ്ണാത്തി മാറ്റ് വിലക്ക് നാടുവാഴി ഏർപ്പെടുത്തും. പിന്നെ അയാളും കുടുംബവും സമൂഹത്തിന് പുറത്താകുന്നു.[37] വണ്ണാത്തി മാറ്റ് സമ്പ്രദായം കരിവെള്ളൂരിൽ ഇപ്പോഴും നില നിൽക്കുന്നുണ്ട്. മരിച്ചവരുടെ ബന്ധുക്കൾ ബലകർമ്മം ചെയ്യുമ്പോൾ വണ്ണാത്തി മാറ്റ് ഉടുക്കണം. നായർ, വാണിയർ, തിയ്യർ തുടങ്ങിയവർ മരണസന്ദർഭങ്ങളിലെ വണ്ണാത്തി മാറ്റ് സമ്പ്രദായം ഇപ്പോഴും നിലനിർത്തുന്നു. സ്ത്രീകളുടെ മാസമുറ ക്കാലത്തെ വണ്ണാത്തിമാറ്റ് സമ്പ്രദായം ഇപ്പോൾ നിലവിലില്ല. വണ്ണാത്തിയുടെ അലക്കും നിലനിൽക്കുന്നില്ല.

വണ്ണാന്മാർക്ക് തീയ്യരുമായി നല്ല ബന്ധമുണ്ട്. കരിവെള്ളൂരിലെ ഇളയ മണക്കാടൻ തറവാടിനുമുന്നിൽ പാവൂർ(തീയ്യ)തറവാടാണ്.മണക്കാടൻ തറവാട്ടി ലുള്ളവർക്ക് പുലയോ (കുടുംബത്തിൽപെട്ടവരുടെ മരണംമൂലംവരുന്ന അയിത്തം), ബാലായ്മയോ (കുടുംബത്തിൽ ഒരു കുട്ടി ജനിച്ചാൽ) വന്നാൽ അവിടെ വിളക്ക് വയ്ക്കുന്നത് പാവൂർ തറവാട്ടുകാരാണ്. കരിവെള്ളൂരിലെ മറ്റു വണ്ണാൻ തറവാടുകളിലും ഇതുതന്നെയാണ് സ്ഥിതി.[38] തീയ്യർക്കും വണ്ണാന്മാർ ക്കും മുത്തപ്പൻതെയ്യം പ്രധാനമാണ്. മുത്തപ്പൻ കെട്ടുന്നത് വണ്ണാനും,കർമ്മിയായ മഠയൻ (മഠമെന്ന പദത്തിന് ബുദ്ധമതബന്ധമുണ്ട്) തീയ്യനുമാണ്. വണ്ണാന്മാർക്കും, തീയ്യർക്കും എട്ടില്ലമാണ്. മുത്തപ്പൻ തെയ്യത്തിന്റെ സ്ഥാനമായ പൊടിക്കളം തീയ്യരുടെയും വണ്ണാന്മാരുടെയും വീടിനനുബന്ധിച്ച് കാണപ്പെടുന്നു.[39]

### 2.1.2.3. അധിവാസ കേന്ദ്രങ്ങൾ

ഇളയമണക്കാടൻ തറവാട്, മൂത്തമണക്കാടൻ തറവാട്, വടക്കുമ്പാടൻ തറവാട് എന്നിവ കരിവെള്ളൂരിലെ വണ്ണാന്മാരുടെ പ്രധാന തറവാടുകളാണ്.

### 2.1.2.4. ആചാരപ്പേരും പ്രാദേശികതയും

മണക്കാടൻ എന്നത് മണക്കാടെന്ന പ്രദേശവുമായി ബന്ധപ്പെട്ടതാണ്. വടക്കുമ്പാടൻ വടക്കുമ്പാട് ദേശത്തുള്ളവൻതന്നെ. ഇതുപോലെതന്നെ സ്ഥലനാമവുമായി ബന്ധപ്പെട്ട ആചാരപ്പേരുകൾ വേറെയുമുണ്ട്. ആലപ്പടമ്പുള്ള വണ്ണാൻ ആലപ്പടമ്പൻ, കാങ്കോലുള്ള വണ്ണാൻ-കാങ്കോലൻ, അന്നൂരുള്ള വണ്ണാൻ-അന്നൂരാൻ, പെരുമ്പപ്പുഴയ്ക്കും, കാര്യങ്കോടുപുഴയ്ക്കും ഇടയിലുള്ള പ്രദേശത്താണ് വണ്ണാന്മാർക്കിടയിൽ പ്രദേശികമായ ആചാരപ്പേര്[40] കാണുന്നത്. പെരുവണ്ണാൻ, നേണിക്കം, കരണമൂർത്തി തുടങ്ങിയ ആചാര പ്പേരുകൾ ഇവർക്കിടയിലുള്ള മറ്റു പേരുകളാണ്. ആചാരപ്പേര് തെയ്യം കെട്ടി പ്രാഗത്ഭ്യം നേടിയ വണ്ണാന്മാർക്കും മലയന്മാർക്കും നാടുവാഴി ഇവരുടെ കഴിവിൽ പ്രസാദിച്ച് പട്ടും വളയുമോ, കച്ചും ചുരികയുമോ നല്കിയശേഷം വിളിക്കുന്നതാണ്. ചില തെയ്യങ്ങൾ കെട്ടുന്നത് ഇങ്ങനെ ആചാരം കിട്ടിയവരെ പാടുള്ളൂ എന്നുണ്ട്. പെരുവണ്ണാൻ, മണക്കാടൻ, നേണിക്കം, കരണമൂർത്തി, ചിങ്കം, കുറ്റൂരാൻ, എരമംഗലൻ, കാങ്കോലൻ, അന്നൂരാൻ, കോട്ടപ്രോൻ, മുത്താൻശേരി, എളാൻശേരി എന്നിവ വണ്ണാന്മാരുടെ മറ്റ് ആചാരപ്പേരുകളാണ്.[41]

### 2.1.2.5.ഇല്ലം

തളിയിൽ, കണ്ടൻചിറ, നെല്ലിയോടൻ, മുമ്പങ്ങാടൻ, അടുക്കാടൻ, മണക്കാടൻ, തടിക്കടവൻ, അറാങ്കോടൻ[42]. എന്നിവയാണ് വണ്ണാന്മാരുടെ എട്ടില്ലങ്ങൾ.

### 2.1.3. ചാലിയൻ ( ശാലിയൻ)

''ശാലിയൻ എന്ന പദത്തിൽ നൂൽ ചെട്ടി എന്ന് ശബ്ദതാരാവലിയിൽ നൽകുന്ന അർത്ഥം ചാലിയം ചുമലിൽ ഇടുന്ന വേഷ്ടി പോലുള്ള ചുവന്ന വസ്ത്രം. ഇതിൽ നിന്നുമാവാം ചാലിയൻ എന്ന പദത്തിന്റെ നിഷ്പത്തി എന്നൊരു വാദമുഖവുമുണ്ട്. ശല്യപുരാണത്തിൽ ശല്യർ മഹർഷിയുടെ സന്തതി പരമ്പരകളാണ് ശാലിയർ എന്നൊരു പരാമർശമുണ്ട്. ജാലികനും ശാലികനും ചാലിയനും ശാലിയനുമൊക്കെ ഒന്നുതന്നെ. കേരളത്തിനു പുറമെ തമിഴ്നാട്, ആന്ധ്ര, കർണ്ണാടക തുടങ്ങിയ പ്രദേശങ്ങളിലും ശാലിയ സമുദായക്കാർ ഉണ്ട്. ദേവാംഗ പട്ടാര്യ, ശാലിയ വിഭാഗങ്ങൾ ഒന്നു ചേർന്ന് പത്മശാലിയ എന്ന പൊതു സംജ്ഞയിലാണ് ഇവർ ഇന്ന് അറിയപ്പെടുന്നത്.''[43] ഇടങ്ക, വലങ്ക എന്നിങ്ങനെ ചാലിയരിൽ രണ്ടു വിഭാഗമുണ്ട്.

ചാലിയരുടെ 'നാലു നഗര'ങ്ങളിലൊന്നാണ്[44] കരിവെള്ളൂർ. അതുകൊണ്ട് തന്നെ കരിവെള്ളൂരിൽ ചാലിയസമുദായത്തിന് പ്രാധാന്യമുണ്ട്. ചാലിയർ മഠപ്പള്ളി സോമേശ്വരി ക്ഷേത്രം കേന്ദ്രീകരിച്ച് സമുദായ ഐക്യം നില നിർത്തുന്നു. ഓരോ സമുദായംഗത്തിനും ക്ഷേത്രവുമായി ബന്ധമുണ്ട്. അങ്ങനെ സമുദായംഗ ങ്ങളുടെ ഐക്യവും കെട്ടുറപ്പ് നിലനിർത്തുന്നത് ഇവരുടെ ആരാധനാകേന്ദ്ര ങ്ങളാണ് ചാലിയർ ജൈനരായിരുന്നുവെന്നവാദത്തെ ഓർമ്മിപ്പിക്കുന്നുണ്ട് മഠപ്പള്ളി എന്ന ക്ഷേത്രനാമം. (മഠം, പള്ളി എന്നീ പദങ്ങൾ ജൈനമതവുമായി ബന്ധം പുലർത്തുന്നു).

#### 2.1.3.1. കരിവെള്ളൂരിലെ ചാലിയർ

കരിവെള്ളൂരിലെ ചാലിയ സമുദായത്തിന്റെ അധിവാസകേന്ദ്രം കരിവെള്ളൂരിലെ തെരുവാണ്. ഓണക്കുന്നിൽ ശിവക്ഷേത്രത്തിനു മുൻവശം കൊമ്പൻതെരു എന്ന് അറിയപ്പെട്ടിരുന്നു. ഇവിടെയായിരുന്നു പഴയകാലത്ത് ചാലി യർ താമസിച്ചിരുന്നത് കൊമ്പൻതെരുവിലായിരുന്നു എന്ന് വിശ്വസിക്കുന്നു.

കരിവെള്ളൂർതെരു ഇതേകുറിച്ച് എ.വി.രാമൻ ഇങ്ങനെ പറയുന്നു. ''കരിവെള്ളൂർ തെരുവിലെ കുടുംബങ്ങളുടെ മൂലസ്ഥാനമായ കൊമ്പൻതെരു ഓണക്കുന്നിൽ ശിവക്ഷേത്രത്തിന്റെ തിരുനടയിലാണ്. ഇവിടെ താമസമുണ്ടായിരുന്ന കുടുംബ ക്കാരിൽ പലരും മാരകമായ രോഗം മൂലം ചത്തൊടുങ്ങി. ശേഷിച്ചവരിൽ പലരും തങ്ങളുടെ ആരാധനാ മൂർത്തിയായ ചുഴലി ഭഗവതിയെ ആവാഹിച്ച് കരിവെള്ളൂർ തെരുവിലെ ക്ഷേത്രത്തിൽ നെല്ലിയോട്ട് ഭഗവതിയുടെ പ്രതിഷ്ഠയുടെ ഇടതുഭാഗ ത്തായി പ്രതിഷ്ഠിച്ച് ആരാധിച്ചുവന്നു''[45]

**2.1.3.2. പൂരം**

ഉത്തരമലബാറിലെ പ്രധാനാഘോഷമായ പൂരോത്സവം ചാലിയ സമുദായ ക്കാർക്ക് വളരെയേറെ പ്രാധാന്യമുള്ള ആഘോഷമാണ്. കരിവെള്ളൂരിലെ ചാലിയ രുടെ പ്രധാന ആരാധനാകേന്ദ്രങ്ങൾ സോമേശ്വരിക്ഷേത്രവും കുതിരക്കാളി ക്ഷേത്രവും, കൊമ്പൻതെരുവുമാണ്. ഇവിടെകേന്ദ്രീകരിച്ചാണ് പൂരാഘോഷം നടക്കുന്നത്. മീനമാസത്തിലെ മകീര്യംനാൾ മുതൽ പൂരംവരെയുള്ള ഏഴ് ദിവസങ്ങളിൽ പൂരോത്സവം നടക്കുന്നു.[46] എഴുന്നള്ളത്ത്, പൂവിടൽ, പൂരക്കളി എന്നിവ പ്രധാന ചടങ്ങുകളാണ്.

**2.1.32.1. പൂവിടൽ**

തെരുവിലെ ചാലിയ സമുദായത്തിൽപെട്ട കുടുംബങ്ങളിലെ ഋതുമതി യാകാത്ത പെൺകുട്ടികൾ ക്ഷേത്രമുറ്റത്ത് പൂക്കളിടുന്നു (പൂക്കൾ അർപ്പിക്കുന്നു). (നരയൻപൂവ്, ചെമ്പകപ്പൂവ്, എരിക്കിൻപൂവ്, മുരിക്കിൻപൂവ് തുടങ്ങിയ പൂക്കളാണ് ഇടുന്നത്.) ക്ഷേത്രത്തിൽ പൂവിടുന്ന പെൺകുട്ടികൾ ഈ ദിവസങ്ങളിൽ വ്രതശുദ്ധിയോടെ നിൽക്കണം. അവർ ക്ഷേത്രത്തിൽതന്നെ താമസിക്കുന്നു. ഇപ്രകാരം ക്ഷേത്രത്തിൽ പൂവിടുന്ന പെൺകുട്ടികൾക്ക് വേഗത്തിൽ മംഗല്യഭാഗ്യം കൈവരുമെന്ന് ഇവർ വിശ്വസിക്കുന്നു.[47]

### 2.1.3.2.2. എഴുന്നള്ളിപ്പ്

''പൂരക്കാലത്ത് എല്ലാദിവസവും മദ്ധ്യാഹ്നങ്ങളിലും മൂന്നാം പൂരം മുതൽ രാത്രിയിലും വാദ്യമേളങ്ങളുടെ അകമ്പടിയോടെ മേലാപ്പ്, ആലവട്ടം, വെഞ്ചാരം, മുത്തുക്കുട, കൊടിക്കൂറകൾ, ഓലക്കുടകൾ, പന്തങ്ങൾ എന്നിവയ്ക്കു പുറമെ ചങ്ങലവട്ട, കൈവിളക്കുകൾ എന്നിവയോടെ ദേവിസാന്നിദ്ധ്യമുള്ള ഓട്ടുക്കുടയും തിരുവായുധങ്ങളും എഴുന്നള്ളിക്കുന്നു[48.] തിരുവായുധങ്ങൾ ക്ഷേത്രത്തിലെ ആചാരക്കാരും, ഓട്ടുക്കുട കൊട്ടിലവീട്ടിലെ അനന്തിരവനു (വ്രതാനുഷ്ഠാന ത്തോടെ) യാണ് എടുക്കുന്നത്. കുതിരക്കാളി ക്ഷേത്രത്തിൽനിന്നും എഴുന്നള്ളിച്ച് സോമേശ്വരിക്ഷേത്രത്തിലേക്ക് വരുന്നു. അവിടെ ഒതുങ്ങി നിൽക്കുന്ന തിരുവായുധം എഴുന്നള്ളിപ്പ്[49] വണങ്ങി. രണ്ടു എഴുന്നള്ളത്തും എഴുന്നള്ളിച്ച് കുതിര ക്കാളിക്ഷേത്രത്തിലേക്ക് വീണ്ടും വരുന്നു. അവിടെ ക്ഷേത്രനടയിൽ 'കുറ്റിവിളക്ക്[50] ഉണ്ടായിരിക്കും. എഴുന്നള്ളത്ത് കുറ്റിവിളക്കിനെ വലംവെച്ച് വരുന്നു. അപ്പോൾ ഓട്ടുവളയിളക്കവും, വെളിച്ചപ്പാടും ഉണ്ടാകും ധാരാളം ആളുകൾ ഇതു കാണാനായി ഒത്തുകൂടുന്നു. കുതിരക്കാളിക്ഷേത്രത്തിലെ എഴുന്നള്ളിപ്പ് കഴി ഞ്ഞാൽ അവിടുത്തെ തിരുവായുധങ്ങൾ അവിടെതന്നെ വയ്ക്കുന്നു. അതിനു ശേഷം മറ്റു തിരുവായുധങ്ങളുമായി എഴുന്നള്ളിപ്പ് കുഞ്ഞിസ്ഥാനത്തേക്ക് വരുന്നു. അവിടെ പ്രത്യേകം തയ്യാറാക്കിയ കളിപ്പന്തലിൽ തിരുവായുധങ്ങൾ വയ്ക്കുന്നു. അവിടെ പൂരക്കളി നടക്കും പൂരക്കളിക്ക് ശേഷം തിരുവായുധങ്ങൾ സോമേശ്വരി ക്ഷേത്രത്തിൽതന്നെ എഴുന്നള്ളിച്ച് എത്തിക്കുന്നു.

അവസാനത്തെ രണ്ടു ദിവസം രാത്രിയിലെ എഴുന്നള്ളിപ്പ് കുതിരക്കാളി ക്ഷേത്രത്തെ വലംവെച്ചതിനുശേഷം ഓണക്കുന്നിൽ ശിവക്ഷേത്രത്തിൽ വണങ്ങി കൊമ്പൻതെരുക്ഷേത്രത്തിലെത്തുന്നു. കൊമ്പൻതെരുചുഴലിഭഗവതിയുടെ ആരൂഢ സ്ഥാന[51]മെന്നാണ് വിശ്വാസം.

#### 2.1.3.2.3. ചാലിയപൊറാട്ട്

പൂരത്തോടനുബന്ധചിച്ച് പൂരത്തിന് തലേനാൾ പൊറാട്ട് നടത്തുന്നു. അതിനായി ക്ഷേത്രത്തിനുപുറത്ത് ഒരു വേദി ഒരുക്കുന്നു. വേഷവിധാനങ്ങളോടെ കൂട്ടമായാണ് ചാലിയർ പൊറാട്ട് നടത്തുന്നത്. പൂരം എന്നത് ഉർവ്വര താനുഷ്ഠാനമാണ്. പൊറാട്ട് പ്രാചീനനാടക രൂപമാണ്.[52] ചാലിയരുടെ തൊഴിൽ കൂട്ടായ്മയ ആവശ്യപ്പടുന്നതുകൊണ്ട് അവർ കൂട്ടമായി ജീവിച്ചു. ഈ കൂട്ടായ്മ യിലൂടെ ഉയർന്നുവന്ന നാടകരൂപമാണ് ചാലിയ പൊറാട്ട്. ലൈംഗികചുവയുള്ള വാക്കുകൾ പൊറാട്ടിൽ വിളിച്ചുപറയുന്നു. ഇപ്പോൾ കരിവെള്ളൂരിൽ ചാലിയ പൊറാട്ട് നടക്കുന്നില്ല.

#### 2.1.3.2.4. പൂരക്കഞ്ഞി

പൂരക്കാലത്ത് തരക്കിയ അരി (പുഴുക്കാതെ കുത്തിയത്) ശർക്കര, ഉപ്പ്, പഴം തുടങ്ങിയ ചേരുവകൾ ചേർത്തുണ്ടാക്കുന്ന വിഭവമാണ് പൂരക്കഞ്ഞി. കാമദേവന് നിവേദിക്കാൻ വീടുകളിൽ തരക്കിയ അരി (പുഴുങ്ങാതെ കുത്തിയത്) ഉപ്പിടാതെ വേവിച്ച് കഞ്ഞി ഉണ്ടാക്കുന്നു. കരവെള്ളൂർ പ്രദേശത്തെ എല്ലാ ജാതിസമൂഹങ്ങ ളിലും വീടുകളിൽ പൂരക്കഞ്ഞി ഉണ്ടാക്കും. കരിവെള്ളൂർ തെരുവിലെ സ്ത്രീകൾ പൂരക്കഞ്ഞിക്കുള്ള അരി ക്ഷേത്രത്തിൽ സമർപ്പിക്കുന്നു.[53] ഈ അരിയിൽനിന്ന് അന്നേദിവസം നിവേദ്യത്തിനുള്ളത് എടുക്കുന്നു.

#### 2.1.3.2.5. പൂരക്കളി

പൂരോത്സവത്തോടനുബന്ധിച്ച് ആറ് ദിവസവും രാത്രി പൂരക്കളി നടക്കുന്നു. വ്രതാനുഷ്ഠാനത്തോടെയുള്ള ആൺകുട്ടികളും പുരുഷന്മാരും പൂരക്കളിയിൽ പങ്കെടുക്കുന്നു. ആദ്യദിവസം പൂരക്കളിക്കു മുമ്പും, പൂരംകുളി (പൂരം നാൾ) ദിവസം ക്ഷേത്ര അടിയന്തിരത്തിനുമുമ്പും ശബ്ദം പുറത്തു കേൾക്കാത്ത വിധത്തിൽ പൂരമാല ഉരുവിടുന്നു.[54]

#### 2.1.3.2.6. കാമനും കന്നിയും

പൂരത്തോടനുബന്ധിച്ച് ചാലിയ സമുദായക്കാർക്കിടയിൽ കാണുന്ന അനുഷ്ഠാനങ്ങളാണ്. ചാലിയപൊറാട്ടും 'കാമനും കന്നിയും'[55] കെട്ടലും. കാമനും കന്നിയും രണ്ട് വേഷങ്ങളാണ്. കാമൻ ആൺവേഷം, കന്നി പെൺവേഷം. രണ്ടു വേഷങ്ങൾ രണ്ടാൾക്കുമേൽ കെട്ടിയുണ്ടാക്കുന്നു. താലപ്പൊലി, മുത്തുക്കുട, വാദ്യഘോഷങ്ങൾ, ദീപാലങ്കാരങ്ങൾ എന്നിവയോടുകൂടി വേഷങ്ങളും, പീഠം തലയിൽവെച്ച് കാമൻ പാട്ടുപാടി കാരണ(പ്രദേശത്തെ സമുദായത്തിന്റെ തല വൻ)വരും സോമേശ്വരി ക്ഷേത്രത്തിൽ വലം വയ്ക്കുന്നു. പീഠം നെല്ലിയോട്ട് ഭഗവതിയുടെ കന്നിമൂലയിൽ (തെക്ക് പടിഞ്ഞാറ് മൂല) പ്രതിഷ്ഠിക്കുന്നു.

#### 2.1.3.2.7. പൂരംകുളി

പൂരംനാളിൽ വാദ്യാകമ്പടിയോടെ കാരണവർ തിരുവായുധങ്ങളുമായി കുളത്തിൽ മുങ്ങുന്നു. ആയുധങ്ങൾ അണിയിച്ചൊരുക്കിയിരിക്കും.

#### 2.1.3.2.8. കാമനെ അയക്കൽ

പൂരംനാൾ സന്ധ്യയ്ക്ക് ദീപം വെച്ചശേഷം പൂക്കുഞ്ഞുങ്ങളിട്ട എഴുദിവസ ക്കാലത്തെ പൂക്കൾ ശേഖരിച്ച് ആൽമരച്ചുവട്ടിൽ കാമന്റെ രൂപം ഉണ്ടാക്കുന്നു. കാമന് നീര് കൊടുത്ത് യാത്രയാക്കുന്നു. അവിടെയെത്തിയ കൈവിളക്കുമായി കുതിരക്കാളി ക്ഷേത്രത്തിൽചെന്ന് ശാസ്താവിന്റെ സങ്കൽപ്പത്തിൽ വയ്ക്കുന്നു. ഈ ചടങ്ങ് ഉത്രവിളക്ക് എന്നുപറയുന്നു.

അവിടെനിന്ന് കൈവിളക്കുമായിവന്ന് കുഞ്ഞിസ്ഥാനത്തു[56]നിന്നും സോമേ ശ്വരിയുടെ തിരുവായുധം ക്ഷേത്രത്തിനുള്ളിലേക്ക് എഴുന്നള്ളിച്ച് വെയ്ക്കു ന്നതോടെ പൂരോത്സവം സമാപിക്കുന്നു.

### 2.1.3.3. ചാലിയരുടെ തെയ്യങ്ങൾ

കരിവെള്ളൂരിലെ ചാലിയരുടെ കുലദേവത മൂവാളം കുഴി ചാമുണ്ഡിയാണ്. കൂടാതെ കുണ്ടോറചാമുണ്ഡി , വിഷ്ണുമൂർത്തി, ചൂളിയാർ ഭഗവതി, പടവീരൻ , ഗുളികൻ എന്നീ തെയ്യക്കോലങ്ങളും ക്ഷേത്രത്തിലുണ്ട്. കുതിരക്കാളി ക്ഷേത്ര ത്തിലാണ് തെയ്യക്കോലങ്ങൾ കെട്ടിയാടുന്നത്. ധനുമാസം 21, 22 തീയ്യതികളിൽ തെയ്യം നടക്കുന്നു. ക്ഷേത്രത്തിൽ തെക്കുപടിഞ്ഞാറ് ഭാഗത്ത് (കന്നിമൂല) കുണ്ടോറചാമുണ്ഡിയുടെ പള്ളിയറ, മധ്യത്തിൽ കുതിരക്കാളിയുടെ പള്ളിയറ, ശാസ്താവിന്റെ സാന്നിധ്യവുമുണ്ടെന്ന് സങ്കല്പം. കുതിരക്കാളിയുടെ കോലം കെട്ടിയാടാറില്ല. വടക്കുപടിഞ്ഞാറ് പള്ളിയറയിൽ ആദ്യത്തെ അറയിൽ വിഷ്ണു മൂർത്തി, തൊട്ടടുത്ത അറയിൽ മൂവാളം കുഴി ചാമുണ്ഡി, പള്ളിയറകളിൽ കരിങ്കല്ലിനുമുകളിലായി വച്ചിരിക്കുന്നു. ക്ഷേത്ര മതിലിനുപുറത്ത് ഗുളികന്റെ സ്ഥാനവുമുണ്ട്. പടവീരനും ചൂളിയാർഭഗവതിയും വണ്ണാന്മാർ കെട്ടിയാടുന്ന തെയ്യങ്ങളാണ്. വിഷ്ണുമൂർത്തിയും മൂവാളംകുഴി ചാമുണ്ഡിയും ഗുളികനും മലയരുടെ തെയ്യങ്ങളാണ്. കുണ്ടോറചാമുണ്ഡി വേലർ കെട്ടിയാടുന്നു. വണ്ണാന്മാരിൽ വടക്കുമ്പാടന്മാർക്കാണ് ഇവിടെ തെയ്യം കെട്ടിയാടാൻ അവകാശം.

### 2.1.3.4. മാരിമാറ്റൽ

കർക്കിടകം18ന് ഗ്രാമത്തെ വലയം ചെയ്തിരിക്കുന്ന ഭൂതപ്രേത പിശാചാദികളെയും ആവാഹിച്ചെടുത്ത് ദൂരെ പാലക്കുന്നിലെ മാരിക്കുളത്തിൽ കൊണ്ടു തള്ളുന്നു. കുതിരക്കാളിക്ഷേത്രത്തിലെ കലശത്തറയിൽ തയ്യാറാക്കി വെക്കുന്ന കരിയാമ്പള്ളി[57]യുടെയും കലശത്തിന്റെയും മുന്നിൽ വ്രതമെടുത്തവർ ഒരുക്കുന്ന അരിങ്ങാട്,[58] അവൽ, മലർ, ഇളനീർ തുടങ്ങിയവ നിവേദിക്കുന്നു. ഗുരുസിക്കും കോഴിക്കുരുതിക്കും ശേഷം തിരുവായുധത്തോടെ കലശത്തറ വലംവെച്ച് ദുർമൂർത്തികളെ ആവാഹിച്ചെടുത്ത തട്ടും തീപ്പന്തങ്ങളും ആർപ്പുവിളി കളുമായി മാരിക്കുളത്തിലേക്ക് കൂട്ടമായി നീങ്ങുന്നു. അവിടെ എത്തിയ ശേഷം

ആർപ്പുവിളികളോടെയും അട്ടഹാസത്തോടെയും  തങ്ങൾ ആവാഹിച്ചു കൊണ്ടു വന്ന വസ്തുക്കൾ അവിടെ തള്ളുന്നു. പിന്നീട് ബലിത്തറയ്ക്ക് വലം വെച്ച് ദുർമൂർത്തികളുടെ പ്രീതിക്കായി കോഴിയെ ചിക്കിച്ചാടിയ[59]ശേഷം കൂട്ടമായി തിരിച്ചു വരുന്നു.

കരിവെള്ളൂരിലെ സാമൂഹ്യപ്രവർത്തകൻ കെ.ഗോവിന്ദൻ, ഡോക്ടറും, സാമൂഹ്യപ്രവർത്തകനുമായിരുന്നു ഡോ.എ.വി കരുണാകരൻ, പിൽക്കാലത്ത് കരിവെള്ളൂരിലെ നെയ്ത്തു പാരമ്പര്യത്തിലൂടെ  ഭാരതത്തിലെ മികച്ച നെയ്ത്തു കാർക്കുള്ള അവാർഡുകൾ വാങ്ങിയ എ.വി.ഗോപാലനും, കെ.വി.രാജനും കരിവെള്ളൂർ  തെരുവിലാണ്.

**2.1.4. വാണിയർ**

കരിവെള്ളൂരിലെ മറ്റൊരു പ്രധാന സമുദായമാണ് വാണിയ സമുദായം. വാണിയന്- വാണിയം ചെയ്യുന്നവൻ, എണ്ണയും മറ്റും ആട്ടിക്കൊടുക്കുന്ന ജാതി ക്കാരൻ എണ്ണച്ചെട്ടി എന്ന് ശബ്ദതാരാവലിയിൽ അർത്ഥം കല്പിച്ചിരിക്കുന്നു[60]. വാണിയൻ എന്ന പദത്തിന് വാണിജ്യം എന്ന പദവുമായി ബന്ധമുണ്ട്. വാണിയർ വൈശ്യകുലത്തിൽപെടുന്നു.

**2.1.5. തൊഴിൽ**

എണ്ണക്കുരുക്കൾ കൃഷിചെയ്ത് ചക്കാലയിൽ  ആട്ടി എണ്ണയും പിണ്ണാക്കും വിൽക്കുന്ന തൊഴിൽ ചെയ്തുവരുന്നു. അതോടൊപ്പം പശു, ആട്, എരുമ എന്നിവയെ വളർത്തുക, കൃഷി മുതലായവയും അവർ ചെയ്തു വന്നിരുന്നു.

**ചക്കും ചക്കാലയും**

ചക്കാലനായർ എന്നത് വാണിയസമുദായത്തെക്കുറിക്കുന്ന മറ്റൊരു പേരാണ്. എണ്ണയാട്ടി ഉണ്ടാക്കുന്ന പഴയകാല ഉപകരണമാണ് ചക്ക്[61] (ചിത്രം

കാണുക) എണ്ണയാട്ടുന്ന ചക്ക് കരിവെള്ളൂരിലെ ചില വാണിയഗൃഹങ്ങളിൽ ഉണ്ടായിരുന്നു. പെരളത്തെ പാർവ്വതിയമ്മയുടെ വീട്ടിലും, കൂവ്വച്ചേരി ചെറിയയുടെ വീട്ടിലും ചക്കാലയുടെ അവശിഷ്ടങ്ങളുണ്ട്. (ചിത്രം കാണുക). ചക്ക് മധ്യത്തിൽ സ്ഥാപിക്കുന്നു. വലിയ ദണ്ഡ് (കണ) തിരശ്ചീന തലത്തിൽ ഘടിപ്പിച്ചിരിക്കുന്നു. കണ കറക്കുമ്പോൾ ചക്കും ചക്കിലിടുന്ന വസ്തുക്കളും കറങ്ങിക്കൊണ്ടിരിക്കും. കൊപ്രയോ, എള്ളോ ആണ് എണ്ണയുണ്ടാക്കാൻ ഉപയോഗിക്കുന്നത് കൊപ്രയാട്ടി വെളിച്ചെണ്ണയും, എളളാട്ടി എളെളണ്ണയും ഉണ്ടാക്കുന്നു.

ചക്കാലയില്ലാത്ത കുടുംബാംഗങ്ങൾ ചക്കാലയുള്ള വീടുകളിൽചെന്ന് ചക്കാട്ടി എണ്ണയെടുക്കാം. എണ്ണയും ബാക്കിയാവുന്ന പിണ്ണാക്കും വീടുകൾ തോറും നടന്ന് ആവശ്യക്കാർക്ക് കൊടുക്കുന്നു. പകരം നെല്ല് പ്രതിഫലമായി കൊടുക്കുന്നു. ചക്കാലയിൽ എണ്ണയാട്ടുന്നതിനും അനുഷ്ഠാനത്തിന് പ്രാധാന്യ മുണ്ട്. ചക്കാല ദൈവികപ്രാധാന്യത്തോടെ സംരക്ഷിച്ചുപോരുന്നു. അവിടെ വിളക്കുകൊളുത്തുന്ന സ്ഥാനമുണ്ടായിരിക്കും. വർഷത്തിലൊരിക്കൽ ചക്കാല കേന്ദ്രീകരിച്ച് സമുദായംഗങ്ങൾക്ക് സദ്യനൽകുന്ന പതിവുണ്ട്. ഇതിന് ആല അടിയന്തിരം എന്ന്പറയുന്നു.[62]

### 2.1.4.3 ചക്കാലനായരും വട്ടക്കാട്ട് നായരും

പണ്ടുകാലത്ത് ചക്കും ചക്കാലയും നിർമ്മിക്കാൻ നല്ല സാമ്പത്തികശേഷി യുള്ള കുടുംബങ്ങൾക്ക് മാത്രമേ സാധിച്ചിരുന്നുള്ളൂ. ചക്കാലയുള്ള വീടുക ളിൽചെന്ന് മറ്റുള്ളവർ എണ്ണയാട്ടി ഉപജീവനം നടത്തുന്നു.[63] ചക്കാല നായരും, വട്ടക്കാട്ട് നായരും രണ്ടുവിഭാഗം വാണിയരാണ് ചക്കുള്ള വാണിയരാവാം ചക്കാലനായർ. ചക്കിന്റെ വട്ട് (കണ) തിരിച്ച് എണ്ണയും കൊപ്രയും ഉണ്ടാക്കുന്ന കൂട്ടരാവാം വട്ടക്കാട്ട് നായർ. ഇതേക്കുറിച്ച് ചിറക്കൽ ടി ബാലകൃഷ്ണൻ നായർ പറയുന്നത്. ചക്കും ചക്കാലയുമുള്ള ഉടമയും അഥവാ മുതലാളിയും. ചക്കാട്ടി

ജീവിക്കുന്ന തൊഴിലാളിയുമടങ്ങുന്ന രണ്ട് വിഭാഗങ്ങൾ വാണിയർക്കിടയിലുണ്ടായിരുന്നുവെന്നാണ്.[64]

### 2.1.4.4. ഇല്ലങ്ങൾ

വാണിയസമുദായക്കാർ ഒൻപത് ഇല്ലക്കാരാണ്. മുച്ചിലോട്ട് വാണിയൻ, തച്ചില്ലം വാണിയൻ, നരൂർ വാണിയർ, കുഞ്ഞൊത്ത് വാണിയൻ, പള്ളിക്കര വാണിയർ, പുതുക്കാട്ട് വാണിയർ, വള്ളിവാണിയൻ, ചോറില്ലാവാണിയൻ, ചന്തംകുളങ്ങര വാണിയൻ എന്നിങ്ങനെ ഒൻപത് ഇല്ലങ്ങൾ. തെയ്യങ്ങൾ വാണിയരെ സംബോധന ചെയ്യുന്നത് എന്റെ ഒൻപതില്ലേ എന്നാണ്.[65] മുച്ചിലോട്ടു ഭഗവതി എന്ന പേരിനാധാരം മുച്ചിലോട്ട് വാണിയനാണ്. (മുച്ചിലോട്ട് ഭഗവതിയെ കുറിച്ചുള്ള ഐതിഹ്യം ഈ അദ്ധ്യായത്തിന്റെ അവസാനഭാഗം കൊടുത്തിരിക്കുന്നു.

### 2.1.4.5. തെയ്യങ്ങൾ

വാണിയസമുദായക്കാരുടെ പരദേവത മുച്ചിലോട്ടുഭഗവതിയാണ്. ഈ തെയ്യത്തെ അവർ തമ്പുരാട്ടി എന്നാണ് വിളിക്കുന്നത് മുച്ചിലോട്ടുകാവുകൾ കേന്ദ്രീകരിച്ചാണ് വാണിയസമുദായം കൂട്ടായ്മ നിലനിർത്തുന്നത്. ധാരാളം മുച്ചിലോടുകൾ ഉണ്ടെങ്കിലും പ്രധാനം ഏഴ് മുച്ചിലോടുകൾക്കാണ്. (1) കരിവെള്ളൂർ (2) തൃക്കരിപ്പൂർ (3)കോറോം (4) കൊട്ടില (5) കവിണിശ്ശേരി (6) നമ്പറം (7) വളപട്ടണം ഏഴ് മുച്ചിലോട്ടിൽ ആദി മുച്ചിലോട്ട് കരിവെള്ളൂരാണ്. മുച്ചിലോട് എന്നത് വാണിയരിൽ ഒരു തറവാട്ടുകാരായിരുന്നു. മൂച്ചിലോട് എന്നത് വാണിയസമുദയാക്കാരുടെ കാവുകളെയും സൂചിപ്പിക്കുന്നു. മുച്ചിലോടന്റെ തറവാട്ടിൽ ദർശിച്ച ദേവി മുച്ചിലോട്ട് ഭഗവതിയായി എന്നാണ് ഐതിഹ്യം.

മുച്ചിലോട്ടുകാവുകളിൽ മുച്ചിലോട്ടുഭഗവതിക്കുപുറമെ നിരവധി തെയ്യങ്ങളുണ്ട്. മുച്ചിലോട്ട് ഭഗവതി, കണ്ണങ്ങാട്ടുഭഗവതി, നരമ്പിൽ ഭഗവതി, പുല്ലൂർ

കാളി, വിഷ്ണുമൂർത്തി, മടയിൽചാമുണ്ഡി, എംബേറ്റ് ദൈനം എന്നിവയാണ് മുച്ചിലോട്ടുള്ള പ്രധാനതെയ്യങ്ങൾ.

#### 2.1.4.6. വാണിയരും കരിവെള്ളൂരും

കേരളത്തിൽ വാണിയരുടെ ആദ്യകാല അധിവാസ കേന്ദ്രങ്ങൾ വാണിയ ങ്കുളവും വാണിയമ്പലവുമായിരുന്നുവെന്ന് ചിറക്കൽ ടി.ബാലകൃഷ്ണൻനായർ രേഖപ്പെടുത്തുന്നു.[66] എന്നാൽ ഉത്തരകേരളത്തിലെ വാണിയസമൂഹത്തിന്റെ ആദിമ സങ്കേതം കരിവെള്ളൂരാണ് എന്ന് വാണിയ സമുദായത്തെകുറിച്ച് പഠിച്ച ജയചന്ദ്രൻ കീഴോത്ത് പറയുന്നു[69]. വാണിയസമുദായക്കാരുടെ ആദിമുച്ചിലോട്ട് കരിവെള്ളൂരാണെന്നും അതുകൊണ്ടുതന്നെ കരിവെള്ളൂർ തങ്ങളുടെ പ്രധാന കേന്ദ്രമാണെന്നും വാണിയ സമുദായക്കാർ വിശ്വസിക്കുന്നു.[67]

#### 2.1.5. തീയ്യർ

''ശ്രീലങ്കയിൽനിന്നും കുടിയേറിപ്പാർത്തവരാണ് ഈഴവർ (തീയ്യർ) എന്നാണ് സാമാന്യധാരണ ഈഴവൻ, തീയ്യൻ എന്നീ വാക്കുകൾക്ക് നൈരുക്തികമായി ശ്രീലങ്കയോടു ബന്ധമുണ്ട്. ദീപൻ എന്ന വാക്കാണ് പരിണമിച്ചതെന്നും ഈഴം എന്ന പദവുമായി ഈഴവൻ എന്ന ശബ്ദം ബന്ധപ്പെട്ടിരിക്കുന്നുവെന്നും നിരീക്ഷിക്കപ്പെടുന്നു. കെ.ദാമോദരൻ ഈ വാദം അംഗീകരിക്കുന്നില്ല. സിലോണിൽ നിന്നുവന്ന ബുദ്ധഭിക്ഷുക്കൾ ബുദ്ധമതത്തിലേക്കു പരിവർത്തി പ്പിച്ചെടുത്ത സമൂഹമാണ് ഈഴവർ എന്നറിയപ്പെടുന്നതെന്ന പക്ഷമാണ് അദ്ദേഹ ത്തിനുള്ളത്.[68] സംഘം കൃതികളിൽ കാണുന്ന ചാന്റോൻ, ഉഴവർ എന്നീ സമുദായങ്ങളാകണം ഈഴവ സമുദായമായി പരിണമിച്ചത്. ചാന്റോൻ ചെത്തു കാരനായിരുന്നു. ഉഴവർ കൃഷിക്കാരും. ഈഴവർ ആദ്യകാലങ്ങളിൽ പ്രധാനമായും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നു.[69]

#### 2.1.5.1 അധിവാസകേന്ദ്രങ്ങൾ

കരിവെള്ളൂരിൽ ഒരു പ്രബലസമുദായമാണ് തീയ്യസമുദായം. ഇപ്പോൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വസിക്കുന്നുണ്ട് ഇവർ. എന്നാൽ തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട് ജീവിച്ചുവന്ന ഇവരുടെ പഴയതറവാടുകൾ പഞ്ചായ ത്തിലെ ചില പ്രത്യേക സ്ഥലങ്ങൾ കേന്ദ്രീകരിച്ചായിരുന്നു. പുത്തൂരിന്റെ താഴ്ന്ന പ്രദേശങ്ങൾ, കൊഴുമ്മൽ, ഓണക്കുന്ന്, കുണിയൻ പ്രദേശങ്ങളിലായിരുന്നു തീയ്യസമുദായക്കാർ പ്രധാനമായും ജീവിച്ചുവന്നത്. ഈ പ്രദേശങ്ങളിൽ തെങ്ങ് കൃഷി ചെയ്തും തെങ്ങിനെ ആശ്രയിച്ചും അവർ ജീവിച്ചുവന്നു.

#### 2.1.5.2. ആരാധനാകേന്ദ്രങ്ങൾ

കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തീയ്യ സമുദായക്കാറുണ്ട്. പ്രധാനമായും കുണിയൻ പ്രദേശത്ത് തീയ്യർ കൂട്ടമായി ജീവിക്കുന്നു. കുണിയനിലെ പറമ്പത്തറ, കൊഴുമ്മൽ മാക്കീൽ മുണ്ട്യക്കാവ്, പുത്തൂരിലെ നാറോത്ത് മുണ്ട്യക്കാവ്, വാണിയില്ലം (കരിവെള്ളൂർ ) എന്നിവയാണ് തീയ്യരുടെ പ്രധാനാരാധനാലയങ്ങൾ, മടയമ്പത്ത് (കൊഴുമ്മൽ), പുന്നക്കോടൻ (പുത്തൂര്), കപ്പണക്കാൽ, ചെമ്മങ്ങാട്ട് (തോട്ടിച്ചാൽ) എന്നിവ തീയ്യസമുദായ ത്തിന്റെ പ്രധാന തറവാടുകളാണ്. ഇവരുടെ ആരാധനാലയങ്ങളെല്ലാം നെൽവയലു കൾക്കഭിമുഖമായി കിഴക്കോട്ട് തിരിഞ്ഞാണിരിക്കുന്നത്. പുത്തൂരുള്ള നാറോത്ത് മുണ്ട്യ. ഒരു വ്യക്തിയുടെ പറമ്പിൽ ആയിരത്തി തൊള്ളായിരത്തി നാല്പത്തിയാറ് കാലത്ത് നിർമ്മിക്കപ്പെട്ടതാണ്.[70]

#### 2.1.5.3. തീയ്യരും ആരാധനകേന്ദ്രങ്ങളും

കരിവെള്ളൂർ പ്രദേശത്തെ തീയ്യസമുദായക്കാർ ഓരോ ആരാധനകേന്ദ്രത്തിനു കീഴിലാണ്. പ്രാദേശികമായി നിർണ്ണയിക്കപ്പെടുന്ന അതിർത്തിക്കകത്തെ കാവേ താണോ (കൊഴുമ്മൽമുണ്ട്യയോ, പറമ്പത്തറയോ, വാണിയില്ലമോ) അതിലേ

ക്കായി ഓരോ ആണും പെണ്ണും ഓരോ വിഹിതം നല്കണം.[71] കൂടാതെ മാസ സംക്രമംതോറും അരിയും നൽകണം.ഇവരുടെ കാവുകളിൽ പ്രധാന സ്ഥാനം പുരുഷനാണ്. വിളക്ക് കൊളുത്തയാൾ (അന്തിത്തിരിയൻ) കാരണവർ എന്നിവരെല്ലാം പുരുഷന്മാരാണ്. 'വാലിയക്കാര്', 'കൂട്ടായിക്കാർ', 'പൂരക്കളി പണിക്കർ', 'കലശക്കാരൻ' തുടങ്ങിയവരെല്ലാം പുരുഷന്മാർ മാത്രം വഹിക്കുന്ന സ്ഥാന ങ്ങളാണ്. കരിവെള്ളൂരിലെ തീയ്യരിൽ ബൗദ്ധസ്വാധീനം വളരെ പ്രകടമായി കാണുന്നുണ്ട്. എൻ.വി.പി. ഉണിത്തിരി ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.[72] ഇവർ ചില അവസരങ്ങളിൽ സസ്യാഹാരം മാത്രം കഴിക്കുന്നതും . ഇവരുടെ കാവുകളിൽ കണ്ടുവരുന്ന കെട്ടുകാഴ്ച സമ്പ്രദായം' ശിരോമുണ്ഡനംചെയ്ത വെളിച്ചപ്പാട് (അന്തിത്തിരിയൻ-ക്ഷേത്രങ്ങളിൽ വിളക്കു കത്തിക്കുന്നയാൾ) എന്നിവയ്ക്ക് ബൗദ്ധമതവുമായി ബന്ധമുണ്ട്. അതോടൊപ്പം മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിൽ ഇവർക്കുള്ള താൽപര്യവും അനുഷ്ഠാനപരതയും ഇത് വ്യക്തമാക്കുന്നുണ്ട്.

### 2.1.5.4. തെയ്യങ്ങൾ

തീയ്യരുടെ തെയ്യങ്ങൾ ഏറെയുണ്ടെങ്കിലും പ്രധാനമായും വയനാട്ടു കുലവനും മുത്തപ്പൻ തെയ്യവും ഇവരുടെ തെയ്യമാണ്. തീയ്യ സമുദായക്കാരുടെ വീടുകളിൽ ഈ തെയ്യങ്ങളുടെ സ്ഥാന(കാവുക)ങ്ങളുണ്ട്. നിത്യവും അടിച്ചു തെളിയും,[73] അന്തിത്തിരിയും (സന്ധ്യാദീപം) അന്തിത്തിരിയൻ ചെയ്യുന്നു. തീയ്യരുടെ ആരാധനാകേന്ദ്രങ്ങളിൽ (അറ, മുണ്ട്യ, കഴകം) വേറെ തെയ്യങ്ങളാ ണുള്ളത്. വിഷ്ണുമൂർത്തി, മുത്തപ്പൻ തെയ്യവും, വയനാട്ടുകുലവനും നായാട്ടി നോട് ബന്ധമുള്ള തെയ്യങ്ങളാണ്. കള്ള്, അരി, പഞ്ച (ചെറുപയർ, വൻപയർ, മുതിര, തുവര തുടങ്ങിയ ധാന്യങ്ങളെ പഞ്ച എന്നുപറയും) മാംസം തുടങ്ങിയവ യാണ് നിവേദിക്കേണ്ടത്. ഈ തെയ്യങ്ങൾക്ക് നോറ്റിരിക്കുന്നത് (കർമ്മി) തീയ്യ സമുദായക്കാരനാണ്.[74] തെയ്യങ്ങൾ കെട്ടുന്നത് വണ്ണാന്മാരും മലയന്മാരും വേലന്മാരുമാണ്.

### 2.1.5.5. കലശം

നായന്മാരുടെ കാവുകളിൽ തെയ്യത്തിന് കലശം[75] വെയ്ക്കുന്നത് തീയ്യരാണ്. കള്ള് നിറച്ച് മണ്ണിന്റെയോ, ചെമ്പിന്റെ കുടങ്ങൾ തലയിൽ വെച്ച് ദീപം കത്തിച്ചു വെച്ച മുതിർച്ചയ്ക്കു ചുറ്റും, വലം വയ്ക്കുന്നു. കലശം തലയിലേറ്റി നടത്തുന്ന യാളെ കലശക്കാരച്ചൻ എന്നുവിളിക്കുന്നു. പ്രധാന തറവാടുകളിലും കാവുകളിലും കലശക്കാരനാവുന്നത് പ്രത്യേക തറവാട്ടിലെ നിശ്ചയിക്കപ്പെട്ട ആളായിരിക്കും.[76] കലശക്കാരൻ എന്നത് ചിറക്കൽ കൂലോത്ത് നിന്നും കിട്ടുന്ന ആചാരപ്പേരാണ്.

### 2.1.5.6. ഇല്ലങ്ങൾ

പടയം കൊടി, നെല്ലിക്ക, പാലാ, ബാവു, തേനം കൊടി, കാരക്ക, പയിമ്പ, പേക്കട എന്നിവ തീയ്യരുടെ എട്ടില്ലങ്ങളാണ്.

### 2.1.6. നായന്മാർ

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സവർണ്ണ സമുദായമാണ് നായന്മാർ. എങ്കിലും ജാതി സമൂഹത്തിൽ ശൂദ്രപദവിയാണ് നായന്മാരുടേത്. ഇവരെ കൂലീനമായ പൈതൃകം അവകാശപ്പെടാൻ കഴിയുന്ന യോദ്ധാക്കളായാണ് ബാർബോസ ചിത്രീകരിക്കുന്നത്.[77]

നായന്മാർ മലബാറിൽ യോദ്ധാക്കളായിരുന്നുവെന്നതിന് ധാരാളം തെളിവു കളുണ്ട്. 'ലോകത്തിലെ ഏറ്റവും പ്രസിദ്ധമായ രാജാധിപത്യത്തിലെ ബന്ധ ങ്ങളെ'ന്ന തന്റെ പ്രാചീന ഗ്രന്ഥത്തിൽ നായന്മാരുടെ ഗിൽഡിനെകുറിച്ച് ജോൺസ്റ്റൺ നൽകുന്ന വിവരണം നെല്ലിക്കൽമുരളീധരൻ കേരളജാതിവിവരണം എന്ന ഗ്രന്ഥത്തിൽ[78] വിശദീകരിക്കുന്നുണ്ട്. ഈ രാജ്യത്തിലെ പട്ടാളക്കാർ അവരുടെ ആയോധന മുറയിൽ എത്രമാത്രം പ്രഗത്ഭരാണെന്നതു പറഞ്ഞറിയി ക്കാൻ പ്രയാസം അവരെല്ലാം മാന്യന്മാരും നായന്മാർ എന്ന പേരിൽ അറിയ പ്പെടുന്നവരുമാണ്. അവരുടെ കുട്ടിക്കാലം മുതൽ (7-ാം വയസ്സിൽ) ആയുധങ്ങൾ

എങ്ങനെ പ്രയോഗിക്കണമെന്ന് പഠിക്കാനുള്ള കളരിയിൽ (സ്കൂൾ) ചേരുന്നു. ആയോധനമുറകൾ അഭ്യസിക്കുന്നതിന്റെ ഭാഗമായി അവർ നടത്തുന്ന കഠിനമായ വ്യായാമങ്ങൾ കഴിയുമ്പോഴേക്കും അവർക്കു ശരീരം ഇഷ്ടംപോലെ അനായാ സേന വളയ്ക്കാനും തിരിക്കാനും കഴിയും. ദേഹം മുഴുവൻ എണ്ണതേച്ചു കൊണ്ടാണ് പരിശീലനം ചെയ്യുക. അതുകൊണ്ട് എല്ലും കെട്ടുമില്ലാത്ത മാംസ പിണ്ഡം മാത്രമാണ് ശരീരമെന്ന രീതിയിൽ എത്ര ഉയരത്തിൽ പൊങ്ങാനും താഴാനും ഒഴിഞ്ഞുമാറാനും ചാടാനും മറിയാനുമെല്ലാം അവർക്കു സാധിക്കുന്നു. ആയോധനമുറയിലും സ്വന്തം ആയുധങ്ങളിലും തന്നത്താൻ മറന്നുജീവിക്കുന്ന ഇവരെ സാമർത്ഥ്യത്തിലും പരിജ്ഞാനത്തിലും വെല്ലാൻ കേരളത്തിൽ മറ്റൊരു രാജ്യവുമില്ല.''[79]

**2.1.5.6. കരിവെള്ളൂരിലെ നായന്മാർ**

കരിവെള്ളൂരിലെ നായന്മാരും യോദ്ധാക്കളായിരുന്നു. പടയ്ക്കു പോകുന്നതും പടനയിച്ചു വരുന്നതുമായ പടനായകന്മാരെക്കുറിച്ചുള്ള ഓർമ്മ കരിവെള്ളൂരിലെ നായന്മാർക്കിടയിലുണ്ട്.[80] കരിവെള്ളൂരിലെ പ്രധാന നായർ തറവാടുകൾ പറ്റ്വാ, പലിയേരി, പരിയാരത്ത് പയ്യാടക്കത്ത്, കണ്ണ്യാട്ട്, പയ്യാടക്കൻ കണിച്ചിവീട്, ഇടയില്ല്യം, കാഞ്ഞിരപ്പുഴ മീത്തലെ വീട്, കടിഞ്ഞിയിൽവീട് എന്നിവ. കോയിത്തിടിൽ കൊടക്കൽ തറവാടും നായന്മാരുടെ പ്രധാന തറവാടാണ്. നായർ സമുദായക്കാർ അവരുടെ സമുദായ ഐക്യം നിലനിർത്തുന്ന പ്രത്യേക കാവുകളില്ല. ഇവർ തറവാടുകൾ കേന്ദ്രീകരിച്ചാണ് ഐക്യപ്പെടുന്നത്. തീയ്യരുടെയും വാണിയരുടെയും മറ്റും സാമുദായിക ആരാധനാ കേന്ദ്രങ്ങളിൽ നായന്മാർക്ക് കോയ്മാസ്ഥാനം നൽകുന്നു.[81] ഇവരെ തെയ്യസമയത്ത് ഉപചാര പൂർവ്വം സ്വീകരിച്ച് പ്രത്യേക സ്ഥലത്ത് ഇരുത്തുന്നു. കാവിലെ കളിയാട്ട ത്തിന്റെ മേൽനോട്ടം കോയ്മയ്ക്കാണ്. ഓരോ തറവാട്ടുകാരും ഓരോ ദേശത്തുനിന്നും വന്നവരാണെന്ന് ഓർമ്മ നിലനിർത്തുന്നു. പലിയേരി, കൊടക്കൽ തറവാട്ടുകാർ

കരിവെള്ളൂരിന്റെ പൈതൃകം അവകാശപ്പെടുന്നുണ്ട്. ഇവർ ചിറക്കൽ കൂലോ ത്തിന്റെ പടനായകന്മാരായിരുന്നുവെന്ന് വിശ്വസിക്കുന്നു.

### 2.1.7. നമ്പിമാർ

കരിവെള്ളൂരിലെ ഒരു പ്രധാന ജാതിസമൂഹമാണ് നമ്പിമാർ. ഇടമന, കൊട്ടുക്കര, കരിമ്പിൽ, പനക്കാച്ചേരി, ഇങ്ങനെ നാലുനമ്പിമാർ കരിവെള്ളൂരിലുണ്ട്. ജാതിശ്രേണി വ്യവസ്ഥയിൽ നമ്പിമാർ നായർക്ക് മുകളിൽ അമ്പലവാസി സമൂഹങ്ങളോട് ചേർന്നുനിൽക്കുന്നു. കരിവെള്ളൂരിൽ വളരെ വിസ്തൃതമായ ഭൂപ്രദേശം ഇവരുടെ അധീനതയിലായിരുന്നു.

#### 2.1.7.1. കൊട്ടുക്കരകാമൻ

കരിവെള്ളൂരിന്റെ ഒരു സവിശേഷതയാണ് കൊട്ടുക്കരകാമൻ. കൊട്ടുക്കര നമ്പി തറവാട്ടിന്റെ മുറ്റത്ത് മീനമാസം പൂരം നാളിൽ പൂകൊണ്ടൊരുക്കുന്ന ഭീമാ കാരമായ കാമരൂപത്തിനാണ് 'കൊട്ടുക്കരകാമൻ' എന്നുപറയുന്നത്. പൂരോത്സവ ത്തിന്റെ ഭാഗമായി മിക്കവീടുകളിലും പൂകൊണ്ടുള്ള കാമരൂപം ഒരുക്കുന്ന പതിവുണ്ടെങ്കിലും 'കൊട്ടുക്കരക്കാമൻ' ഏറ്റവും വലിയ കാമരൂപംതന്നെയാണ് (അനുബന്ധം ചിത്രം കാണുക) കാമരൂപം ഒരുക്കുന്നതിനാവശ്യമായ പൂക്കൾ ശേഖരിക്കുന്നതിനായി നായർ സ്ത്രീകൾ നോൻപ്നോറ്റിരിക്കുന്നു. നരയൻ പൂവ്, എള്ളിൻപൂവ്, എരിക്കിൻപൂവ്, ചെക്കിപ്പൂവ്, കമുകിൻപൂവ് തുടങ്ങിയ പൂക്കൾ ഇതിനായി ഉപയോഗിക്കുന്നു.പൂരംനാളിൽ ഭഗവതിയുടെ എഴുന്നള്ളത്ത് മുച്ചിലോട്ടു നിന്നും രയരമംഗലത്തേക്ക് പോകുമ്പോൾ കൊട്ടുക്കരകാമനെ കാണുന്ന അനുഷ്ഠാനം'[82] നിലനിൽക്കുന്നു.

### 2.1.8. ഉണിത്തിരി

കരിവെള്ളൂരിലെ ഒരു പ്രത്യേക ജാതിസമുദായമാണ് ഉണിത്തിരിമാർ. ജാതി ശ്രേണിയിൽ നമ്പൂതിരിമാർക്ക് കീഴെ നായന്മാർക്ക് മുകളിലായാണ് ഇവരുടെ

സ്ഥാനം. മഠം എന്നാണ് ഇവരുടെ വീട് അറിയപ്പെടുന്നത്. കരിവെള്ളൂരിലെ ഉണിത്തിരിമാരുടെ കേന്ദ്രം വെങ്ങാട്ട് മഠമാണ്. ഇവിടെ ധാരാളം പ്രശസ്തരായ ആളുകൾ ജീവിച്ചിരുന്നു. കരിവെള്ളൂരിൽ രചിക്കപ്പെട്ട ആദ്യത്തെ സാഹിത്യ കൃതി ഉത്തരരാമായണം ഗദ്യം സംസ്കൃതത്തിൽ '1854'ൽ എഴുതിയ വങ്ങാട്ട് മഠത്തിലെ ഒരു ഉണിത്തിരിയാണെന്ന് കേരള സാഹിത്യചരിത്രത്തിൽ ഉള്ളൂർ രേഖപ്പെടുത്തിയിട്ടുണ്ട്.[84] കരിവെള്ളൂരിലെ ധാരാളം ഭൂസ്വത്തുക്കൾ കൈവശം വെച്ചിരുന്ന ഒരു നാട്ടുജന്മിയായിരുന്നു വങ്ങാട്ടുമഠത്തിലെ അധികാരികൾ. സാമ്പത്തികമായും സാമൂഹികമായും ഉയർന്ന നിലയിലായിരുന്നു കരിവെള്ളൂരി ലെ ഉണിത്തിരിമാർ.[85]

**ശങ്കരനാഥ ജ്യോത്സ്യർ ( 1790–1859)**

തർക്കം, വ്യാകരണം, കാവ്യാലങ്കാരം, വൈദ്യം, ജ്യോതിഷം, തുടങ്ങിയ വിഷയങ്ങളിൽ പാണ്ഡിത്യമുണ്ടായിരുന്ന വ്യക്തിയായിരുന്നു ശങ്കരനാഥ ജ്യോത്സ്യർ. ഇദ്ദേഹത്തിന്റെ കാലഘട്ടം 1790–1859 ആണെന്ന് കണക്കാക്കപ്പെടുന്നു. വങ്ങാട്ടു മഠത്തിലെ പാർവ്വതിയമ്മയുടെയും പെരിഞ്ചെല്ലൂർ പട്ടോടഇല്ലത്ത് അഗ്നി ശർമ്മന്റെയും മകനായാണ് ശങ്കരനാഥ ജ്യോത്സ്യർ ജനിച്ചത്. കൂടുതൽ അറിവു നേടുന്നതിനായി ഭാരതപര്യടനം നടത്താൻ തീരുമാനിച്ച് അദ്ദേഹം ഇറങ്ങി ത്തിരിച്ചു. കാശിയിൽവെച്ച് വരാഹചര്യന്റെ ശിക്ഷണത്തിൽ വേദപഠനം നടത്തി ജ്യോതിഷത്തിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന അറിവ് മനസ്സിലാക്കി നാടുവാഴികളും നാട്ടുരാജാക്കന്മാരും അദ്ദേഹത്തെ സ്വീകരിച്ച് ഫലനിർണ്ണയം നടത്തി.[86]

ഹിമാലയസാനുക്കളിൽ എത്തിയ ശങ്കരനാഥജ്യോത്സ്യരെ കെടുക്കാംഗ്ര യിലെ രാജാവായ ശ്യാംഷേർശന്ത് ആസ്ഥാന പണ്ഡിതനായി നിയമിച്ചു. അതിനു ശേഷം പഞ്ചാബിലെ രാജാവായിരുന്ന രഞ്ജിത്ത്സിംഹൻ ഇദ്ദേഹത്തെ ക്ഷണിച്ച് ആഭ്യന്തരവകുപ്പുകളുടെ ചുമതല ഏൽപ്പിച്ചു. പിന്നീട് സ്വാതിതിരുന്നാളിന്റെ കൊട്ടാരത്തിലേക്ക് ഇദ്ദേഹത്തെ ക്ഷണിക്കുകയും സർദാർ കോടതി ജഡ്ജിയായി

നിയമിക്കുകയും ചെയ്തു. കാശിയിൽ ജോഷിഘട്ടെന്ന പേരിലും പാലക്കാട്ട് അന്നസത്രമെന്ന പേരിലും ഇദ്ദേഹം സത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട് .[87]

**കൃതികൾ**

ജ്ഞാനവാസിഷ്ഠം, ദേവിഭാഗവത ഭാഷ്യം, നാമഭാഷ്യം, കാശി ഖണ്ഡം, ഗൗരിതന്ത്രം, തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതികളാണ്. സ്വാതിതിരുനാളിന്റെ ആവശ്യപ്രകാരം ദേവിഭാഗവതം മലയാളത്തിൽ കിളിപ്പാട്ടുരൂപത്തിലാക്കിയത് എട്ടു സൂക്തങ്ങൾ മാത്രമേ ഇദ്ദേഹത്തിനു  പൂർത്തിയാക്കാൻ കഴിഞ്ഞുള്ളൂ.[88]

ഒമ്പത് പത്ത് സൂക്തങ്ങൾ മകൻ ആറ്റുകാൽ ശങ്കരപ്പിള്ളയാണ് പൂർത്തി യാക്കിയത്. ആറ്റുകാൽ ശങ്കരപ്പിള്ളയുടെ മകൻ എസ്.കുഞ്ഞിക്കൃഷ്ണപ്പിള്ള തന്റെ പിതാവിനെയും പിതാമഹനെയും കുറിച്ച് 1941 ൽ 'ശങ്കരകവികൾ' എന്ന പേരിൽ ഒരു ജീവചരിത്രം പുറത്തിറക്കിയിട്ടുണ്ട്. ശങ്കരനാഥജ്യോത്സ്യരുടെ നിർദ്ദേശ പ്രകാരം പണികഴിപ്പിച്ചതാണ് കരിവെള്ളൂരിലെ കാമാക്ഷിദേവിക്ഷേത്രം.[89]

**2.1.9. നമ്പൂതിരിമാർ**

കേരളത്തിലെ ബ്രാഹ്മണരാണ് നമ്പൂതിരിമാർ എന്നറിയപ്പെടുന്നത്. ബ്രാഹ്മണർ ആര്യാധിനിവേശത്തിന്റെ ഭാഗമായി ഇവിടേക്ക് കടന്നുവരികയും മുപ്പത്തിരണ്ടു ഗ്രാമങ്ങളിലായി അധിവാസമുറപ്പിക്കുകയും ചെയ്തു. മുപ്പത്തിരണ്ടു ഗ്രാമങ്ങളെ നാലുതളികളാക്കിതിരിക്കുകയും ചെയ്തു. പറപ്പൂർ, പെരിഞ്ചെല്ലൂർ, പയ്യന്നൂർ ചെങ്ങന്നൂർ-ഓരോ തളിയും തളിയാതിരി എന്നു വിളിക്കുന്ന നമ്പൂതിരി യുടെ മേൽനോട്ടത്തിൽ ആയിരിക്കും. മുപ്പത്തിരണ്ടു ഗ്രാമങ്ങളിൽ ഉൾപ്പെടുന്ന പയ്യന്നൂർഗ്രാമത്തിന്റെ ഭാഗമായിരിക്കണം കരിവെള്ളൂര്.[90]

### 2.1.9.1. കരിവെള്ളൂരിലെ നമ്പൂതിരിമാർ

ദേശിയപാതയുടെ കിഴക്കുഭാഗത്ത് മണക്കാടുമുതൽ ചെറുമൂലവരെ വയലുകൾക്ക് അഭിമുഖമായിട്ടാണ് നമ്പൂതിരിമാർ അധിവസിക്കുന്നത്. കോട്ടൂർ ചെറുവള്ളി ഇല്ലം, നരിക്കോട്ട് മേക്കാട്ടില്ലം, കാവിൽ മാടവന, കോട്ടൂർ നീലമന, വാഴക്കോട്ട്, ചേറ്റൂരില്ലം. പുളിമ്പ ഇല്ലം, വാച്ച ഇല്ലം, മാധവപ്പള്ളി ഇല്ലം തുടങ്ങിയവ നമ്പൂതിരി ഇല്ലങ്ങളാണ്. നമ്പൂതിരിമാർ നടത്തുന്ന രണ്ടു ക്ഷേത്രങ്ങളാണ് കരിവെള്ളൂരിലുള്ളത്[91].

ശ്രീനാരായണപുരം ക്ഷേത്രവും ഋഷഭേശ്വരക്ഷേത്രവും നമ്പൂതിരിമാരുടെ അധീനതയിലുണ്ടായിരുന്ന ക്ഷേത്രങ്ങളാണ്. ശ്രീനാരായണപുരം ക്ഷേത്രം നിടുവപ്പുറം നരിക്കോട്ട് മേക്കാട്ടില്ലത്തിന്റെ മേൽനോട്ടത്തിലുള്ള ക്ഷേത്രമാണ് കൂടാതെ കോട്ടൂർ ചെറുവള്ളി ഇല്ലം, കാവിൽ മാടമന, പാടിക്കീൽ ആനിക്കാടി, ചേറ്റൂർ, പടിഞ്ഞാറേ കല്ലംവള്ളി, എരിഞ്ഞിപ്പള്ളി, നെടുവപ്രത്ത് നീലമന, വാഴക്കോട്ട്, പുത്തൂർ മേക്കാട്ട്, കുഞ്ഞില്ലം എന്നീ ഇല്ലങ്ങൾ ചേർന്നായിരുന്നു. ഈ ക്ഷേത്രം നടത്തിയത്. കുഞ്ഞില്ലം ഇന്ന് കരിവെള്ളൂരിൽ നിലവിലില്ല[92].

ഋഷഭേശ്വരക്ഷേത്രം ചെറുമൂലയിലാണുള്ളത്. വടക്കേമാധവപ്പള്ളി, തിരുടൂർ അള്ളക്കാട്ട്, നാറന്തട്ട, പുതുമന, കാപ്പാട് മേക്കാട്ട് എന്നീ ഇല്ലക്കാർ ചേർന്നു നടത്തുന്നു. ഋഷഭേശ്വരക്ഷേത്രത്തിൽ ശിവനെ ആരാധിക്കുമ്പോൾ ശ്രീനാരായണപുരം ക്ഷേത്രത്തിൽ വിഷ്ണുവിനെ ആരാധിക്കുന്നു.[93]

### നമ്പൂതിരിമാരും തെയ്യങ്ങളും

കരിവെള്ളൂരിലെ ചില ഇല്ലങ്ങളിൽ തെയ്യങ്ങൾ കെട്ടിയാടിച്ച് കളിയാട്ടം നടത്തുന്ന പതിവുണ്ട്. പട്ടേന പുതുക്കുളം ഇല്ലം, എരിഞ്ഞപ്പള്ളി ഇല്ലം, പാക്കത്തില്ലം, പുളിമ്പഇല്ലം, നരിക്കോട്ട് മേക്കാട്ടില്ലം, പെരികമന ഇല്ലം എന്നീ ഇല്ലങ്ങളിൽ തെയ്യങ്ങളെ കെട്ടിയാടിക്കുന്നു.

**പട്ടേന പുതുക്കുളം ഇല്ലം**

വേട്ടക്കൊരുമകൻ, ഊർപ്പഴശ്ശി, വീരഭദ്രൻ, പുതിയ ഭഗവതി, വിഷ്ണുമൂർത്തി, ആരണ്യാഭഗവതി, ഗുളികൻ, കുറത്തി എന്നീ തെയ്യങ്ങൾ കെട്ടിയാടിക്കുന്നു.

**എരിഞ്ഞിപ്പള്ളി ഇല്ലം**

രക്തേശ്വരി, വിഷ്ണുമൂർത്തി, ഗുളികൻ, കുറത്തി എന്നീ തെയ്യങ്ങളെ കെട്ടിയാടിക്കുന്നു. രക്തേശ്വരി എന്ന തെയ്യത്തിനായി കുരുതി (കോഴിയറവ്) നടത്താറുണ്ട്.

**മാധവപ്പള്ളി ഇല്ലം**

രക്തേശ്വരി, വീരഭദ്രൻ, കുട്ടിച്ചാത്തൻ, ഗുളികൻ എന്നീ തെയ്യങ്ങൾ കെട്ടിയാടിക്കുന്നു.

**കോട്ടൂർ ചെറുവള്ളി ഇല്ലം**

രക്തേശ്വരി, വിഷ്ണുമൂർത്തി, കിരാതമൂർത്തി, പുളന്താറ്റിൽ ഭഗവതി, നാഗകന്യക, നാഗരാജാവ്, പൂതം എന്നീ തെയ്യങ്ങളെ കെട്ടിയാടിക്കുന്നു.

**പാക്കത്തില്ലം**

തണ്ണോട്ടുവീരൻ, പടിഞ്ഞാറ്റും കുളങ്ങര ഭഗവതി, വിഷ്ണുമൂർത്തി, ഗുളികൻ എന്നിവ പാക്കത്തില്ലത്തെ തെയ്യങ്ങളാണ്.

**പുളിമ്പ ഇല്ലം**

പ്രഭുക്കന്മാർ, ഇരുവർ,ചെക്കിച്ചേരി, ഭഗവതി, വിഷ്ണുമൂർത്തി എന്നിവ പുളിമ്പ ഇല്ലത്ത് കെട്ടിയാടിക്കുന്നു.

**നരിക്കോട്ട് മേക്കാട്ടില്ലം**

ധൂമഭഗവതി, ഭൈരവൻ, ബപ്പീരിയൻ, ഗുളികൻ, കുറത്തി എന്നീ തെയ്യങ്ങൾ ഉണ്ട്.

**പെരികമന ഇല്ലം**

പതിനേഴ് തെയ്യക്കോലങ്ങൾ കെട്ടിയാടിക്കുന്നു. കവിടങ്ങോട്ട് രക്തേശ്വരി, വലപടം ഭഗവതി, കുറത്തി, വിഷ്ണുമൂർത്തി, ധൂമഭഗവതി, വരീക്കര ഭഗവതി, കന്നിക്കൊരുമകൻ കല്ലുരുട്ടി, നാഗരാജാവ്, നാഗകന്യക, ഗുളികൻ തുടങ്ങിയവ യാണ് തെയ്യങ്ങൾ

വടക്കേ മലബാറിലെ നമ്പൂതിരിമാർ ക്ഷേത്രസംസ്ക്കാരത്തോടൊപ്പം തന്നെ കാവുസംസ്ക്കാരവും ഉൾക്കൊള്ളുന്നു. ആര്യസംസ്കാരത്തിന്റെയും ദ്രാവിഡ സംസ്ക്കാരത്തിന്റെയും സമന്വയം കരിവെള്ളൂരിലെ നമ്പൂതിരിമാർക്കിടയിലുണ്ട്. നമ്പൂതിരി ഇല്ലങ്ങളിൽ തെയ്യങ്ങൾകെട്ടിയാടിക്കുന്ന പതിവ്, അതിനോടനു ബന്ധി ച്ചുള്ള ബലിതർപ്പണം കുരുതി എന്നിവയെല്ലാം ദ്രാവിഡാരാധനയുടെ ഭാഗമാണ്. ഇത് ഉൾക്കൊള്ളുകയും തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാകുകയും ചെയ്തു എന്നത് കരിവെള്ളൂരിലെ ഇല്ലങ്ങളുടെ പ്രത്യേകതയാണ്.

**2.1.10. ചക്ലിയ(മാദിഗ)**

കരിവെള്ളൂരിലുള്ള മറ്റൊരു സമുദായമാണ് ചക്ലിയ (ചെരുപ്പുകുത്തി) കൂക്കാനത്തുള്ള ചക്ലിയകോളനി കേന്ദ്രീകരിച്ചാണ് ഈ സമുദായത്തിലെ ആളുകൾ അധിവസിക്കുന്നത്. തനതായ ഭാഷയും സംസ്കാരവും ഉള്ള ഇവർ ഗോത്ര സ്വഭാവം നിലനിർത്തുന്നു.

**തൊഴിൽ**

കക്കയുടെ പൊറം തോട് ചുട്ടെടുത്ത് ചുണ്ണാമ്പാക്കി ചുണ്ണാമ്പ് ഉപയോഗിച്ച് കുമ്മായം ഉണ്ടാക്കുന്ന  തൊഴിലാണ് ചക്ലിയസമുദായക്കാർക്ക്. കൂടാതെ ചെരുപ്പ് തുന്നുന്ന തൊഴിലും ചെയ്യുന്നു. എന്നാൽ തുകൽ ഉപയോഗിച്ചു കൊണ്ടുള്ള വസ്തുക്കളുടെ നിർമ്മാണം ഇവർ ചെയ്യുന്നില്ല.[94] ഇപ്പോൾ ചെരുപ്പു നിർമ്മാണ യൂണിറ്റുമായി ബന്ധപ്പെട്ട് തൊഴിലുകളിൽ ചിലർ ഏർപ്പെടുന്നു. കുമ്മായം നിർമ്മിക്കുന്നതിനാവശ്യമായ സംവിധാനം ഇവരുടെ വീടിനുസമീപം തന്നെയുണ്ട്. കക്കത്തോട് കത്തിക്കാനാവശ്യമായ വലിയ ചൂള[95] ഇവിടെയുണ്ട്. (അനുബന്ധം ചിത്രം കാണുക). കീഴാളജാതിയായി പരിഗണിക്കപ്പെട്ട ഈ സമൂഹത്തെ പട്ടിക ജാതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കരിവെള്ളൂരിലെ പൊതുസമൂഹ ത്തിന്റെ ഭാഗമായി സാമൂഹ്യമുന്നേറ്റത്തിന്റെ ഭാഗമാകാൻ ഈ സമുദായത്തിന് കഴിഞ്ഞിട്ടില്ല. സാമ്പത്തിക പിന്നോക്കാവസ്ഥ നിലനിൽക്കുന്നു. ഈ സമുദായ ത്തിന്റെ  സാംസ്കാരിക വൈവിധ്യവും ഭാഷയും ജീവിതരീതിയും തിരിച്ചറിയാൻ സവിശേഷപഠനം നടത്തേണ്ടതുണ്ട്.

**2.1.11. കരിവെള്ളൂരിലെ മറ്റ് ജാതി സമൂഹങ്ങൾ**

പൊതുവാൾ, മാരാർ, നമ്പ്യാർ, മണിയാണി, ആശാരി, കൊല്ലൻ, നാവുതീയ്യൻ, കാവുതീയ്യൻ, മുകയ, വണ്ണത്താൻ, മലയൻ, വേലൻ, കുശവൻ തുടങ്ങിയ മറ്റു ജാതിസമൂഹങ്ങളും കരിവെള്ളൂരിലുണ്ട്. കരിവെള്ളൂരിലെ സാമൂഹിക വളർച്ചയിൽ തന്റേതായ ഇടപെടലുകൾ ഓരോ സമൂഹവും നട ത്തിയിട്ടുണ്ട്. ജാതിജന്മി നാടുവാഴിത്തസമൂഹത്തിൽ  ആശാരിമാർ മരപ്പണികളും കൊല്ലൻമാർ ഇരുമ്പു  പണികളും നിർവ്വഹിച്ചവരായിരുന്നു. മഹാശിലാകാലഘട്ടം മുതൽ ആരംഭിച്ച ഇരുമ്പുപയോഗത്തിൽ ഭാഗവാക്കായവരുടെ പിൻതലമുറക്കാരാ യിരിക്കണം കൊല്ലന്മാർ. കരിവെള്ളൂരിന്റെ ജീവിതത്തിൽ കൃഷി ആവശ്യത്തിനുള്ള ആയുധനിർമ്മാണവും ആരാധനാപരാമായ ആയുധ നിർമ്മാണവും നിർവ്വഹിച്ച

വരായിരുന്നു കൊല്ലന്മാർ. കൊല്ലന്മാരുടെ പിൻതലമുറക്കാർ കരിവെള്ളൂരിലും ഉണ്ട്. ആശാരിമാർ മരപ്പണിയിലേർപ്പെട്ടവരായിരുന്നു. വീട് നിർമ്മാണത്തിനും കിണർനിർമ്മാണത്തിനും ക്ഷേത്രനിർമ്മാണത്തിനും മറ്റും സ്ഥാനനിർണ്ണയം നടത്തുന്നത് ആശാരിമാരാണ്. കൂടാതെ മരത്തിലുള്ള ശില്പവേലകളും ഇവർ നിർവ്വഹിക്കുന്നു. കുണിയൻ പറമ്പത്തറയിലെ ദാരുശില്പങ്ങൾ (അനുബന്ധം ചിത്രം കാണുക) കരിവെള്ളൂരിന്റെ ശില്പവൈവിധ്യത്തിന് മാറ്റ് കൂട്ടുന്നു.

കരിവെള്ളൂരിൽ കാണുന്ന മറ്റൊരു സമൂഹമാണ് മുകയ (മൊയോൻ). മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലാണ് പ്രധാനമായും ഈ ജാതി സമൂഹം സ്വീകരിച്ചു വന്നത്. കൂടാതെ മഞ്ചൽ ചുമക്കുന്ന വേലയും ഇവർ ചെയ്തുവന്നു.[96] ആര്യക്കര ഭഗവതിയെ ആരാധിക്കുന്ന മുകയർ കാഞ്ഞങ്ങാട്മുതൽ തൃക്കരിപ്പൂർ വരെയുള്ള തീരദേശങ്ങളിൽ അധിവസിക്കുന്നുണ്ട് .

കുണിയനിലെ ദാരുശില്പ നിർമ്മാണം നിർവ്വഹിച്ചത് തൊട്ടടുത്ത തൃക്കരിപ്പൂർ പഞ്ചായത്തിലെ ആശാരിമാരാണ്.[97] കരിവെള്ളൂരിൽ ആശാരിമാരു ണ്ടെങ്കിലും അവരുടെ കാവോ കൂട്ടമായ സ്ഥിരവാസകേന്ദ്രങ്ങളോ കാണുന്നില്ല. അതു കൊണ്ടുതന്നെ ആശാരിമാരെക്കുറിച്ച് വിശദമായ പഠനം പ്രബന്ധത്തിൽ നടത്തിയിട്ടില്ല. കൊല്ലന്മാരുടെ കൂട്ടമായ അധിവാസവും കരിവെള്ളൂരിൽ കാണുന്നില്ല.

മണിയാണി സമുദായക്കാരുടെ ഒരു തറവാട് പുത്തൂരുണ്ട്. ഇത് 'കൊറ്റ്യം വീട്' എന്നാണറിയപ്പെടുന്നത്. 'പൊതുവാൾ' സമുദായത്തിലുൾപ്പെട്ടവരുടെ ക്ഷേത്രമാണ് കുറുന്തിൽ കൊട്ടാരം ഇവിടെ ആറോളം തെയ്യങ്ങൾ കെട്ടിയാടുന്നു. നായരുടെ അലക്കുകാരായ വണ്ണത്താന്മാരും ക്ഷുരകന്മാരായ നാവുതീയ്യന്മാരും കരിവെള്ളൂരിലുണ്ട്. തീയ്യന്മാരുടെ ക്ഷുരകന്മാർ കാവുതീയ്യരാണ്. ഇവർ മരണസന്ദർഭങ്ങളിൽ തീയ്യന്മാരുടെ മരണാനന്തരചടങ്ങുകൾക്ക് നേതൃത്വം കൊടുക്കുന്നവരാണ്.

ക്ഷേത്രങ്ങളോടുചേർന്ന് കരിവെള്ളൂരിൽ മാരാന്മാരാരുടെ അധിവാസവും കാണാം. ക്ഷേത്രത്തിലെ വാദ്യവും നിർവ്വഹിക്കുന്നത് മാരാന്മാരാണ്. അമ്പലവാസി സമുദായവും കരിവെള്ളൂരിലുണ്ട്. മുസ്ലിം അധിവാസം കരിവെള്ളൂരിൽ വളരെ മുമ്പുതന്നെയുണ്ടായിരുന്നു. പള്ളിക്കൊവ്വലിലെ ജുമാമസ്ജിദിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ക്രിസ്തീയ അധിവാസം ഇല്ലാതിരുന്ന പഞ്ചായത്താണ് കരിവെള്ളൂർ പെരളം. രണ്ടായിരത്തിനുശേഷം ക്രിസ്തുമതവിശ്വാസികൾ കരിവെള്ളൂരിൽ വന്നു താമസിക്കുന്നുണ്ട്. ഇങ്ങനെ വ്യത്യസ്ത ജാതിസമൂഹങ്ങളുടെ കൊടുക്കൽ വാങ്ങലിലൂടെ വളർന്നുവന്ന സമൂഹമാണ് കരിവെള്ളൂരിലുള്ളത്.

കരിവെള്ളൂരിന്റെ സാമൂഹിക പുരോഗതി വിവിധ ചരിത്രഘട്ടങ്ങളിൽ, വ്യത്യസ്ഥ രീതിയിൽ ജീവിച്ചുവന്ന മനുഷ്യരുടെ ചരിത്രമാണ് കാണാനാകുന്നത്. ജാതിജന്മി നാടുവാഴിത്തവ്യവസ്ഥ നൂറ്റാണ്ടുകളോളം നിലനിൽക്കുകയും ആധുനികതയിലൂടെ കടന്നുവന്ന് ആധുനികസമൂഹമായി പരിവർത്തനപ്പെടുകയും ചെയ്ത സമൂഹത്തെ കരിവെള്ളൂരിൽ കാണാനാകുന്നത്. നാടുവാഴിത്ത വ്യവസ്ഥയുടെ ചൂഷണത്തെ ചോദ്യം ചെയ്തുകൊണ്ട് കാർഷികാടിത്തറയിൽ നിലനിന്ന നാടുവാഴിത്തത്തെ ഇല്ലാതാക്കാനും ജാത്യാടിസ്ഥാനത്തിലുള്ള തൊഴിലുകളുപേക്ഷിച്ച് ആധുനിക തൊഴിലുകൾ സ്വീകരിക്കാവുന്ന സാമൂഹ്യ മാറ്റത്തിലേക്ക് സമൂഹം വളർന്നുവരികയും ചെയ്തു.

### 2.2. ജാതിവ്യവസ്ഥയ്ക്കെതിരായുള്ള പ്രതിരോധങ്ങൾ

ജാതി-ജന്മിനാടുവാഴിത്ത കാലത്ത് ഈ വ്യവസ്ഥയ്ക്കെതിരായ ചെറുത്തുനില്പുകൾ ഉണ്ടായിട്ടുണ്ട്. ആയിരത്തിതൊള്ളായിരത്തി മുപ്പതുകൾതൊട്ടാണ് ജാതിയതയ്ക്കെതിരായുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങൾ കരിവെള്ളൂരിൽ ആരംഭിക്കുന്നത് എന്നാൽ അതിനുമുമ്പേതന്നെ ജാതിയതയ്ക്കെതിരായുള്ള ഒറ്റയാൾ പോരാട്ടങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. മണക്കാടൻ ഗുരുക്കൾ, പലിയേരി എഴുത്തച്ഛൻ, കുണ്ടോറ കൊറാശ്ശൻ, പുതിയടവൻഗുരുക്കൾ എന്നിവർ

കരിവെള്ളൂർ ജാതിയതയ്ക്കെതിരെ പ്രതികരിച്ചവരാണ്. ഇവരെക്കുറിച്ചുള്ള ഓർമ്മകൾ ജനങ്ങളിൽ ഇപ്പോഴും സജീവമാണ്.

**2.2.1 മണക്കാടൻ ഗുരുക്കൾ**

കരിവെള്ളൂരിൽ ജീവിച്ചിരുന്ന തെയ്യം കലയുടെ കുലപതിയായാണ് മണക്കാടൻ. മണക്കാടൻ ഗുരുക്കളെകുറിച്ചുള്ള നിരവധി ഐതിഹ്യങ്ങൾ പ്രചരിച്ചിട്ടുണ്ട്. തെയ്യത്തിനു രൂപവും താളവും ഭാവവും തോറ്റവുമെല്ലാം രൂപ പ്പെടുത്തിയ മഹാനാണ് മണ(ൽ)ക്കാട് ദേശത്തുള്ളവൻ എന്നാണ്. ഇദ്ദേഹം വണ്ണാൻ സമുദായത്തിൽ ജനിച്ചു. ഇദ്ദേഹത്തെ വണ്ണാൻ, തീയ്യൻ തുടങ്ങിയ സമുദായക്കാർ 'ഗുരുക്കളച്ചൻ' എന്നാണ് പറയുന്നത്.[98] മണക്കാടൻവണ്ണാൻ സമുദായത്തിലെ തെയ്യം കലാകാരന്മാർക്ക് നൽകുന്ന ആചാരപ്പേരാണ്. ചിറക്കൽ തമ്പുരാന്റെ കൈയ്യിൽനിന്നും പട്ടും വളയും വാങ്ങി മണക്കാടൻ ഗുരുക്കളായി. ഇതിനായി ചിറക്കൽ കോവിലത്തുചെന്ന മണക്കാടനെ ചിറക്കൽ തമ്പുരാൻ പലതരത്തിൽ പരീക്ഷിച്ചു.

മണക്കാടൻ കരിവെള്ളൂർ പുഴയും പെരുമ്പപ്പുഴയും, കുപ്പംപുഴയും, വളപട്ടണം പുഴയും കടന്ന്വേണം ചിറക്കലിലെത്താൻ. തമ്പുരാനെ കാണാൻ പുറപ്പെട്ട മണക്കാടന് കടവ് വിലക്കിയിരിക്കുന്നു. മണക്കാടൻ തന്റെ ഓലക്കുട വെള്ളത്തിൽ കുത്തിയപ്പോൾ വെള്ളം മാറി മണക്കാടന് വഴികാട്ടി. ഓരോ പുഴയും കടന്ന് തമ്പുരാന്റെ കോട്ടയിലെത്തിയപ്പോൾ കോട്ടവാതിൽ അടഞ്ഞിരി ക്കുന്നു. മണക്കാടൻ തന്റെ ദിവ്യശക്തികൊണ്ട് കോട്ടവാതിൽ തുറന്ന് അകത്തെ ത്തി. മണക്കാടനെ മുറുക്കാൻ നൽകി സ്വീകരിക്കാൻ അടക്കയില്ലെന്നുപറഞ്ഞു തമ്പുരാൻ മണക്കാടൻ കവുങ്ങ് വളച്ച് താഴ്ത്തി തമ്പുരാനോട് അടക്ക പറിക്കാൻ പറഞ്ഞു. പിന്നീട് തമ്പുരാൻ ഒരൊറ്റ രാത്രികൊണ്ട് 'ഒന്ന് കുറയ നാല്പത്' മുപ്പത്തൊമ്പത് തെയ്യങ്ങളെ കെട്ടിയാടാൻ പറഞ്ഞു. മണക്കാടൻ തന്റെ കൂടെ വന്ന ശിഷ്യൻ പുതിയടവൻ ഗുരുക്കളെയും കൂട്ടി ഒന്ന് കുറയ നാല്പത് തെയ്യങ്ങൾ

(മുപ്പത്തൊമ്പത് തെയ്യങ്ങൾ എന്നും മുപ്പത്തഞ്ച് തെയ്യങ്ങളെന്നും പറയാറുണ്ട്. മുപ്പത്തഞ്ച് തെയ്യങ്ങളെ മുപ്പത്തയ്വർ എന്നും പറയും.) ഒരൊറ്റ രാത്രികൊണ്ട് കെട്ടിയാടി. അത് കഴിഞ്ഞ് ഭക്ഷണത്തിന് ക്ഷണിച്ച തമ്പുരാനോട് മണക്കാടൻ തനിക്ക് ഭക്ഷണം കുമ്പളയിലയിൽ മതിയെന്ന് അറിയിച്ചു. കുമ്പളയിലയിൽ ചോറ് വിളമ്പിയത് മണക്കാടൻ കഴിച്ചു. ഒടുവിൽ ചൂടുകൊണ്ട് വെന്തിരിക്കുന്ന ഇലയും കഴിച്ചു. ജാതി കീഴ്വഴക്കമനു സരിച്ച് എച്ചിലില മണക്കാടന് എടുക്കണമായിരുന്നു. മണക്കാടൻ ഈ ജാത്യാചാരം ഇങ്ങനെ മറികടന്നു.[99]

മണക്കാടൻ ഗുരുക്കളെക്കുറിച്ചുള്ള ഓർമ്മകൾ മാത്രമേ നമുക്കുള്ളൂ. ഇത് ഐതിഹ്യം മാത്രമായതുകൊണ്ട്തന്നെ ചരിത്രാംശത്തെ എങ്ങനെ ഉൾക്കൊള്ളണ മെന്നതും ശ്രദ്ധേയമായ കാര്യമാണ്. മണക്കാടൻ ഗുരുക്കൾ ജീവിച്ചിരുന്നുവെന്നതു അദ്ദേഹം ജാതീയമായ ഉച്ചനീചത്വങ്ങളെ ചോദ്യം ചെയ്തിരുന്നുവെന്നതും ഈ ഐതിഹ്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കരിവെള്ളൂർ ശിവക്ഷേത്രത്തിനും മുച്ചിലോടിനും മുന്നിൽ മുക്കോണിൽ നിൽക്കുന്നതായി എന്ന് ഇദ്ദേഹത്തിന്റെ സമാധി സ്ഥാനം (ചിത്രം കാണുക) കാണുന്നത്. സമാധിസ്ഥാനത്തിന്റെ ഈ നിൽപ്പും ജാതീയതയെ ചോദ്യം ചെയ്യുന്നുണ്ട്.

ഇദ്ദേഹത്തിന്റെ ശിഷ്യൻ പുതിയടവൻ ഗുരുക്കൾ നായർ സമുദായത്തിൽ പെട്ടയാളാണ്. മണക്കാടൻ ഗുരുക്കളെക്കുറിച്ചുള്ള നാടൻ പ്രയോഗങ്ങളും പ്രയോഗത്തിലുണ്ട്. 'മണക്കാടൻ കട കടന്നാൽ കൂളി പുഴ കടക്കും'. ഇത് മണക്കാടൻ ഗുരുക്കളുടെ മാന്ത്രികശക്തിയെക്കുറിച്ചുള്ള ജനതയുടെ പഴയ ഓർമ്മയാണ്.

വണ്ണാൻ എന്ന കീഴാള ജാതിയിൽപ്പെട്ട മണക്കാടൻ ഗുരുക്കൾ ജാതി ജന്മി നാടുവാഴിത്തം കൊടികുത്തിവാണകാലത്താണ് ജീവിച്ചത്. അദ്ദേഹത്തെ കുറിച്ചുള്ള എഴുതപ്പെട്ട രേഖകളൊന്നും കണ്ടെത്താനായില്ല. എന്നാൽ ധാരാളം ഐതിഹ്യങ്ങൾ നാട്ടിൽ പ്രചരിച്ചിട്ടുണ്ട്. ജനങ്ങൾ മണക്കാടൻ ഗുരുക്കളെ

കുറിച്ചുള്ള ഓർമ്മകൾ തലമുറകൾ തോറും കൈമാറിവന്നത് ഇത്തരം നാടോടിവാങ്മയങ്ങളിലൂടെയാണ്.

### 2.2.2. പലിയേരി എഴുത്തച്ഛൻ

കരിവെള്ളൂരിലെ ഒരു പ്രദേശത്തിന്റെ പേരാണ് പലിയേരി. ഇവിടെ പലിയേരി എന്ന നായർ തറവാടുണ്ട്. ഇവിടെ ജീവിച്ചിരുന്നയാളായിരുന്നു പലിയേരി എഴുത്തച്ഛൻ. ഇദ്ദേഹത്തെക്കുറിച്ചും ധാരാളം ഐതിഹ്യങ്ങൾ നാട്ടിൽ പ്രചരിച്ചിട്ടുണ്ട്. എഴുത്തച്ഛൻ എന്നത് കുടിപ്പള്ളിക്കുടങ്ങളിലെ എഴുത്താശ്ശാന്മാരാണ്. പലിയേരി എഴുത്തച്ഛൻ പരിസരപ്രദേശങ്ങളിലെ കുട്ടികൾക്ക് അക്ഷര ജ്ഞാനം പകർന്നു കൊടുത്തിരുന്നു. ഇദ്ദേഹത്തിന്റെ താളിയോല ഗ്രന്ഥങ്ങൾ പലിയേരി തറവാട്ടിൽ കാണാനുണ്ട്.[100]

പലിയേരി എഴുത്തച്ഛൻ ചെറുപ്പമായിരുന്ന കാലത്ത് അമ്മാവനോട് പിണങ്ങി നാടുവിട്ടു. പല ഊരുകൾ താണ്ടി ഒടുവിൽ നാട്ടിലേക്ക് തിരിച്ചു വന്നു. പിന്നീടാണ് അദ്ദേഹം കുടിപ്പള്ളിക്കുടം സ്ഥാപിച്ച് കുട്ടികൾക്ക് അക്ഷരജ്ഞാനം പകർന്നത്. അദ്ദേഹം കരിവെള്ളൂരിൽ തടുപ്പക്കുളങ്ങരക്കാവിൽ വിഗ്രഹ പ്രതിഷ്ഠനടത്തി. നായരായ-ശൂദ്രനായ വ്യക്തിയാണ് പലിയേരി എഴുത്തച്ഛൻ. ബ്രാഹ്മണരാണ് പ്രതിഷ്ഠയും പൂജാദികാര്യം ചെയ്യുക. ശൂദ്രനായ പലിയേരി എഴുത്തച്ഛൻ കരിവെള്ളൂരിൽ ഒരു കാവിൽ പ്രതിഷ്ഠ നടത്തിയതിലൂടെ ബ്രാഹ്മണാധിപത്യ ജാതിവ്യവസ്ഥയെയാണ് ചോദ്യം ചെയ്തത്.

പലിയേരി എഴുത്തച്ഛൻ ബ്രഹ്മചാരിയായിരുന്നു. അദ്ദേഹം ഒരു പെൺകുട്ടിയെ ദത്തെടുത്ത് തന്റെ മകളായി വളർത്തിയിരുന്നു. ഈ പെൺകുട്ടിയെ വിവാഹം കഴിച്ചത് കുഞ്ഞിമംഗലത്തെ പറ്റ്വാ തറവാട്ടിലെ അംഗമായിരുന്നു. ഇദ്ദേഹം പറ്റ്വാ എഴുത്തച്ഛൻ എന്നാണ് അറിയപ്പെടുന്നത്. പറ്റ്വാ എഴുത്തച്ഛന്റെ രണ്ട് സഹോദരിമാർ കരിവെള്ളൂരിൽവന്ന് താമസിച്ചു. അവരുടെ സന്തതിപരമ്പരകളാണ് ഇപ്പോഴുള്ള പറ്റ്വാതറവാട്ടുകാർ എന്ന് നാട്ടുകാർ വിശ്വസിക്കുന്നു. പലിയേരി

എഴുത്തച്ഛനെയും പറ്റാ എഴുത്തച്ഛനെയും കുറിച്ചുള്ള ഓർമ്മകൾ ഐതിഹ്യങ്ങളിലൂടെ ഇവിടെ നിലനിൽക്കുന്നു. പറ്റാ എഴുത്തച്ഛനും, പലിയേരി എഴുത്തച്ഛനും കുടിപ്പള്ളിക്കുട ങ്ങൾ നടത്തിയതിന്റെ സൂചനകളും ഇവിടെ കാണാനുണ്ട്.

### 2.2.3. കുണ്ടിൽ കോറാശ്ശൻ

''കുണ്ടോറചാമുണ്ഡിയുടെ കോമരമായ കുണ്ടിൽ കോറാശ്ശനെ സവർണ്ണമേധാവികൾ വേണ്ടത്ര ബഹുമാനിച്ചില്ല എന്ന് പറഞ്ഞ് വെട്ടിക്കൊല്ലുകയും പൊട്ടക്കിണറ്റിൽ താഴ്ത്തുകയും ചെയ്തു.''[101] കുതിരക്കാളിക്ഷേത്രത്തിനു പുറത്ത് കുണ്ടിൽ കോറാശ്ശന് സ്ഥാനമുണ്ട്. അവിടെ ദിവസവും വിളക്കുവെയ്ക്കുന്നു. കർക്കിടകം 18നും ധനു 21നും കലശം വയ്ക്കുകയും ചെയ്യുന്നു.

### 2.2.4. മുച്ചിലോട്ടുഭഗവതിയും സ്ത്രീപക്ഷവീക്ഷണവും

കരിവെള്ളൂർ പ്രദേശത്തിന് മുച്ചിലോട്ടുഭഗവതിയുടെ ഐതിഹ്യവുമായി ബന്ധമുണ്ട്. വാണിയസമുദായത്തിന്റെ ധർമ്മദൈവമായ മുച്ചിലോട്ടുഭഗവതി പെരിഞ്ചെല്ലൂർ ഗ്രാമത്തിലെ ബ്രാഹ്മണകന്യകയായിരുന്നു. വിദുഷിയായിരുന്ന ഈ ബ്രാഹ്മണകന്യകയെ ബ്രാഹ്മണമേധാവികൾ തർക്കത്തിന് ക്ഷണിക്കുന്നു. തർക്കത്തിൽ ഏറ്റവും ആഹ്ലാദകരമായ അനുഭവം ഏത് എന്നും ഏറ്റവും വലിയ വേദന ഏത് എന്നുമുള്ള ചോദ്യത്തിന് ആഹ്ലാദാനുഭവം കാമമാണെന്നും വേദന പ്രസവവേദനയാണെന്നും പറഞ്ഞ കന്യകയുടെ ചാരിത്ര്യത്തിൽ സംശയം ഉന്നയിച്ച് പടിയടച്ച് പിണ്ഡംവെച്ച് നാടുകടത്തുന്നു. ഇതിൽ മനംനൊന്ത കന്യക വടക്കോട്ട് നടന്ന് രയരമംഗലത്തിനടുത്തുള്ള തീക്കൂട്ടിച്ചാൽ (തീക്കുഴിച്ചാൽ) എന്ന സ്ഥലത്ത് ഇരുന്നു. അതുവഴിവന്ന വാണിയനോട് എണ്ണ ചോദിക്കുകയും തയ്യാറാക്കിയ ചിതയിൽ എണ്ണപകർന്ന് ആത്മാഹുതി ചെയ്യുകയുംചെയ്തു. പിന്നീട് വീട്ടിലെത്തിയ മുച്ചിലോട്ട് വാണിയൻ തന്റെ പടിഞ്ഞാറ്റയിൽ എണ്ണപ്പാത്രം നിറഞ്ഞു കവിയുന്നത് കാണുകയും അതിൽ ദൈവസാന്നിധ്യം

അറിയുകയും കരിവെള്ളൂരിൽ ആദിമുച്ചിലോട് ഉണ്ടാവുകയുമായിരുന്നു എന്നതാണ് മുച്ചിലോട്ടുഭഗവതിയുടെ ഐതിഹ്യം.[102]

നൂറ്റാണ്ടുകളോളം നിലനിന്ന ഈ ഐതിഹ്യം പുരുഷമേധാവിത്തം സ്ത്രീക്കു നേരേ ഉയർത്തുന്ന അടിച്ചമർത്തലിന്റെ ദൃഷ്ടാന്തമാവുന്നുണ്ട്. ജാതി ജന്മിനാടുവാഴിത്തം നിലനിന്നകാലത്ത് വ്യവസ്ഥിതിയോട് കലഹിച്ചും ഐക്യ പ്പെട്ടും ജീവിച്ചുവന്ന ജനതയുടെ മിത്തുകളുടെ നിർമ്മിതിയിലും അതു കാണാം. പോയകാലത്തെ വ്യവസ്ഥിതിയുടെ അധീശത്വത്തിന് ഇരയായവരെ കാലാന്തര ത്തിൽ ഐതിഹ്യങ്ങളിലൂടെ ജനത പുനർജനിപ്പിക്കുന്നു. നിലനിൽക്കുന്ന വ്യവസ്ഥയെ ചോദ്യം ചെയ്യാൻവേണ്ടി മിത്തുകൾ സ്വയം നിർമ്മിക്കുന്നു. ചരിത്രത്തിലും ഐതിഹ്യത്തിലും വ്യവസ്ഥിതിയോടുള്ള കലഹം ഒരുപോലെ ദൃശ്യമാവുന്നു.

**കുറിപ്പുകൾ**


1. ഗണേഷ്, കെ.എൻ - കേരളത്തിന്റെ ഇന്നലകൾ - 1997, സാംസ്കാരികപ്രസിദ്ധീകരണവകുപ്പ്, കേരളസർക്കാർ, പുറം. 56.
2. ഇ.എം.എസ് - കേരളം മലയാളികളുടെ മാതൃഭൂമി- 2009, ചിന്ത പബ്ലിഷേർസ്, തിരുവനന്തപുരം - പുറം 44,45.
3. ശിവശങ്കരൻനായർ .കെ. - പ്രാചീനകേരളത്തിന്റെ ചരിത്രം - 2006, ഡി.സി. ബുക്സ്, കോട്ടയം, പുറം 66.
4. ബാലകൃഷ്ണൻ .പി.കെ. - ജാതിവ്യവസ്ഥയും കേരളചരിത്രവും-1997-പൂർണ്ണപബ്ലിഷേർസ്, കോഴിക്കോട് - പുറം 74.
5. പവിത്രൻ.ടി.ഡോ:, നായർ.ജി.ഡി (എഡി:) - പയ്യന്നൂർ ഫർക്ക ചരിത്രവും സമൂഹവും - 2007 - ഇ.എം.എസ് പഠനകേന്ദ്രം പയ്യന്നൂർ - പുറം 39.
6. ഗണേഷ്.കെ.എൻ - കേരള സമൂഹപഠനങ്ങൾ - 2002, പ്രസക്തി ബുക്സ്, കോട്ടയം, പുറം 13.
7. ഗണേഷ്. കെ.എൻ. - കേരളത്തിന്റെ ഇന്നലകൾ - സാംസ്കാരിക വകുപ്പ്, കേരളസർക്കാർ, പുറം. 116.
8. അതേ കൃതി, അതേ പുറം.
9. ശിവശങ്കരൻ നായർ കെ.- പ്രാചീന കേരളത്തിന്റെ ചരിത്രം - 2006, ഡി. സി.ബുക്സ്, കോട്ടയം, പുറം 65.
10. അതേ കൃതി, അതേ പുറം.
11. ബാലകൃഷ്ണൻ.പി.കെ - ജാതിവ്യവസ്ഥയും കേരളചരിത്രവും - 1997, പൂർണ്ണ പബ്ലിക്കേഷൻസ്, പുറം 369.
12. മുരളീധരൻ നെല്ലിക്കൽ, ഡോ: - കേരള ജാതിവിവരണം - റെയിൻബോ ബുക്സ്, ചെങ്ങന്നൂർ, പുറം 260.
13. ടി.വി.നാരായണൻ (50). പെരളം.

14. പവിത്രൻ.ടി.ഡോ, നായർ ജി.ഡി- (എഡി:) - പയ്യന്നൂർ ഫർക്ക : ചരിത്രവും സമൂഹവും പുറം 67.

15. പാറുവമ്മ,കെ. (80).പുലയ - പുത്തൂർ.

16. കല്യാണി.എം (65) -പുലയ - ചീറ്റ , പെരളം.

17. പാറുവമ്മ (80) - പുലയ - പുത്തൂർ.

18. ഒന്നേകാൽ ഇടങ്ങഴി നെല്ല് - ഇടങ്ങഴി എന്നത് പഴയകാല അളവുപാത്രമാണ്. ഒന്നേകാർ നെല്ല് ഏതാണ്ട് ഒരു കിലോ നെല്ല്.

19. ബിജു. (34) - പുലയ — -പുത്തൂർ.

20. ആരുഡം - തെയ്യങ്ങളുടെ ഉത്ഭവസ്ഥാനത്തെ സൂചിപ്പിക്കാൻ ആരുഡം എന്ന പദം ഉപയോഗിക്കുന്നു.

21. അമ്പു എടക്കേൻ (62) - പുലയ - പാലക്കുന്ന്.

22. കാലിച്ചാൻ - കാലിച്ചേകവൻ - കന്നുകാലികളെ മേയ്ക്കുന്നവൻ.

23. നാരായണൻ.ടി.വി (48) തീയ്യ–പെരളം

24. നാരായണി. കെ.വി. (68). പുലയ - കോട്ടൂർ

25. കല്യാണി എടക്കേച്ചി (80) - പുലയ- പാലക്കുന്ന്.

26. കാർത്ത്യായനി എം. (58) - പുലയ - പെരളം.

27. മുതിർച്ച - കാവുകളിൽ കളള്, അരി, ധാന്യങ്ങൾ, തേങ്ങ, വെറ്റില, അടക്ക മുതലായല കൊടിയിലാ (തൂശനില)യിൽ നിവേദിക്കുന്നത്.

28. മാണിക്കം കൊല്ലച്ചാൻ (84) - തീയ്യ - ഓണക്കുന്ന്.

29. പുത്തരി അടിയന്തിരം - പുതതായി കൊയ്തെടുക്കുന്ന നെല്ല് അരിയാക്കി ക്ഷേത്രങ്ങളിലും കാവുകളിലും നിവേദിക്കുന്ന ചടങ്ങ് - സാധാരണയായി തുലാമാസത്തിലാണ് അതി നടത്താറ്.

30. പുത്തിരിയൂട്ട് - പുതുതായി കൊയ്തെടുത്ത് നെല്ല് അരിയാക്കി പാകം ചെയ്ത് വീടുകളിലും ക്ഷേത്രങ്ങളിലും നിവേദിക്കുന്നത്.

31. കല്യാണി എടക്കേച്ചി (80) - പുലയ - പാലക്കുന്ന്.

32. കാർത്ത്യായനി (58) – പുലയ – പെരളം.

33. അമ്പു ഏടക്കേൻ (62) – പുലയ – പാലക്കുന്ന്.

34. പാറുവമ്മ .കെ. (80) – പുലയ – പുത്തൂർ.

35. ചിണ്ടപ്പെരുവണ്ണാൻ (81), വണ്ണാൻ – ഓണക്കുന്ന്.

36. ഗുണ്ടർട്ട് ഹെർമ്മൻ ഡോ. – ഗുണ്ടർട്ട് നിഘണ്ടു 1872 – 2000 – എൻ.ബി.എസ്. പുറം 742.

37. കണ്ണൻ, വൈ.വി. ഡോ. – തെയ്യങ്ങളും അനുഷ്ഠാനങ്ങളും 2011 – കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് – പുറം 27.

38. ജാനകി.എം (66) – വണ്ണാൻ– മണക്കാട്.

39. ഭാസ്ക്കരൻ.വി. (60) – വണ്ണാൻ – പെരളം.

40. ആചാരപ്പേര് – ജാതി വിഭജിതമായ പഴയ സമൂഹത്തിൽ – ഓരോരോജാതി വിഭാഗത്തിനു ഓരോരോ കുലത്തൊഴിലുകൾ ഉണ്ടായിരുന്നു. ഈ കുല തൊഴിലുകളിൽ പ്രാവിണ്യം നേടുന്നവരെ നാടുവാഴികൾ ആചാരപ്പേര് നൽകി ആദരിച്ചിരുന്നു.

41. കണ്ണൻ വൈ. വി. തെയ്യങ്ങളും അനുഷ്ഠാനങ്ങളും – 2011 – കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് – പുറം 27.

42. ശാരദ.ഇ.കെ (75) – വണ്ണാൻ– കുറുമാത്തൂർ.

43. രാജ്മോഹൻ നീലേശ്വരം – 'ചിറ്റാട' മഠപ്പള്ളി സോമേശ്വരി ക്ഷേത്രം സ്മരണിക 2011 –പുറം –11.

44. നാലു നഗരങ്ങളെക്കുറിച്ച് പയ്യന്നൂർ പാട്ടിൽ പരാമർശമുണ്ട്. കോവാലത്തലച്ചെട്ടിയെയും അഞ്ചുവണ്ണമക്കളെയും നമ്മളെക്കൊണ്ട് കഴിയും നാലുനഗരത്തിലെയും കുലീനയായ തൊഴിലാളികളെയും ചേർത്തു ചങ്ങാത്തം വേണം (പവിതൻ, ടി. (ഡോ.) പയ്യന്നൂർ പാട്ട്, ആഖ്യാനവും വ്യാഖ്യാനവും.

45. രാമൻ.എ.വി. – 'ചിറ്റാട' പുറം – 35.

46. അമ്പു.ടി.വി (84) –ചാലിയ – കരിവെള്ളൂർ.

47. അമ്പു.ടി.വി. (84) – ചാലിയ – കരിവെള്ളൂർ.

48. ലക്ഷ്മിയമ്മ (84) – പരദേശി.

49. എഴുന്നള്ളിപ്പ്–ക്ഷേത്രത്തിലെ ആയുധങ്ങളും പ്രതിഷ്ഠയുമേന്തി വാദ്യ കമ്പടിയോടെ വെളിച്ചപ്പാട്, അന്തിത്തിരിയൻ (കാവുകളിൽ വിളക്കുകൊളു ത്തുകയും പൂജാദികാര്യങ്ങൾഡ നിർവ്വഹിക്കുകയും ചെയ്യുന്നയാൾ) തുട ങ്ങിയവരൻ ക്ഷേത്രത്തിനും ചുറ്റും വലം വെക്കുന്നു.

50. കുറ്റിവിളക്ക്–പൂരത്തോടനുബന്ധിച്ച് ചാലിയ സമുദായക്കാരുടെ കവുകളിൽ നടക്കുന്ന ഒരു അനുഷ്ഠാനമാണ്.

51. ലക്ഷ്മിയമ്മ (75) – ചാലിയ – കരിവെള്ളൂർ.

52. പവിത്രൻ ടി. എഴുത്തിടങ്ങൾ പുറം 54.

53. അമ്പു.ടി.വി (84) – ചാലിയ – കരിവെള്ളൂർ.

54. അമ്പു.ടി.വി. (84) – ചാലിയ– കരിവെള്ളൂർ.

55. കാമനും കണിയും – എന്ന പേരിൽ വണ്ണാന്മാർ കെട്ടിയാടുന്ന തെയ്യങ്ങളാ ണ്. (വിശദാംശങ്ങൾ : കണ്ണൻ വൈ. വി. തെയ്യങ്ങളും അനുഷ്ഠാനങ്ങളും പുറം 62) എന്നാൽ ഇവിടെ പരാമർശിച്ചത് ചാലിയാരുടെ വേഷങ്ങളെയാ ണ്.

56. ചിണ്ടപ്പെരുവണ്ണാൻ (87) – വണ്ണാൻ – ഓണക്കുന്ന്.

57. കരിയാമ്പള്ളി – ഉണങ്ങിയ ഇലകളും പഴന്തുണികളും ഉപയോഗിച്ച് നിർമ്മി ക്കുന്ന രൂപം.

58. അരിങ്ങാട് – നിവേദിക്കാനായി ഉണ്ടാക്കുന്ന ഒരു വിഭവം.

59. ചക്കിച്ചാടുക – കോഴിയുടെ തൂവൽ പറിച്ച് അവയവങ്ങൾ കൈക്കൊണ്ട് പൊട്ടിച്ചെറിയുന്നു. മലബാറിലൻ ചാടുക എന്ന പദത്തിന് ദൂരെ കളയുകം എന്ന് അർത്ഥം.

60. ശ്രീകണ്ഠേശ്വരം – ശബ്ദതാരാവലി – പുറം 1742.

61. അനുബന്ധം ഫോട്ടോകൾ 15. കാണുക.

62. ചിരി (82) – വാണിയ കുഞ്ഞി മണക്കാട് പെരളം.

63. അമ്പു.ടി.വി. (84) – ചാലിയ– കരിവെള്ളൂർ.

64. ബാലകൃഷ്ണൻ നായർ ചിറക്കൽ ടി. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.

65. ബാലൻ നേണിക്കം (68) – വണ്ണാൻ – കാനായി, പയ്യന്നൂർ.

66. ബാലകൃഷ്ണൻ നായർ ചിറക്കൽ ടി. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.

67. ജയചന്ദ്രൻ കീഴോത്ത് – ചെമ്പോല – കരിവെള്ളൂർ മൂച്ചിലോട് പെരുങ്ക.

68. മുരളീധരൻ നെല്ലിക്കൽ – 2008 – റെയിൻബോ ബുക്സ് പബ്ലിക്കേഷൻ – ചെങ്ങന്നൂർ പുറം 67.

69. Ayappan A. social Revolution in Kerala – pp. 116.

70. നാരായണി ഇ.പി. (70). തീയ്യ – പെരളം.

71. ഉണിത്തിരി എൻ. വി. അത്യൂത്തരീയം.

72. അടിച്ചുതെളിക്കുക – അടിച്ചുവാരി വൃത്തിയാക്കിയ ശേഷം ചാണകവെള്ളം തെളിക്കുന്നു.

73. അമ്പു. പരങ്ങേൻ (54) – തീയ്യ പെരളം.

74. ഗോപാലൻ പണിക്കര (69) – തീയ്യ – കുണിയൻ.

75. കലശം – കള്ള് നിറച്ച കുടങ്ങൾ – കുംഭങ്ങൾ. കലശം തലയേറ്റിയ ആളാണ് കലശക്കാരച്ചൻ. ഓരോ കാവിലേക്കും വ്യത്യസ്ത കലശക്കാര ച്ചൻ ഉണ്ടാകും. തീയ്യരുടെ കൂട്ടത്തിൽ നിന്നും പട്ടും വളയും സ്ഥാനപ്പേര് നൽകിയാണ് കലശക്കാരച്ചൻ ആവുന്നത്.

76. രാജൻ പണിക്കർ (55) — തിയ്യ കരിവെള്ളൂർ.

77. Annanthakrisha Ayyar – L.K. The Cochin Tribes and Cates Vol. II.

78. മുരളീധരൻ നെല്ലിക്കൽ – കേരള ജാതി വിവരണം.

79. അതേ കൃതി, അതേ പുറം.

80. രാജേഷ്. കെ. (38) നായർ – വടക്കുമ്പാട്

81. കോയ്മസ്ഥാനം – കാവുകളിൽ നായന്മാരായ കാരണവർക്ക് കൽപ്പിച്ചിരിക്കുന്ന സ്ഥാനം കോയ്മയാണ്. കോയ്മയാണ് ക്ഷേത്രത്തിന്റെ രക്ഷാധികാരി.

82. തമ്പായി (60) – നമ്പി പാലക്കുന്ന്.

83. കനകശ്രീ (35) – നമ്പി. പെരളം

84. ഉള്ളൂർ എസ് പരമേശ്വരഅയ്യർ – കേരള സാഹിത്യചരിത്രം വാല്യം III.

85. നാരു ഉണിത്തിരി (74) – ഉണിത്തിരി – ഓണക്കുന്ന്.

86. നാരു ഉണിത്തിരി (74) – ഉണിത്തിരി ഓണക്കുന്ന്.

87. കരിവെള്ളൂരിന്റെ ഇന്നലെകൾ – കരിവെള്ളൂർ പെരളം പഞ്ചായത്ത് – പുറം 68.

88. അതേ കൃതി, അതേ പുറം.

89. നാരു ഉണിത്തിരി (74) – ഉണിത്തിരി ഓണക്കുന്ന്.

90. നാരായണൻ നമ്പൂതിരി കെ.സി. (75) – നമ്പൂതിരി – മണക്കാട്

91. നാരായണൻ നമ്പൂതിരി കെ.സി. (75) – നമ്പൂതിരി – മണക്കാട്

92. കരിവെള്ളൂരിന്റെ ഇന്നലെകൾ – പുറം. 84.

93. നാരായണൻ നമ്പൂതിരി കെ.സി. (75) – നമ്പൂതിരി – മണക്കാട്

94. കൃഷ്മൻ എം. (65) മാദിഗ – പാലക്കുന്ന്.

95. കൃഷ്ണൻ എ. (65) മാദിക പാലക്കുന്ന്.

96. സജിത്ത് കെ. (37)( മുകയ – കരിവെള്ളൂർ.

97. ചിണ്ട പെരുവണ്ണാൻ (81) – വണ്ണാൻ ഓണക്കുന്ന്.

98. മണക്കാടൻ ഗുരുക്കളുടെ സമാധിസ്ഥാനം – അനുബന്ധം ചിത്രങ്ങൾഡ (12) കാണുക.

99. കുഞ്ഞിരാമൻ പി. (70) – നായർ – പലിയേരി

100 ലക്ഷ്മിയമ്മ (74) ചാലി – കരിവെള്ളൂർ

101 ചിരി (80) – ചാലിയ – പെരളം.

# അധ്യായം – 3

# നാടുവാഴിത്തത്തിനെതിരെയുള്ള മുന്നേറ്റങ്ങൾ

## 3.0. നാടുവാഴിത്തത്തിനെതിരെയുള്ള മുന്നേറ്റങ്ങൾ

ജാതി അടിസ്ഥാനത്തിൽ തൊഴിൽ ചെയ്തുവന്നിരുന്ന സമൂഹത്തിൽ ഭൂബന്ധങ്ങൾ സങ്കീർണ്ണമായിരുന്നു. പത്താംനൂറ്റാണ്ടു മുതൽതന്നെ ക്ഷേത്ര ങ്ങൾക്ക് ഭൂമിദാനം ചെയ്യുന്ന പതിവ് കാണുന്നു.[1] ബ്രാഹ്മണരും, അവരുടെ ആശ്രിതരായിവന്ന നായർ പടയാളികളുമായിരുന്നു ഭൂമിയുടെ വലിയൊരുഭാഗം കൈവശം വെച്ചിരുന്നത്. ഭൂമിക്ക് മൂന്ന് വിധത്തിലുള്ള അവകാശം നിലവിലിരുന്നു. ഒന്ന് ജന്മം,[2] രണ്ട് കാണം, മൂന്ന് വെറുംപാട്ടം.

ഭൂമിയുടെ സ്ഥിരാവകാശം ജന്മിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ജന്മി കൃഷി നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഭൂമി കാണക്കാരനെ ഏൽപ്പിക്കുന്നു. കാണക്കാരൻ ആദായത്തിൽ ഒരു വിഹിതം ജന്മിയെ ഏൽപ്പിക്കണം. കാണ ക്കാരനും, ജന്മിയും തമ്മിൽ പലവിധ ഉടമ്പടികൾ നിലവിലിരുന്നു.[3]

കാണക്കാരൻ ഭൂമി പാട്ടത്തിനായി വെറുംപാട്ടക്കാരനെ ഏൽപ്പിക്കുന്നു. വെറുംപാട്ടക്കാരൻ കാണക്കാരന് ആദായത്തിന്റെ നിശ്ചിത വിഹിതം നൽകണം. ഇതിനും കീഴെയായിരുന്നു കർഷകത്തൊഴിലാളികൾ. ജാതിപരമായി ഉയർന്ന ശ്രേണിയിലുള്ളവരായിരുന്നു ജന്മിമാരും, കാണക്കുടിയാന്മാരും, അതിനു കീഴെ യുള്ളവരായിരുന്നു വെറുംപാട്ടക്കാർ. ജാതിപരമായി ഏറ്റവും അടിത്തട്ടിലുള്ള വരായിരുന്നു കർഷകതൊഴിലാളികൾ. ഇവർ മലബാറിൽ പുലയവിഭാഗ ത്തിലുൾപ്പെട്ടവരായിരുന്നു.[4] ഭൂബന്ധങ്ങളുടെ സങ്കീർണ്ണതകൾ കൊണ്ട് ഓരോ ജാതിവിഭാഗവും മേലെനിന്നുള്ള അടിച്ചമർത്തൽ നേരിടേണ്ടിവന്നു. കേരളത്തിൽ നാടുവാഴിത്തം നിലനിന്നത് ജാതിവ്യവസ്ഥയോട് കൂടിയായിരുന്നു.[5] നാടുവാഴിത്ത

വും ജാതിവ്യവസ്ഥയും ഓരോ വിധത്തിൽ കീഴ്ത്തട്ടിലുള്ളവർക്കുമേൽ അധികാരം പ്രയോഗിച്ചു.[6] ബ്രിട്ടീഷ് അധികാരത്തിന്റെ മേൽകോയ്മ ശക്തമായതോടെ ഭരണകൂടവും നാടുവാഴിത്തവും ജാതിവ്യവസ്ഥയും സമൂഹത്തിനമേൽ താഴേക്ക് അധികാരം പ്രയോഗിച്ചു.[7] രണ്ടാം ലോകമഹായുദ്ധാനന്തരം വ്യാപിച്ച ഭക്ഷ്യക്ഷാമവും വിദേശീയഭരണത്തിനെതിരായ ദേശീയവികാരവും ജന്മിത്തത്തിനെതിരായ ഫ്യൂഡൽ വിരുദ്ധ കാഴ്ചപ്പാടും കരിവെള്ളൂരിനെ കർഷകസമരത്തിന് കൊണ്ടെത്തിച്ചു. കരിവെള്ളൂർ സമരത്തിനിടയായ സാഹചര്യം അതിന്റെ പരിണിത ഫലങ്ങൾ എന്നിവ പരിശോധിക്കുകയാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്.

### 3.1. ദേശിയപ്രസ്ഥാനവും കരിവെള്ളൂരും

ഗാന്ധിജി ദേശിയപ്രസ്ഥാനത്തിന്റെ നേതൃത്വം എറ്റെടുത്തതോടെയാണ് സാധാരാണ ജനങ്ങൾ സമരരംഗത്തേക്ക് ഇറങ്ങിവരാൻ തുടങ്ങിയത്.പയ്യന്നൂരിലും കരിവെള്ളൂരിലുമെല്ലാം ഇതിന്റെ അനുരണനങ്ങളുണ്ടായി. 1927 ഗാന്ധിജി വടക്കേ മലബാറിലൂടെ ഒരു യാത്ര നടത്തിയത് ജനങ്ങളിൽ വലിയ സ്വാധീനമുണ്ടാക്കി.[8] കെ.മാധവൻ നായർ, ടി.സുബ്രഹ്മണ്യൻ തിരുമുമ്പ്, ഹരീശ്വരൻ തിരുമുമ്പ് തുടങ്ങിയ ധാരാളമാളുകൾ ദേശിയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ തയ്യാറായി മുന്നോട്ടുവന്നു.

#### 3.1.1. പയ്യന്നൂരിലെ കോൺഗ്രസ് സമ്മേളനം

ദേശിയപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ശ്രദ്ധേയമായൊരു സമ്മേളനമായിരുന്നു പയ്യന്നൂരിലെ കോൺഗ്രസ് സമ്മേളനം. സമ്മേളനത്തിന്റെ അധ്യക്ഷൻ ജവഹർലാൽനെഹ്റുവായിരുന്നു. ഈ സമ്മേളനം അംഗീകരിച്ച പ്രധാന രാഷ്ട്രീയപ്രമേയം ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിയെ മുൻനിർത്തി കെ.മാധവൻ നായർ അവതരിപ്പിച്ച പ്രമേയമായിരുന്നു.[9] കെ.കേളപ്പൻ പ്രമേയത്തെ പിൻതാങ്ങി. പ്രമേയത്തിലൂടെ ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തി എന്നത് പരിപൂർണ്ണസ്വാതന്ത്ര്യം എന്നനിലയിലേക്ക് ഭേദപ്പെടുത്താൻ അപേക്ഷിക്കുകയായിരുന്നു. 1928 മെയ് 25, 26,

27 തീയ്യതികളിലായിരുന്നു പയ്യന്നൂരിൽ കോൺഗ്രസിന്റെ രാഷ്ട്രീയസമ്മേളനം നടന്നത്.[10] സമ്മേളനത്തിൽ കരിവെള്ളൂരിൽനിന്ന് വങ്ങാട്ട് ഉണ്ണമ്മൻ ഉണിത്തിരി, ഏ.വി.കുഞ്ഞമ്പു, വി.വി. കുഞ്ഞമ്പു, പി.കുഞ്ഞിരാമൻ, എം.പി. അപ്പുമാസ്റ്റർ തുടങ്ങിയവർ പങ്കെടുത്തു. ഈ സമ്മേളനത്തിന്റെ ഭാഗമായി വിദേശവസ്ത്ര ബഹിഷ്ക്കരണം, മദ്യവർജ്ജനം, അയിത്തോച്ചാടന പ്രചാരണം, ഖാദി പ്രവർത്തനം തുടങ്ങിയ പ്രവർത്തനങ്ങൾക്കും സമരരൂപങ്ങൾക്കും കരിവെള്ളൂരിൽ പ്രചാരമുണ്ടായി.[11]

ഈ സമ്മേളനത്തിന്റെ വിജയമാണ് സിവിൽനിയമലംഘനപ്രസ്ഥാനത്തിന്റെ ഭാഗമായി ഉപ്പുനിയമം ലംഘിക്കുവാനുള്ള കേന്ദ്രമായി പയ്യന്നൂരിനെ തെരഞ്ഞെടുക്കാൻ കോൺഗ്രസ്സിനെ പ്രേരിപ്പിച്ചത്. ഇന്ത്യയുടെ പൂർണ്ണസ്വാതന്ത്ര്യം, കർഷകർക്ക് ഭൂമിയിൽ സ്ഥിരാവകാശം തുടങ്ങിയ ആവശ്യങ്ങൾ സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ടതോടെ[12] ഈ ആശയങ്ങൾ ജനങ്ങൾക്കിടയിലും പ്രചരിച്ചു.

### 3.1.1.1. സാഹിത്യസമ്മേളനം

സമ്മേളനത്തോടനുബന്ധിച്ചു നടന്ന സാഹിത്യസമ്മേളനത്തിൽ മഹാകവി കുട്ടമത്തായിരുന്നു സ്വാഗതസംഘം അധ്യക്ഷൻ. മഹാകവി വള്ളത്തോൾ, നാലപ്പാട്ട് നാരായണമേനോൻ, വിദ്വാൻ പി കേളുനായർ, കരിപ്പത്ത് കുമാരനെഴുത്തച്ഛൻ തുടങ്ങിയ സാഹിത്യനായകന്മാർ പങ്കെടുത്തു.[13]

കെ.ടി.കമ്മാരൻ നമ്പ്യാർ, ടി.വി. ചാത്തുക്കുട്ടിനായർ, വി.ആർ.നായനാർ, മന്നത്ത് പത്മനാഭൻ, ചങ്ങനാശ്ശേരി പരമേശ്വരപ്പിള്ള, കേശവപുലയനാർ, യു.ഗോപാലമേനോൻ, മഞ്ചേരി രാമയ്യർ, കെ.കേളപ്പൻ, ഇ.കെ. ശങ്കരവർമ്മ രാജ, വിഷ്ണുഭാരതീയൻ, കെ.എ.കേരളീയൻ, ടി. സുബ്രഹ്മണ്യൻ തിരുമുമ്പ്, കെ. മാധവൻ തുടങ്ങിയവർ പങ്കെടുത്തിരുന്നു.[14]

### 3.1.2. പയ്യന്നൂർ ഉപ്പുസത്യാഗ്രഹം

1930 ഏപ്രിൽ 13 ന് കെ.കേളപ്പന്റെ നേതൃത്വത്തിൽ മുപ്പത്തിരണ്ടോളം വളണ്ടിയർമാരെ ഉൾക്കൊള്ളുന്ന ഒരു ജാഥ ഉപ്പുസത്യാഗ്രഹത്തിന്റെ ഭാഗമായി പയ്യന്നൂരിലേക്ക് പുറപ്പെട്ടു. ക്യാപ്റ്റൻ പി.കൃഷ്ണപ്പിള്ളയായിരുന്നു ജാഥയ്ക്ക് നേതൃത്വം കൊടുത്തത്. ആനയും അമ്പാരിയും വെടിക്കെട്ടുമായി ഉജ്വല വരവേൽപാണ് പയ്യന്നൂരിൽ നല്കിയത്.[15]

1930 ഏപ്രിൽ 22 പെരുമ്പക്കടവിലെത്തിയ ജാഥ 28 ന് പുലർച്ചെ ആറുമണി യോടെ പയ്യന്നൂർ കേളോത്തെ ഉളിയത്ത് കടവിലെത്തി ഉപ്പുസത്യാഗ്രഹം ആരംഭിച്ചു. ഉപ്പുകുറുക്കാനെത്തിയവരുടെ പാത്രങ്ങൾ തച്ചുടച്ചും സത്യാഗ്രഹി കളെ മർദ്ദിച്ചും ബ്രിട്ടീഷ് ഭരണകൂടം ഉപ്പുസത്യാഗ്രഹത്തെ നേരിട്ടു.പയ്യന്നൂരിൽ നടന്ന കോൺഗ്രസ് സമ്മേളനവും ഉപ്പുസത്യാഗ്രഹവുമെല്ലാം കരിവെള്ളൂരിലെ ജനങ്ങളെയും സ്വാധീനിച്ചിട്ടുണ്ട്.

#### 3.1.2.1. കോൺഗ്രസ് കരിവെള്ളൂരിലും

ദേശിയസമരങ്ങളുടെ സ്വാധീനം കരിവെള്ളൂരിലെ ജനങ്ങളെയും സ്വാധീനിക്കുകയുണ്ടായി. ഇതേതുടർന്നാണ് 1931–ൽ കരിവെള്ളൂരിൽ പ്രാദേശികാടിസ്ഥാനത്തിൽ ഒരു കോൺഗ്രസ് കമ്മിറ്റി ഉയർന്നുവന്നു. ഏ.വി. കുഞ്ഞമ്പു പ്രസിഡണ്ടും, എം.പി. അപ്പുമാസ്റ്റർ സെക്രട്ടറിയുമായി കെ.ഗോവിന്ദൻ നായർ, ടി.വി.കുഞ്ഞമ്പു, ടി.ഹരീശ്വരൻ തിരുമുമ്പ്, കെ.ഗോവിന്ദൻനായർ, വി.വി. കുഞ്ഞമ്പു തുടങ്ങിയവർ അംഗങ്ങളുമായിരുന്നു.[16]

#### 3.1.2.2. കണ്ടോത്തെ അയിത്തോച്ചാടനം

1931 ലാണ് ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ഭാഗമായാണ് എ.കെ.ജി (എ.കെ.ഗോപാലൻ) ന്റെ നേതൃത്വത്തിൽ കണ്ടോത്ത് ക്ഷേത്രത്തിനുമുന്നിലേക്ക് ഹരിജനജാഥ സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി എ.കെ.ഗോപാലൻ,

കെ.എ.കേരളീയൻ എന്നിവർക്ക് ക്രൂരമായി മർദ്ദനമേറ്റു . അയിത്തോച്ചാടനത്തിന്റെ ഭാഗമായി കരിവെള്ളൂരിൽ ഏ.വി.യുടെ നേതൃത്വത്തിൽ ജാഥയാണ് സംഘടിപ്പിച്ചത്. കരിവെള്ളൂർ മുതൽ പയ്യന്നൂർവരെ വീടുകൾ കയറിയിറങ്ങി ജാതീയതയ്ക്കെ തിരായ പ്രചാരണം നടത്തി.[17]

### 3.1.3. അഭിനവഭാരത യുവക്സംഘം

കരിവെള്ളൂരിൽ 1934ൽ രൂപീകരിക്കപ്പെട്ട യുവജനസംഘടനയാണ് അഭിനവഭാരത് യുവക്സംഘം.ഇതിന് രൂപം കൊടുത്തത് ഏ.വി.കുഞ്ഞമ്പു വായിരുന്നു. കാടകവന നിയമലംഘനക്കേസുമായി ബന്ധപ്പെട്ട് ഏ.വി. കുഞ്ഞമ്പു 1933 ഏപ്രിൽ മാസം അറസ്റ്റു ചെയ്യപ്പെട്ടു.[18] കണ്ണൂർ സെൻട്രൽ ജയിലിലായ ഏ.വി. കുഞ്ഞമ്പുവിന് ഉത്തരേന്ത്യയിലെ ചിലവിപ്ലവകാരികളുമായി സഹതടവുകാരെന്ന നിലയിൽ അടുത്ത് ഇടപഴകാൻ അവസരം ലഭിച്ചു. ഭഗത്സിംഗിന്റെ അനുയായിയും ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ ആർമിയുടെ നേതാവുമായ ബച്ച്ലാൽ തടവുകാരനായി അവിടെയുണ്ടായിരുന്നു. ബച്ച്ലാലുമായുള്ള സൗഹൃദമാണ് ഏ.വി. കുഞ്ഞമ്പുവിന്റെ വീക്ഷണഗതിയെ മാറ്റി മറിച്ചത്.[19] ജയിലിൽ നിന്നിറങ്ങിയ ഇദ്ദേഹം കൃഷ്ണൻ നമ്പീശനുമൊത്ത് ഭാരതപര്യടനത്തിനായിറങ്ങുന്നു. തുടർന്ന് കല്ല്യാണിൽവെച്ച് അറസ്റ്റ് ചെയ്യപ്പെട്ടു. പോലീസ് വെറുതെവിട്ടതിനെതുടർന്ന് നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം ഇവിടെ ഒരു യുവജനസംഘടനയ്ക്ക് രൂപംകൊടുത്തു. ഉത്തരേന്ത്യയിൽ വളർന്നുവന്ന യുവജനസംഘടനയുടെ ചുവടു പിടിച്ച് എ.വി. കുഞ്ഞമ്പു രൂപം കൊടുത്ത സംഘടനയായിരുന്നു അഭിനവ ഭാരതയുവക്സംഘം.[20] കരിവെള്ളൂരിലെ ജനങ്ങളെ ജാതി–മത അതിർ വരമ്പുകളില്ലാതെ ഒന്നിച്ചു ചേർക്കുന്നതിൽ അഭിനവ ഭാരതയുവക് സംഘം എന്ന സംഘടനയ്ക്ക് വലിയ പങ്കുണ്ട്.

കുലത്തൊഴിലുകൾചെയ്തു ജാതിസമൂഹമായി ജീവിച്ചുവന്ന കരിവെള്ളൂരി ലെ ജനതയ്ക്ക് പുതിയൊരനുഭവമായിതീർന്നു ഈ സംഘടന. ഗ്രാമശുചീകരണം,

ഗ്രാമോദ്ധാരണം, വിദ്യാഭ്യാസപ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടനയുടെ കർമ്മപദ്ധതികളായിരുന്നു. ''പുരകെട്ടിമേയുക, കുളവും തോടും കിണറും വൃത്തിയാക്കുക, ഇടവഴികൾ വൃത്തിയാക്കുക, രോഗികളെ ചികിത്സയ്ക്ക് എത്തിക്കുക തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്തു. പറ്റാക്കീൽ പാലം സിമന്റിട്ട് മരം കൊണ്ട് നിർമ്മിച്ചതും കുണിയൻ റോഡ് വെട്ടിയുണ്ടാക്കിയതും അഭിനവഭാരത് യുവഗ് സംഘത്തിന്റെ പ്രവർത്തനമായിരുന്നു''.[21]

1934 ഏപ്രിൽ 13ന് വടക്കെമണക്കാട്ട് വന്നലക്കോട്ട് വയലിൽ കരിമ്പിൽ കുഞ്ഞിരാമന്റെ പീടിക മുറ്റത്ത് തേത്രവൻ കൃഷ്ണൻനായരുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് അഭിനവഭാരതയുവക്സംഘം രൂപംകൊണ്ടത്.[22] ആദ്യ യോഗത്തിൽ മുപ്പത്തിനാലുപേർ പങ്കെടുത്തു.[23] അതേതുടർന്ന് 1936മുതൽ വാർഷിക സമ്മേളനങ്ങൾ വിളിച്ചുകൂട്ടി. സമ്മേളനത്തിൽ കരിവെള്ളൂരിന് ചുറ്റുമുള്ള പ്രദേശങ്ങളിൽനിന്ന് ധാരാളമാളുകൾ പങ്കെടുത്തു. ജനങ്ങൾ ഇവിടെ നടന്ന സമ്മേളനങ്ങൾ പുതിയൊരു അനുഭവമായിരുന്നു. കാവുകളിലും ക്ഷേത്രങ്ങളിലും ജാതിപരമായ വേർതിരിവുകൾക്കകത്താണ് അവർ അതുവരെയും നിലനിന്നത്. എന്നാൽ പൊതുസമൂഹം എന്നനിലയിൽ ഒരു കൂട്ടായ്മ വളർന്നുവന്നത് ഇത്തരം സമ്മേളനങ്ങളിലൂടെയാണ്.

### 3.1.3.1. ഒന്നാം വാർഷിക സമ്മേളനം (1936)

അഭിനവഭാരത യുവക്സംഘിന്റെ ഒന്നാം വാർഷിക സമ്മേളനം വന്നലക്കോട്ട് വയലിൽവെച്ചാണ് നടന്നത്. അധ്യക്ഷൻ വാഗ്ഭടാനന്ദഗുരുവായിരുന്നു. വാഗ്ഭടാനന്ദഗുരുവിനെ തൃക്കരിപ്പൂരിൽ വണ്ടിയിറങ്ങി കരിവെള്ളൂരിലേക്ക് മഞ്ചലിലായിരുന്നു കൊണ്ടുവന്നത്. ഇതുമായി ബന്ധപ്പെട്ട ഒരു മഞ്ചൽ വിവാദം നടന്നതായി മുതിർന്നവർ ഓർമ്മിക്കുന്നു. ''വാഗ്ഭടാനന്ദൻ താഴ്ന്ന ജാതിക്കാരനായതിനാൽ തങ്ങൾ മഞ്ചൽ ചുമക്കില്ലെന്ന് ചുമട്ടുകാർ പറഞ്ഞു. ഒടുവിൽ എ.വി. കുഞ്ഞമ്പുവിന്റെ ഭീഷണിയെ തുടർന്നാണ് ചുമട്ടുകാർ മഞ്ചൽ

ചുമക്കാൻ തയ്യാറായത്''.[24] മഹാകവി കുട്ടമത്ത് ഈ സമ്മേളനത്തിൽ പങ്കെടുത്ത് കവിത ചൊല്ലിയിരുന്നു.

### 3.1.3.2. രണ്ടാം വാർഷിക സമ്മേളനം ( 1937)

രണ്ടാം വാർഷിക സമ്മേളനവും വന്നലക്കോട്ട് വയലിൽവെച്ച് തന്നെ യായിരുന്നു നടന്നത്. കെ.കേളപ്പനായിരുന്നു അധ്യക്ഷൻ. കാലടിയിൽ നിന്നുള്ള സ്വാമി ആഗമാനന്ദ ഈ സമ്മേളനത്തിൽ പ്രസംഗിച്ചു.

### 3.1.3.3. മൂന്നാം വാർഷികസമ്മേളനം (1938)

അയത്രവയലിൽവെച്ചാണ് യുവക്സംഘത്തിന്റെ മൂന്നാം വാർഷിക സമ്മേളനം നടന്നത്. ഇ.എം.എസ്, കെ.ദാമോദരൻ, കെ.പി.ആർ ഗോപാലൻ , കെ.പി.ഗോപാലൻ തുടങ്ങിയവർ പങ്കെടുത്തു.സമ്മേളനത്തിൽ അധ്യക്ഷനാവാൻ നിശ്ചയിച്ചത് എസ്.എസ്.ബട്ലി വാലയായിരുന്നു. അദ്ദേഹം യാത്രാമദ്ധ്യേ അറസ്റ്റു ചെയ്യപ്പെട്ടു. കെ.കെ.വാര്യരായിരുന്നു അധ്യക്ഷൻ. കെ.പി.ഗോപാലനായിരുന്നു തൃവർണ്ണ പതാകയുയർത്തിയത്. സമ്മേളനത്തിൽ ടി.എസ്. സുബ്രഹ്മണ്യൻ തിരുമുമ്പ് പങ്കെടുത്തിരുന്നു എന്നാൽ അദ്ദേഹത്തിന് പ്രായം കവിഞ്ഞുവെന്ന പേരിൽ യുവജനസംഘടനയിൽ അംഗത്വം നിഷേധിച്ചു.[25] അതിനോട് പ്രതികരിച്ചു കൊണ്ട് അദ്ദേഹം എഴുതിയ കവിതയുടെ വരികൾ കരിവെള്ളൂരിലെ പുതിയ തലമുറയ്ക്കും മറന്നിട്ടില്ല.

''തലനരയ്ക്കു വതല്ലെന്റെ വാർദ്ധക്യം
തലനരയ്ക്കാത്തതല്ലെൻ യുവത്വവും
പിറവിതൊട്ടുനാളെത്രയെന്നെണ്ണുമ
പ്പതിവുകൊണ്ടല്ലളപ്പതെൻ യൗവ്വനം
കൊടിയ ദുഷ്പ്രഭുത്വത്തിനു തിരുമുമ്പിൽ
തലകുനിക്കാത്ത ശീലമെൻ യൗവ്വനം
ധനികധികൃതി തൻ കണ്ണുരുട്ടലിൽ

പനിപിടിക്കാത്ത ശീലമെൻ യൗവ്വനം''[26]

മൂന്നാം വാർഷിക സമ്മേളനത്തിനുശേഷം കെ.ദാമോദരന്റെ പാട്ടബാക്കി നാടകം അരങ്ങേറി. എ.വി. കുഞ്ഞമ്പു, കെ.കൃഷ്ണൻ മാസ്റ്റർ തുടങ്ങിയവരാണ് അരങ്ങത്ത് വേഷമിട്ടത്.[27]

**3.1.3.4. നാലാം വാർഷിക സമ്മേളനം**

അഭിനവഭാരത്യുവക്സംഘത്തിന്റെ നാലാം വാർഷിക സമ്മേളനം കൊടക്കാട്വെച്ച് വിപുലമായ രീതിയിൽ നടത്തി. ഇത് സംഘത്തിന്റെ അവസാന സമ്മേളനമായിരുന്നു. കൊടക്കാട് സമ്മേളനത്തിന്റെ കാലഘട്ടത്തിൽ യുവക് സംഘത്തിന് 12 ശാഖകളും 800 മെമ്പർമാരും 'യൂത്ത് ഗാർഡ്സ്' എന്നറിയപ്പെടുന്ന 100 അംഗങ്ങളുള്ള വളണ്ടിയർ സേനയുമുണ്ടായിരുന്നു.[28]

1939 ജനുവരി 14-ാം തീയ്യതി യുവക്സംഘം നാലാംവാർഷികസമ്മേളനം ആരംഭിച്ചു. എ.കെ.ജിയുടെ പതാകയുയർത്തൽ ചടങ്ങോടെ വൈകുന്നേരം 5.30ന് ആരംഭിച്ച സമ്മേളനത്തിൽ ഉദ്ഘാടനം കെ.അബ്ദുൾറഹ്മാൻ (കെ.പി.സി.സി പ്രസിഡന്റ്) ആയിരുന്നു. യുവക്സംഘം സെക്രട്ടറി എം.പി. അപ്പു റിപ്പോർട്ട് അവതരിപ്പിച്ചു. 16 പ്രമേയങ്ങൾ ഈ സമ്മേളനത്തിൽ അംഗീകരിച്ചു.

കാമേശ്വർറാവുവിന്റെ ഇംഗ്ലീഷിലുള്ള പ്രസംഗം പരിഭാഷപ്പെടുത്തിയത് ഏ.കെ.ജിയായിരുന്നു. പ്രസംഗം ഗംഭീരമായിരുന്നെങ്കിലും കൃത്യമായ പരിഭാഷയായില്ല എന്ന് പറഞ്ഞുകൊണ്ട് പി.കൃഷ്ണപ്പിള്ള വേദിയിലെത്തി. പരിഭാഷ ഏറ്റെടുക്കുകയുണ്ടായി. ഇത് അനുസ്മരിക്കുന്നു.[29]

സമ്മേളനത്തിന്റെ രണ്ടാം ദിവസം ''ബാലസേവാസമിതി സമ്മേളനം'' നടന്നു. പി.കൃഷ്ണപ്പിള്ള അദ്ധ്യക്ഷനായിരുന്ന ഈ ദിവസം ഏ.വി. കുഞ്ഞമ്പു പതാക യുയർത്തി. ചന്ദ്രോത്ത് കുഞ്ഞിരാമൻ നായർ, എ.കെ.ജി എന്നിവർ പ്രസംഗിച്ചു.[30]

### 3.1.3.5. മഹിളാസമ്മേളനം

അഭിനവഭാരത് യുവക്സംഘത്തിന്റെ നാലാം വാർഷികസമ്മേളനത്തിന്റെ ഭാഗമായി നടന്ന മഹിളാസമ്മേളനത്തിൽ 'സ്ത്രീകൾ മാറുമറയ്ക്കരുതെന്ന ജന്മിമാരുടെ വിലക്ക് ലംഘിച്ച് ബ്ലൗസ് ധരിച്ചാണ് സ്ത്രീകൾ പങ്കെടുത്തത്. പി.സി.കാർത്ത്യായനി കുട്ടിയമ്മ (ടി.എസ്.തിരുമുമ്പിന്റെ ഭാര്യ) പരമേശ്വരി അന്തർജ്ജനം (എൻ.എസ് നമ്പൂതിരിയുടെ ഭാര്യ) തുടങ്ങിയ മേൽജാതിയിൽപെട്ട സ്ത്രീകൾ സമ്മേളനത്തിന്റെ ഭാഗമായി നടന്ന പന്തിഭോജനത്തിൽ പങ്കെടുത്തു.[31] നിരവധി പീഢനങ്ങളും ഭീഷണികളും നേരിട്ട പി.സി. കാർത്ത്യായനി കുട്ടിയമ്മയ്ക്ക് കൊടക്കാട് സമ്മേളനത്തിൽ മഹിളാസംഘം സമ്മാനിച്ചത് ഒരു ഉലക്കയാണ്.[32] പി.സി. കാർത്ത്യായനിക്കുട്ടിയമ്മ, ചേനംവീട്ടിൽ ലക്ഷ്മിയമ്മ, പയ്യാടക്കൻ ലക്ഷ്മിയമ്മ, കണിശത്തി കല്ല്യാണി, മുണ്ടവളപ്പിൽ കല്ല്യാണി, കാക്കേന്റെ കുഞ്ഞമാധവി, പി.വി.ചിരി, ചേനംവീട്ടിൽ കല്ല്യാണി, പുതിയപുരയിൽ മാധവി തുടങ്ങിയവർ മഹിളാസമ്മേളനത്തിൽ പങ്കെടുത്തവരാണ്.[33]

### 3.1.3.6. പന്തിഭോജനത്തിന്റെ പ്രതികരണങ്ങൾ

പന്തിഭോജനത്തെതുടർന്ന് ചില പ്രത്യാഘാതങ്ങളുമുണ്ടായി. പുലയരുടെ കൂടെയിരുന്ന് ഭക്ഷണം കഴിച്ചതിന് വണ്ണാന്മാരുടെ വീട്ടിൽനിന്ന് മാറ്റ് വേണ്ടെന്ന് എടാച്ചേരി മനക്കാർ ശഠിച്ചു. വണ്ണാൻ കോരന്റെയും കുഞ്ഞാരന്റെയും കുടുംബ ങ്ങളാണ് വിലക്കിന്റെ കയ്പ്പുകുടിക്കേണ്ടിവന്നത്. മിശ്രഭോജനത്തിന്റെ പാപ പരിഹാരത്തിന് ഗോമൂത്രത്തിൽ അരിവേവിച്ചുണ്ടാക്കിയ ചോറ് കഴിക്കണ മെന്നായിരുന്നു പരിഹാരക്രിയ അത് അനുസരിച്ചതിനുശേഷമാണ് കുഞ്ഞാരനും, കോരനും വിലക്കിൽനിന്നും രക്ഷപ്പെട്ടത്.[34] പന്തിഭോജനത്തിൽ പങ്കെടുത്തതിന്റെ പേരിൽ എൻ.എസ്. നമ്പൂതിരിയെയും ഭാര്യ പരമേശ്വരി അന്തർജനത്തെയും അവരുടെ ഇല്ലങ്ങളിൽനിന്നും ഭ്രഷ്ട് കല്പിച്ച് പുറത്താക്കിയത് മറ്റൊരു സംഭവമാണ്.[35]

### 3.1.3.7. കർഷകസമ്മേളനം

അഖിലേന്ത്യാ കിസാൻസഭയുടെ അന്നത്തെ ജനറൽ സെക്രട്ടറിയായിരുന്ന എൻ.ജി.രങ്കയായിരുന്നു സമ്മേളനത്തിൽ അധ്യക്ഷൻ. ഇ.മൊയ്തുമൗലവി ഉദ്ഘാടനം ചെയ്തു. ചിറക്കൽ താലൂക്കിൽ നിന്നും, കാസറഗോഡ് താലൂക്കിൽ നിന്നുമായി പതിനായിരക്കണക്കിനാളുകൾ പങ്കെടുത്തിരുന്നുവെന്ന് കാമേശ്വരറാവു സാക്ഷ്യപ്പെടുത്തുന്നു.[36]

ചുരുങ്ങിയ കാലംകൊണ്ടുതന്നെ ഈ സംഘടനയ്ക്ക് വലിയ നിലയിൽ ജനങ്ങളെ സ്വാധീനിക്കാൻ കഴിഞ്ഞു. കാലികമായ പ്രശ്നങ്ങളെ ഏറ്റെടുക്കാനും, അതിലൂടെ ജനങ്ങളെ സംഘടനയിലേക്ക് അടുപ്പിക്കാനും സാധിച്ചു. അതിനുള്ള നേതൃപാടവം എ.വി.കുഞ്ഞമ്പുവിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ യുവജന സംഘടനയെന്ന ആശയത്തിലൂടെ ദേശിയപ്രസ്ഥാനത്തിലേക്ക് ആളുകളെ കൊണ്ടു വരാനും, കരിവെള്ളൂരിന്റെ മുഖഛായതന്നെ മാറ്റാനും സാധിച്ചു. ഇതിലൂടെയാണ് പി.കുഞ്ഞിരാമൻ, കെ.കൃഷ്ണൻ മാസ്റ്റർ, കെ.ഗോവിന്ദൻ തുടങ്ങിയവർ ജനങ്ങളി ലേക്കിറങ്ങി പ്രവർത്തിച്ചു തുടങ്ങിയത്.

### 3.1.3.8. ദലിതരും അഭിനവഭാരത് യുവക്സംഘവും

ജനങ്ങളിൽ പൊതുജനങ്ങളെന്നബോധം വളർത്തുന്നതിൽ അഭിനവഭാരത യുവക്സംഘം ഏറെ പരിശ്രമിച്ചിട്ടുണ്ട്. വിവിധ ജാതിക്കാരെ കൂട്ടിയിണക്കാനും, പന്തിഭോജനം പോലുള്ളവയിലൂടെ ജാതിയെ ചോദ്യം ചെയ്യാനും ഈ സംഘടന യ്ക്ക് കഴിഞ്ഞിട്ടുണ്ട്. ജാതീയതയിലും ജന്മിത്തത്തിലും അടിമത്തം അനുഭവിച്ചു വന്ന ജനതയാണ് ഇവിടെയുണ്ടായിരുന്നത്. വിദേശിയ ഭരണകൂടത്തിന്റെയും തദ്ദേ ശീയ നോടുവാഴിത്തത്തിന്റെയും മൂന്നു വിധത്തിലുള്ള അടിമത്തം ഒരേസമയം അനുഭവിക്കേണ്ടിവന്ന ജനതയായിരുന്നു ഇവർ. ജാതിശ്രേണിയിൽ കീഴോട്ടുപോകുന്തോറും അടിച്ചമർത്തലിന് ആക്കംകൂടുന്നു. കീഴാളജാതിക്കാരാണ് ജാതി-ജന്മി അടിച്ചമർത്തൽ ഏറ്റവും രൂക്ഷമായി അനുഭവിച്ചത്. ഇവർക്ക്

അഭിനവഭാരത യുവക്സംഘം എങ്ങനെയായിരുന്നു അനുഭവപ്പെട്ടത് എന്ന് എടക്കേച്ചി കല്ല്യാണി എന്ന ദളിത് സ്ത്രീ വിശദീകരിക്കുന്നു. ''ചെയ്ത കുറ്റത്തിനും ചെയ്യാത്ത കുറ്റത്തിനും ശിക്ഷ അനുഭവിക്കേണ്ടി വന്നവരായിരുന്നു ഞങ്ങൾ. സംഘത്തിൽ പോകരുതെന്ന് കണ്ടത്തിന്റെ (വയലിന്റെ) ഉടമ പറഞ്ഞാൽ ഞങ്ങൾക്ക് അനുസരിക്കാതിരിക്കാൻ പറ്റില്ല. ജീവിക്കണമെങ്കിൽ നെല്ല് കിട്ടണ്ടേ ഞങ്ങൾ സംഘത്തിന് പോയില്ല പകരം പണിക്ക് പോയി''.[37] അഭിനവ ഭാരത യുവസംഘ ത്തോട് ദലിതർക്കുള്ള മനോഭാവത്തേക്കുറിച്ച് പ്രവർത്തകനായിരുന്ന പെരിയാടൻ കൃഷ്ണൻമാസ്റ്റർ പറയുന്നത് ഇങ്ങനെയാണ്. ''ദലിതർ പ്രത്യേകിച്ച് പുലയർ തങ്ങളോടൊപ്പം വരാൻ തയ്യാറായിരുന്നില്ല. അവർക്ക് പേടിയായിരുന്നു. എങ്കിലും പ്രവർത്തകർ അവർക്കിടയിൽ ഇറങ്ങി പ്രവർത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്''[38] എന്നാണ്. വിദേശീയ ഭരണത്തിനും തദ്ദേശീയ നാടുവാഴിത്തത്തിനും ജാതിയത യെക്കും എതിരായ പ്രസ്ഥാനത്തിൽ പങ്കാളികളാവാൻ മറ്റു ജാതിവിഭാഗക്കാരെ പ്പോലെ ദലിതർക്ക് സാധിച്ചിരുന്നില്ല. അടിമത്തത്തിന്റെ ആഘാതം തീഷ്ണമായി നേരിടേണ്ടി വന്നത് ദളിതരായിരുന്നു. ശരീരവും മനസ്സും ഒരുപോലെ അടിമത്ത ത്തിന്റെ ചങ്ങലകൾക്കകത്തായതുകൊണ്ടുതന്നെ ദളിതർ അക്കാലത്ത് സംഘടനക ളിൽ നിന്ന് മാറി നിന്നു.

### 3.1.4. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയും കർഷകപ്രസ്ഥാനവും

1934 മെയ് മാസത്തിൽ പാറ്റ്നയിൽവച്ചായിരുന്നു കോൺഗ്രസ് സോഷ്യലിസ്റ്റുപാർട്ടി രൂപം കൊണ്ടത്. സിവിൽനിയമലംഘനപ്രസ്ഥാനം കൊടു മ്പിരിക്കൊണ്ടിരിക്കുന്ന വേളയിലാണ് ഗാന്ധിജി സമരം പിൻവലിച്ചത്. ഗാന്ധിജി യുടെ ഈ തീരുമാനം തീവ്ര സമീപനം വെച്ചുപുലർത്തിയ കോൺഗ്രസ് പ്രവർത്തകരിൽ നിരാശയുണ്ടാക്കി. അതേ തുടർന്നാണ് കോൺഗ്രസ് സോഷ്യ ലിസ്റ്റ് പാർട്ടിക്ക് രൂപം കൊടുത്തത്. കണ്ണൂർ സെൻട്രൽ ജയിലിൽ ബംഗാൾ വിപ്ലവ കാരികളുടെ സ്വാധീനത്തിൽപെട്ട കോൺഗ്രസ് പ്രവർത്തകരും നാസിക്കിലെ

തടവറയിൽ കഴിഞ്ഞിരുന്ന ജയപ്രകാശ് നാരായണനും യൂസഫ് മെഹ്റലിയും എൻ.ജി.ഗോറെയുമെല്ലാം സോഷ്യലിസ്റ്റ് മനോഭാവം പുലർത്തിവന്നവരായിരുന്നു. ജയപ്രകാശ് നാരായണൻ വിളിച്ചുചേർത്ത ഒരു കൺവെൻഷനിൽ 1934 മെയ് 17ന് പാട്നയിൽവെച്ച് ബീഹാർ കോൺഗ്രസ്സ് സോഷ്യലിസ്റ്റുപാർട്ടി രൂപം കൊണ്ടു. ആചാര്യനരേന്ദ്രദേവ് പ്രസിഡണ്ടും ജയപ്രകാശ് നാരായണൻ സെക്രട്ടറിയുമായി തെരഞ്ഞെടുത്തു.

കേരളത്തിൽനിന്നും ഇ.എം.എസ്സും, എ.മാധവനും പാട്ന സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. 1934 ഒക്ടോബർ 22നും 23നുമായി ബോംബെയിൽ വെച്ച് ജയപ്രകാശ് നാരായണൻ വിളിച്ചുചേർത്ത സമ്മേളനത്തിൽവെച്ചാണ് അഖിലേന്ത്യാ കോൺഗ്രസ് സോഷ്യലിസ്റ്റുപാർട്ടി രൂപംകൊണ്ടത്. ജയപ്രകാശ് നാരായണൻ സെക്രട്ടറിയും, ഇ.എം.എസ്, എൻ.ജി.ഗോറെ, മോഹൻലാൽ ഗൗതം, എം.ആർ.മസാനി എന്നിവർ ജോ: സെക്രട്ടറിയുമായുള്ള കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയുടെ അഖിലേന്ത്യ കമ്മിറ്റി അതോടെ നിലവിൽവന്നു.[39]

### 3.1.4.1. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി കേരളത്തിൽ

കേരളത്തിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രുപം കൊണ്ടത് 1934 മെയ് 12 ന് കോഴിക്കോട് ടൗൺ ഹാളിൽനടന്ന സമ്മേളനത്തിൽ വെച്ചാണ്. സി.കെ.ഗോവിന്ദൻ നായർ പ്രസിഡണ്ടും, പി.കൃഷ്ണപ്പിള്ള സെക്രട്ടറിയുമായി കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ കേരളസംസ്ഥാന സമിതി രൂപീകരിച്ചു.[40] ഈ സമ്മേളനത്തിൽ എ.കെ.ജി, കെ.പി. ഗോപാലൻ, ചന്ത്രോത്ത് കുഞ്ഞിരാമൻ നായർ, എ.വി.കുഞ്ഞമ്പു, കെ.പി.ആർ ഗോപാലൻ, എ.സി. കണ്ണൻനായർ, മൊയാരത്ത് ശങ്കരൻ, ഭാരതീയൻ, കേരളീയൻ, ടി.എസ്.തിരുമുമ്പ്, സുബ്രഹ്മണ്യ ഷേണായി, സി.എച്ച്.കണാരൻ, കാന്തലോട്ട് കുഞ്ഞമ്പു, ടി.സി.നാരായണൻ നമ്പ്യാർ, കെ.മാധവൻ, തുടങ്ങിയ വടക്കേ മലബാറിലെ നേതാക്കൾ പങ്കെടുത്തു. കോൺഗ്രസ്സോഷ്യലിസ്റ്റുപാർട്ടിയുടെ രൂപീകരണ ത്തോടെ നാടെങ്ങും

പ്രവർത്തിച്ചുവന്ന കർഷകസംഘങ്ങൾ ഏകീകരിച്ചു. കാർഷിക പ്രശ്നങ്ങൾ ഏറ്റെടു ത്തുകൊണ്ട് ശക്തമായ സമരങ്ങൾക്ക് രൂപംനൽകി.

1937 ജൂൺ 30ന് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ നാലാം സമ്മേളനം കണ്ണൂർ ആനന്ദമന്ദിരം ഹാളിൽ വെച്ച് നടന്നു. കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയുടെ അഖിലേന്ത്യാ നേതാവ് യൂസഫ് മെഹറലിയാണ് സമ്മേളനത്തിന്റെ അധ്യക്ഷൻ. കണ്ണൂർ സമ്മേളനത്തിൽ എ.വി. കുഞ്ഞമ്പു, വി.വി. കുഞ്ഞമ്പു, പി.കുഞ്ഞാമൻ, കെ.കൃഷ്ണൻ മാസ്റ്റർ തുടങ്ങിയ കരിവെള്ളൂരിലെ നേതാക്കൾ പങ്കെടുത്തിരുന്നു. ഈ കാലഘട്ടത്തിൽ അഭിനഭാരതയുവക് സംഘം കരിവെള്ളൂരിൽ പ്രവർത്തിച്ചുവന്നതുകൊണ്ട് ആളുകൾ കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടിയെക്കാൾ യുവക്സംഘത്തേയായിരുന്നു താൽപര്യം.[41]

**കർഷകപ്രസ്ഥാനം**

ആയിരത്തിതൊള്ളായിരത്തി മുപ്പതുകൾക്കുശേഷം കുടിയാന്മാർ ജന്മിമാർ ക്കെതിരായി നിലയുറപ്പിച്ചതോടെ ജന്മിത്തം അവസാനിക്കണമെന്നും, കൃഷി ക്കാരന് കൃഷിഭൂമി നൽകണമെന്നുമുള്ള ആവശ്യമുയർന്നു. 1938 ഡിസംബർ 18 ന് എ.കെജിയുടെ അധ്യക്ഷതയിൽ കോഴിക്കോട് ചേവായൂരിൽവെച്ച് അഖില മലബാർ കർഷക സമ്മേളനം നടന്നു. സമ്മേളനത്തോടനുബന്ധിച്ച് കരിവെള്ളൂരിൽ നിന്നും കഞ്ചിക്കോട്ട്നിന്നും ഓരോ ജാഥകൾ പുറപ്പെട്ടിരുന്നു.[42] മലബാർ കലക്ടർക്ക് കൃഷിക്കാരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനം നൽകുന്നതിനാണ് ജാഥകൾ പുറപ്പെട്ടത്. പാട്ടം നിജപ്പെടുത്തുന്നതിനും കൈവശാവകാശം, പന്ത്രണ്ട് കൊല്ലം കൂടുമ്പോഴുള്ള ചാർത്തവകാശം അക്രമപിരിവുകൾ, കാർഷികോല്പന്നങ്ങളുടെ വിലക്കുറവിനനുസരിച്ചുള്ള പാട്ടം, നികുതി തുടങ്ങിയവ ആവശ്യങ്ങളായിരുന്നു.

ഡിസംബർ 10ന് ചിറക്കൽ താലൂക്കിലെ 70ർഷകസംഘം ഘടകങ്ങളിൽ നിന്നുമായി നൂറ്റമ്പതോളം അംഗങ്ങൾ കരിവെള്ളൂരിലെത്തി. ചന്ത്രോത്ത്

കുഞ്ഞിരാമൻനായരുടെ നേതൃത്വത്തിൽ ആരംഭിച്ച ജാഥയുടെ ആരംഭപൊതു യോഗം കരിവെള്ളൂരിൽ നടന്നു. കെ.എ.കേരളീയൻ അധ്യക്ഷനായിരുന്നു. വി.വി.കുഞ്ഞമ്പു സ്വാഗതം പറഞ്ഞു. സുബ്രഹ്മണ്യൻ തിരുമുമ്പ് എ.വി. കുഞ്ഞമ്പു, വിഷ്ണുഭാരതീയൻ തുടങ്ങിയവർ പ്രസംഗിച്ചു.[43]

1938 ഡിസംബർ 17ന് കൊഴുമ്മലിലെ അനന്തൻ വളപ്പിലാണ് കരിവെള്ളൂരി ലെ കർഷകസമ്മേളനം നടന്നത്. ഏ.വി. കുഞ്ഞമ്പു, എ.സി.കണ്ണൻനായർ, കോടോത്ത് നാരായണൻ നായർ, കെ.മാധവൻ എന്നിവർ സമ്മേളനത്തിൽ പ്രസംഗിച്ചു.[44]

### 3.1.5. കമ്മ്യുണിസ്റ്റുപാർട്ടി കരിവെള്ളൂരിൽ

1912 മാർച്ച് മാസത്തിൽ പഞ്ചാബിലെ ലാലാ ഹർദ്ദയാൽ മോഡേൺ റിവ്യൂ മാസികയിലെഴുതിയ മാക്സിന്റെ ലഘുജീവചരിത്രവും അതേവർഷംതന്നെ ആഗസ്തിൽ പ്രസിദ്ധീകരിച്ച് സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയുടെ കാറൽമാക്സ് എന്ന ജീവചരിത്രവും പുറത്തുവന്നതോടെയാണ് മാർക്സിസം കേരളത്തിൽ പരിചിതമാകുന്നത്. 1917ലെ റഷ്യൻ വിപ്ലവത്തിനുശേഷം ഇന്ത്യയിൽ മാർക്സിസത്തിന്റെ ആശയത്ത് ബുദ്ധിജീവികൾക്കിടയിലും സ്വാതന്ത്ര്യസമര ഭടന്മാർക്കിടയിലും പ്രചാരം സിദ്ധിച്ചു. ജയപ്രകാശ് നാരായണന്റെയും മറ്റും നേതൃത്വത്തിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിച്ചു തുടങ്ങി. തുടർന്ന 1920 ഒക്ടോബർ 17 ന് എം.എൻ .റോയിയുടെ നേതൃത്വത്തിൽ താഷ്ക്കന്റിൽവെച്ച് രൂപം കൊടുത്ത കമ്മ്യുണിസ്റ്റ്പാർട്ടി ഓഫ് ഇന്ത്യയെന്ന സംഘടനയ്ക്ക് കമ്മ്യുണിസ്റ്റ് ഇന്റർനാഷണലിന്റെ സഹായവും പിന്തുണയും ലഭിച്ചിരുന്നു.[45]

1939 ഡിസംബർ അവസാനം തലശ്ശേരി പിണറായി വില്ലേജിലെ പാറപ്രം വിവേകാനന്ദ വായനശാലയിലാണ് കമ്മ്യുണിസ്റ്റ് പാർട്ടി രൂപീകരണ സമ്മേളനം നടന്നത്. പി.കൃഷ്ണപ്പിള്ളയായിരുന്നു സമ്മേളന നടത്തിപ്പിന്റെ നേതൃത്വം[46]. അതുവരെ കോൺഗ്രസ്സോഷ്യലിസ്റ്റുപാർട്ടിയായി നിന്നവർ അതോടെ

കമ്മ്യുണിസ്റ്റ് പാർട്ടിയുടെ അംഗങ്ങളായിമാറി. കരിവെള്ളൂരിൽനിന്ന് എ.വി. കുഞ്ഞമ്പു, വി.വി. കുഞ്ഞമ്പുവും യോഗത്തിൽ പങ്കെടുത്തവരാണ്. 1937ൽ കോഴിക്കോട്ടുവെച്ചു രൂപം കൊടുത്ത കമ്മ്യുണിസ്റ്റു ഗ്രൂപ്പിന്റെ പിന്തുടർച്ച യായിരുന്നു പാറപ്രം സമ്മേളനം. പി.കൃഷ്ണപ്പിള്ള, ഇ.എം.എസ്, എൻ.സി.ശേഖർ, കെ.ദാമോദരൻ എന്നിവരായിരുന്നു

പാറപ്രം സമ്മേളം കഴിഞ്ഞ് കരിവെള്ളൂരിലെത്തിയ എ.വി. കുഞ്ഞമ്പുവും, വി.വി. കുഞ്ഞമ്പു എന്നിവർ ചേർന്ന് കമ്മ്യുണിസ്റ്റ്പാർട്ടിയുടെ ആദ്യ സെൽ രൂപീകരിച്ചു. എ.വി.കുഞ്ഞമ്പു (സെക്രട്ടറി), പി.കുഞ്ഞിരാമൻ, വി.വി. കുഞ്ഞമ്പു എന്നീ അഞ്ചു മെമ്പർമാരടങ്ങിയതാണ് കരിവെള്ളൂരിലെ കമ്മ്യുണിസ്റ്റ് പാർട്ടിയുടെ ആദ്യസെൽ. കേരളത്തിൽ കമ്മ്യുണിസ്റ്റ് പാർട്ടി രൂപീകരിച്ച വിവരം ഔദ്യോഗികമായി പ്രഖ്യാപിച്ചത് 1940 ജനുവരി 26നാണ്.[47] പത്രക്കടലാസുകളിൽ ചുവന്ന മഷികൊണ്ടെഴുതിയ പോസ്റ്ററുകൾ കരിവെള്ളൂരിലും പ്രത്യക്ഷപ്പെട്ടു. 1940 ഒക്ടോബറിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി പിരിച്ചുവിട്ടു.[48]

### 3.2. രണ്ടാം ലോകമഹായുദ്ധകാലത്തെ കരിവെള്ളൂർ

1939ൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു. ജപ്പാനും ജർമ്മനി യുമടങ്ങുന്ന സോഷ്യലിസ്റ്റു ഫാസിസ്റ്റു ശക്തികളും അമേരിക്കയും, ബ്രിട്ടനു മടങ്ങുന്ന സഖ്യകക്ഷികളുമാണ് യുദ്ധത്തിൽ അണിചേർന്നത്. സഖ്യകക്ഷി കളോടൊപ്പം സോവിയറ്റ് യൂണിയനും സഖ്യം ചേർന്നു. 1941 ജൂലൈ 22 ന് ഹിറ്റ്ലർ സോവിയറ്റ് യൂണിയനെ ആക്രമിച്ചു. അതോടെ ലോകകമ്മ്യുണിസ്റ്റ് പാർട്ടികൾ സോവിയറ്റ് യൂനിയനോടൊപ്പം സഖ്യകക്ഷികൾക്കൊപ്പംനിന്നു. 1942 ജൂലായ് 29ന് കമ്മ്യുണിസ്റ്റ് പാർട്ടിയുടെ നിരോധനം നീക്കി ഉത്തരവിറക്കി.

#### 3.2.1. ജാപ്പ്വിരുദ്ധ ക്യാമ്പയിൻ

സോവിയറ്റ് യൂണിയനും, ബ്രിട്ടനും ഒന്നുചേർന്നതോടെ കമ്മ്യുണിസ്റ്റുകാർ ബ്രിട്ടനൊപ്പം ചേർന്ന് ഫാസിസ്റ്റ് വിരുദ്ധ ക്യാമ്പയിൻ തുടങ്ങി അതേ സമയം

ക്വിറ്റ്ഇന്ത്യാസമരം ഒരു ഭാഗത്തും, സുഭാഷ് ചന്ദ്രബോസിന്റെ തീവ്ര നിലപാടുകളും, ജപ്പാൻ യാത്രയും മറുഭാഗത്തും നടന്നു. ഇത് ആളുകളിൽ ആശയക്കുഴപ്പമുണ്ടാക്കി. ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിൽ സുഭാഷ് ചന്ദ്രബോസ് ജപ്പാന്റെ കൂടി ഫാസിസ്റ്റു ചേരിയിൽ അണിചേർന്നതിനെ എതിർ കമ്മ്യൂണിസ്റ്റുപാർട്ടി ഇന്നലെ വരെ ബ്രിട്ടനെതിരെ മുദ്രാവാക്യം വിളിച്ച് പെട്ടെന്ന്തന്നെ അനുകൂലമായ നിലപാടെടുക്കുന്നതിന്റെ കാരണമെന്തെന്ന് സാധാരണജനങ്ങൾക്ക് മനസിലായില്ല.[49] ജനഹൃദയങ്ങളിൽ രൂപപ്പെട്ട ഈ വൈരുദ്ധ്യങ്ങളെ മറികടക്കാൻ കലയിലൂടെ ആശയപ്രചരണം നടത്തി. പാട്ട്, ഓട്ടംതുള്ളൽ, പൂരക്കളി, കോൽക്കളി തുടങ്ങിയവയിലൂടെ ആശയപ്രചരണം നടത്തി. കരിവെള്ളൂരിൽ കെ.കൃഷ്ണൻമാസ്റ്റർ, കടിഞ്ഞിയിൽ നാരായണൻ നായർ, എ.വി.കുഞ്ഞമ്പു, ഇബ്രാഹിം, വി.വെളുത്തമ്പു തുടങ്ങിയവർ ജാപ്പ് വിരുദ്ധ കലാമേളകൾ നേതൃത്വം കൊടുത്തു[50]. അന്നത്തെ കലാപരിപാടികളിൽ പങ്കെടുത്തവരാണ് കുഞ്ഞുവീട്ടിൽ പയങ്ങപ്പാടൻ ജാനകി തുടങ്ങിയർ. കുഞ്ഞുവിട്ടിൽ തമ്പായി പാടിയ പാട്ട് അനുബന്ധത്തിൽ കൊടുക്കുന്നു. (അനുബന്ധം കാണുക)

**3.2.2. ബംഗാൾ ക്ഷാമം**

1943 ലാണ് ബംഗാളിലെ വിഴുങ്ങിയ ഉഗ്രമായ ക്ഷാമം പടർന്നുപിടിച്ചത് യുദ്ധം സൃഷ്ടിച്ച രൂക്ഷമായ ഭക്ഷ്യക്ഷാമവും വിലക്കയറ്റവും ജീവിതം അതീവ ദുസ്സഹമാക്കി. പടർന്നുപിടിച്ച പകർച്ചവ്യാധികളും കടുത്ത പട്ടിണിയും കൂട്ടമരണങ്ങളിലേക്ക് എത്തിച്ചു.[51] മലബാറിൽ മാത്രം മുപ്പതിനായിരത്തിലധികം പേർ കോളറ മൂലം മരിച്ചു. ഇക്കാലത്തെ കലാക്യാമ്പെനുകളിൽ ഉൾപ്പെട്ടിരുന്ന രണ്ടു പാട്ടുകൾ അനുബന്ധിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം കാണുക). പട്ടിണി മരണങ്ങൾ വ്യാപിക്കുമ്പോൾ കരിഞ്ചന്തയും പൂഴ്ത്തിവെപ്പും വ്യാപിച്ചതിൽ ജനങ്ങൾ പ്രതിഷേധിച്ചു.

പട്ടിണിയും ദുരിതവും തടയാൻ 42-43 കാലത്ത് ധാരാളം പരിപാടികൾ കർഷകസംഘം പദ്ധതികൾ ആവിഷ്ക്കരിച്ചു.[52] പുനം കൃഷിക്കുവേണ്ടി ഭൂമിയിൽ പ്രവേശിക്കുന്ന സമരം, തരിശുഭൂമിയിൽ പ്രവേശിച്ചു കൃഷിചെയ്യുന്ന സമരം തുടങ്ങിയ സമരങ്ങൾ ഭക്ഷ്യോല്പാദനം ലക്ഷ്യമിട്ടായിരുന്നു. ഭക്ഷ്യദൗർലഭ്യം നേരിടുന്നതിന് കമ്മ്യുണിസ്റ്റ് പാർട്ടിയും, കോൺഗ്രസ്സും, കിസാൻസഭയും ഒരു പോലെ പരിഹാരമാർഗ്ഗങ്ങൾ തേടി. അന്നത്തെ കെ.പി.സി.സി. പ്രസിഡ ണ്ടായിരുന്ന കെ.കേളപ്പൻ ഭക്ഷ്യവസ്തുക്കൾ ന്യായവില ഷോപ്പുകൾവഴി വിതരണം ചെയ്യുന്ന പി.സി.സി. സൊസൈറ്റികൾ (പ്രൊഡ്യൂസേർസ് ആന്റ് കൺസ്യൂമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ) രൂപീകരിക്കുന്നതിനുള്ള പദ്ധതി സർക്കാറിനെ കൊണ്ട് അംഗീകരിപ്പിച്ചു.[53] അതനുസരിച്ച് മിക്ക വില്ലേജുകളിലും പി.സി.സി. സൊസൈറ്റികൾ രൂപീകരിച്ചു.

മിച്ചനെല്ല് സ്കോറിലുള്ള കരിഞ്ചന്തയും പൂഴ്ത്തിവെപ്പും കർശനമായി തടയുക എന്നീ മുദ്രാവാക്യങ്ങൾ 1946ലെ മലബാർ ഭക്ഷ്യസമ്മേളനം മുന്നോട്ടു വെച്ചു. ഇതേതുടർന്നാണ് കരിവെള്ളൂരിൽ ഇതേആവശ്യം ഉന്നയിക്കപ്പെട്ടത്. ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ കമ്മിപ്രദേശമായിരുന്നു കരിവെള്ളൂർ അന്നത്തെ ഭൂമിയിൽ ഏറിയഭാഗവും ചിറക്കൽ കോവിലകത്തിന്റെതാണ് എട്ടൗൺസ് റേഷൻ അനുസരിച്ച് കരിവെള്ളൂരിലെ ജനങ്ങൾക്ക് ലഭിച്ചിരുന്നത് നാല് മാസം വിതരണം ചെയ്യാനുള്ള നെല്ലുമാത്രമാണ്.[54] ചിറക്കൽ കോവിലക ത്തേക്കുള്ള പാട്ടംവക നെല്ല്, കരിവെള്ളൂരിൽ നിന്നും കൊണ്ടു പോകാതെ പി.സി.സി.സ്റ്റോറിൽ അളന്ന് പണംവാങ്ങി പോകണമെന്ന ആവശ്യമാണ്. കർഷകസംഘം പ്രവർത്തകർ ഉന്നയിച്ചത് പാട്ടം നെല്ലായി കൊടുക്കുന്നതിനു പകരം പണമായി കൊടുക്കണമെന്ന് പറഞ്ഞത് അനുസരിക്കാതെ കൃഷിക്കാർ നെല്ലുതന്നെ കൊടുക്കുകയാണുണ്ടായത്. നെല്ലു മുഴുവൻ കളപ്പുരയിൽ എത്തി യെന്നു കണ്ടപ്പോൾ നെല്ലു അവിടെനിന്ന് കടത്തി കൊണ്ടുപോകരുതെന്നും അത് സ്റ്റോറിൽ അളക്കണമെന്നും സംഘം പ്രവർത്തകർ അധികാരികളോട്

ആവശ്യപ്പെട്ടു.[55] നെല്ലുകടത്തികൊണ്ടു പോവണമെന്ന തമ്പുരാന്റെ നിർബന്ധത്തെ കാര്യസ്ഥന്മാർ തമ്പുരാന്റെ അതേ വാശിയോടും വീറോടും പിന്തുണക്കുകയായിരുന്നു. ചിറക്കൽ തമ്പുരാന്റെ നിർദ്ദേശമനുസരിച്ച് കാര്യസ്ഥന്മാർ മർദ്ദനവും ഭീഷണിയും പ്രയോഗിച്ച് ഭാരവും പാട്ടവും നെല്ലായിത്തന്നെ പിരിച്ചെടുക്കുകയായിരുന്നു.[56]

കൃഷിക്കാരിൽനിന്നും പിടിച്ചെടുത്ത നെല്ല് ചിറക്കൽ കോവിലകത്തേക്ക് കടത്തികൊണ്ട് പോകരുതെന്ന അപേക്ഷ നിരസിച്ചതിനെ തുടർന്ന്1946 ഡിസംബർ 10 ചിറക്കലിലേക്ക് ഒരു ജാഥ സംഘടിപ്പിക്കപ്പെട്ടു. എ.വി.കുഞ്ഞമ്പു, പി.അച്യുത നടിയോടി (പെരളം) എം.വി. ചിണ്ടൻ, പുതിയടത്ത് കുഞ്ഞമ്പു മണിയാണി, പി.പി.കോരൻ പണിക്കർ, എം.പി.കണ്ണൻ, വി.വെളുത്തമ്പു, വട്ട്യൻ വീട്ടിൽ കണ്ണൻ, മണക്കാട്ട് അമ്പു, കരിമ്പിൽ ചിണ്ടൻ, പെരിയാടൻ നാരായണൻ നായർ , പുതിയടത്ത് രാമൻ തുടങ്ങിയവർ പങ്കെടുത്തു.[57] നെല്ല് കടത്തരുതെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഒരു നിവേദനം ചിറക്കൽ തമ്പുരാന് നൽകി. എന്നാൽ തമ്പുരാൻ ആവശ്യം അംഗീകരിച്ചില്ല. ചിറക്കൽ താലൂക്ക് സപ്ലൈ ഓഫീസറായിരുന്ന രാഘവൻ നായരിൽ നിന്നും 1500പറ നെല്ല് തന്റെ ഉടമസ്ഥത യിലുള്ള ക്ഷേത്രങ്ങളുടെ ആവശ്യാർത്ഥം കടത്തികൊണ്ടു പോകുന്നതിനായി അനുമതി വാങ്ങി. നെല്ല് കടത്താൻ കരിവെള്ളൂരിലെത്താൻ തീരുമാനിച്ചു.[58]

ചിറക്കലിലേക്ക് കരിവെള്ളൂരിലെ നെല്ല് കടത്തിക്കൊണ്ടുപോകുകതന്നെ ചെയ്യും എന്നുറപ്പായതിനെതുടർന്ന്, നെല്ല് കടത്തൽ തടയണമെന്ന് കർഷക സംഘവും തീരുമാനിച്ചു. 1946 ഡിസംബർ 16ന് വൈകുന്നേരം കരിവെള്ളൂർ പള്ളി ക്കൊവ്വലിലെ സെൻട്രൽ എൽ.പി.സ്കൂളിൽ ഒരു യോഗംചേർന്നു. യോഗത്തിൽ നെല്ല് കടത്തൽ തടയണമെന്ന് തീരുമാനിച്ചു. മുന്നൂറിലധികമാളുകൾ പങ്കെടുത്തു.[59] 22 പേർ വീതമുള്ള രണ്ട് പ്ലാറ്റൂൺ എം.എസ്.പിയും ജമേദാർമാരും പയ്യന്നൂർ സബ് ഇൻസ്പെക്ടറും, നാലു കാര്യസ്ഥക്കാരും ചീനക്കാരും 1946 ഡിസംബർ 20 നാണ് നെല്ല് കടത്താനായി കരിവെള്ളൂരിലെത്തി. [60]

### 3.3. കരിവെള്ളൂർ സമരം

ചുമട്ടുകാരും ഉൾപ്പെടെ 64 പേരുണ്ടായിരുന്നു. ഇവർ വരുന്ന വിവരം അറിഞ്ഞ പൊന്നൻകുമ്പ കെ.കൃഷ്ണൻമാസ്റ്ററുടെ വീട്ടിലെത്തി വിവരം അറിയിച്ചു. എ.വി. കുഞ്ഞമ്പുവും, കൃഷ്ണൻ മാസ്റ്റർ എന്നിവർ കുണിയൻ പുഴക്കരയിലേക്ക് ഓടിയെത്തി. കരിവെള്ളൂരിലെ 1500 പറഓളം നെല്ല് കളപ്പുരയിൽ ചാക്കുകളിലാക്കി കളപ്പുരയിൽ സൂക്ഷിച്ചിരിക്കുന്നു. നെല്ല് കുണിയൻ പുഴ വഴി വളപട്ടണത്തെത്തിക്കാനായിരുന്നു തീരുമാനം. നെല്ലുകടത്തുന്ന വിവരം കേട്ടവർ കരിവെള്ളൂരിലേക്ക് ഓടിയെത്തി. നേരത്തെ കരുതിയ കല്ലുകളും ചവണകളും, സ്ത്രീകൾ കയ്യിൽ ചിറാക്കത്തി(അരി വാളും)യും ആയുധങ്ങളായി കരുതിയിട്ടാ യിരുന്നു ആളുകൾ അവിടെയെത്തിയത്.[61]

ചുമട്ടുകാർ നെല്ല് ചാക്ക് ചീനയിലേക്ക് കടത്തുന്നത് വിശപ്പു സഹിച്ചു ജീവിക്കുന്ന ജനങ്ങൾക്ക് കണ്ടുനിൽക്കാനായില്ല. ജനങ്ങൾ നെല്ല് കടത്തുന്നത് തടയാൻ കല്ലുകൾ പ്രയോഗിച്ചു തുടങ്ങുമ്പോഴേക്കും വെടിവയ്ക്കാൻ തുടങ്ങി. ജനങ്ങൾ കല്ലേറും ശക്തമാക്കി.[62] കൃഷ്ണൻമാസ്റ്റർ, എ.വി.കുഞ്ഞമ്പു, പുതിയടത്ത് രാമൻ എന്നിവർക്ക് സാരമായി പരിക്കേറ്റു. ആളുകൾ നിലത്ത് കമിഴ്ന്നു കിടന്നു. അടുത്തുള്ള കുറ്റിക്കാട്ടിൽ മറഞ്ഞുനിന്നു കുണിയൻകിഴക്കേകുതിരിൽ പോത്തുകളെ മേയ്ക്കാൻ പോയ പതിനാലു വയസ്സുകാരൻ കീനേരി കുഞ്ഞമ്പു ബഹളം കേട്ട് ഓടിവരികയായിരുന്നു. കീനേരി കുഞ്ഞമ്പുവിന് വെടിയേറ്റു. തിടിൽകണ്ണനും വെടിയേറ്റു. രണ്ടുപേരും മരിച്ചു.[63] ധാരാളം പേർക്ക് മുറിവേറ്റു. പൂഴ്ത്തി വയ്പിനെതിരെ ഭക്ഷണത്തിനുവേണ്ടിയായിരുന്നു കരിവെള്ളൂരിലെ ജനങ്ങൾ സമരം ചെയ്തത്. ഭരണകൂടം അത് അടിച്ചമർത്തി.

വെടിവെയ്പിൽ കൊല്ലപ്പെട്ട തിടിൽ കണ്ണന്റെയും കീനേരി കുഞ്ഞമ്പുവിന്റെയും മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടുകൊടുത്തിരുന്നില്ല. പോലീസിന്റെ

ചുമതലയിൽ മൂരിക്കൊവ്വലിലെ പൊതുശ്മശാനത്തിൽ സംസ്ക്കരിക്കുക യായിരുന്നു.

സമരത്തെ തുടർന്ന് കരിവെള്ളൂരിൽ ഒരു താല്ക്കാലിക പോലീസ് സ്റ്റേഷനും, പൂത്തൂരിൽ എം.എസ്.പി കേമ്പും തുറന്നു. പള്ളിക്കൊവ്വലിൽ ഒരു ഇരുനിലകെട്ടിടത്തിലായിരുന്നു പോലീസ് സ്റ്റേഷൻ. 1948ൽ മുനയൻകുന്ന് സമരസേനാനി മാവിലാ ചിണ്ടൻ നമ്പ്യാർ ഈ പോലീസ് സ്റ്റേഷനിൽ ക്രൂരമായ മർദ്ദനമേറ്റ് മരണമടഞ്ഞു. സമരത്തിന്റെ ബാക്കി പത്രമായി നീണ്ടകാലത്തോളം പോലീസുകാർ വീടുകൾ തോറും കയിറയിറങ്ങി ആളുകളെ വേട്ടയാടി. ആണുങ്ങൾ കരിവെള്ളൂർ നാടുവിട്ട് മറ്റുള്ളിടങ്ങളിൽപോയി ഒളിവിൽ പാർത്തു. സ്ത്രീകളെയും കുട്ടികളെയും പോലീസ് ആക്രമിച്ചു.

### 3.3.1. കരിവെള്ളൂർ കേസ്

കരിവെള്ളൂർ സമരത്തിനെതിരെയുള്ള കേസ് 197 പേരെ പ്രതി ചേർത്തിരുന്നു. ക്രൈംനമ്പർ 84/1946 ആയി പയ്യന്നൂർ പോലീസ് സ്റ്റേഷനിലാണ് കേസ് രജിസ്റ്റർ ചെയ്തത്. 1947 സെപ്തംബർ 25 ന് നോർത്ത് മലബാർ ഡിവിഷൻ സെഷൻ കോടതി തലശ്ശേരി ജഡ്ജി പി.വി. കൃഷ്ണസ്വാമി അയ്യരാണ് വിധി പ്രഖ്യാപനം നടത്തിയത്. കേസിൽ വിചാരണ ചെയ്യപ്പെട്ട 75 പേരിൽ 66 പേരെ കോടതി ശിക്ഷിച്ചു.[64] 9 പേരെ വെറുതെ വിട്ടു. കരിവെള്ളൂർ കേസിലെ പ്രതികൾക്കു വേണ്ടി വി.ആർ.കൃഷ്ണയ്യർ, കെ.ശങ്കരമേനോൻ, നാരായണൻനമ്പ്യാർ, പി.പി. അനന്തനാരായണൻ എന്നീ അഭിഭാഷകരാണ് കോടതിയിൽ ഹാജരായത്. (പ്രതികളായവരുടെ വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു)

### 3.3.2. കരിവെള്ളൂർ സമരവും സ്ത്രീകളും

കരിവെള്ളൂരിലെ സ്ത്രീകൾ ദേശിയ പ്രസ്ഥാനവുമായും കമ്മ്യുണിസ്റ്റ് പ്രസ്ഥാനവുമായും ബന്ധപ്പെട്ട് പ്രവർത്തിക്കാൻ ആരംഭകാലം മുതൽതന്നെ

തുടങ്ങി യിരുന്നു. ചരിത്രത്തിലെ സ്ത്രീകളുടെ ഇടപെടലുകൾപലപ്പോഴും സഹന ത്തിന്റെ ഭാവമായോ, ധീരനായ ഭർത്താവിന്റെ ''കുലീനമായ'' ഭാര്യയായാണോ വായിക്കപ്പെട്ടത്. കരിവെള്ളൂർ ചരിത്രത്തിലും സ്ഥിതി വ്യത്യസ്തമല്ല. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ശക്തമായ ഇടപെടലുകൾ നടത്തിയ ധാരാളം സ്ത്രീ കളുണ്ടായിരുന്നു. ഒളിവ് പ്രവർത്തനത്തിൽ , കലാ-സാംസ്കാരിക പ്രവർത്തനത്തിൽ, സമരരംഗങ്ങളിലെല്ലാംതന്നെ നിറഞ്ഞ സ്ത്രീ നേതൃരംഗ ത്തേക്ക് കടന്നു വരാനോ നേതൃത്വമായി തീരാനോ ചരിത്രം സ്ത്രീക്ക് അവസരം നിഷേധിച്ചു.

കരിവെള്ളൂർ സമരത്തിന്റെ സ്ത്രീ അനുഭവക്കുറിപ്പായി വായിക്കാനുള്ളത് കെ.ദേവയാനിയുടെ ചോരയും കണ്ണീരും നനഞ്ഞവഴികൾ എന്ന പുസ്തകമാണ്. കരിവെള്ളൂർ സമരനായകൻ എന്നുവിശേഷിപ്പിക്കാവുന്ന ഏ.വി. കുഞ്ഞമ്പുവിന്റെ ഭാര്യയായ കെ.ദേവയാനി തന്റെ ജീവിതാനുഭവങ്ങളാണ് ഈ പുസ്തകത്തിൽ പങ്കുവയ്ക്കുന്നത്. സമരത്തിൽ നേരിട്ട് പങ്കെടുക്കാൻ സാധിച്ചിരുന്നില്ല അവർക്ക്. ആ കാലഘട്ടത്തിൽ അവർക്ക് എം.എസ്.പിക്കാരിൽനിന്നും പീഡനങ്ങൾ ഏൽക്കേണ്ടതായി വന്നു. ബ്രിട്ടീഷ് ഭരണകൂടത്തിന്റെ പട്ടാളക്കാർ രാവും പകലും വീടുകൾ കയറിയിറങ്ങി. കമ്മ്യൂണിസ്റ്റ്കാരെയും കമ്മ്യൂണിസ്റ്റ്കാരെ സഹായി ക്കുന്നവരെയും വേട്ടയാടി ദേവയാനിക്ക് അഭയം കൊടുത്തതിന്റെ പേരിൽ അയൽവീട്ടിലെ കണ്ണനെ പോലീസ് സ്റ്റേഷനിൽ വിളിപ്പിച്ച് ഭീകരമായി മർദ്ദിച്ചത് അവർ ഓർക്കുന്നുണ്ട്.[65] ഇവരെ സഹായിച്ചതിന്റെ പേരിൽ പാട്ടി എന്ന സ്ത്രീയെയും പോലീസ് ഭീഷണിപ്പെടുത്തി. തന്നെ സഹായിക്കുന്നവർക്കു നേരെയുള്ള ശാരീരികവും മാനസികവുമായ കടന്നാക്രമണങ്ങൾ ദേവയാനിയി ലുണ്ടാക്കിയ മാനസികസംഘർഷമാണ് അക്കാലത്ത് ആലപ്പുഴയ്ക്ക് തിരിച്ചു പോകാൻ അവരെ പ്രേരിപ്പിച്ചത്.

എം.എസ്.പിക്കാരുടെ പീഡനങ്ങൾ ഏറ്റുവാങ്ങിയ മറ്റൊരു സ്ത്രീ കുന്നുമ്മൽ ശ്രീദേവിയായിരുന്നു. അവർ കരിവെള്ളൂർ സമരത്തിലെ നേതാവ്

പയങ്ങപ്പാടൻ കുഞ്ഞിരാമന്റെ ഭാര്യയായിരുന്നു. എം.എസ്.പിക്കാർക്ക് കുഞ്ഞിരാമനെക്കുറിച്ചുള്ള വിവരങ്ങൾ നൽകാത്തതിനെ തുടർന്ന് ഭീകര മർദ്ദനത്തിനിരയാവേണ്ടിവന്നിട്ടുണ്ട്. സ്ത്രീകൾക്കു നേരെയുള്ള മറ്റൊരു ഭീഷണി കമ്മ്യൂണിസ്റ്റുകാരുടെ വിവാഹബന്ധം ഒഴിവാക്കി എം.എസ്.പിക്കാരെ വിവാഹം ചെയ്യുക എന്നതായിരുന്നു. കുന്നുമ്മൽ ശ്രീദേവിയെ എം.എസ്.പി.ക്കാരൻ പുടവകൊടുത്ത് ഭാര്യയാക്കാൻ ശ്രമിച്ചു. എന്നാൽ അവർ അതിനെ ശക്തമായി നേരിട്ടു.[66]

അറിയപ്പെടാത്ത ധാരാളം സ്ത്രീകൾ സമരത്തിന്റെ ഭാഗമായിട്ടുണ്ട്. കുണിയൻ പുഴക്കരയിൽ വെടിവെയ്പ്പ് സമയത്ത് ശബ്ദംകേട്ട് ഓടിക്കൂടിയവരുടെ കൂട്ടത്തിൽ സ്ത്രീകളും ഉണ്ടായിരുന്നു. കൈയ്യിൽ ചിറാക്കത്തി ( അരിവാൾ) ഏന്തി വന്നവരായിരുന്നു പലരും. അവർ സാധാരണ സ്ത്രീകളായിരുന്നു. അതുപോലെ ശക്തമായ മറ്റൊരു സ്ത്രീ സാന്നിധ്യമായിരുന്നു പൊന്നൻ കുമ്പ. അവരാണ് എം.എസ്.പിക്കാർ വന്നിട്ടുണ്ട്, കാര്യസ്ഥന്മാർ നെല്ല് ചീനയിൽ കടത്തിക്കൊണ്ട് പോകുന്നുവെന്ന വിവരം ആദ്യമായി കൃഷ്ണൻ മാസ്റ്ററോട് പറഞ്ഞത്.[67]

ഭരണകൂടത്തിന്റെ അടിച്ചമർത്തലിനെ പ്രതിരോധിക്കാൻ ശ്രമിക്കുകയും അടിച്ചമർത്തൽ നേരിടേണ്ടിവരികയുംചെയ്ത കരിവെള്ളൂരിലെ സ്ത്രീകളിൽ കരിവെള്ളൂർ സമരത്തിന്റെ കരിവെള്ളൂർ വെടിവെയ്പ്പിന്റെ ഓർമ്മ നാടൻ പാട്ടിലൂടെ നിലനിൽക്കുന്നു.

## കുറിപ്പുകൾ

1. ജൂതപട്ടയം
2. ജന്മം എന്നത് ജന്മാവകാശമാണ്. ജന്മിക്ക് ഭൂമിയുടെ മേലുള്ള അവകാശം
3 ലോഗൻ വില്യം – മലബാർ പ്രവിശ്യ – 2008, മാതൃഭൂമി ബുക്സ് 135.
4. പവിത്രൻ.ടി. ഡോ:നായർ ജി.ഡി. (എഡി:) – പയ്യന്നൂർ ഫർക്ക ചരിത്രവും സമൂഹവും – 2007, പുറം 78.
5. ഇ.എം.എസ്. – കേരളം മലയാളികളുടെ മാതൃഭൂമി – 2009, ചിന്താ പബ്ലിഷേർസ് – പുറം 46.
6. പവിത്രൻ.ടി.ഡോ:, നായർ ജി.ഡി. (എഡി:) – പയ്യന്നൂർ ഫർക്ക ചരിത്രവും സമൂഹവും – പുറം 200
7. ഗ്രാംഷി അന്തോണിയോ – ജയിൽക്കുറിപ്പുകൾ – 2010, മൈത്രി ബുക്സ് തിരുവനന്തപുരം.
8. മുരളി കരിവെള്ളൂർ – ചരിത്രം സമരം ജീവിതം – 2013, ഡിസംബർ ബുക്സ്– പയ്യന്നൂർ, പുറം 61.
9. ബാലകൃഷ്ണൻ.കെ. – ഏഴിമല, കണ്ണൂരിന്റെ സമകാലിക ചരിത്രവും പുരാവൃത്തവും – 2007, മാതൃഭൂമി ബുക്സ്.
10. അതേ കൃതി, അതേ പുറം.
11. മുരളി കരിവെള്ളൂർ – ചരിത്രം സമരം ജീവിതം – 2013, പുറം 62.
12. ഗോപാലൻ കുട്ടി കെ ഡോ. – മലബാറിലെ ദേശിയ പ്രസ്ഥാനം, മലബാർ പൈതൃകവും പ്രതാപവും – 2014, മാതൃഭൂമി ബുക്സ് പുറം 213.
13. അതേ കൃതി, അതേ പുറം.
14. മുരളി കരിവെള്ളൂർ – കരിവെള്ളൂർ ചരിത്രം സമരം ജീവിതം – 2013, പുറം77
15. പവിത്രൻ .ടി .ഡോ: നായർ ജി.ഡി . (എഡി:) – പയ്യന്നൂർ ചരിത്രവും സമൂഹവും – 2007, പുറം 206.

16. കരിവെള്ളൂരിന്റെ ഇന്നലെകൾ - കരിവെള്ളൂർ പെരളം പഞ്ചായത്ത് - 2010, പുറം 206

17. കുറുപ്പ് എം.എൻ. - എ.വി. കുഞ്ഞമ്പു (ജീവചരിത്രം) - വിദ്യാർത്ഥി മിത്രം - 1981, പുറം 37.

18. അതേ കൃതി, അതേ പുറം.

19. അതേ കൃതി, അതേ പുറം.

20. കുഞ്ഞിരാമൻ പാവൂർ (85) ചീറ്റ പെരളം കരിവെള്ളൂർ.

21. പരിയാരത്ത് പയ്യാടക്കത്ത് കൃഷ്ണൻ നായർ (89) കരിവെള്ളൂർ.

22. കരിവെള്ളൂരിന്റെ ഇന്നലെകൾ - കരിവെള്ളൂർ പെരളം പഞ്ചായത്ത് - 2010, പുറം 33.

23. കുഞ്ഞിരാമൻ പയ്യന്നൂർ - എ.വി. കുഞ്ഞമ്പു - ചിന്ത പബ്ലിഷേഴ്സ് തിരുവനന്തപുരം.

24. കുഞ്ഞിരാമൻ പാവൂർ (85) ചീറ്റ പെരളം കരിവെള്ളൂർ.

25. കാർത്ത്യായനിക്കുട്ടിയമ്മ - തിരുമുമ്പിനൊപ്പം - 2006, പുറം 93,

26. അതേ കൃതി, അതേ പുറം.

27. മുരളി കരിവെള്ളൂർ - കരിവെള്ളൂർ ചരിത്രം സമരം ജീവിതം - 2013, പുറം 106.

28. അതേ കൃതി, അതേ പുറം.

29. ജാനകിപയങ്ങപ്പാടൻ (82) കരിവെള്ളൂർ

30. തമ്പായി കുഞ്ഞുവീട്ടിൽ (84) തോട്ടിച്ചാൽ കരിവെള്ളൂർ

31. കാർത്ത്യായനിക്കുട്ടിയമ്മ. തിരുമുമ്പിനൊപ്പം, 2006. ചിന്തപബ്ലിഷേഴ്സ് പുറം 104.

32 തമ്പായി കുഞ്ഞുവീട്ടിൽ (84) തോട്ടിച്ചാൽ കരിവെള്ളൂർ

33. ജാനകി പയങ്ങപ്പാടൻ (82) കരിവെള്ളൂർ

34. മുരളി കരിവെള്ളൂർ - കരിവെള്ളൂർ ചരിത്രം സമരം ജീവിതം - പുറം 107.

35. Ibid പുറം 108

36 പ്രഭാതം 1939 ജനുവരി 23

37. എടക്കേച്ചി കല്യാണി. പാലക്കുന്ന് കരിവെള്ളൂർ

38. പരിയാരത്ത് പയ്യാടക്കത്ത് കൃഷ്ണൻ നായർ (89) കരിവെള്ളൂർ

39. ഭാസ്ക്കരൻ സി. – കമ്മ്യുണിസ്റ്റ് പ്രസ്ഥാനം ഇന്ത്യയിൽ – 2014. ചിന്ത പബ്ലിഷേഴ്സ്, പുറം 17

40. ജയരാജൻ.പി. (എഡി:) കണ്ണൂർജില്ല കമ്മ്യുണിസ്റ്റ് പാർട്ടി ചരിത്രം. പാട്യം ഗോപാലൻ സ്മാരക പഠന ഗവേഷണകേന്ദ്രം കണ്ണൂർ 2011 പുറം 361

41. ജാനകി പയങ്ങപ്പാടൻ (82) കരിവെള്ളൂർ

42. കരിവെള്ളൂരിന്റെ ഇന്നലെകൾ – കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് 2010 പുറം33

43. കുഞ്ഞിരാമൻ പാവൂർ (85) ചീറ്റ പെരളം കരിവെള്ളൂർ

44. മുരളി കരിവെള്ളൂർ കരിവെള്ളൂർചരിത്രം സമരം ജീവിതം 2013 പുറം 179

45. ഭാസ്ക്കരൻ. സി. – കമ്മ്യുണിസ്റ്റ് പ്രസ്ഥാനം കേരളത്തിൽ ചിന്ത പബ്ലിഷേഴ്സ്, പുറം 42.

46 അതേ കൃതി, അതേ പുറം.

47. അതേ കൃതി, അതേ പുറം.

48. പരിയാരത്ത് പയ്യാടക്കത്ത് കൃഷ്ണൻ നായര് (89) കരിവെള്ളൂർ

49. ഏ.കെ.ജി. – മണ്ണിന് വേണ്ടി – 2005, ചിന്തപബ്ലിഷേഴ്സ് പുറം 20

50. കരിമ്പിൽ അപ്പുക്കുട്ടൻ (85) പലിയേരി കൊവ്വൽ കരിവെള്ളൂർ

51. തേത്രവൻ കുഞ്ഞിരാമൻ (82) കരിവെള്ളൂർ

52. ജാനകി പയങ്ങപ്പാടൻ (82) കരിവെള്ളൂർ

53. കുഞ്ഞിരാമൻ പാവൂർ (85) ചീറ്റ പെരളം കരിവെള്ളൂർ

54. കരിവെള്ളൂരിന്റെ ഇന്നലെകൾ – കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് 2010, പുറം. 48

55. കുഞ്ഞമ്പു എ.വി. – കയ്യൂരും കരിവെള്ളൂരും – ഡിസംബർ ബുക്സ്, പയ്യന്നൂർ, 2013, പുറം 27.

56 ഏ.കെ.ജി. – മണ്ണിന് വേണ്ടി – 2005, ചിന്തപബ്ലിഷേഴ്സ്, പുറം 20.

57. എ.കെ. ജി. കരിവെള്ളൂരിൽ നടന്നത് – കരിവെള്ളൂർ സമരം 60–ാം വാർഷിക സ്മരണിക. 2006, പുറം 133.

58. മുരളി കരിവെള്ളൂർ – കരിവെള്ളൂർചരിത്രം സമരം ജീവിതം – 2013, പുറം 179.

59. കൃഷ്ണൻ നായർ പരിയാരത്ത് പയ്യാടക്കത്ത് (89)

60. മാണിക്യം കൊല്ലച്ചാൻ (84) ഓണക്കുന്ന്.

61. തമ്പായി കുഞ്ഞുവീട്ടിൽ (84) തോട്ടിച്ചാൽ കരിവെള്ളൂർ

62 കൊല്ലച്ചാൻ മാണിക്യം (84) ഓണക്കുന്ന്

63. ജാനകി പയങ്ങപ്പാടൻ (82) കരിവെള്ളൂർ.

64. തേത്രവൻ കുഞ്ഞിരാമൻ (82) കരിവെള്ളൂർ.

64. ദേവയാനി.കെ. – ചോരയും കണ്ണീരും നനഞ്ഞ വഴികൾ – 2010, സമത

65. മുരളി കരിവെള്ളൂർ – കരിവെള്ളൂർചരിത്രം സമരം ജീവിതം – 2013, പുറം

66. അനിൽകുമാർ. എ.വി. – ചരിത്രത്തിന്റെ പെൺകാവൽക്കാർ, കരിവെള്ളൂർ സമരം 60–ാം വാർഷിക സ്മരണിക, പുറം 74.

67. മാണിക്യം കൊല്ലച്ചാൻ.

# അധ്യായം – 4

# ആധുനികത

## 4.0 ആധുനികത കരിവെള്ളൂരിൽ

കരിവെള്ളൂരിലെ സമൂഹം നാടുവാഴിത്തകാല ജീവിതാവസ്ഥയിൽ നിന്ന് ആധുനിക-ആധുനികാനന്തരസമൂഹമായി മാറിവന്നതിനിടയാക്കിയ കാരണങ്ങൾ എന്തൊക്കെയാണ് എന്ന അന്വേഷണമാണ് അഞ്ചാമധ്യായത്തിൽ ചർച്ച ചെയ്യുന്നത്. കരിവെള്ളൂരിലെ നാടുവാഴിത്തസമൂഹം ഭൂമിശാസ്ത്രപരവും സാമൂഹികവുമായ പ്രത്യേകത കൊണ്ട് ജാതി-ജന്മി-നാടുവാഴിത്തസമൂഹമായി നിലനിന്നു.[1] ഭൂമി ശാസ്ത്ര പരമായി നീരൊഴുക്കും കാർഷിക പ്രാധാന്യവുമുള്ള പ്രദേശ[2]മായതു കൊണ്ട് ധാരാളം ജനസഞ്ചയങ്ങൾ ഇവിടേക്ക് കടന്നുവന്നിട്ടുണ്ട്. ജൈന[3] -ബൗദ്ധർ[4], ബ്രാഹ്മണർ[5] തുടങ്ങിയവരെല്ലാം കടന്നുവരികയും ഇവിടെ അവരുടേതായ ചരിത്രപരത അടയാളപ്പെടുത്തുകയും ചെയ്തു. കാലക്രമേണ ജാതി-ജന്മി-നാടുവാഴിത്തത്തിലേക്ക് കേരളീയസമൂഹം മാറിവന്നപ്പോൾ[6] അതിന്റെ ഭാഗമായി കരിവെള്ളൂരിലും മാറ്റങ്ങൾ സംഭവിച്ചു. നാടുവാഴിത്തത്തിലെ കീഴാള സമൂഹത്തെ ചൂഷണം ചെയ്തുകൊണ്ട് സവർണ്ണ ജന്മിവിഭാഗം കൂടുതൽ സമ്പത്ത് കയ്യടക്കി. നൂറ്റാണ്ടുകളോളം നിലനിന്ന ജാതിവ്യവസ്ഥയിലെ ഈ ചൂഷണാവസ്ഥ, ജാതി അടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജന ത്തിലൂടെ മറ്റു തൊഴിൽ ചെയ്യുന്നതിൽനിന്നും സമൂഹത്തെ വിലക്കി.[7] ജാതിവ്യവസ്ഥയിലെ ഈ ചൂഷണാവസ്ഥനൂറ്റാണ്ടുകളോളം നിലനിന്നു. ഈ സാമൂഹ്യസാഹചര്യത്തി ലേക്കാണ് ആധുനികത (modernity) കടന്നുവന്നത്.

**4.1. ആധുനികത**

ആധുനികത എന്ന പദം ഒരേസമയം രണ്ട് അർത്ഥങ്ങൾ ഉൾക്കൊള്ളുന്നു. ആധുനികത എന്നത് ഒരു ചരിത്രഘട്ടത്തെ കുറിക്കുന്നതോടൊപ്പംതന്നെ അത് സാമൂഹിക സാംസ്ക്കാരിക രംഗത്ത് വന്ന മാറ്റത്തെക്കൂടി പ്രതിനിധാനം ചെയ്യുന്നു.[8]

മിഷേൽഫൂക്കോ എന്ന ചിന്തകൻ ആധുനികതയെ വിലയിരുത്തുന്നത് ഇങ്ങനെയാണ് ആധുനികത ഫ്യൂഡലിസത്തിൽനിന്നും മുതലാളിത്തത്തിലേക്കും വിപണികേന്ദ്രിത വ്യവസ്ഥയിലേക്കുമുള്ള മാറ്റമാണ്. ഇത് പാരമ്പര്യത്തെ ചോദ്യം ചെയ്യുകയോ നിരസിക്കുകയോ ചെയ്തുകൊണ്ട് വ്യക്തിക്ക് പ്രാധാന്യം കൽപിക്കുന്നു. സാമ്പ്രദായികജ്ഞാനവ്യവസ്ഥയെ ചോദ്യം ചെയ്യുന്നതോടൊപ്പം സാമൂഹിക ശാസ്ത്രസാങ്കേതികവീജ്ഞാനത്തിലൂന്നിയ യുക്തിവാദത്തിന് പ്രാധാന്യം നൽകുന്നു. യുക്തിവാദം നാഗരികത ദേശീയത പങ്കാളിത്തജനാധിപത്യം പൊതുവിദ്യാഭ്യാസം തുടങ്ങിയ വ്യവഹാരരൂപങ്ങൾ ഉയർന്നുവന്നത് ആധുനികതയുടെ പരിണിതഫലമാണ്.[9]

ഫ്യൂഡൽ സമൂഹത്തിന്റെ മാറ്റത്തെ കുറിക്കാനാണ് ഞാൻ ആധുനികത എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. കരിവെള്ളൂരിലെ സമൂഹത്തിൽ ഫ്യൂഡൽ ജീവിത രീതിയിൽനിന്നും മിഷേൽ ഫൂക്കോ വിലയിരുത്തുന്ന തരത്തിലുള്ള 'ആധുനിക സമൂഹത്തിന്റെ' രൂപീകരണത്തിന് കാരണമായ ഘടകങ്ങൾ പരിശോധിക്കുകയാണ് ഈ അധ്യായത്തിൽ. ബ്രിട്ടീഷ് ആധിപത്യത്തിനുശേഷം ഉയർന്നുവന്ന ദേശിയതാ ബോധം രാഷ്ട്രമെന്ന സങ്കല്പത്തിലേക്ക് നയിക്കുകയും 1947–ൽ ഭാരതം എന്ന ദേശസങ്കല്പം യാഥാർത്ഥ്യമാവുകയും ചെയ്തു. ദേശിയതാ ബോധവും ദേശസങ്കല്പങ്ങളും കരിവെള്ളൂരിൽ എങ്ങനെ പ്രതിഫലിച്ചു എന്ന അന്വേഷണവും ഈ അധ്യായത്തിൽ നടത്തുന്നു.

ജാത്യാതീതസമൂഹത്തിൻെറ രൂപീകരണത്തിൽ സംഘടനകൾ ബോധ പൂർവ്വമായ ഇടപെടലുകളാണ് നടത്തിയത്. എന്നാൽ അവയോടൊപ്പം വളർന്നു വന്ന ആധുനീകതയുടെ ഭൗതികപരിസ്ഥിതിയും സാമൂഹ്യമാറ്റത്തിൽ ശക്തമായ സ്വാധീനം ചെലുത്തി. തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിലുണ്ടായ വളർച്ചയും ഫ്യൂഡൽ സമൂഹത്തെ മാറ്റുന്നതിൽ സ്വാധീനിച്ചു.

### 4.1.1 ജാതീയതയ്ക്കും ജന്മിത്തത്തിനുമെതിരെയുള്ള ബോധപൂർവ്വമായ ഇടപെടലുകൾ

ആയിരത്തിത്തൊള്ളായിരത്തി മുപ്പതുകൾതൊട്ട്തന്നെ കരിവെള്ളൂരിൽ ജാതീയതയ്ക്ക് ജന്മിത്തത്തിനുമെതിരായ പ്രതിഷേധങ്ങളുയർന്നുവരികയുണ്ടായി. 1934 കരി വെള്ളൂരിൽ ഏ.വി.കുഞ്ഞമ്പുവിന്റെ നേതൃത്വത്തിൽ രൂപീകരിച്ച അഭിനവഭാരത യുവക് സംഘം[10] എന്ന സംഘടന ജാതിക്കും, മതത്തിനും എതിരായ കൂട്ടായ്മയാണ്. കാവുകളിലും മറ്റു ദേവസ്ഥാനങ്ങളിലും ജാതിയുടെ ചിഹ്നങ്ങൾ നിലനിർത്തി ക്കൊണ്ടുള്ള കൂട്ടായ്മയാണ് നിലനിന്നത്. ഇവിടെ ഓരോ ജാതിക്കാർക്കും നിൽക്കാൻ പ്രത്യേക സ്ഥാനങ്ങൾ കല്പിച്ചിട്ടുണ്ട്. മേൽ-കീഴ് ശ്രേണിബന്ധജാതിക്കകത്ത് ഓരോ ജാതിക്കാർക്കും നിർദ്ദേശിച്ച അതിർവരമ്പു കൾക്ക് പുറത്ത് കടക്കാൻ സാധിച്ചിരുന്നില്ല. കരിവെള്ളൂരിലെ എല്ലാ ദേവസ്ഥാനങ്ങളിലും ഇത് അതേപോലെതന്നെ നിലനിന്നുവന്ന കാലത്താണ് ജാത്യാതീത കൂട്ടായ്മ എന്നനിലയിൽ അഭിനവഭാരത യുവക്സംഘം വളർന്നുവന്നത്. ദേശിയ സാഹചര്യത്തിന്റെ പശ്ചാത്തലത്തിൽ രൂപം കൊണ്ടതാ ണെങ്കിലും അഭിനവഭാരത യുവക്സംഘം കരിവെള്ളൂരിൽ ജാത്യാതീത സമൂഹ ത്തിന്റെ രൂപീകരണത്തിൽ വലിയ പങ്കുവഹിച്ചു.[11] വർഷം തോറും സമ്മേളനങ്ങൾ വിളിച്ചുകൂട്ടിയതും പന്തിഭോജനംപോലുള്ള ജാതിക്കെതിരായ പ്രതിഷധങ്ങൾ ഉയർത്തിക്കൊണ്ടുവന്നതും ഇതിന് സഹായകമായി.[12]

അഭിനവഭാരതയുവക്സംഘത്തിന്റെ രൂപീകരണത്തിനു മുൻപേതന്നെ (1931-ൽ) ഇവിടെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഘടകം പ്രവർത്തിച്ചു വന്നിരു ന്നുവെങ്കിലും ജാതിയ്ക്കെതിരായ കൂട്ടായ്മ വളർത്തുന്നതിൽ ഇവയ്ക്ക് വേണ്ടത്ര ഇടപെടലുകൾ നടത്താൻ സാധിച്ചിരുന്നില്ല.[13]

**4.1.2 ഭൗതികപരിസ്ഥിതിയിൽ വന്ന മാറ്റം**

കരിവെള്ളൂരിന്റെ സാമൂഹ്യമാറ്റത്തിനിടയാക്കിയ പ്രധാനഘടകം ഭൗതിക പരിസ്ഥിതിയിൽവന്ന മാറ്റങ്ങളാണ്. ജാതിഭേദമില്ലാത്ത തൊഴിലുകളുടെ കടന്നുവരവ്, വിദ്യാഭ്യാസരംഗത്തുണ്ടായ മാറ്റങ്ങൾ, കലാസാംസ്കാരികരംഗ ത്തുണ്ടായ മാറ്റങ്ങൾ എന്നിവയെല്ലാം കരിവെള്ളൂരിന്റെ സാമൂഹ്യജീവിതത്തെ മാറ്റിത്തീർക്കുന്നതിൽ മുഖ്യ പങ്കുവഹിച്ചു.

**4.1.2.1.തൊഴിൽ**

തൊഴിൽരംഗത്ത് ജാതിഭേദമില്ലാത്ത കൂട്ടായ്മകൾ ഇരുപതാം നൂറ്റാണ്ടി ന്റെ പകുതിയോടെയാണ് കരിവെള്ളൂരിൽ വളർന്നുവരുന്നത്. ബീഡി, നെയ്ത്ത് എന്നിവ ഇതിൽ പ്രധാനമാണ്.[14] കാർഷികരംഗത്തും സമാനമായ മാറ്റങ്ങൾ കാണുന്നുണ്ട്.

**4.1.2.1.1. നെയ്ത്ത്**

നൂൽനൂൽപ്പും തുണിനെയ്ത്തും തൊഴിലാക്കിയ സമുദായമാണ് പത്മശാലിയർ ഇവരുടെ ഒരു പ്രധാന തെരുവാണ് കരിവെള്ളൂർ തെരു. ഇവർ ഇവിടെ പരമ്പരാഗതമായി നെയ്ത്ത് തൊഴിൽ ചെയ്തു വരുന്നു. എന്നാൽ ദേശിയപ്രസ്ഥാനത്തിന്റെ ഭാഗമായി നൂൽനൂൽപ്പിനും ഖാദിക്കും പ്രചാര മേറുകയും ധാരാളമാളുകൾ ഈ രംഗത്തേക്ക് കടന്നുവരികയും ചെയ്തു. ഇതേ സാഹചര്യത്തിൽ കരിവെള്ളൂരിലും ഖാദിക്ക് പ്രചാരണമുണ്ടായി. ധാരാള മാളുകൾ ഈ രംഗത്തേക്ക് കടന്നുവന്നു. കൂക്കാനത്ത് രണ്ടും, വടക്കുമ്പാട്

ഒന്നും സൊസൈറ്റികൾ കരിവെള്ളൂരിൽ ഉണ്ട്. സ്ത്രീകളാണ് ഈ തൊഴിൽ രംഗത്തേക്ക് കൂടുതലായി കടന്നുവന്നത്. കരിവെള്ളൂരിലെ പൊതു സമൂഹത്തിൽ ബീഡിക്ക് കിട്ടിയ സ്വാധീനം ഖാദിക്ക് കിട്ടിയിട്ടില്ല. തൊഴിൽ ശാലകളിലും അല്ലാതെ വീട്ടിലിരുന്നു കൊണ്ടും ബീഡിപ്പണി ചെയ്തുവന്നപ്പോൾ ഖാദിയിൽ കരിവെള്ളൂർ തെരുവിലും പരിസരങ്ങളിലുമാണ് കൂടുതലാളുകൾ പങ്കാളികളായത്. തെരുവിന് പുറമെ നെയ്ത്താലകൾ വച്ചുകൊണ്ടുള്ള നെയ്ത്ത് വിരലിലെണ്ണാവുന്ന വയേയുണ്ടായിരുന്നുള്ളൂ.[15]

#### 4.1.2.1.2 ബീഡി

നാടുവാഴിത്തകാലത്തെ സമൂഹം ഓരോ ജാതിക്കും നിർദ്ദിഷ്ട തൊഴിൽ നിർദ്ദേശിക്കുന്നു. ജാതിപ്പണി ചെയ്തുവന്ന സമൂഹത്തിൽ എല്ലാ ജാതിക്കാർക്കും ചെയ്യാവുന്ന തൊഴിൽ എന്ന നിലയിൽ ബീഡിപോലുള്ള സംരംഭങ്ങൾ കടന്നു വന്നു. ബീഡിക്കമ്പനികൾ-തൊഴിൽശാലകൾ-കരിവെള്ളൂരിൽ ഉയർന്നുവന്നു. കരിവെള്ളൂരിലെ ജാത്യാതീത കൂട്ടായ്മയുടെ കടന്നുവരവിൽ ബീഡിക്കമ്പനി കൾക്ക് വളരെ പ്രാധാന്യമുണ്ട്. 1950-കൾ തൊട്ടുതന്നെ കരിവെള്ളൂരിൽ ആളുകൾ ബീഡിതെറുപ്പ് തൊഴിലായി സ്വീകരിച്ചുവന്നിരുന്നു.[16] ആദ്യകാലത്ത് വീടുകൾ കേന്ദ്രീകരിച്ച് ആളുകൾ കൂട്ടമായി ബീഡിപ്പണി ചെയ്തുവന്നു. ബീഡി തെറുപ്പ് പരിശീലിച്ചവർക്ക് കൂട്ടായി കെട്ടാനുള്ള നൂൽ വൃത്തിയാക്കാനും, ബീഡിക്ക് നൂൽ കെട്ടാനുമായി ആളുകളെ കൂടെക്കൂട്ടിത്തുടങ്ങി.[17] ഇലമുറിക്കൽ, ഇല വെള്ളം നനച്ച്കുതിർക്കാനിടൽ, കുതിർത്ത ഇലയിൽ പുകയില നിറക്കൽ അത് ബീഡിയായി ചുരുട്ടിയെടുക്കൽ അത് നൂൽകൊണ്ട് കെട്ടിയെടുക്കൽ എന്നിവ യാണ് ബീഡിപ്പണിയുടെ വിവിധ ഘട്ടങ്ങളാണ്.[18] നിർദ്ദിഷ്ട ബോർഡിന്റെ വലിപ്പ ത്തിൽ ഇല വെട്ടിയെടുക്കൽ ശ്രമകരമായ ജോലിയാണ്. ഇലയുടെ കട്ടികുറഞ്ഞ ഭാഗം നോക്കി കൂടുതൽ എണ്ണം കിട്ടുംവിധം വെട്ടിയെടുക്കണം. മുറിച്ചെടുത്ത ഇല വെള്ളം നനച്ച് കുതിർത്ത് പൊടിഞ്ഞു പോകാതെ കൈകാര്യം ചെയ്യണം.

ഇങ്ങനെയുള്ള പണികളെല്ലാം വിവിധജാതിവിഭാഗക്കാർ കൂട്ടമായി പരിശീലിച്ചു.[19] ഇത് ജാത്യാതീത കൂട്ടായ്മയുടെ നിർമ്മിതിക്ക് കാരണമായി.

മറുനാടൻ ബീഡിക്കമ്പനികൾ ആയിരുന്നു ആദ്യകാലത്ത് ഇലയും പുകയിലയും മറ്റ് അവശ്യസാധനങ്ങളും ഇവിടെ എത്തിച്ചത്. ജനത, എ.ജി, ടി.വി.കെ, പി.വി.കെ. തുടങ്ങിയ കമ്പനികളായിരുന്നു ആയിരത്തി തൊള്ളായിരത്തി അമ്പതു കളിൽ ഇവിടെ ബീഡി എന്ന തൊഴിൽ തുടങ്ങിവച്ചത്.[20] ധാരാളമാളുകൾ ഈ തൊഴിൽ സ്വീകരിച്ചു. ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകൾ ലംഘിച്ചുകൊണ്ട് ആളുകൾ ഈ തൊഴിൽ രംഗത്തേക്ക് കടന്നുവന്നു. കരിവെള്ളൂരിൽ ആദ്യമായി ബീഡിത്തൊഴിൽ രംഗത്തേക്ക് കടന്നു വന്നവർ പിന്നീട് ബീഡിത്തൊഴിലാളി യൂണിയന് രൂപംകൊടുത്തു. എം.ടി.പി മുഹമ്മദ് സെക്രട്ടറി യായും പി.വി. കൃഷ്ണൻ പ്രസിഡണ്ടുമായി കരിവെള്ളൂരിൽ ബീഡിത്തൊഴിലാളി യൂണിയൻ നിലവിൽവന്നു.[21] ഇത് ചിറക്കൽ താലൂക്ക് യൂണിയന്റെ കരിവെള്ളൂർ ഘടകമായിരുന്നു.

കരിവെള്ളൂരിൽ ബീഡിപ്പിണിക്കായി ഒരു തൊഴിൽശാല 1956ലാണ് നിലവിൽവന്നത്[22] സാധുബീഡിയുടെ ഒരു ബ്രാഞ്ചായിരുന്നു അത്. പിന്നീട് കൂടുതൽ തൊഴിൽ ശാലകൾ വന്നു. പിന്നീടാണ് ദിനേശ് ബീഡിയുടെ ഘടകം കരിവെള്ളൂരിൽ വന്നത്. ഇതിനുമുമ്പേ തന്നെ മംഗലാപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഗണേഷ്, ഭാരത്, പി.വി.എസ് തുടങ്ങിയ കമ്പികളിൽ ധാരാളമാളുകൾ ഈ തൊഴിൽ ചെയ്തു വന്നു. എന്നാൽ പുകവലി നിരോധനം പുകവലിക്കെതിരായ അവബോധം, തുടങ്ങിയ കാരണങ്ങളാൽ ബീഡി വ്യവസായത്തിന് പ്രചാരം കുറഞ്ഞു. ആളുകൾ ബീഡിപ്പണി ഉപേക്ഷിച്ച് മറ്റ് പണികൾ സ്വീകരിച്ചു. രണ്ടായിരത്തിനുശേഷം കരിവെള്ളൂരിലെ സാധുബീഡി ബ്രാഞ്ചുകൾ പൂട്ടി. പുതിയ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരാതായി. എങ്കിലും കരിവെള്ളൂരിലെ സാമൂഹിക മുന്നേറ്റത്തിൽ മുഖ്യപങ്കു വഹിച്ചിട്ടുണ്ട്

ബീഡിക്കമ്പനികൾ. ബീഡിപ്പണിക്കായി കമ്പനികൾ അഥവാ തൊഴിൽ ശാലകൾ വന്നതോടുകൂടി ജാതിവ്യവസ്ഥയുടെ കെട്ടുപാടുകൾ ചോദ്യംചെയ്യപ്പെട്ടു.

#### 4.1.2.1.3. കൃഷി

ബീഡിതെറുപ്പ് തൊഴിലായി സ്വീകരിച്ചുവന്ന വലിയൊരു ജനവിഭാഗമുണ്ടായിരുന്നു. എന്നാൽ അതിനുപുറമെയുള്ള ജനങ്ങൾ പ്രധാനമായും സ്വീകരിച്ച തൊഴിൽ കൃഷിപ്പണിയായിരുന്നു. നാടൻപാട്ടുകൾ, തോറ്റം പാട്ടുകൾ, തുടങ്ങിയ നാടോടി സാഹിത്യത്തിൽ കൃഷിപ്പണി ചെയ്തു വരുന്നത് പുലയരാണ്.[23] കരിവെള്ളൂരിലെ നാടൻപാട്ടുകളിലും കൃഷിപ്പണിക്കാർ പുലയർതന്നെയാണ്. കന്ന്പൂട്ടൽ (ഉഴൽ) തുടങ്ങിയ ആണുങ്ങൾ ചെയ്യുന്ന പണിക നായന്മാരെയാണ് കാണുന്നത്. കാലി പൂട്ടൽ (ഉഴൽ), മണ്ണൊരുക്കൽ, വിത്തിടൽ എന്നിവ വയലിൽ ആണുങ്ങൾ ചെയ്യുന്ന പണികളാണ്. കളപറിക്കൽ, ഞാറ് പറിക്കൽ, ഞാറ് നടീൽ, മൂർച്ച (കൊയ്ത്ത്) എന്നീ പണികൾ സ്ത്രീകൾ ചെയ്യുന്നു. ആയിരത്തി തൊള്ളായിരത്തി അമ്പതുകൾതൊട്ട് വയലിൽ പല ജാതിയിൽപ്പെട്ട സ്ത്രീകൾ ഒരുമിച്ച്ചേർന്ന് പണിയെടുത്തു തുടങ്ങി.[24] ആളുകൾ കുലത്തൊഴിലുകൾ ഉപേക്ഷിച്ചുകൊണ്ട് പൊതുഇടങ്ങളിലേക്ക് ഇറങ്ങിവന്ന കാലം ആയിരത്തി തൊള്ളായിരത്തി അമ്പതുകളാണ്.

പൊതുഇടങ്ങൾ എന്ന ഭൗതികരൂപം ഉയർന്നുവന്നു എങ്കിലും ഇത്തരം പൊതുഇടങ്ങളിലും ജാതി ആചാരങ്ങൾ അനുഷ്ഠിച്ചുവന്നു. ഓരോ ജാതിക്കാരെയും അഭിസംബോധന ചെയ്യാൻ വിളിക്കുന്ന പദങ്ങൾ ചേർത്തു കൊണ്ടു തന്നെ പരസ്പരം സംസാരിച്ചുവന്നു. ഭാഷയിലുള്ള കീഴാള- മേലാള ബോധം ഭാഷയിൽ നിലനിന്നു. ഇത് ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യം വരെയും ഇവിടെ പഴയ തലമുറയിൽ തുടർന്നു. നമ്പ്യാന്മാരായ പുരുഷന്മാരെ തീയ്യർ, വണ്ണാന്മാർ, മലയർ തുടങ്ങിയവർ വിളിച്ചിരുന്നത് പേരിന്റെ കൂടെ കൈക്കോറ് എന്ന് ചേർത്താണ്. ഉദാ:കോരൻ കൈക്കോറ് - കോരിക്കോറ്. നായന്മാരായ സ്ത്രീകളെ

തീയ്യർ, വണ്ണാന്മാർ, പുലയർ, മലയർ തുടങ്ങിയ സമുദായക്കാർ  അമ്മ തമ്പ്രാക്കളെ (അമ്മമ്മമ്പ്രാക്കളെ) എന്നാണ് അഭിസംബോധന ചെയ്തിരുന്നത്.[25]

ഉയർന്ന ജാതിക്കാരുടെ മുറ്റത്ത് നെല്ല് മെതിക്കാനും ഉണക്കാനുമായി വീടിനോട് ചേർന്ന് കല്ല് കൊണ്ടോ മണൽകൊണ്ടോ ചെറിയ ഉയരത്തിൽ വശങ്ങൾ കെട്ടിയുണ്ടാക്കിയ കളങ്ങൾ ഉണ്ടായിരിക്കും ഈ കളത്തിൽ താഴ്ന്ന ജാതിക്കാർ  കയററുത്. അതിനുമപ്പുറത്ത് വേണം അവരിരിക്കാൻ. പാത്രത്തിൽ ഭക്ഷണം കൊടുത്തിരുന്നില്ല മുറ്റത്തെ വാഴയിൽനിന്നും ഇല കീറി അതിൽ ഭക്ഷണം കൊടുക്കും. അത് ഇരു കൈയ്യും ചേർത്ത് കൈ താഴ്ത്തി തൊടാതെ വേണം[26] വാങ്ങാൻ. ഈ അയിത്താചാരം ആയിരത്തിതൊള്ളായിരത്തി എൺപതു കളോളം നിലനിന്നിരുന്നു. ഉയർന്ന ജാതിക്കാർ കീഴാളരുടെ വീട്ടിൽനിന്ന് ഭക്ഷണം കഴിച്ചിരുന്നില്ല. അയിത്തം കേരളത്തിലാകെ നിലനിന്നിരുന്നു. കരിവെള്ളൂരിൽ നിലനിന്നുവന്ന അയിത്തം ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടുകൂടിയാണ് അവസാനിച്ചത്. എന്നാൽ ജാതീയത-ജാതിബോധം മറ്റു പല തരത്തിലും ഇന്നും സജീവമായി ഇവിടെ നിലനിൽ ക്കുന്നുണ്ട്. ഓരോ ജാതിക്കാരുടെയും ആരാധനാകേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട്  ജാതി നിലനിൽക്കുന്നു.ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറുകൾക്കു ശേഷം ആളുകൾ കാർഷിക രംഗത്തെ പണികൾ ചെയ്യുന്നത് കുറഞ്ഞു. കെട്ടിട നിർമ്മാണ രംഗത്ത് കൂടുതലാളുകൾ തൊഴിൽ കണ്ടെത്തി എല്ലാവരും എല്ലാ പണികളും  ചെയ്തുവന്നുവെങ്കിലും തെയ്യം കെട്ട്, പൂജാദികാര്യങ്ങൾ  തുടങ്ങിയ തൊഴിലുകൾ  അതത് ജാതി സമുദായങ്ങൾ തന്നെപിന്തുടരുന്നു. എന്നാൽ എൺപതുകളിലും  തൊണ്ണൂറു കളിലും പൊതുവേദികളിൽ തെയ്യം അവതരിപ്പിക്കുന്നത് മറ്റ് പല സമുദായ ക്കാരായുന്നു.[27] അനുഷ്ഠാന പ്രാധാന്യത്തോടെയുള്ള  തെയ്യം കെട്ടിയത്[27] അതത് സമുദായക്കാർതന്നെയാണ്.

#### 4.1.2.2. വിദ്യാഭ്യാസം

കരിവെള്ളൂർ കുടിപ്പള്ളിക്കുടങ്ങളെ ആശ്രയിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ രീതി വ്യാപകമായുണ്ടായിരുന്നു. ആളുകളുടെ മനസ്സിൽ ധാരാളം കുടിപ്പള്ളിക്കുട ങ്ങളുടെ ഓർമ്മകളുണ്ട്. ഓണക്കുന്നിൽ കടിഞ്ഞിയിൽ ഗുരുക്കളുടെ നേതൃത്വത്തി ലുള്ള കുടിപ്പള്ളിക്കുടം ധാരാളമാളുകൾക്ക് വിദ്യാഭ്യാസം പകർന്നു കൊടുത്തു. പലിയേരി എഴുത്തച്ഛൻ കരിവെള്ളൂരിന്റെ ആധ്യാത്മിക ഗുരുവായിരുന്നു. ഇദ്ദേഹ ത്തിന്റെ നേതൃത്വത്തിലും കുടിപ്പള്ളിക്കുടവു മുണ്ടായിരുന്നു. കരിവെള്ളൂരിന്റെ പരിസര പ്രദേശങ്ങളായ പെരളം, കൊഴുമ്മൽ, കൊടക്കാട് എന്നീ സ്ഥലങ്ങളിലെല്ലാം കുടിപ്പള്ളിക്കുടങ്ങൾ ഉണ്ടായിരുന്നു.[28] 1884-ൽ കടിഞ്ഞിയിൽ തറവാട്ടുവക വീട്ടുപറമ്പിൽ നാട്ടെഴുത്ത് പള്ളിക്കുടം കടിഞ്ഞിയിൽ കേളു എഴുത്തച്ഛൻ സ്ഥാപിച്ചു. ജാതിമത ഭേദമന്യേ എല്ലാവർക്കും ഗുരുകുലത്തിൽ വിദ്യ അഭ്യസിക്കാൻ അവസര മുണ്ടായിരുന്നു. ഗുരുകുലത്തിന്റെ ഉയർന്ന നിലവാരവും വിജയ ശതമാനവും 1915-ൽ എഴുത്തച്ഛന് മാന്യഗുരു എന്ന ബിരുദം ലഭിക്കുന്നതിന് കാരണമായി. കൂടാതെ കുണിയനിലെ കുടിപ്പള്ളിക്കുടവും പ്രാധാന്യമുള്ളതാണ്. ഇവിടെ തീയ്യസമുദായത്തിന്റെ അധിവാസമായിരുന്നു കൂടുതലുണ്ടായിരുന്നത്. പൂരക്കളിക്കും മറത്തുകളിക്കും പ്രാധാന്യം നൽകി.

സംസ്കൃതപഠനം കാര്യക്ഷമമായി ഇവിടെ നടന്നിരുന്നു. ചൂരിക്കാടൻ ചന്ദ്ര ശേഖരൻ പണിക്കർ, ഈയ്യക്കാട്ട് രാമൻ പണിക്കർ, ചൂരിക്കാടൻ കുഞ്ഞമ്പുപണിക്കർ, കീനേരി കുഞ്ഞമ്പുപണിക്കർ തുടങ്ങിയവർ. ഇവിടെ എഴുത്ത് അഭ്യസിപ്പിച്ചവരാണ് പിൽക്കാലത്ത് (1929) ഇവിടെ ഒരു സംസ്കൃത വിദ്യാലയം ആരംഭിച്ചിരുന്നു.[29]

ഉയർന്ന ജാതിക്കാർക്കുമാത്രം വിദ്യാഭ്യാസം നൽകുകയും കീഴാളർക്ക് വിദ്യാഭ്യാസം നിഷേധിക്കുകയും അവർ വിദ്യാഭ്യാസം നേടിയാൽ ഈയമുരുക്കി ഒഴിക്കുകയും ചെയ്ത ഫ്യൂഡൽ നീതിയല്ല ഈ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

കാണിക്കുന്നത്. ജാതിവ്യവസ്ഥ നിലനിൽക്കെതന്നെ ആവശ്യക്കാർക്ക് വിദ്യ അഭ്യസിപ്പിക്കാൻ അവസരം ലഭിച്ചിരുന്നു എന്നതാണ് തീയ്യർ, വണ്ണാന്മാർ തുടങ്ങിയ ജാതിയിലുൾപ്പെട്ട പഴയ തറവാടുകളിൽ ധാരാളം താലിയോലകൾ കാണുന്നുണ്ട്.[30] അന്നത്തെ ജീവിതത്തിനാവശ്യമായ വൈദ്യം, മന്ത്രവാദം, ജ്യോതിഷം, തുടങ്ങിയ മേഖലകളിലുള്ള താളിയോലകൾ പ്രായേണ ബ്രാഹ്മണേതരരായ ഇത്തരം സമുദായങ്ങളിൽ കാണുന്നു.[31] തിരുവിതാംകൂറിൽ ജാതിക്കെതിരായ പ്രക്ഷോഭങ്ങൾ നാരായണഗുരുവിന്റെയും മറ്റും നേതൃത്വത്തിൽ നടക്കുന്ന കാലത്ത് ഇവിടെ കീഴാള സമുദായക്കാരും വിദ്യ അഭ്യസിച്ചിരുന്നു.[32] രാജഭരണത്തിന്റെ നീതിക്കു പകരം ബ്രിട്ടീ ഷുകാരുടെ ഭരണനീതി ഉത്തര മലബാറിലെ വിദ്യാഭ്യാസ മുന്നേറ്റത്തിന് സഹായകമായി.

**കരവെള്ളർ ഹൈസ്കൂൾ**

തീയ്യർ ബൗദ്ധപാരമ്പര്യം കാത്തുസൂക്ഷിക്കുന്നവരാണ്. വണ്ണാന്മാർ തീയ്യ സമുദായവുമായി ഏറ്റവും അടുത്ത ബന്ധം പുലർത്തുന്നു. രണ്ടു ജാതികൾക്കു വൈദ്യപാരമ്പര്യമുണ്ട്. ഇവരുടെ വിദ്യാപാരമ്പര്യത്തിനും വൈദ്യപാരമ്പര്യ ത്തിനും ഇവിടെ നിലനിന്നിരുന്ന ബുദ്ധമതസ്വാധീനം ഉണ്ടാകാം. ഒരു വാടക ക്കെട്ടിടത്തിലാണ് സ്കൂൾ ആരംഭിച്ചത്. കെടി.എൻ.സുകുമാരൻ പ്രധാന അധ്യാപകനായിരുന്നു.[33] എ.വി. കുഞ്ഞമ്പു വിദ്യാലയം ആരംഭിക്കു ന്നതിനുവേണ്ടി കഠിനമായി പ്രവർത്തിച്ചു. കരിവെള്ളൂരിന്റെ ആധുനികമാറ്റത്തിന് കാരണമായ വ്യക്തിയാണ് അദ്ദേഹം. അതിനാൽ പിന്നീട് ഈ സ്കൂൾ ഏ.വി. സ്മാരക ഗവ: ഹയർ സെക്കന്ററി സ്കൂൾ എന്ന് നാമകരണം ചെയ്തു. മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരമുള്ള വിദ്യാലയമാണിത്.

**സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

കരിവെള്ളൂരിൽ ഹൈസ്ക്കൂൾ വന്നതോടുകൂടി ധാരാളമാളുകൾ വിദ്യാഭ്യാസം നേടി അധ്യാപനരംഗത്തേക്ക് കടന്നുവന്നു 1970ൽ എക്സൽ എന്ന പേരിൽ കരിവെള്ളൂരിൽ ഒരു ട്യൂട്ടോറിയൽ കോളേജ് ആരംഭിച്ചു.[34] തുടർന്ന് നളന്ദ എന്ന പേരിൽ മറ്റൊരു ട്യൂട്ടോറിയൽ കോളേജും ഇവിടെ ആരംഭിച്ചു. വിദ്യാസമ്പന്നരുടെ നേതൃത്വത്തിലുള്ള ട്യൂട്ടോറിയൽ കോളേജുകൾ പ്രദേശത്തെ വിദ്യാർത്ഥികൾക്ക് വിജ്ഞാനം പകരാനും അവർക്ക് വിദ്യാഭ്യാസത്തിലൂടെ ജോലി സമ്പാദിക്കാനും വഴി തെളിയിച്ചു. അക്കാദമി കരിവെള്ളൂരിലെ ഇന്ന് നില നിൽക്കുന്ന ഒരു ട്യൂട്ടോറിയൽ കോളേജാണ് പ്രതിഭ എന്ന പേരിൽ വേറൊരു ട്യൂട്ടോറിയലും ഇവിടെയുണ്ട്. പത്താം ക്ലാസ് വിജയിക്കാത്തവർക്ക് വേണ്ടിയുള്ള ക്ലാസ്, പ്രീഡിഗ്രി, ഡിഗ്രി ക്ലാസ്സുകൾ എന്നിവ ഇവിടെ നടന്നിരുന്നു. ഇപ്പോൾ ഓപ്പൺ പ്ലസ്.ടു, എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകൾക്ക് ട്യൂഷൻ, വിവിധ പരീക്ഷകൾക്കായുള്ള എൻട്രൻസ് പരിശീലനങ്ങൾ, പ്ലസ്ടു റഗുലർ കുട്ടികൾക്കായുള്ള ട്യൂഷൻ തുടങ്ങിയവ ഇവിടെ നടക്കുന്നു. എഴുന്നൂറോളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.[35]

കരിവെള്ളൂരിലെ വിദ്യാഭ്യാസ ചരിത്രത്തിൽ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. മധ്യവർഗ്ഗരോ, പാവപ്പെട്ടവരോ ആയ വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. ഇവിടുത്തെ ജനങ്ങളിൽ അധ്യാപനം പ്രധാന തൊഴിലായി തെരഞ്ഞെടുക്കാൻ പ്രചോദനമായിട്ടുണ്ട് ഈ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

**4.1.2.3. വായനശാലകളും കലാസമിതികളും**

1943 ലാണ് കരിവെള്ളൂരിൽ ഒരു വായനശാല സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചത്. ഇന്നത്തെ ഗവൺമെന്റ് ആശുപത്രി നിൽക്കുന്ന

സ്ഥാനത്തായിരുന്നു അന്ന് വായനശാലയ്ക്ക് കെട്ടിടമൊരുക്കിയത്.[36] എ.വി. കുഞ്ഞമ്പു, കൃഷ്ണൻ മാസ്റ്റർ തുടങ്ങിയവർ വായനശാല നിർമ്മിക്കുന്നതിൽ നേതൃത്വം വഹിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്, കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി, അഭിനവ്ഭാരത് യുവഗ്സംഘം, കർഷകസംഘം, കമ്മ്യൂണിസ്റ്റ് പാർട്ടി എന്നിങ്ങനെ വിവിധ സംഘടനകളിലൂടെ പൊതുകൂട്ടായ്മകൾ വളർന്നുവരുന്ന കാല ഘട്ടമായിരുന്നു അത്. വ്യക്തമായ ആശയദാർഢ്യമുണ്ടെങ്കിലേ പൊതു പ്രവർത്തനം ശക്തമാവൂ എന്ന തിരിച്ചറിവാണ് വായനശാല നിർമ്മാണത്തിലേക്ക് കരിവെള്ളൂരിലെ നേതാക്കളെ നയിച്ചത്. 1958-ലാണ് ഈ കെട്ടിടം ആശുപത്രിക്കായി വിട്ടുകൊടുത്തത്. പിന്നീട് കരിവെള്ളൂരിൽ പഞ്ചായത്ത് ലൈബ്രറി 1953-ൽ സ്ഥാപിതമായി.

1954-ൽ പെരളം വില്ലേജിൽ കൊഴുമ്മലിൽ ഒരു പൊതുജനവായനശാല ഉയർന്നുവന്നു. 962-ൽ പെരളത്ത് കൈരളി വായനശാല സ്ഥാപിച്ചു 1958-ൽ പലിയേരി പൊതുജനവായനാല നിലവിൽവന്നു. 1971-ൽ ചീറ്റ ഗ്രാമീണ വായനശാല, 1975-ൽ ഏവൺ ലൈബ്രറി, 1978ൽ പെരളത്ത് ഏ.കെ.ജി വായനശാല എന്നിവയും നിലവിൽ വന്നു. 1980 ൽ ഏ.വി. സ്മാരകവായനശാല പുത്തൂരും, 1986-ൽ അതേ പേരിൽ മണക്കാട്ടും വായനശാലകൾ നിലവിൽവന്നു. 1985-ൽ യുവശക്തി പുത്തൂർ ഒയോളത്തും വായനശാല ഉയർന്നുവന്നു. കരിവെള്ളൂരിലെ ഏ.കെ.ജി വായനശാല കുണിയനിലെ യുവപ്രതിഭ ഗ്രന്ഥാലയം എന്നിവ ആയിരത്തി തെതൊണ്ണൂറുകളിൽ നിലവിൽ വന്നു.

#### 4.1.2.4. കലാരംഗം

കരിവെള്ളൂരിൽ കലകൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. തെയ്യം കലയുടെ കുലപതിയെന്ന് വിശേഷിപ്പിക്കാവുന്ന മണക്കാടൻ ഗുരുക്കൾ ജീവിച്ചത് കരിവെള്ളൂരിലാണ്. വണ്ണാൻ മലയൻ, പുലയൻ, വേലൻ തുടങ്ങിയ സമുദായക്കാർ കെട്ടിയാടുന്ന നിരവധി തെയ്യങ്ങൾ കരിവെള്ളൂരിലുണ്ട്. കരിവെള്ളൂരിന്റെ മറ്റൊരു

കല പൂരക്കളിയാണ്(അനുബന്ധം ചിത്രം കാണുക). പൂരക്കളിയോടനുബന്ധിച്ചു നടക്കുന്ന വിജ്ഞാനസദസ്സാണ് മറത്തുകളി ചാക്യാർകൂത്ത് കരിവെള്ളൂർ ശിവക്ഷേത്രത്തിൽ നൂറ്റാണ്ടുകളായി നിലനിന്നുവന്ന ഒരു കലാരൂപമാണ് ഓട്ടൻതുള്ളലിനും കരിവെള്ളൂരിൽ പ്രാധാന്യമുണ്ട്.

#### 4.1.2.4.1. .തെയ്യം

നാടുവാഴിത്തകാലത്ത് ജാതികേന്ദ്രിതസമൂഹം ജാത്യാടിസ്ഥാനത്തിൽ കല കൾക്ക് രൂപം കൊടുത്തിട്ടുണ്ട്. നാടുവാഴിത്തകാലത്ത് വളർന്നുവരികയും പിന്നീട് അനുഷ്ഠാനപരമായ പ്രാധാന്യം കൈവരികയും ചെയ്ത ഒരു കലാരൂപമാണ് തെയ്യത്തിന്റെ ചരിത്രത്തിൽ സുപ്രധാന സ്ഥാനമുള്ള പേരാണ് മണക്കാടൻ ഗുരുക്കൾ. ഇദ്ദേഹത്തെകുറിച്ച് മുൻഅധ്യായത്തിൽ ചർച്ചചെയ്തിട്ടുണ്ട്. വണ്ണാൻ, മലയൻ, പുലയൻ തുടങ്ങിയ സമുദായങ്ങൾ തെയ്യം കയ്യാളുന്നവരാണ്. തെയ്യം രൂപപ്പെടു ത്തിയത് മണക്കാടൻ ഗുരുക്കളാണെന്ന് തെയ്യം കൊണ്ടാടുന്നവരുടെ വിശ്വാസം.[37] മണക്കാടൻ ഗുരുക്കൾക്ക് തെയ്യത്തിന്റെ വളർച്ചയിൽ സുപ്രധാന സ്ഥാനമുണ്ടെന്ന ഈ വിശ്വാസവും അതിനെക്കുറിച്ച് ഉയർന്നുവന്ന ഐതിഹ്യ ങ്ങളും തെളിയിക്കുന്നു. ഇരുപതോളം തെയ്യക്കാവുകൾ കരിവെള്ളൂരിലുണ്ട്. ഇവിടെ ഇരുന്നൂറോളം തെയ്യങ്ങൾ കെട്ടിയാടുന്നു. മുച്ചിലോട്ട് ഭഗവതി, കണ്ണങ്ങാട്ട് ഭഗവതി, അങ്കക്കുളങ്ങര ഭഗവതി, വരീക്കരഭഗവതി, വിഷ്ണുമൂർത്തി, രക്തചാമുണ്ഡി, കുണ്ടോറചാമുണ്ഡി തുടങ്ങിയ തെയ്യങ്ങൾ ഉണ്ട്.

#### 4.1.2.4.2. പൂരക്കളി

കരിവെള്ളൂരിലെ അനുഷ്ടാന പ്രാധാന്യമുള്ള ഒരു കലാരൂപമാണ് പൂരക്കളി. കുപ്പം പുഴയ്ക്ക് വടക്ക് നേത്രാവതിപുഴയ്ക്ക് തെക്കുള്ള പ്രദേശങ്ങളിൽ പൂരക്കളി യുണ്ട്. തീയ്യർ, മണിയാണി, മൂവാരി, മൊയോർ (മൊകയർ) എന്നീ വിഭാഗക്കാർക്ക് പൂരക്കളിയുണ്ട്.[38] ഒൻപതുദിവസവും വാണിയർ, മണിയാണിമാർ തുടങ്ങിയവർ അഞ്ചു ദിവസവും പൂരം ആഘോഷിക്കുന്നു. പൂരക്കളിക്ക് തീയ്യന്മാർ

തങ്ങളുടെ കാവുകളിൽ പൂരക്കളി നടത്തുന്നു. തീയ്യസമുദായക്കാർക്ക് പൂരക്കളി പ്രധാനമാണ്.

മീനമാസത്തിൽ കാർത്തിക മുതൽ പൂരംവരെ ഒൻപതു നാളുകളിലാണ് പൂരാഘോഷം. അത്യുത്തരകേരളത്തിലാകെ ആഘോഷിക്കുന്ന ഒരു ആഘോഷമാണിത്. പൂരക്കളി പഠിപ്പിക്കുന്നതും അതിനുനേതൃത്വം വഹിക്കുന്നതും പൂരക്കളി പണി ക്കരാണ്. ഏതു പണിക്കർ ഏതു നാട്ടിൽ കളിക്കണം എന്ന് നേരത്തെ നിശ്ചയിക്കും. അതുപ്രകാരം പണിക്കരെ നിശ്ചയിക്കപ്പെട്ട നാട്ടിലേക്ക് കൊണ്ടുപോകും. 'നിശ്ചയിക്കൽ', 'കൂട്ടിക്കൊണ്ടു പോകൽ', തുടങ്ങിയവ അനുഷ്ടാനപരമായ ചടങ്ങുകളാണ്. പണിക്കരെ പൂരക്കാലത്ത് കൊണ്ടുപോയ നാട്ടിൽ ഉപചാരപൂർവ്വം താമസിപ്പിക്കുന്നു. കാർത്തിക മുതൽ പൂരം വരെയുള്ള നാളിൽ ഒരു ദിവസം കളി നടക്കുന്നു. പ്രത്യേക വേഷവിധാനത്തോടെ ബാലരും യുവാക്കളും, പ്രായമായവരുമെല്ലാം ചേർന്ന് കളിക്കുന്നു.[39] ഇത് ഒരു അനുഷ്ടാന കല മാത്രമല്ല. ആയോധനകല കൂടിയാണ്. പൂരക്കളി പരിശീലനത്തിലൂടെ ഒരു വർഷക്കാലത്തേക്കുള്ള കായിക പരിശീലനം അവർ നേടുന്നുണ്ടെന്ന് പൂരക്കളി പണിക്കന്മാർ അവകാശപ്പെടുന്നു.

#### 4.1.2.4.2.1. മറത്തുകളി

പൂരക്കളി സദസ്സുകളിൽ അതിനോടനുബന്ധിച്ച് നടക്കുന്ന വൈജ്ഞാനിക തർക്കമാണ് മറത്തുകളി. നിശ്ചയിക്കപ്പെട്ട സ്ഥാനത്ത് രണ്ടുപണിക്കന്മാർ തമ്മിൽ സംസ്കൃത ശ്ലോകങ്ങൾ ചൊല്ലി അന്യയാർത്ഥം പറഞ്ഞ് തർക്കിക്കുന്നു. ഇതിൽ മദ്ധ്യസ്ഥത വഹിക്കുന്നതിന് ഒരു പണ്ഡിതനും ഉണ്ടായിരിക്കും.[40]

ജാതി-ജന്മി നാടുവാഴിത്തകാലത്ത് വിദ്യ അവർണ്ണന് അപ്രാപ്യമായിരുന്നു കാലത്ത് ഇത്തരം വൈജ്ഞാനിക സദസ്സുകൾ നടന്നിരുന്നുവെന്നത് പ്രസക്തമായ ഒരു കാര്യമാണ്. ബൗദ്ധമതവുമായി ഏറെ ബന്ധം കാണിക്കുന്ന സമുദായം

ഇത്തരം അനുഷ്ടാനങ്ങൾക്ക് ബുദ്ധമതവുമായി ബന്ധമുണ്ടോ എന്നത് പഠനാർഹമാണ്.

**4.1.2.4.3. നാടകപാരമ്പര്യം**

ഉത്തരമലബാറിൽ നാടകപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരായിരുന്നു വിദ്വാൻ പി.കേളുനായരും, മഹാകവി കുട്ടമത്തും. മഹാകവി കുട്ടമത്തിന്റെ നേതൃത്വത്തിൽ നീലേശ്വരം ഭക്തി മകരന്ദിനി നാടകശാല, പി.കേളുനായരുടെ നേതൃത്വത്തിൽ വെള്ളിക്കോത്ത് വിജ്ഞാനദായിനി നാടകസമിതി എന്നീ നാടക സംഘങ്ങൾ പ്രവർത്തിച്ചു.[41] ദേവയാനീ ചരിതം, ബാലഗോപാലൻ, അത്ഭുത പാരണ ഹരിശ്ചന്ദ്രൻ, ധ്രുവമാധവം, നചികേതസ്സ്, വിദ്യാശംഖധ്വനി തുടങ്ങിയവയാണ് കുട്ടമത്തിന്റെ നാടകങ്ങൾ, പാക്കനാർ ചരിത്രം, പാദുകപട്ടാഭിഷേകം, പട്ടാഭിഷേകം, ലങ്കാദഹനം, ശ്രീകൃഷ്ണലീല, കബീർദാസ് ചരിതം, ഈ നാടകങ്ങൾ ഉത്തരമല ബാറിൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അരങ്ങേറി കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയ ക്ഷേത്രകലകളായി അരങ്ങേറുമ്പോൾഭൂരിപക്ഷം വരുന്നവർക്ക് അവിടെ പ്രവേശനം നിഷേധിച്ചിരുന്നു. തെയ്യം മലബാറുകൾക്ക് ഒരു കലാരൂപമല്ല. ദൈവത്തിന്റെ പ്രതിരൂപം തന്നെയാണ്. പൂരക്കലി, കോൽക്കളി തുടങ്ങിയ കലാരൂപങ്ങൾ ജാതിഭേദങ്ങളെ മറി കടന്നുള്ള കൂട്ടായ്മകളടങ്ങുന്ന സദസ്സിനെ പൂർണ്ണമായും വളർത്തികൊണ്ടു വന്നതുമില്ല. പൊതുസമൂഹമെന്ന നിലയിൽ കൂട്ടായ്മ വളർത്തുന്നതിൽ നാടകങ്ങളാണ് പ്രധാന പങ്കുവഹിച്ചത്.

**4.1.2.4.3..1. ബാലകലാസമിതി**

1954–ലാണ് മണക്കാട്ട് ബാലകലാസമിതി രൂപീകരിച്ചത്. എ.വി. പ്രഭാകരൻ മാസ്റ്ററായിരുന്നു സെക്രട്ടറി. 1957–ൽ ഈ കലാസമിതി ഉദയകലാസമിതി എന്ന പേരിൽ പുനഃസംഘടിപ്പിക്കപ്പെട്ടു. മണക്കാട്ട് ഉദയകലാസമിതി തുടർച്ചയായി

വാർ ഷികങ്ങൾ നടത്തുകയും കോട്ടൂർ പറമ്പത്ത് മൈതാനിയിൽ നാടകങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. പി.പരമേശ്വരൻ നമ്പ്യാർ രചിച്ച മായാലോകം, ഇ.വി. ഗോപാലൻ രചിച്ച നാം മനുഷ്യരാണ്. സി.എൽ. ജോസിന്റെ ജീവിതം കൊടുങ്കാറ്റാണ്. തുടങ്ങിയ നാടകങ്ങളും ചെറുകാടിന്റെ അണക്കെട്ട്, പി.എൻ. പെരുമ്പളത്തിന്റെ പ്രേമസീമ തുടങ്ങിയ നാടകങ്ങളും കോട്ടൂപറമ്പത്ത് അരങ്ങേറിയിരുന്നു.[42]

ഓണക്കുന്ന് ഹൈസ്കൂൾ ഗ്രൗണ്ടിലും ധാരാളം പ്രാദേശിക നാടകങ്ങൾ അരങ്ങേറിയിരുന്നു. എസ്.എൽ പുരം സദാനന്ദന്റെ ഒരാൾ കൂടി കള്ളനായി എന്ന നാടകം അവതരിപ്പിച്ചു. മതിരക്കോട് നെഹ്റു ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് തുടങ്ങിയവയും നാടകങ്ങൾ അരങ്ങിലെത്തിക്കുകയുണ്ടായി. പാപം ചെയ്യാത്തവർ കല്ലെറിയട്ടെ, ജയിൽ പുള്ളി തുടങ്ങിയ നാടകങ്ങൾ ഉദാഹരണ ങ്ങളാണ്.[43]

കരിവെള്ളൂരിലെ പ്രധാന നാടക പ്രവർത്തകനായിരുന്നു. ഐത്തല അമ്പു വാശാൻ. മഹാകവി കുട്ടമത്ത്, കുട്ടമത്ത് കുഞ്ഞമ്പുകുറുപ്പ് എന്നിവരുടെ നാടകങ്ങൾ അരങ്ങേറ്റുന്നതിൽ നേതൃത്വം വഹിച്ചു. ഇദ്ദേഹത്തിന്റെ മരുമകനായിരുന്നു. ഏ.വി. കുഞ്ഞമ്പു. ഏ.വി. കുഞ്ഞമ്പു, അമ്പുവാശാന്റെകൂടെ നാടക പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്നു. ദേശിയ പ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിക്കാൻ തുടങ്ങിയതോടെ നാടകം ആശയപ്രചാരണത്തിന്റെ ആയുധമായി പി.കേളുനായരുടെ ദേവയാനി ചരിത്രത്തിന്റെ നാന്ദിശ്ലോകം സ്മരിക്കാൻ ഭാരതീയരെ..........എന്നു തുടങ്ങുന്നതാണ്. ഇങ്ങനെ വടക്കേ മലബാറിൽ നാടകങ്ങൾ ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി.

**പാട്ടബാക്കി കരിവെള്ളൂരിൽ**

1934–ൽ അഭിനവ ഭാരതയുവക്സംഘം രൂപീകരിക്കപ്പെട്ടതോടെ കരിവെള്ളൂരിലെ യുവജനങ്ങൾ സംഘടനയുടെ ഭാഗമായി. 1938–ൽ മൂന്നാം വാർഷിക സമ്മേളനത്തിൽ അയത്രവയലിൽ വെച്ചാണ് കെ.ദാമോദരന്റെ പാട്ടബാക്കി എന്ന സിനിമ അരങ്ങേറിയത്. സംഗീതനാടകങ്ങൾ കണ്ടുപരിചയമുള്ളവർക്കു മുന്നിൽ ഒരു സാമൂഹ്യ–രാഷ്ട്രീയ നാടകം അവതരിപ്പിക്കുകയായിരുന്നു.[44] ഇതിൽ കഥാപാത്രങ്ങളായി വേഷമിട്ടത് അഭിനവ ഭാരതയുവക് സംഘം പ്രവർത്തകർ തന്നെയാണ്. നാടകത്തിൽ എ.വി.കുഞ്ഞമ്പു, കെ.പി.ആർ.ഗോപാലൻ, പയങ്ങപ്പാടൻ കുഞ്ഞിരാമൻ നായർ,കെ.കൃഷ്ണൻ മാസ്റ്റർ തുടങ്ങിയവരാണ്. രംഗപടങ്ങൾ തയ്യാറാക്കിയതും. മേക്കപ്പ് തയ്യാറാക്കിയതും, മേക്കപ്പ് നിർവ്വഹിച്ചതും കടിഞ്ഞിയിൽ നാരായണൻ മാസ്റ്ററായിരുന്നു. ഇത് കരിവെള്ളൂരിലെ ഒരു ജനകീയ നാടക കൂട്ടായ്മയായിരുന്നു.

ഇതിനു മുമ്പ് വെങ്ങാട്ട് മഠത്തിൽ നാടക പരിശീലനങ്ങളും, അവതരണങ്ങളും നടന്നിരുന്നു.ഓണക്കുന്നിൽ പുല്ലാഞ്ഞിക്കോട്ട് കോരൻ പണിക്കരുടെ നേതൃത്തിൽ ഒരു നാടകസംഘവും പ്രവർത്തിച്ചിരുന്നു.

1936 ഡിസംബർ–3ന് കരിവെള്ളൂരിൽ രസിക ശിരോമണി പി. കോമൻനായരുടെ കള്ളിന്റെ തള്ളൽ എന്ന നാടകം അരങ്ങേറിയിരുന്നു. അന്ന് ടിക്കറ്റു വിറ്റുകിട്ടിയ കാശ് പയ്യന്നൂരിൽ എത്തിയ കോൺഗ്രസ്സ് പ്രസിഡണ്ട് ബാബുരാജേന്ദ്രപ്രസാദിനെ ഏൽപ്പിച്ചിരുന്നു.[45]

**കരിവെള്ളൂരിലെ ആദ്യകലാസമിതി**

1955–ലാണ് കരിവെള്ളൂരിൽ ഒരു കലാസമിതി രൂപം കൊള്ളുന്നത്. മുപ്പത് അംഗങ്ങളുണ്ടായിരുന്നു. കെ.വി. കുഞ്ഞിക്കണ്ണൻ, കെ.നാരായണൻ, കെ.പി.കൃഷ്ണൻ, പി.നാരായണൻ തുടങ്ങിയവർ കലാസമിതിയിൽ അംഗ

ങ്ങളായിരുന്നു. പുളിമൂട്ടിൽ ശങ്കരനാരായണൻ എഴുതിയ തകർന്ന തറവാടായിരുന്നു സമിതിയുടെ ആദ്യ നാടകം. കെ.ടി.മുഹമ്മദിന്റെ കറവപ്പശു എന്ന നാടകവും സമിതി അരങ്ങിലെത്തിച്ചിരുന്നു.

**കരിവെള്ളൂരിലെ നാടകനടീനടന്മാർ**

പ്രാദേശികമായി കലാസമിതികൾ അരങ്ങിലെത്തിക്കുന്ന നാടകങ്ങളിൽ കരി വെള്ളൂരിലെ ആണുങ്ങൾക്കൊപ്പം പെണ്ണുങ്ങളും അഭിനയിക്കാറുണ്ട്. പാട്ടബാക്കിയിൽ ചെറൂട്ടി അമ്മയായത് കെ.കൃഷ്ണമാസ്റ്ററായിരുന്നു. ഇക്കാലത്തൊന്നും കരിവെള്ളൂരിൽ സ്ത്രീകൾ നാടകരംഗത്തേക്ക് കടന്നു വന്നിരുന്നില്ല. കരിവെള്ളൂരിൽ ആദ്യമായി അരങ്ങിലെത്തിയ വനിത പറ്റാ മീനാക്ഷിയമ്മയായിരുന്നു.[46] കരിവെള്ളൂരിലെ സ്ത്രീ കളും, കരിവെള്ളൂരിനു പുറത്തുള്ള സ്ത്രീകളും ഇവിടുത്തെ നാടക പ്രവർത്തനത്തിൽ പങ്കാളിയായിരുന്നു. ഭാനുമതി, എ.വി.ലക്ഷ്മി, വി. അമ്മിണി, വി.മാലതി, വി.വി. സരോജിനി, ടി.വി. മാധവിടീച്ചർ, കുഞ്ഞിമാണിക്കം ടീച്ചർ തുടങ്ങിയവർ കരിവെള്ളൂ രിലെ നാടകപ്രവർത്തനത്തിൽ പങ്കാളികളായവരാണ്.[47]

എ.വി. പ്രഭാകരൻ മാസ്റ്റർ, പി.വി. കുഞ്ഞപ്പൻ മാസ്റ്റർ, കരിവെള്ളൂർ ബാലൻ., കൊടക്കാട് രാഘവൻ. എ.ബാലകൃഷ്ണൻ, കരിവെള്ളൂർ രാഘവൻ തുടങ്ങിയവർ കരിവെള്ളൂരിലെ നാടകപ്രവർത്തകനായിരുന്നു. കരിവെള്ളൂരിലെ നാടക പ്രവർത്തക നായിരുന്ന ബാലൻ കരിവെള്ളൂർ അതുല്യ പ്രതിഭയായിരുന്നു. ഇദ്ദേഹത്തിന് എൻ. പ്രഭാകരനെ പുലിജന്മത്തിലെ കാരിഗുരുക്കൾ എന്ന കഥാപാത്രത്തിന് മികച്ച നടനുള്ള സംസ്ഥാനഅവാർഡ് ലഭിച്ചിട്ടുണ്ട്.

നാടകം ആശയ സംവേദനത്തിന്റെ മാധ്യമമായാണ് കരിവെള്ളൂരിൽ വളർന്നു വന്നത്. വിനോദത്തിനോ കലാസ്വാദനത്തിനോ മാത്രമല്ല കരിവെള്ളൂരിൽ നാടകം അരങ്ങേറിയത്. രാഷ്ട്രീയപ്രചാരണത്തിനുള്ള ശക്തമായ പ്രചാരണ

മാധ്യമമായിരുന്നു നാടകങ്ങൾ. വളർന്നുവന്ന കലാസമിതികളും വായന ശാലകളും ധാരാളം നാടകങ്ങൾ അരങ്ങിലെത്തിച്ചു. ഇവയിൽ നല്ലൊരു ശതമാനം റിയലിസ്റ്റിക് നാടകങ്ങളായിരുന്നു. ഇവ സമൂഹത്തോട് നിരന്തരം സംവദി ക്കുകയും സമൂഹത്തിൽ ഇടപെടുകയും ചെയ്തു. കരിവെള്ളൂരിൽ നാടകങ്ങൾ നടത്തിയ സാമൂഹിക ഇടപെടലുകൾ വായനശാലകളും കലാസമിതികളും ഉയർന്നുവരാൻ പ്രേരകമായി. സാമൂഹികകൂട്ടായ്മകളെ വളർത്തിക്കൊണ്ടുവരുന്ന തിൽ വായനശാലകളും കലാസമിതികളും നാടകങ്ങളെ ഉപാധിയാക്കി. നാടക ങ്ങൾ 'കളിച്ചും' 'കാണിച്ചും' വളർന്ന 'പൊതുയിടങ്ങൾ' കരിവെള്ളൂരിലെ ജനത യുടെ ആധുനിക കർത്തൃത്വനിർമ്മിതിയിൽ നിർണായക സ്വാധീനം ചെലുത്തി. നാടകം കരിവെള്ളൂരിൽ പ്രധാനകലയായി നിലനിൽക്കുന്നു. കരിവെള്ളൂരിന്റെ സാമൂഹ്യപുരോഗതിയിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. നാടകങ്ങൾ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ശക്തമായ പ്രചാരണമാധ്യമം നാടകമാണ്.[48]

കലാസാംസ്ക്കാരിക രംഗങ്ങളിൽ നിറഞ്ഞ സ്ത്രീ സാന്നിധ്യം ഉണ്ടായിരുന്നു. കുഞ്ഞുവീട്ടിൽ തമ്പായിയും. പയങ്ങപ്പാടൻ ജാനകിയും ആയിരത്തിതൊള്ളായിരത്തി നാല്പതുകളിൽ പാടിയ പാട്ടുകൾ സാക്ഷ്യ പ്പെടുത്തുന്നത് അക്കാലത്ത് കലാ-സാംസ് ക്കാരിക രംഗങ്ങളിൽ നിറഞ്ഞ സ്ത്രീ സാന്നിധ്യത്തെയാണ് (പാട്ടുകൾ അനുബ ന്ധത്തിൽ കൊടുത്തിരിക്കുന്നു).

ജാതീയതയുടെ വേരുകൾ ശക്തമായി നിലനിൽക്കുന്നതു കൊണ്ടു തന്നെ ദലിത് സമൂഹത്തിന്റെ നേരെയുള്ള നൂറ്റാണ്ടുകൾ നീളുന്ന അടിച്ചമർത്തൽ കരിവെള്ളൂരിൽ നിലനിന്നിരുന്നു. നൂറ്റാണ്ടുകളായുള്ള ദലിത് ജീവിതം അവരുടെ സാംസ്കാരിക മുദ്രകൾ കരിവെള്ളൂരിൽ അവശേഷിച്ചിട്ടുണ്ട്. പുലയ സമുദായത്തിൽ പെട്ട കെ.വി. നാരായണി, വണ്ണാൻ സമുദായത്തിൽപെട്ട വി.കാർത്ത്യായനി എന്നിവർ പാടിയ നാടൻപാട്ടുകൾ ഉദാഹരണങ്ങളായി അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.

മാനവ സമൂഹ പുരോഗതിയുടെ ഘട്ടത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹ മാണ് ദളിതരും സ്ത്രീകളും ഗോത്രസമൂഹവും.[49] ഇവർ ഇക്കാലമത്രയും സമൂഹമധ്യത്തിലേക്ക് ഇറങ്ങിവന്നിട്ടില്ല. കരിവെള്ളൂരിന്റെ ചരിത്രത്തിലും അവഗണിക്കപ്പെട്ട വരായിരുന്നു സ്ത്രീകളും ദളിതരും. കരിവെള്ളൂരിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾകൊണ്ടുതന്നെ ഇവിടെ ഗോത്രസമൂഹങ്ങൾ നില നിന്നില്ല. കാർഷിക പ്രാധാന്യമുള്ള ഭൂമിയായതുകൊണ്ട് നാടുവാഴിത്തവും ജാതി വ്യവസ്ഥയും ഇവിടെ വേരുറച്ചു. ഗോത്രസമൂങ്ങൾ പശ്ചിമഘട്ടത്തിലേക്ക് പാർശ്വവൽക്കരിക്കപ്പെട്ടു. ജാതിവ്യവസ്ഥയുടെ ശക്തമായ വേരുകൾ ഇപ്പോഴും ഇവിടെ നില നിൽക്കുന്നു.

പാർശ്വവൽക്കരിക്കപ്പെട്ട സമൂഹമായ ദളിതർ കരിവെള്ളൂരിൽ പുലയർ, വണ്ണാന്മാർ, മലയർ, ചക്ലിയ(മാദിഗ) എന്നീ സമുദയാക്കാരാണ്. പുലയ, ചക്ലിയകോളനികൾ കരിവെള്ളൂരിലുണ്ട്. കരിവെള്ളൂർ സമൂഹത്തിൽ അടിത്തട്ടിലുള്ള സമൂഹം തന്നെയാണീ സമുദായങ്ങൾ. ചക്ലിയ സമുദായക്കാർ നാലുതലമുറയ്ക്ക് മുമ്പ് കരിവെള്ളൂരിൽ എത്തിച്ചേർന്നവരാണ്. . ഇവർക്കിടയിൽ ഉന്നത വിദ്യാഭ്യാസം നേടിയവരും സർക്കാർ സർവ്വീസിലുള്ളവരും വിരളമാണ്. മലയൻ, വണ്ണാൻ, പുലയൻ സമുദായക്കാർ ക്കിടയിലും ഉന്നതവിദ്യാഭ്യാസ രംഗത്തേക്കും സർക്കാർ സർവ്വീസിലേക്കും എത്തിയവർ മറ്റുസമുദായങ്ങളെ അപേക്ഷിച്ച് കുറവാണ്.[50]

മാനവപുരോഗതിയുടെ ഘട്ടംമുതൽ തുടരുന്ന പുരുഷമേധാവിത്ത സമൂഹ ത്തിൽ സ്ത്രീകൾക്കുനേരെയുള്ള അടിച്ചമർത്തലുകളും കടന്നാക്രമണങ്ങളും കേരള ത്തിന്റെ മറ്റുഭാഗങ്ങളിലെന്നപോലെ കരിവെള്ളൂരിലും ഉണ്ട്. സ്ത്രീ വിദ്യാഭ്യാഭ്യാസത്തിലും സാമൂഹ്യപുരോഗതിയിലും മുന്നിലാണ് ഇവിടെ. സർക്കാർ സർവ്വീസിൽ ജോലിചെയ്യുന്ന നല്ലൊരു ശതമാനം സ്ത്രീകളുണ്ട്. കലാരംഗത്ത് പ്രവർത്തിക്കുന്നവരുമുണ്ട്. പ്രാഥമിക വിദ്യാഭ്യാസം നേടിയവർ

മുതൽ പി.എച്ച്.ഡി. നേടിയവർവരെ കരിവെള്ളൂർ സ്ത്രീസമൂഹത്തിലുണ്ട്. എങ്കിലും സ്ത്രീക്ക് രണ്ടാം പൗരൻ നിലയിലേക്കുള്ള കർതൃത്വത്വമാണ് കുടുംബങ്ങളിലുള്ളത്. നല്ലൊരു ശതമാനം സ്ത്രീകൾ തൊഴിൽ ചെയ്യുന്നവരാണ്. കൂലിവേല, അധ്യാപനം, കൃഷിപ്പണി,തുടങ്ങിയ തൊഴിലുകളാണ് സ്ത്രീകൾ സ്വീകരിച്ചുവരുന്നത്. ഡ്രൈവിംഗ്, തെങ്ങുകയറ്റം തുടങ്ങിയ തൊഴിലുകൾ പുരുഷന്മാർ മാത്രമാണ് പൊതുവെ ചെയ്തുവരുന്നത്. തൊഴിലുകൾ സ്വീകരിക്കുന്നതിലുള്ള കാഴ്ച്ചപ്പാട് പുരുഷാധിപത്യ മനോഭാവമാണ് നിർണ്ണയിക്കുന്നത്. വിദ്യാഭ്യാസവും, സാമൂഹിക പദവികളും സ്ത്രീകൾക്ക് പ്രാപ്യമായെങ്കിലും അടിസ്ഥാനപരമായി കേരളത്തിന്റെ പൊതുപുരുഷാധിപത്യ മനോഭാവമാണ് ഇവിടെ നിലനിൽക്കുന്നത്. എന്നാൽ തൊള്ളായിരത്തി എഴുപതുകളിലും എൺപതുകളിലും നിലനിന്ന സാമൂഹ്യപദവിയല്ല ഇപ്പോൾ കരിവെള്ളൂരിലെ സ്ത്രീകൾക്കുള്ളത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദിയിൽ ആരംഭിച്ച വിദ്യാലയങ്ങളിലൂടെ വിദ്യാഭ്യാസം നേടിയ സ്ത്രീ പൊതുസമൂഹത്തിന്റെ നടുത്തളത്തിലേക്ക് ഇറങ്ങിവരാൻ തുടങ്ങി. ജാതിചിഹ്നങ്ങൾ തൊഴിലിലും ഭാഷയിലും വസ്ത്രത്തിലുമെല്ലാം പേറി നടന്നവൾ ജാതി ചങ്ങലകളെ പൊട്ടിച്ചെറിഞ്ഞുകൊണ്ടാണ് പൊതുയിടങ്ങളിലേക്ക് വന്നത്. ഇവിടെ സ്ത്രീയുടെ കർത്തൃത്വനിർമ്മിതിയിൽ ഇടപെടുന്നത് ആധുനിക വിപണകേന്ദ്രിത മുതലാളിത്തമാണ്. വസ്ത്രത്തിലും ഭാഷയിലും നിൽപ്പിലും നടപ്പിലുമെല്ലാം വിപണികേന്ദ്രിതമാധ്യമശൃംഖലകൾ സ്ത്രീ കർത്തൃത്വം നിർമ്മിക്കുന്നു.

### 4.3. ആധുനികാനന്തര കരിവെള്ളൂർ

ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറുകൾക്കു ശേഷം സോവിയറ്റ് യൂണിയന്റെ തകർച്ച സംഭവിക്കുകയും അമേരിക്ക ലോക സാമ്പത്തിക-സൈനിക ശക്തിയിൽ ഒന്നാമതെത്തുകയും ചെയ്തു. ലോകബാങ്ക്, ഐ.എം.എഫ് തുടങ്ങിയ സാമ്പത്തിക സ്ഥാപനങ്ങളിലൂടെ പുതിയ രീതിയിൽ

മൂന്നാം ലോക രാജ്യങ്ങൾക്കുമേൽ ആധിപത്യം പുലർത്തി.[51] ഇത് പഴയ കോളനി ഭരണത്തിൽനിന്നും തികച്ചും വ്യത്യസ്തമായ ലോകസാഹചര്യമാണ് സൃഷ്ടിച്ചത്. വിവരസാങ്കേതിക വിദ്യയുടെ മുന്നേറ്റം ലോകത്തെയാകെ ഒരു ചെറുഗ്രാമ മാക്കിമാറ്റി (Global Village) ഈ പുതിയ ലോകസാഹചര്യം മുതലാളിത്തത്തിന്റെ അധീശത്വത്തിന് കരുത്ത് പകർന്നു.[52] നവമാധ്യമങ്ങളും വിവരസാങ്കേതിക വിദ്യയുടെ മഹാശൃംഖലകളും ചേർന്ന് ആധുനിക മുതലാളിത്തത്തിന്റെ അധീശത്വം നിലനിർത്തുന്നതിന് പുതിയ സാധ്യതകൾ സൃഷ്ടിച്ചു.

തൊണ്ണൂറുകളിൽ കരിവെള്ളൂരിലും പരിസരപ്രദേശങ്ങളിലും ടെലിവിഷൻ സാധാരണമായി. അക്കാലത്തുതന്നെ ഓണക്കുന്നിൽ ഒരു കമ്പ്യൂട്ടർസെന്റർ തുടങ്ങിയിരുന്നു. രണ്ടായിരത്തിനുശേഷം കമ്പ്യൂട്ടർ സാർവ്വത്രികമാവുകയും ഇന്റർനെറ്റിന്റെ ഉപയോഗം വ്യാപകമാവുകയും ചെയ്തു. രണ്ടായിരത്തിനുശേഷം വ്യാപിച്ച സെൽഫോണുകൾ സ്മാർട്ട്ഫോണുകളിലൂടെ വികാസം പ്രാപിച്ചു. സ്മാർട്ട്ഫോണുകൾ സാധാരണമായതോടെ ഫേസ്ബുക്ക്, വാട്സ്ആപ്പ് തുടങ്ങിയ സോഷ്യൽ മീഡിയകളുടെ ഉപയോഗം വർദ്ധിക്കുകയും ചെയ്തു. ടെലിവിഷൻ, കമ്പ്യൂട്ടർ, സെൽഫോണുകൾ തുടങ്ങിയവയിലൂടെ വിഷ്വൽ മീഡിയകളിലൂടെ ആധുനികോത്തര തലമുറയായി കരിവെള്ളൂരിലെ ജനത പരിവർത്തിതമായി.

ആഗോള മുതലാളിത്തവും മാധ്യമശൃംഖലകളും നിയന്ത്രിക്കുന്ന ആഗോള വിപണിയുടെ കണ്ണിയായി കരിവെള്ളൂരും മാറിക്കൊണ്ടിരിക്കുന്നു. വിവരസാങ്കേതിക വിദ്യ വിരൽതുമ്പിലെത്തിയതോടെ ഇന്റർനെറ്റിലൂടെ ബാങ്കിംഗും വിപണിയും വിദ്യാഭ്യാസവുമെല്ലാം ആഗോളചരക്കായിമാറി. ലോകത്തിന്റെ കോണിൽ എവിടെയിരുന്നും വാങ്ങാനും വിൽക്കാനും സാധ്യമാകുന്ന പുതിയ ലോകസാഹചര്യത്തിലാണ്[53] കരിവെള്ളൂരും ഇന്ന് നിൽക്കുന്നത്. ഇങ്ങനെ

ലോകത്തോട് സംവദിക്കാൻ സാധിക്കുന്ന ആഗോളപൗരൻ എന്ന കതൃത്വം കരിവെള്ളൂരിലെ ജനതയ്ക്കും പ്രാപ്യമായി.

ആഗോള സാഹചര്യം കരിവെള്ളൂരിൽ ഇടപെടുമ്പോൾതന്നെ കരിവെള്ളൂർ എന്ന പ്രാദേശികതയും ജനതയുടെ കർതൃത്വ നിർമ്മിതിയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഭാഷയിലും അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും ആഘോഷങ്ങളിലും സമരങ്ങളിലും കലാസാംസ്ക്കാരിക പ്രവർത്തനങ്ങളിലും രാഷ്ട്രീയ പ്രവർത്തനങ്ങളിലും ഇടപെടുന്ന കരിവെള്ളൂർ ജനതയിൽ ഉള്ളടങ്ങുന്നത് കരിവെള്ളൂരിന്റെ പ്രാദേശികസ്വത്വമാണ്.

## കുറിപ്പുകൾ

1. ഇ.എം.എസ്., കേരള ചരിത്രവും സംസ്ക്കാരവും, ഒരു മാർക്സിസ്റ്റ് വീക്ഷണം, 2009, ചിന്ത പബ്ലിഷേഴ്സ് – പുറം 23
2. നീർത്തടാധിഷ്ഠിത വികസനം,കരിവെള്ളൂർ, പെരളം ഗ്രാമപഞ്ചായത്ത് പുറം12
3. ജൈനമതം : അഞ്ചുവണ്ണം, മണിഗ്രാമം, നാനാദേശികൾ, പട്ടണസ്വാമികൾ തുടങ്ങിയ വാണിജ്യസംഘങ്ങൾ എഴിമലയിലും പരിസരപ്രദേശങ്ങളിലും ഉണ്ടായി രുന്നതായി പയ്യന്നൂർ പാട്ടിൽ പരാമർശിക്കുന്നുണ്ട്. ചാലിയരും, വാണിയരും ജൈനമതക്കാരായിരുന്നുവെന്ന നിരീക്ഷണമുണ്ട്.
4. ബൗദ്ധർ– തീയ്യർ, ബുദ്ധമതാനുയായികളുടെ പിൻമുറക്കാരായിരുന്നു. തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകൾ സ്വീകരിച്ചവരായിരുന്നു അവർ.
5. ബ്രാഹ്മണർ – ആര്യാധിനിവേശത്തിന്റെ ഭാഗമായി കേരളത്തിലെത്തിയ ബ്രാഹ്മണരുടെ പിൻമുറക്കാർ കരിവെള്ളൂരിലും ഉണ്ട്.
6. ഇ.എം.എസ് – കേരള ചരിത്രവും സംസ്കാരവും –ഒരു മാർക്സിസ്റ്റ് വീക്ഷണം – 2009 – ചിന്ത പബ്ലിഷേഴ്സ് –പുറം 23
7. ബാലകൃഷ്ണൻ.പി.കെ. 'ജാതിവ്യവസ്ഥിതിയും കേരളചരിത്രവും' 1997 –പൂർണ്ണ പബ്ലിക്കേഷൻ
8. Foucautl Michel - (Translator: Alan Sheridan "Discipline and punish: The birth of the prison'
9. Ibid.,
10. എ.വി. കുഞ്ഞമ്പുവിന്റെ നേതൃത്വത്തിൽ കരിവെള്ളൂരിൽ 1934–ൽ രൂപീക രിച്ച സംഘടനയാണ് അഭിനവ ഭാരത് യുവക് സംഘം. 1936 മുതൽ

വർഷം തോറും സമ്മേളനങ്ങൾ വിളിച്ചു കൂട്ടി. കൂടുതൽ വിവരങ്ങൾ മൂന്നാം അധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

11. കാർത്ത്യായനിക്കുട്ടിയമ്മ - തിരുമുമ്പിനൊപ്പം - 2006 - പുറം 104

12 കാർത്ത്യായനിക്കുട്ടിയമ്മ - തിരുമുമ്പിനൊപ്പം - 2006 - പുറം 104

13 കുഞ്ഞിരാമൻ പയ്യന്നൂർ - ഏ.വി. കുഞ്ഞമ്പു - പുറം 104

14 കരിവെള്ളൂരിന്റെ ഇന്നലെകൾ - കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് -പുറം 135

15. കരുണാകരൻ.ഇ.പി ( 69) - ഓണക്കുന്ന്, കരിവെള്ളൂർ

16. തമ്പാൻ.ഇ.പി (60) ഓണക്കുന്ന്, കരിവെള്ളൂർ

17. കരുണാകരൻ.ഇ.പി ( 69) - ഓണക്കുന്ന്, കരിവെള്ളൂർ

18. ശോഭ.കെ. ( 47), തോട്ടിച്ചാൽ , കരിവെള്ളൂർ

19 കരിവെള്ളൂരിന്റെ ഇന്നലെകൾ - കരിവെള്ളൂർ- പെരളം ഗ്രാമപഞ്ചായത്ത്- പുറം 134

20. കരിവെള്ളൂരിന്റെ ഇന്നലെകൾ - കരിവെള്ളൂർ- പെരളം ഗ്രാമപഞ്ചായത്ത് -പുറം 134

21 . ഗോവിന്ദൻ.കെ ( 59) - പെരളം , കരിവെള്ളൂർ

22 നാരായണൻ.കെ. ( 60) - കരിവെള്ളൂർ

23 കൊല്ലച്ചാൻ മാണിക്യം - കരിവെള്ളൂർ

24 ചെറിയ.പി.( 69) - പെരളം കരിവെള്ളൂർ

25. ജാനകി.വി(58) - പെരളം , കരിവെള്ളൂർ

26 . അമ്മിണി.വി. - പെരളം കരിവെള്ളൂർ

27. വിജയൻ.പി. ( 65) മണക്കാട് , കരിവെള്ളൂർ

28. കരിവെള്ളൂരിന്റെ ഇന്നലെകൾ - കരിവെള്ളൂർ - പെരളം ഗ്രാമപഞ്ചായത്ത് - പുറം82

29. ബാലൻ കൊടക്കാരന്റെ ( 59) - കുണിയൻ, കരിവെള്ളൂർ

30. പൂരക്കളി പണിക്കന്മാരുടെ പഴയ തറവാടുകൾ, മണക്കാടിൻ ഗുരുക്കളുടെ തറവാട് തുടങ്ങിയ കീഴാള ജാതിയിൽപെട്ട തറവാടുകളിലും താളിയോല ഗ്രന്ഥങ്ങൾ ധാരാളമുണ്ട്.
31. കരിവെള്ളൂരിന്റെ ഇന്നലെകൾ - കരിവെള്ളൂർ - പെരളം ഗ്രാമപഞ്ചായത്ത് പുറം 82
32. നാരുഉണിത്തിരി (76) - ഓണക്കുന്ന്
33. നാരായണൻ .പി.വി. - കരിവെള്ളൂർ
34. പ്രകാശൻ കരിവെള്ളൂർ (45) - ഓണക്കുന്ന്
35. വിജയൻ.പി (65) - മണക്കാട് കരിവെള്ളൂർ
36. കരിവെള്ളൂരിന്റെ ഇന്നലെകൾ - കരിവെള്ളൂർ - പെരളം ഗ്രാമപഞ്ചായത്ത് പുറം 82
37. ചിണ്ടപ്പെരുവണ്ണാൻ ( 84) - ഓണക്കുന്ന്
38. രാജൻ പണിക്കർ (55) - പുരുഷൻ - കരിവെള്ളൂർ
39. ഗോപാലൻ പണിക്കർ( 69) - പുരുഷൻ- കരിവെള്ളൂർ
40. ബാലൻ കൊടക്കാരന്റെ (58) പുരുഷൻ- കുണിയൻ
41. രംഗദീപം തെളിയുന്നു കരിവെള്ളൂർ ഫൈൻആർട്സ് സൊസൈറ്റി പുറം 17 മുരളി കരിവെള്ളൂർ, രംഗദീപം തെളിയുന്ന. പുറം.72
42. മീനാക്ഷിയമ്മ പി(60) സ്ത്രീ-മണക്കാട്ട് കരിവെള്ളൂർ
43. വിജയൻ പി.(65) - പുരുഷൻ -മണക്കാട്
44. മാലതി.കെ സ്ത്രീ കരിവെള്ളൂർ
45. നാരുഉണിത്തിരി (76) (പുരുഷൻ) ഓണക്കുന്ന്.
46 ശോഭാ ബാലൻ(50) സ്ത്രീ - കരിവെള്ളൂർ
47. മാലതി.കെ. ( 58) ഓണക്കുന്ന്, കരിവെള്ളൂർ
48. നാരായണൻ കെ. (65) കരിവെള്ളൂർ.

49. Romla Thapar 'The past as present – 2014. Aleph Book Company, 264.

50. മാലതി.കെ. ( 58) ഓണക്കുന്ന്, കരിവെള്ളൂർ

51 Fredric Jameson - :Post modernism or cultural logic and late capitalism; 1991 - Duke University press.

52. Harway David – 1989 – 'The condtion of post modernity : An Enquiry into the origins of cultural change – Oxford Blackwell : p. 40.

53. Jamesoh Fredri – 1991 – 'Post Modernism, or cultural logic of late capitalism – Duke University Press, p. 36.

## ഉപസംഹാരം

പ്രാദേശിക ചരിത്രഗവേഷണത്തിലൂടെ കടന്നുപോയപ്പോൾ കാണാൻ കഴിഞ്ഞ ചില ആശയങ്ങളും നിരീക്ഷണങ്ങളും കാഴ്ചപ്പാടുകളുമാണ് ഉപസംഹാര ത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(1) മഹാശിലാകാലഘട്ടം മുതൽക്കുള്ള ചരിത്രം കരിവെള്ളൂരിനുണ്ട്. ഇത് തെളിയിക്കുന്ന മഹാശിലാസ്മാരകങ്ങൾ കരിവെള്ളൂരിൽ കാണുന്നു. കേരളത്തിൽ കണ്ടുവരുന്ന കുടക്കല്ല്, പഴുതറ, കൽവൃത്തം, നടുകല്ല്, നന്നങ്ങാടികൾ എന്നീ മഹാശിലാസ്മാരകങ്ങൾ കരിവെള്ളൂരിൽനിന്നും കണ്ടെടുത്തിട്ടുണ്ട്. (അനുബന്ധം ചിത്രങ്ങൾ കാണുക)

(2) കേരളത്തിൽ മറ്റെവിടെയും കണ്ടിട്ടില്ലാത്തതരം വ്യത്യസ്തമായൊരു പഴുതറ കൂക്കാനം കൂളിപ്പാറയിൽ കാണുന്നു. ഇതിന് വലിപ്പമേറിയ പ്രവേശനകവാടമുണ്ട്. മുകളിലായി ഇരുപത്തിരണ്ട് ചെറുകുഴികളാണു ള്ളത്. (അനുബന്ധം ചിത്രങ്ങൾ കാണുക) എട്ട് സെ.മി. വ്യാസമുള്ളതും ഇരുപതു സെന്റീമീറ്ററോളം താഴ്ചയുള്ളതുമായ കുഴികൾ ദീർഘവൃത്താ കൃതിയിൽ പഴുതറയ്ക്കു മുകളിലായി കാണാം. ഈ വലിപ്പമേറിയ പഴുതറ കരിവെള്ളൂരിന്റേതുമാത്രമായ മഹാശിലാസ്മാരകമാണ്.

(3) ഇരുമ്പുമായുള്ള സമൂഹത്തിന്റെ ബന്ധം മഹാശിലാകാലഘട്ടത്തോളം പഴക്കമുള്ളതാണ്. അതുകൊണ്ടുതന്നെയാവണം ഇരുമ്പിന് ജീവിതത്തിൽ വളരെയധികം പ്രാധാന്യം ലഭിച്ചത്. ഇരുമ്പുപകരണങ്ങൾ കാർഷിക വൃത്തിക്കും ഗാർഹികവൃത്തിക്കും ഉപയോഗിക്കുന്നതിനോടൊപ്പം ആയുധ ങ്ങൾ ആരാധിക്കുന്ന പതിവും ഇവിടെ നിലനിൽക്കുന്നു. കാവുകളിൽ ആയുധങ്ങളാണ് ആരാധിക്കുന്നത്. ആയുധങ്ങളിൽ ദൈവംകുടിയിരി ക്കുന്നുവെന്ന് വിശ്വസിക്കുന്നു.

(4) പ്രേതപിശാചുക്കളിൽനിന്നും രക്ഷനേടാൻ ഇരുമ്പ് കൈയ്യിൽ കരുതുന്നു. പ്രസവിച്ച സ്ത്രീക്കും, കുഞ്ഞിനുമരികിൽ ഇരുമ്പുവെക്കുന്നത് ഇത്തരം വിശ്വാസത്തിന്റെ പിൻബലത്താലാണ്.

(5) ഇരുമ്പുപകരണങ്ങൾ കാർഷികവൃത്തിക്ക് ഉപയോഗിക്കാൻ പരിശീലിച്ച തോടു കൂടിയാണ് കാർഷിക പുരോഗതിയുണ്ടായത്. സമ്പത്ത് കേന്ദ്രീകരി ക്കപ്പെടുകയും അടിമയും ഉടമയും എന്നനിലയിൽ സാമൂഹിക വിഭജനം ഉണ്ടാവുകയും ചെയ്തു.

(6) പ്രാചീന ഇടയജീവിതത്തിന്റെ ഓർമ്മ നിലനിർത്തുന്ന ഒരു അനുഷ്ഠാന മാണ് കാലിച്ചാനൂട്ട്. കന്നുകാലി സമ്പത്ത് വർദ്ധിക്കാനായി കരിവെള്ളൂരി ലെ ജനത തുലാപത്തിന് നടത്തുന്ന അനുഷ്ഠാനമാണ് കാലിച്ചാനൂട്ട്. കന്നുകാലി സമ്പത്തിനും കാർഷികപുരോഗതിക്കുമായിട്ടാണ് കാലിച്ചാനൂട്ട് നടത്തുന്നത്. ഇത് കരിവെള്ളൂരിലും പരിസരപ്രദേശങ്ങളിലും മാത്രമേ കാണുന്നുള്ളൂ. വിശദാംശങ്ങൾ രണ്ടാമധ്യായത്തിൽ കൊടുത്തിരിക്കുന്നു.

(7) പുലയസമുദായക്കാർക്കിടയിലുള്ള കാലിച്ചേകോൻ തെയ്യത്തിന്റെ കാവ് കരിവെള്ളൂരിലാണ്.തുലാപത്തിന് വീടുകൾ തോറും കയറിയിറങ്ങി കന്നുകാലി സമ്പത്തും കാർഷികാഭിവൃദ്ധിയും ഉണ്ടാവാനനുഗ്രഹിക്കുന്ന ഈ തെയ്യം പ്രാചീന ഇടയജീവിതത്തിന്റെ ഓർമ്മ നിലനിർത്തുന്നു.

(8) ജാതികേന്ദ്രിത നാടുവാഴിത്തസമൂഹമാണ് കേരളത്തിലെ മറ്റു പ്രദേശങ്ങളി ലെന്നപോലെ കരിവെള്ളൂരിലും ഉണ്ടായത്. പുലയർ, വണ്ണാൻമാർ, തീയ്യർ, വാണിയർ, ചാലിയർ, നമ്പൂതിരിമാർ, മൂവാരിമാർ, നായർ, നമ്പി, ഉണിത്തിരി എന്നീ സമൂദായങ്ങൾക്ക് കരിവെള്ളൂരിൽ നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്

(9) കോട്ടൂർ, ആണൂർ എന്നീ പ്രദേശങ്ങളിലാണ് പുലയ സമുദായമുള്ളത്. കോട്ടം എന്നത് പുലയസമുദായക്കാരുടെ ദേവസ്ഥാനത്തെ കുറിക്കുന്നു.

കോട്ടൂര്, കോട്ടക്കുന്ന്, എന്നീ സ്ഥലനാമങ്ങൾ പുലയരുടെ അധിവാസ കേന്ദ്രങ്ങളാണ്. ഇതുമായി ബന്ധപ്പെട്ടു കൊണ്ടാവണം കോട്ടൂര്, കോട്ടക്കുന്ന് എന്നീ സ്ഥലനാമങ്ങൾ രൂപപ്പെട്ടത്.

(10) വണ്ണാൻ സമുദായത്തിന്റെ അധിവാസത്തെക്കുറിക്കുന്ന സ്ഥലപേരുകളാണ് വണ്ണാത്തിക്കാനം, വണ്ണാത്തിക്കുണ്ട് എന്നിവ. വണ്ണാത്തി അലക്കുസ്ഥല ങ്ങളാവാം ഇത്.

(11) കരിവെള്ളൂർ പ്രദേശത്ത് 'വണ്ണാത്തിമാറ്റി'ന് വളരെ പ്രചാരമുണ്ട്. തീണ്ടാരി മാറാൻ പണ്ട് വണ്ണാത്തിമാറ്റ് നിർബന്ധമായിരുന്നു. മരണം, പ്രസവം, എന്നീ സന്ദർഭങ്ങളിലും വണ്ണാത്തിമാറ്റിന് പ്രാധാന്യമുണ്ട്. മരണശേഷം വീട്ടിലുള്ളവർ വണ്ണാത്തിമാറ്റുടുത്ത് കുളിക്കുന്ന പതിവ് ഇപ്പോഴും ഇവിടെ നിലനിൽക്കുന്നുണ്ട്. തീയ്യർ, വാണിയർ, നായർ, മൂവാരിമാർ തുടങ്ങിയ സമൂദായക്കാർക്കിടയിൽ കരിവെള്ളൂരിൽ ഇപ്പോഴും ഇത് നില നിൽക്കുന്നു.

(12) വണ്ണാന്മാർക്കിടയിലുള്ള ആചാരപ്പേരുകൾക്ക് പെരുമ്പപുഴയ്ക്കും, കാര്യ ങ്കോടുപുഴയ്ക്കും ഇടയ്ക്ക് പ്രാദേശികബന്ധം കാണുന്നുണ്ട്. വടക്കുമ്പാട് ദേശത്തുള്ള വണ്ണാൻ 'വടക്കുമ്പാടൻ', മണക്കാടുള്ള വണ്ണാൻ 'മണക്കാടൻ', അന്നൂരുള്ള വണ്ണാൻ 'അന്നൂരാൻ', കാങ്കോലുള്ള വണ്ണാൻ 'കാങ്കോലൻ', ആലപ്പടമ്പിലുള്ള വണ്ണാൻ 'ആലപ്പടമ്പൻ', കുറ്റൂരുള്ള വണ്ണാൻ കുറ്റൂരാൻ (കുറ്റ്വൻ) രയരമംഗലത്തുള്ള വണ്ണാൻ 'രയരമംഗലൻ'–'എരമംഗലൻ' എന്നിങ്ങനെ ആചാരപ്പേരുകൾ

13. തെയ്യങ്ങളുടെ പരിഷ്ക്കർത്താവായിരുന്ന മണക്കാടൻ ഗുരുക്കളുടെ ജന്മസ്ഥലം കരിവെള്ളൂരാണ്. കരിവെള്ളൂരിലെ വണ്ണാൻ സമുദായത്തിൽ പ്പെട്ട മണക്കാട് തറവാട്ടിലാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ ജീവിതം ജാതീയതയ്ക്കും ജന്മിവാഴ്ചയ്ക്കും എതിരായിരുന്നുവെന്ന്

ഐതിഹ്യങ്ങളിൽനിന്നും വ്യക്തമാകുന്നു. എന്നാൽ ഇദ്ദേഹത്തിന് ചരിത്രത്തിൽ വേണ്ടത്ര പ്രാധാന്യം കിട്ടിയിട്ടില്ല.

(14) കരിവെള്ളൂരിലെ വിദ്യാഭ്യാസ പാരമ്പര്യമുള്ള മറ്റൊരു സമുദായം തീയ്യസമുദായമാണ്. പൂരക്കളി പണിക്കന്മാർ സംസ്കൃത പാണ്ഡിത്യം നേടിയവരും, തർക്കവിഷയങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചവരുമായിരുന്നു. പൂരക്കളി മെയ്‌വഴക്കത്തോടൊപ്പം ബുദ്ധിക്കും ഉണർവ്വുനൽകുന്നു.

(15) മറത്തുകളി പൂരക്കളിയോടനുബന്ധിച്ചു നടത്തുന്ന വിജ്ഞാന സദസ്സാണ്. ഭഗവതിക്കാവുകളിൽ നടക്കുന്ന മറത്തുകളിയിൽ പൂരക്കളി പണിക്കന്മാർ തമ്മിൽ വാക് തർക്കത്തിൽ ഏർപ്പെടുന്നു. അവർണ്ണർക്ക് വിദ്യ നിഷേധിച്ച കാലത്ത് കരിവെള്ളൂർ പ്രദേശത്ത് നിലനിന്ന ഈ അനുഷ്ഠാനം കരിവെള്ളൂരിന്റെ പ്രാദേശികസ്വത്വമാണ് അടയാളപ്പെടുത്തുന്നത്.

(16) കരിവെള്ളൂരിൽ മൂവാരി, ചാലിയർ, എന്നീ സമുദായക്കാർ അവരുടെ കാവുകളിലും മണിയാണിമാർ വാണിയ സമുദായക്കാരുടെ കാവായ മുച്ചിലോട്ടും പൂരക്കളി നടത്തുന്നു. മൂവാരി, ചാലിയർ, മണിയാണി എന്നിവർ പൂമാലചൊല്ലി കളി നടത്തുന്നു. എന്നാൽ തീയ്യർക്കിടയിൽ മാത്രമേ മറത്തുകളി പ്രചാരത്തിലുള്ളൂ.

(17) ചാലിയസമുദായക്കാർ കരിവെള്ളൂർ പ്രധാന നഗരമായി കണക്കാക്കുന്നു. അവരുടെ നാലുനഗരങ്ങളിൽ ഒന്നാണ് കരിവെള്ളൂർ.

(18) നാടുവാഴിത്ത കാലഘട്ടത്തിൽ ചാലിയ സമുദായക്കാർക്കിടയിൽ ജീവിച്ച ജാതീയതയുടെ വാളിനിരയാകേണ്ടിവന്ന വ്യക്തിയായിരുന്നു കുഞ്ഞോറ കൊറാശ്ശൻ. ഇദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മ ചാലിയർക്കിടയിലുണ്ട്.

(19) വാണിയസമുദായക്കാരുടെ ആദിമുച്ചിലോട് കരിവെള്ളൂരാണ്. മുച്ചിലോട്ട് വാണിയൻ എന്ന വാണിയരുടെ ഒമ്പതില്ലത്തിൽ ഒരില്ലം കരിവെള്ളൂരിലാണ്.

(20) വാണിയസമുദായക്കാർക്കിടയിൽ ചക്ക് ഉപയോഗശൂന്യമായാൽ അത് കരി വെള്ളൂർ മുച്ചിലോട്ട്കൊണ്ടുവന്ന് സമർപ്പിക്കുന്നതിന് ഒപ്പിക്കുന്നു എന്നു പറയുന്നു. അനുഷ്ഠാനങ്ങളോടെ അത് കത്തിക്കുന്നു.

(21) പയ്യന്നൂരിനുംകാഞ്ഞങ്ങാടിനുമിടയിൽ കാണുന്ന ഒരു ന്യൂനപക്ഷസമുദായ മാണ് മൂവാരി. കൽപ്പണിയുടെ മേലുള്ള കുമായം തേപ്പാണ് ഇവരുടെ തൊഴിൽ. ക്ഷേത്രങ്ങൾ, കാവുകൾ തുടങ്ങിയവ ചെങ്കല്ലുകൊണ്ട് കെട്ടുന്നത് മണിയാണിമാരും ചെത്തിതേക്കുന്നതും വെള്ളവലിക്കുന്നതും മൂവാരുമാരു മാണ്.

(22) ചാലിയർക്ക് വണ്ണാത്തിമാറ്റ് സമ്പ്രദായമില്ല. വസ്ത്രം നെയ്യുകയും വിൽക്കുകയും ചെയ്യുന്നതുകൊണ്ടാവാം ഇവർക്കിടയിൽ വണ്ണാത്തിമാറ്റ് സമ്പ്രദായമില്ലാത്തത്. തെയ്യത്തിന് വണ്ണത്താൻ മാറ്റാണ് വേണ്ടത്. നായർ, വാണിയർ, മണിയാണി, നമ്പിമാർ തുടങ്ങിയ സമുദായക്കാർക്ക് തെയ്യ ത്തിനും അമ്പലങ്ങളിലും വണ്ണത്താൻ മാറ്റാണ്.

(23) തീയ്യർ, വാണിയർ, ചാലിയർ എന്നിവരെപ്പോലെ മൂവാരി സമുദായത്തിനും കരിവെള്ളൂരിൽ കാവുണ്ട്. അവിടെ ഇവർ പൂരക്കളി നടത്താറുണ്ട്. കാവുകൾ കേന്ദ്രീകരിച്ചുകൊണ്ട് സാമുദായിക ഐക്യം നിലനിർത്തുന്നു.

(24) തീയ്യരുടെ കാവുകളിലെ സ്ഥാനികരെ ‘അച്ചൻ’ എന്ന് ചേർത്താണ് അഭിസംബധന ചെയ്തുവരുന്നത്. അവർ തലമുണ്ഡനം ചെയ്ത് കാതിൽ കമ്മലിട്ട് നടക്കുന്നു. (അനുബന്ധം ചിത്രം കാണുക)

(25) കരിവെള്ളൂരിലെ നമ്പൂതിരിയില്ലങ്ങളിൽ തെയ്യങ്ങൾ കെട്ടിയാടിക്കുന്നു. രക്തേശ്വരി പോലെയുള്ള കുരുതി (കോഴിയറവ്) ആവശ്യമുള്ള തെയ്യങ്ങളാണ് നമ്പൂതരിരി ഇല്ലങ്ങളിൽ കെട്ടിയാടുന്നത്.

(26) കരിവെള്ളൂരിലെ ഒരു സമുദായമാണ് നമ്പി. എടമന, കരിമ്പിൽ, കൊട്ടുക്കര, പനക്കാച്ചേരി, എന്നീ നാലുനമ്പിതറവാടുകൾ ഇവിടെയുണ്ട്. കൊട്ടുക്കര നമ്പി തറവാട്ടിൽ മീനമാസത്തിലെ പൂരം നാളിൽ ഒരുക്കുന്ന പൂക്കൾ കൊണ്ടുള്ള കാമരൂപം സവിശേഷതയാർന്നത്.

(27) ഉണിത്തിരി സമുദായം കരിവെള്ളൂരിലെ മറ്റൊരു സമുദായമാണ്. കരിവെള്ളൂരിലെ ന്യൂനപക്ഷ ജാതി സമൂഹങ്ങളാണ് നമ്പി, ഉണിത്തിരി, മൂകയ, മൂവാരി, ചക്ലി(മാദിഗ) എന്നിവ

(28) മുസ്ലിം സമുദായത്തിന്റെ അധിവാസം കരിവെള്ളൂരിലുണ്ട്. കരിവെള്ളൂർ പള്ളിക്കൊവ്വലിലെ പള്ളിക്ക് ദീർഘകാലത്തെ പഴക്കമുണ്ട്. ക്രിസ്തീയ അധിവാസം ഇല്ലാതിരുന്ന ഒരു പഞ്ചായത്താണ് കരിവെള്ളൂർ പെരളം.

(29) 1934ൽ കരിവെള്ളൂരിൽ രൂപംകൊണ്ട അഭിനവഭാരത് യുവക് സംഘം എന്ന സംഘടന ഒരേസമയം ബ്രിട്ടീഷ് ഭരണത്തിനും ജന്മിത്തത്തിനും എതിരായിരുന്നു. ഇത് ഒരേസമയം വിദേശീയ ഭരണത്തെയും തദ്ദേശീയ നാടുവാഴിത്തത്തേയും എതിർത്തു.

(30) ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി 1928ൽ പയ്യന്നൂർകോൺഗ്രസ്സ് സമ്മേളന ത്തിലും 1930–ൽ ഉപ്പുസത്യാഗ്രഹത്തിലും 1934. ഗാന്ധിജിയുടെ സന്ദർശന ത്തിലും ഭാഗഭാക്കായിരുന്നു കരിവെള്ളൂരിന്റെ ജനങ്ങൾ.

(31) ബംഗാൾ ക്ഷാമകാലത്ത് അതിനോട് പ്രതികരിക്കാനും അവരെ സഹാ യിക്കാനുമായി കരിവെള്ളൂർ മുന്നോട്ടുവന്നു. അതിന്റെ പ്രതികരണമാണ് അക്കാലത്തെ പാട്ടിൽ പ്രതിഫലിക്കുന്നത്.

(32) രണ്ടാം ലോകമഹായുദ്ധകാലത്ത് സുഭാഷ് ചന്ദ്രബോസിനോട് ഐക്യപ്പെട്ടും എതിർത്തുംനിന്ന ചരിത്രസന്ദർഭത്തെ അക്കാലത്തെ പാട്ടുകൾ ഓർമ്മിപ്പിക്കുന്നു. ദേശീയവും അന്തർദേശീയവുമായ സാഹചര്യങ്ങളോട് 1930–കൾ തൊട്ട്തന്നെ കരിവെള്ളൂർ പ്രതികരിച്ചുതുടങ്ങിയിരുന്നു.

(33) 1945–ൽ ആഗസ്തിൽ രണ്ടാം ലോകമഹായുദ്ധം അവസാനിക്കുകയും തുടർന്ന് ലോകത്താകമാനം യുദ്ധക്കെടുതിയുടെ ഭാഗമായി പട്ടിണിയും, ക്ഷാമവും, സാംക്രമിക രോഗങ്ങളും പടർന്നുപിടിച്ചു. യുദ്ധക്കെടുതിയിൽ നിന്നും ലോകം പൂർണ്ണമായും വിമോചിതരാകുന്നതിനുമുമ്പ് 1946–ൽ തന്നെയാണ് കരിവെള്ളൂർ സമരവും നടക്കുന്നത്. ബ്രിട്ടൻ യുദ്ധത്തിൽ പങ്കെടുത്തതുകൊണ്ട് യുദ്ധകെടുതികൾ ഇന്ത്യയിലും വ്യാപിച്ചു. രണ്ടാം ലോകമഹായുദ്ധത്തിന്റെ അനന്തരഫലം തന്നെയാണ് കരിവെള്ളൂർ സമരവും. ഇത് നെല്ല് കടത്തുന്നതിനെതിരെ– ഭക്ഷണത്തിനു വേണ്ടിയുള്ള സമരമായിരുന്നു. ഈ സമരം ആഗോളസാഹചര്യത്തിൽ രണ്ടാം ലോകമഹായുദ്ധാനന്തരം രൂപപ്പെട്ടതാണ് എന്ന് വിലയിരുത്താം.

(34) 1970 വരെയെങ്കിലും ജാതികേന്ദ്രിത തൊഴിലുകളും ജീവിതരീതിയും കരിവെള്ളൂരിൽ നിലനിന്നിട്ടുണ്ട്. വണ്ണാത്തിമാറ്റ് 1970–കളുടെ അവസാനം വരെ നിലനിന്നിരുന്നു. തൊട്ടുകൂടായ്മ ചെറിയതോതിൽ തൊണ്ണൂറുകൾ വരെ നിലനിന്നു.

(35) ബീഡി, നെയ്ത്ത്, കൺസ്ട്രക്ഷൻ തുടങ്ങിയ തൊഴിലുകൾ വ്യാപിച്ചതോടെ പരമ്പരാഗത തൊഴിലുകൾ കുറഞ്ഞു. എല്ലാവരും എല്ലാ ജോലിയും ചെയ്യാവുന്ന സ്ഥിതി വന്നു. സർക്കാർ മേഖലയിലും സഹകരണമേഖലയിലും ധാരാളമാളുകൾ തൊഴിൽ ചെയ്യുന്നു.

(36) നാടുവാഴിത്തകാലത്തെ ഇരുപത്തിരണ്ടോളം കാവുകൾ – ക്ഷേത്രങ്ങൾ കരിവേള്ളൂർ പ്രദേശത്ത് ഉയർന്നു വന്നിരുന്നു. പിൽക്കാലത്തെ അത്ര

തന്നെ വായനശാലകളും കലാസമിതികളും ഉയർന്നുവന്നു. വായനശാല കളും കലസമിതികളും പൊതുഇടങ്ങളുടെ നിർമ്മിതിയിലും പൊതുബോധ രൂപീകരണത്തിലും നിർണ്ണായക സ്വാധീനം ചെലുത്തി.

(37) ദലിത് സമൂഹങ്ങൾ (പുലയ, വണ്ണാൻ, ചക്ലിയ, മലയ)കരിവെള്ളൂരിലുണ്ട്. പഞ്ചായത്തിലെ മറ്റുസമുദായങ്ങളെ അപേക്ഷിച്ച് ഈ സമുദായക്കാർ സാമൂഹിക പുരോഗതിയിൽ പിറകിലാണ്.

(38) പത്താംതരം മുതൽ പി.എച്ച്.ഡി വരെയുള്ള വിദ്യാഭ്യാസ യോഗ്യത നേടിയ സ്ത്രീകൾ പഞ്ചായത്തിലുണ്ട്. എൻജിനി യറിംഗ്, മെഡിക്കൽ വിദ്യാഭ്യാസം നേടിയവരും, തൊഴിൽ ചെയ്യുന്നവരു മുണ്ട്.

(39) കലാരംഗത്ത് പ്രവർത്തിക്കുന്ന ധാരാളം സ്ത്രീകൾ കരിവെള്ളൂരിലുണ്ട്. നിർമ്മലാരവീന്ദ്രൻ, വി.അമ്മിണി തുടങ്ങിയർ ദലിത് സമൂഹത്തിൽ നിന്നും ഉയർന്നുവന്ന കലാകാരികളാണ്. നാടകനടനായിരുന്ന ബാലൻ കരിവെള്ളൂരും ദലിത് സമൂഹത്തിന്റെ ഭാഗമായിരുന്നു. ദലിത് ജീവിതത്തിൽ നിന്നും ധാരാളം നാടോടി വാങ്മയങ്ങൾ കണ്ടെടുക്കാൻ കഴിഞ്ഞു. ഇത്തരം പ്രാദേശിക നാടോടി വാങ്മയങ്ങളിൽ ദലിത് ജീവിതമുദ്രകൾ ഉള്ളടങ്ങുന്നു.

(40) പ്രാദേശികവും ദേശീയവും ആഗോളവുമായി ഘടകങ്ങൾ കരിവെള്ളൂർ ജനതയുടെ സ്വത്വരൂപീകരണത്തിൽ ഒരുപോലെ ഇടപെടുന്നു.

# ഗ്രന്ഥസൂചി


അജു.കെ.നാരായണൻ.ഡോ, 'കേരളത്തിലെ ബുദ്ധമത പാരമ്പര്യം നാട്ടറിവുകളിലൂടെ' 2012 സാഹിത്യ പ്രവർത്തക സഹകണസംഘം , നാഷണൽ ബുക്സ്റ്റാൾ.

ഇ.എം.എസ് – 'കേരളം മലയാളികളുടെ മാതൃഭൂമി' 2009 ചിന്ത പബ്ലിക്കേഷൻസ്

ഇ.എം.എസ് – 'കേരള ചരിത്രവും സംസ്ക്കാരവും – ഒരു മാർക്സിസ്റ്റ് വീക്ഷണം' 2009 – ചിന്ത പബ്ലിക്കേഷൻസ്

ഇ.എം.എസ് –'ചരിത്രവും ചരിത്രരചനയും – മാർക്സിസ്റ്റ് വീക്ഷണം'– 2009 –ചിന്ത പബ്ലിഷേർസ് , തിരുവനന്തപുരം

ഉണിത്തിരി .എൻ.വി. പി – അത്യുത്തര കേരളീയം ' – 2009 – കൈരളി ബുക്സ്

ഉണിത്തിരി എൻ.വി.പി – 'സംസ്ക്കാരപഠനങ്ങൾ ' – 2007 – ചിന്ത പബ്ലിഷേർസ്, തിരുവനന്തപുരം

കണ്ണൻ .വൈ.വി. –'തെയ്യങ്ങളും അനുഷ്ഠാനങ്ങളും – ഒരു പഠനം . 2011 കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം

'കരിവെള്ളൂരിന്റെ ഇന്നലെകൾ' – 2010 – കരിവെള്ളൂർ – പെരളം ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക ചരിത്രം.

കുഞ്ഞമ്പു .എ.വി. – 'കയ്യൂരും കരിവെള്ളൂരും ' – 2013–ഡിസംബർ ബുക്സ്, പയ്യന്നൂർ

കുഞ്ഞിരാമൻ പയ്യന്നൂർ – 'ഏ.വി.കുഞ്ഞമ്പു' 2015 ചിന്ത പബ്ലിഷേർസ്

കുറുപ്പ് – കെ.കെ. എൻ. ഡോ: – ആര്യദ്രാവിഡ ഘടകങ്ങൾ മലബാറിലെ നാടൻ കലയിൽ '– 2008 – കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം

കൃഷ്ണകുമാരി.എ. ‘സമരപഥത്തിലെ പെൺപെരുമ ’ 2012 – സമത തൃശൂർ

ഗണേശ് .കെ.എൻ– ‘കേരളത്തിന്റെ ഇന്നലെകൾ’ 1997–സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് , കേരളസർക്കാർ

ഗണേശ്.കെ.എൻ – ‘കേരളസമൂഹ പഠനങ്ങൾ’ 2002 – പ്രസക്തി ബുക്ക് ഹൗസ്, കോട്ടയം

ഗണേശ്.കെ.എൻ – ‘മലയാളിയുടെ ദേശകാലങ്ങൾ’ 2013 –റാസ്ബറി, കോഴിക്കോട്.

ഗുണ്ടർട്ട് ഹെർമൻ ഡോ : ‘ഗുണ്ടർട്ട് നിഘണ്ടു’ – 1872 2000 – എൻ.ബി.എസ്.

ഗോപാലൻ കുട്ടി . കെ.ഡോ: – ‘മലബാർ പഠനങ്ങൾ’ – 2007 – കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

ഗോപാലകൃഷ്ൺ നടുവട്ടം ഡോ : ‘ഗവേഷണ രീതിശാസ്ത്രം ’ – 2015 –കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം

ഗോപാലകൃഷ്ണൻ .പി.കെ. – ‘കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം ’ 2012 – കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

ഗോപിനാഥൻആർ. ഡോ: – ‘കേരളത്തനിമ, കേരളത്തിന്റെ സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയചരിത്രം, നാട്ടുവിജ്ഞാനീയം, സാഹിത്യം, കലകൾ, എന്നിവയിലൂടെ – ബി.സി 1000 മുതൽ എ.ഡി. 700 വരെ 2010– ഹെറിറ്റേജ് സ്റ്റഡീസ്, തിരുവനന്തപുരം

ഗംഗാധരൻ.ടി.കെ– ‘ചരിത്രരചനാശാസ്ത്രം’ 2005 – കാലിക്കറ്റ് യൂണിവേഴ്സിറ്റി

ഗ്രാംഷി അന്തോണിയോ – വിവ: കാർത്തികേയൻ നായർ വി. ‘ജയിൽ കുറിപ്പുകൾ 2010 മൈത്രിബുക്സ് തിരുവനന്തപുരം

ചന്തേര സി.എം.എസ്. – ‘തെയ്യത്തിന്റെ ആദിരൂപം’ 2004 – ഡി.സി.ബുക്സ്, കോട്ടയം

ചെന്താരശ്ശേരി .ടി.എച്ച്.പി. – 'കേരളചരിത്രത്തിലെ അവഗണിക്കപ്പെട്ട ഏടുകൾ ' 2008 – മൈത്രി ബുക്സ്

ചെറിയാൻ .എം.കെ. കൊഴുവല്ലൂർ –'ഗവേഷണ സൗരഭം' –1997 – കറന്റ് ബുക്സ്

ജയരാജൻ.പിചീഫ്.എഡി: 'കണ്ണൂർ ജില്ല – കമ്മ്യൂണിസ്റ്റ് പാർട്ടി ചരിത്രം' – 2011 –പാട്യം ഗോപാലൻ സ്മാരക പഠന ഗവേഷണ കേന്ദ്രം

ജോർജ്ജ് .കെ.എം. ഡോ : – 'ഗവേഷണപ്രതിഭ' 1999 – ഡി.സി.ബുക്സ് ,കോട്ടയം

ഥാപർ റോമിള (വി.വ : രാമൻ.സി.വി )– 'സോമനാഥ ഒരു ചരിത്ര സംഭവത്തിന്റെ അനേകസ്വരങ്ങൾ' 2009 ഡി.സി.ബുക്സ് , കോട്ടയം

ദേവയാനി.കെ. – 'ചോരയും കണ്ണീരും നനഞ്ഞ വഴികൾ ' 2010 സമത

നമ്പൂതിരി.എൻ.എം. ഡോ : ശിവദാസ് .വി.കെ..എ.സി. 'കേരള ചരിത്രത്തിന്റെ നാട്ടുവഴികൾ ' 2009 , 2011 2 എഡിഷൻ – ഡി.സി.ബുക്സ്, കോട്ടയം

'നീർത്തടാധിഷ്ഠിത വികസനം സമഗ്ര വികസന ഗ്രാമസഭ 2009' 2001 കരിവെള്ളൂർ – പെരളം ഗ്രാമപഞ്ചായത്ത്

നാരായണൻ. എം.ജി.എസ് – 'കേരളചരിത്രത്തിന്റെ അടിസ്ഥാന ശിലകൾ ' 2000 – ലിപി പബ്ലിക്കേഷൻസ് , കോഴിക്കോട്

'നീർത്തടാധിഷ്ഠിത വികസനം എന്ത് ? എങ്ങനെ ' – കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്ത് പശ്ചിമഘട്ട വികസന പരിപാടി

പത്മിനി .പി.ജി ഡോ : – 'സെർക്കുലർ പാഠങ്ങൾ', പ്രമേയം ചരിത്രം, പ്രത്യയശാസ്ത്രം' 2007 – ചിന്ത പബ്ലിഷേർസ് , തിരുവനന്തപുരം

പണിക്കോട്ടി .എം.കെ.– 'കേരളത്തിലെ കർഷകത്തൊഴിലാളികൾ ഇന്നലെ ഇന്ന്, നാളെ' 2008 – ചിന്ത പബ്ലിഷേർസ്

പവിത്രൻ.ടി.ഡോ – 'എഴുത്തിടങ്ങൾ' 2009 കൈരളി ബുക്സ്

പവിത്രൻ .ടി.ഡോ : നായർ.ജി.ഡി – 'പയ്യന്നൂർ – ചരിത്രവും സമൂഹവും' 2007 ഇ.എം.എസ് പഠനകേന്ദ്രം.

'പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി '1217 , വികസനരേഖ'. 2013 – കരിവെള്ളൂർ–പെരളം ഗ്രാമപഞ്ചായത്ത്

പ്രദീപൻ പാമ്പിരിക്കുന്നു, ഡോ: 'ദലിത്പഠനം , സ്വത്വം, സംസ്കാരം, സാഹിത്യം.

'പ്രദേശം, രാഷ്ട്രം , ലോകം – കടത്തനാടിന്റെ സാഹിത്യ പാരമ്പര്യം 2007 – കടത്തനാട് ജനസംസ്കാരം പഠന കേന്ദ്രം

ഭാസ്ക്കരൻ .സി. – കമ്മ്യണിസ്റ്റ് പ്രസ്ഥാനം ഇന്ത്യയിൽ '2014 – ചിന്ത പബ്ലിഷേഴ്സ്

ഭാസ്ക്കരൻ.സി. – കമ്മ്യുണിസ്റ്റ് പ്രസ്ഥാനം കേരളത്തിൽ ' 2012 – ചിന്തപബ്ലിഷേഴ്സ്

ഭാസ്ക്കരനുണ്ണി.പി. – 'പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം' – 1988 – കേരള സാഹിത്യ അക്കാദമി , തൃശൂർ.

ബാബു.കെ.വി – 'കോലത്തുനാട് നാൾ വഴി ചരിത്രം ' 2014 കൈരളി ബുക്സ്

ബാലകൃഷ്ണൻ.കെ. –'ഏഴിമല, കണ്ണൂരിന്റെ സമകാലിക ചരിത്രവും പുരാവൃത്തവും' 2007 –മാതൃഭൂമി ബുക്സ്

ബാലകൃഷ്ണൻ.കെ.– 'കണ്ണൂർ കോട്ട' – 2008– ഡി.സി.ബുക്സ് കോട്ടയം

ബാലകൃഷ്ണൻ.പി.കെ. 'ജാതിവ്യവസ്ഥിതിയും കേരളചരിത്രവും ' 1997 –പൂർണ്ണ പബ്ലിക്കേഷൻ

ബിനീഷ് പുതുപ്പണം – 'കേരള നവോത്ഥാനത്തിന്റെ മുദ്രകൾ' 2011 – വിദ്യാർത്ഥി പബ്ലിക്കേഷൻസ്

മലയാളപഠന സംഘം – സംസ്കാര പഠനം , ചരിത്രം , സിദ്ധാന്തം, പ്രയോഗം'

മുരളി കരിവെള്ളൂർ – 'കരിവെള്ളൂർ – ചരിത്രം, സമരം, ജീവിതം ' – 2013 ഡിസംബർ ബുക്സ്

മുരളീധരൻ നെല്ലിക്കൽ ഡോ : 'കേരള ജാതി വിവരണം' – 2008 – റെയിൻ ബോ ബുക്സ് പബ്ലിക്കേഷൻ ചെങ്ങന്നൂർ

യഹിയ പുളിക്കൽ ഡോ : (എഡി:) ജനസംസ്കാര പഠനകേന്ദ്രം, കണ്ണൂർ' 2010– ജനസംസ്കാര പഠന കേന്ദ്രം , കണ്ണൂർ

രവി.കെ.ടി. – 'പണ്ടത്തെ മലയാളക്കര' 2008 – കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

രാഘവവാര്യർ.എം.ആർ – 'ജൈനമതം കേരളത്തിൽ ' 2012 – സാഹിത്യപ്രവർത്തക സഹകരണസംഘം നാഷണൽ ബുക്സ്റ്റാൾ

രാഘവവാര്യർ.എം.ആർ. രാജൻ ഗുരുക്കൾ – 'മിത്തും സമൂഹവും' 2013 – സാഹിത്യ പ്രവർത്തക സഹകരണസംഘം നാഷണൽ ബുക്സ്റ്റാൾ

രാഘവവാര്യർ.എം.ആർ. രാജൻ ഗുരുക്കൾ –കേരളചരിത്രം 'രണ്ടാം ഭാഗം 2012 – വള്ളത്തോൾ വിദ്യാപീഠം. ശുകപുരം, എടപ്പാൾ

രാജൻ ഗുരുക്കൾ , രാഘവവാര്യർ, എം.ആർ– 'കേരളചരിത്രം' 1996 വള്ളത്തോൾ വിദ്യാപീഠം, ശുകപുരം

രാജശേഖരൻ.എസ്. എഡിറ്റർ 'അന്തോണിയോ ഗ്രാംഷിയും സംസ്കാരപഠനവും' 2008 ചിന്ത പബ്ലിഷേർസ്

രാജ്മോഹൻ നീലേശ്വരം – 'ചിറ്റാട' 2011 മലപ്പള്ളി സോമേശ്വരി ക്ഷേത്രം സ്മരണിക

രാമചന്ദ്രൻ.ടി.കെ – 'സംഭാഷണങ്ങൾ– കെ.എൻപണിക്കർ' 2008 – കറന്റ് ബുക്സ്, തൃശൂർ

ലോഗൻവില്യം – 'മലബാർ പ്രവിശ്യ' – 2008 – മാതൃഭൂമി ബുക്സ്

വാണീദാസ് എളയാവൂർ – 'വടക്കൻ ഐതിഹ്യമാല' 2006 – കറന്റ് ബുക്സ് കോട്ടയം

പാലത്ത് വി.വി.കെ. – 'സംഘകാല കേരളം' 1977 – എൻ.ബി.എസ്, കോട്ടയം

പാലത്ത് .വി.വി.കെ. – 'കേരളത്തിലെ സ്ഥല ചരിത്രങ്ങൾ' 1981 – കേരളസാഹിത്യ അക്കാദമി , തൃശൂർ

വിനോദ് കുമാർ. ആർ– 'കേരളീയം' 2008 – ഡി.സി.ബുക്സ് , കോട്ടയം

വിഷ്ണുനമ്പൂതിരി. എം. ഡോ: –'നാട്ടറിവുപാഠങ്ങൾ ' വാല്യം 1 , 2010 –പൂർണ്ണപബ്ലിക്കേഷൻസ്

വേലായുധൻ പണിക്കടശ്ശേരി – അന്വേഷണം, ആസ്വാദനം 2010 – കറന്റ് ബുക്സ് കോട്ടയം

വേലായുധൻ പണിക്കശ്ശേരി – 'ചരിത്രത്തിന്റെ അടിവേരുകൾ ' 2012 – ഡി.സി.ബുക്സ് , കോട്ടയം

വേലായുധൻ.പി.എസ്. പ്രൊഫ : – 'ലോക ചരിത്രം ' 2011 – കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ശങ്കരൻ തായാട്ട് – 'ഭാരതീയ നവോത്ഥാനത്തിന്റെ രൂപരേഖ' 2000 – കേരളസാഹിത്യ അക്കാദമി, തൃശൂർ

ശശിധരൻ.എൻ, രാജഗോപാലൻ .ഇ.പി. – 'കേളു' 2002 – ലിപി.പബ്ലിക്കേഷൻസ്, കോഴിക്കോട്

ശിവശങ്കരൻ നായർ.കെ– 'പ്രാചീന കേരളത്തിന്റെ ചരിത്രം' 2006 –ഡി.സി.ബുക്സ്, കോട്ടയം

ശ്രീകണ്ഠേശ്വരം – 'ശബ്ദതാരാവലി' 2011 – ഡി.സി.ബുക്സ് , കോട്ടയം

സലീം. പി.ബി. ഡോ : ഫായിസ് മുഹമ്മദ്.എൻ.പി, വസിഷ്ഠ്.എം.സി 'മലബാർ പൈതൃകവും പ്രതാപവും' 2014 മാതൃഭൂമി ബുക്സ് , കോഴിക്കോട്

സുഗതൻ.കെ.ഡോ : – ‘ബുദ്ധമതവും ജാതിവ്യവസ്ഥയും’ 2011 – പ്രോഗ്രസ്സ് പബ്ലിക്കേഷൻസ് , കോഴിക്കോട്

സുധാകരൻ.സി.ബി. – ‘ഉത്തരാധുനികത’– 2000– ഡി.സി.ബുക്സ് , കോട്ടയം

സൂര്യനാരായണൻ . ഒ.ഡോ : – ‘മലബാറിലെ സ്വാതന്ത്ര്യ സമരം , പരിചിന്തനങ്ങൾ , 2012 – മിഡാസ് ഓഫ്സെറ്റ് പ്രിന്റേർസ്, കൂത്തുപ്പറമ്പ, കണ്ണൂർ

ഹരികുമാർ.എം.കെ.– ‘ഉത്തര ഉത്തരാധുനികത’ – 2012 – ആൽഫ വൺ പബ്ലിഷേർസ്

**English Books**

Anandakrishna Iyye L.K ‘Cochin Tribes and Castes ‘. 1981 - Casmo publishers - Delhi

Ayyappan.A - ‘Social Revolution in Kerala Village’. 1965 - Asia publishing house

Banarji.R.P. - ‘Pre-historic, Ancient and Hindu India’.

Carol Kamman , Amy. H.Wilson - ‘ Ancycopedia of local history’ 2000- Altamire press U K

Carr.E.H- ‘What is history?’ 1990 - penguine books

Chambakalakshmi .R - ‘Trade , ideology and urbanization; South India 300BC & AD 1300 Oxford University Prss

David Harway - “The condition of post modernity: An enquiiety in to the origins of cultural change ‘.1989 - Oxford Blackwell

Finnegan Ruth - “Oral Traditions and the Verbal Arts’- A guide to research practices’ London - Routledge.

Foucautl Michel - ( Translator : Alan Sheridan “Discipline and punish: The birth of the prison’ 1975- Torento vintage books - Newyork.

Fredric Jameson - :Post modernism or cultural logic and late capitalism; 1991 - Duke University press

Ingon Habib - “Peoples history of India- I prehistory ‘. 2001 - Aligarhj historians society

Menon P.K.K : Press - “The history of freedom movement in Kerala’ 2001 - Dept. of cultural publications - Govt of Kerala.

Panikkar K.N - “Against Lord and state - Religion and peasent uprising in Malabar 1836-1921 Oxford University press.

Rajan Gurukkal, Raghava Varyar - ‘Cultural history of Kerala’ 1999- Dept. of cultural publications Govt. of Kerala

Romila Thapar - ‘The past as present ‘ 2014 Aleph book company

Sathy Murthy.T. - “The Iron age in Kerala- A report on “Mangada Excavations’ 1996.

Sreedhara Menon .A - “A survey of Kerala history ‘ 1967 - DC books , Kottayam

Sreedhara Menon . A - “Cultural history of Kerala’ 2008 - DC books - Kottayam

**സ്മരണികകളും ഗവേഷണ പ്രബന്ധങ്ങളും**

1. കരിപ്പത്ത് ആർ.സി.ഡോ: എഡിറ്റർ – ‘ശ്രീമാക്കീൽ’ – 2014 ശ്രീ മാക്കീൽ കല്ല്യാണമണ്ഡപം ഉദ്ഘാടന സ്മരണിക

2. ‘കരിവെള്ളൂരിന്റെ ഇന്നലെകൾ’ – 2010 – കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്

3. ചന്ദ്രൻ നാലാപ്പാടം എഡിറ്റർ ‘ചെമ്പോല’– 2003– കരിവെള്ളൂർ ശ്രീമുച്ചിലോട്ട് ഭഗവതീക്ഷേത്രം പെരുങ്കളിയാട്ടമഹോത്സവം സ്മരണിക

4. ‘ചിറ്റാട’ – 2011 – കരിവള്ളൂർ തെരുശ്രീമഠപ്പിള്ളി സോമേശ്വരിക്ഷേത്രം നവീകരണകലശ മഹോത്സവം സ്മരണിക

5. ജയചന്ദ്രൻ കീഴോത്ത് ‘ഉത്തരകേരളത്തിലെ വാണിയരുടെ ജീവിതവും സംസ്കാരവും’ 2007 ഗവേഷണ പ്രബന്ധം – കണ്ണൂർ യൂണിവേഴ്സിറ്റി

6. ‘പാഞ്ചജന്യം’ – 2014 – കോട്ടൂർ ശ്രീമഹാവിഷ്ണുക്ഷേത്ര നവീകരണ പുന:പ്രതിഷ്ഠ ബ്രഹ്മകല മഹോത്സവം സോവനീർ

7. പ്രമോദ് .ടി.പി. എഡിറ്റർ – ‘വീത്’– 2013 – കരിവെള്ളൂർ പരിയാരത്ത് പയ്യാടക്കത്ത് തറവാട് കളിയാട്ട സ്മരണിക.

8. ‘നിറമാല’ – 2016 – ശ്രീ പെരളത്ത് ഭഗവതീ ക്ഷേത്രം പുന : പ്രതിഷ്ഠാ ബ്രഹ്മകലശമഹോത്സവം

9. മുരളി കരിവെള്ളൂർ എഡിറ്റർ ‘ഓർമ്മകൾ ഉണ്ടായിരിക്കണം’ 2007– 2008 സുവർണ്ണജൂബിലി സ്മരണിക ഏ.വി.സ്മാരക ഗവ.ഹയർ സെക്കണ്ടറി സ്കൂൾ – കരിവെള്ളൂർ

10. മുരളി കരിവെള്ളൂർ എഡിറ്റർ – കരിവെള്ളൂർ 1946– 2006 – കരിവെള്ളൂർ സമരം 60–ാം വാർഷികസ്മരണിക

11. മുരളി കരിവെള്ളൂർ – 'രംഗദീപം തെളിയുന്നു'. കരിവെള്ളൂർ ഫൈൻആർട്സ് സൊസൈറ്റി

12. മോഹൻദാസ് .പി.ഡോ: 'കണ്ണൂർ കാലത്തിലൂടെ' 2006 കണ്ണൂർ ജില്ലാ പഞ്ചായത്ത്

**ആവേദക സൂചി**

1. അപ്പു.എ ( 62) – വാണിയ – കരിവെള്ളൂർ
2. അപ്പുകുട്ടൻ കരിമ്പിൽ (85) – പുരുഷൻ – പലിയേരിക്കൊവ്വൽ , കരിവെള്ളൂർ
3. അപ്പു എടക്കേൻ (62) – പുരുഷൻ – പുലയ – പാലക്കുന്ന് , കരിവെള്ളൂർ
4. അമ്പു കൊച്ചി (51) – പുരുഷൻ– ഓണക്കുന്ന്
5. അമ്പു.ടി.വി (84) – പുരുഷൻ – ചാലിയ – കരിവെള്ളൂർ
6. അമ്മിണി.വി ( 79) – സ്ത്രീ– നമ്പി – പെരളം
7. കനകശ്രീ(35) –സ്ത്രീ– നമ്പി– പാലക്കുന്ന് , കരിവെള്ളൂർ
8. കരുണാകരൻ .ഇ.വി (69) – പുരുഷൻ – ഓണക്കുന്ന്
9. കരുണാകരൻ .ടി (70) – പുരുഷൻ – പെരളം
10. കല്യാണി .എം. (68) – സ്ത്രീ – പുലയ– ചീറ്റ, പെരളം
11. കല്യാണി എടക്കേച്ചി (80) – സ്ത്രീ– പുലയ– പാലക്കുന്ന്, കരിവെള്ളൂർ
12. കല്യാണി . പി.വി. (70) – സ്ത്രീ– കാവുതീയ്യ – കോട്ടക്കുന്ന്
13. കുഞ്ഞിക്കൃഷ്ണൻ . പി ( 47) – പുരുഷൻ – കുണിയൻ
14. കുഞ്ഞിപ്പാർവ്വതിയമ്മ (84) –സ്ത്രീ– നായർ – ഓണക്കുന്ന്
15. കുഞ്ഞിരാമൻ തേത്രവൻ (82) – പുരുഷൻ – കരിവെള്ളൂർ
16. കുഞ്ഞിരാമൻ പരിയാരത്ത് (70) – പുരുഷൻ – നായർ –പലിയേരി
17. കുഞ്ഞിരാമൻ പാവൂർ (85) – പുരുഷൻ – ചീറ്റ – പെരളം
18. കുഞ്ഞിരാമപ്പെരുവണ്ണാൻ.കെ.(60) – പുരുഷൻ – വണ്ണാൻ – കടന്നപ്പള്ളി
19. കൃഷ്ണൻ (58)– പുരുഷൻ – മാദിഗ– ചക്ലിയകോളനി , പാലക്കുന്ന്

20. കൃഷ്ണൻ (60) – പുരുഷൻ– മാദിഗ– ചക്ലിയകോളനി, പാലക്കുന്ന്

21. കൃഷ്ണൻനായർ പയ്യാടക്കൻ (95)– പുരുഷൻ – നായർ – പെരളം

22. കൃഷ്ണൻ നായർ പരിയാരത്ത് പയ്യാടക്കത്ത് (89) – പുരുഷൻ – നായർ – കരിവെള്ളൂർ

23. ഗോവിന്ദൻ.ടി. (64) – പുരുഷൻ – പുത്തൂർ

25. ഗോവിന്ദൻ. കെ.(59) – പുരുഷൻ– പെരളം

26. ചിണ്ടപ്പെരുവണ്ണാൻ (81) – പുരുഷൻ – വണ്ണാൻ – പെരളം

27. ചിരി ( 80) –സ്ത്രീ– വണിയ – കുഞ്ഞുമണക്കാട്, പെരളം

28. ചെറിയ. പി( 69) – സ്ത്രീ– നായർ – പെരളം

29. ജാനകി.എം (66) – സ്ത്രീ – നായർ – പെരളം

30. ജാനകി പയങ്ങപ്പാടൻ (82) – സ്ത്രീ – കരിവെള്ളൂർ

31. ജാനകി.വി (58) – സ്ത്രീ – വണ്ണാൻ – പെരളം

32. തമ്പാൻ.ഇ.പി.(60) – പുരുഷൻ– ഓണക്കുന്ന്

33. തമ്പായി (58) – സ്ത്രീ – നമ്പി – പാലക്കുന്ന്, കരിവെള്ളൂർ

34. തമ്പായി കുഞ്ഞുവീട്ടിൽ(84) – സ്ത്രീ– തോട്ടിച്ചാൽ, കരിവെള്ളൂർ

35. നാരായണൻ.എം.വി (62) – പുരുഷൻ– ഓണക്കുന്ന്

36. നാരായണൻ.കെ. (60) – പുരുഷൻ – തീയ്യ – പെരളം

37. നാരായണൻ.ടി.വി (50) – പുരുഷൻ–കരിവെള്ളൂർ

38. നാരായണൻ നമ്പൂതിരി.കെ.സി ( 72) – പുരുഷൻ – കോട്ടൂർ

39. നാരായണൻ.പി.വി (68) – പുരുഷൻ – കരിവെള്ളൂർ

40. നാരായണൻ വൈക്കത്ത് ( 66) – പുരുഷൻ – കരിവെള്ളൂർ

41. നാരായണി.ഇ.പി. (68) -സ്ത്രീ - തീയ്യ- പെരളം

42. നാരായണി.കെ. (60) - സ്ത്രീ - മണക്കാട് -കരിവെള്ളൂർ

43. നാരുഉണിത്തിരി (76)- പുരുഷൻ-ഓണക്കുന്ന്

44. പാറുവമ്മ (80) - സ്ത്രീ- പുലയ - പുത്തൂർ

45. പാറുവമ്മ.കെ. (78) - സ്ത്രീ-വണ്ണാൻ - കുണിയൻ

46. പ്രകാശൻ കരിവെള്ളൂർ (42)- പുരുഷൻ -ഓണക്കുന്ന്

47. ഭാസ്ക്കരൻ.വി. (60) പുരുഷൻ -വണ്ണാൻ- കുണിയൻ

48. ബാലൻ കൊടക്കാരൻ (58) - പുരുഷൻ-തീയ്യ- കുണിയൻ

49. ബാലൻ നേണിക്കം (60) പുരുഷൻ-വണ്ണാൻ - കാനായി, പയ്യന്നൂർ

50. ബിജു. (35) - പുരുഷൻ- പുലയ- പുത്തൂർ

52. മാധവി.കെ.(64) - സ്ത്രീ- തീയ്യ- ഓണക്കുന്ന്

53. മാലതി.കെ(58) - സ്ത്രീ-ഓണക്കുന്ന്

54. മീനാക്ഷിയമ്മ പറ്റ്വ (60 ) സ്ത്രീ -നായർ- മണക്കാട്

55. രാഘവൻ.എം. (63) - പുരുഷൻ - തീയ്യ - കരിവെള്ളൂർ

56. രാജൻ പണിക്കർ (55) -പുരുഷൻ-തീയ്യ- കരിവെള്ളൂർ

57. ലക്ഷ്മിയമ്മ (84)-സ്ത്രീ-പരദേശി-മണക്കാട്, കരിവെള്ളൂർ

58. വിജയൻ.പി.(65) -പുരുഷൻ-മണക്കാട്, കരിവെള്ളൂർ

59. ശാരദ.ഇ.കെ. (78)- സ്ത്രീ - വണ്ണാൻ- കുറുമാത്തൂർ

60. ശോഭ.കെ.(47)- സ്ത്രീ - തോട്ടിച്ചാൽ - കരിവെള്ളൂർ

## അനുബന്ധം

## നാടൻപാട്ടുകൾ

**പാട്ട് 1**

രണ്ടാം ലോകമഹായുദ്ധകാലത്ത് ജപ്പാൻ അനുകൂലിച്ചും പ്രതികൂലിച്ചും ശക്തമായ പ്രതിഷേധങ്ങൾ നടക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റുകാർ പൊതുയോഗ ങ്ങളിൽ അത്തരം കലാപ്രകടനങ്ങൾ നടത്തുകയുണ്ടായി. 1943ൽ കുഞ്ഞുവീട്ടിൽ തമ്പായിയും പയങ്ങപ്പാടൻ ജാനകിയും ചേർന്ന് പാടിയ ഒരു പാട്ട് -

ഏഷ്യക്കാരൻ ജപ്പാൻ നല്ലത്
ജപ്പാൻ നല്ലത് നാട്ടാരെ
ദൂഷ്യക്കാരൻ ചൈന പിടിപ്പോൻ
ജപ്പാൻ വേണ്ടാ നാട്ടാരെ
നമ്മുടെ ബോസിൻ കൂട്ടക്കാരൻ
ജപ്പാൻ നല്ലത് നാട്ടാരെ
നമ്മുടെ ബോസിൽ കൂട്ടക്കാരൻ
ജപ്പാൻ വേണ്ട നാട്ടാരേ
അരിതരും ജപ്പാൻ വന്നാൽ
ജപ്പാൻ നല്ലത് നാട്ടാരെ
കൃഷി ഞങ്ങൾ വളർത്തിക്കൊള്ളാം
ജപ്പാൻകാരെ തുണവേണ്ട
എണ്ണ കിട്ടും ജപ്പാൻ വന്നാൽ
(ജപ്പാൻ നല്ലത് നാട്ടാരെ)
തുണിതരും ജപ്പാൻ വന്നാൽ

ജപ്പാൻ കാരിഹ വന്നോട്ടെ

അത്തുണി ജപ്പാൻകാരെ ചുടുവാൻ

പാട്ടടയാക്കാൻ കരുതിക്കോ

നാടുപിടിച്ചാൽ നിന്നെകൊല്ലും ജപ്പാൻകാരിഹ കെങ്കേമൻ

**പാട്ട് 2**

1943–ൽ ബംഗാളിൽ ക്ഷാമം പിടിപ്പെട്ട കാലത്ത് ബംഗാളിന് ഐക്യ ദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പാടിയ പാട്ട്.

കേൾക്കുവിനെൻ നാട്ടുകാരെ വാർത്തകളശേഷം

കേളികേട്ട നമ്മുടെയാ നാടുനശിക്കാറായി

ഭാരതത്തിൽ പേരുകേട്ട വെംഗ രാജ്യത്തിങ്കൽ

ഘോരമായ പട്ടിണിയും ക്ഷാമവുമാണത്രേ

വിശ്വമഹാകവിയാകും ടാഗോറിന്റെ നാട്ടിൽ

വീഥികളിൽ വീണു ജനം ചത്തൊടുങ്ങീടുന്നത്രേ

കഞ്ഞിവെള്ളം പോലുമല്പം നൽകിടാനാകാതെ

കുഞ്ഞുകുട്ടികളെ സ്ത്രീകൾ കൈവെടിയുന്നത്രേ

പട്ടിണിയിൽ വനിതകൾ വീർപ്പുമുട്ടുക്കൊ

കൂട്ടമായി വ്യഭിചാരം ചെയ്യുകയാണത്രേ

ഇന്നു നമ്മൾ നിരാശരായി ഖിന്നരായിരുന്നാൽ

നമ്മളുടെ കേരളവും നാളെയിതേ മട്ടിൽ

രാജ്യഭക്തൻമാരെ സേവകരേ നമ്മൾ

പൂജ്യമായ മാതൃഭൂമിൻ രക്ഷതേടാനായി

ധീരമായ ബംഗാളിനെ സംരക്ഷിക്കാനായി

**പാട്ട് 3**

ജാപ്പ് വിരുദ്ധക്യാമ്പയിന്റെ ഭാഗമായി പാടിയ പാട്ട് (ആവേദക : തമ്പായി കുഞ്ഞുവീട്ടിൽ )

നമ്മൾ ജനിച്ച് വളർന്ന നാട്
നമ്മൾ കനകം വിതച്ച നാട്
നമ്മൾക്കവകാശപ്പെട്ട നാട്
മംഗളം ജപ്പാന് വേണം പോലും
നമ്മുടെ നാട് പൊന്നുനാട്
തട്ടിപ്പറിക്കാനായെത്രേയാള്
യശമാനത്തം നേടാനത്രേയാന്മം
ശ്വാനപ്പണിക്കായൊരുമ്പെടുന്നു
ഉയിപിരിയെന്റെ ശ്വാനന്മാരെ
ഇനിയിപ്പണിപറ്റ്യോ ശ്വാനന്മാരെ
ഈ നാട് നമ്മൾക്ക പറ്റ്യോ നോക്കാൻ
ആൺപെൺ പിറന്നോര് തീരുമാനിച്ചു
കേട്ടില്ലേ കേട്ടില്ലേ നാട്ടുകാരെ
നാട്ടിലേ വാർത്തകൾ നമ്മളെല്ലാം
ആഴക്കരിക്കഞ്ഞി കിട്ടിടാതെ
അത്താഴപ്പട്ടിണിയായിട്ടെന്നും
നാട്ടിലെ നാട്ടുകാരാകമാനം
പട്ടിണി തീയിലായ് വെന്തീടുമ്പോൾ
കള്ളൻ പടുകള്ളൻ ചോറ്റുകള്ളൻ
നെല്ലെല്ലാം പത്തായം തന്നിലാക്കി
പത്തായത്തിന്റെ മേൽ പട്ടുമെത്ത
പൊത്തിപൊതിഞ്ഞു വിരിഞ്ഞുകെട്ടി
ഭർത്താവും ഭാര്യയുമൊത്തിണങ്ങി
കൃത്യമായി ചാത്തമങ്ങൂട്ടീടുന്നു.

**പാട്ട് 4**

കരിവെള്ളൂരിലെ പുലയസമുദായത്തിൽപെട്ട കോട്ടൂർവീട്ടുകാരുടെ ഉൽപ്പത്തി പുരാവൃത്തമായ നാടൻപാട്ട് (ആവേദക : കോട്ടൂർ വീട്ടിൽ നാരായണി )

ആദിന്റെ രള്ന്റെ കോട്ടൂരപ്പൻ

ആടവിളങ്ങീറ്റ് വന്നോണ്ടിന്

കോട്ടൂർപ്പറമ്പന്ന സ്ഥലത്തെല്ലാന്ന്

എന്റെ കോട്ടൂരങ്ങപ്പനുദിയോണ്ടിനി

എന്റെ കോട്ടൂരങ്ങപ്പൻ വിചാരിക്ക്ന്ന്

എനിക്കൊരുവാളുമടിയാൻ വേണം

എന്റെ കോട്ടൂരങ്ങപ്പനുദിയ കാലം

ആടക്കയിക്കും തള്ളമ്പിലാമ്പി

ആലപ്പടമ്പ് നല്ല വീട്ടകത്ത്

ആലപ്പടമ്പിലും പോയ്ക്കോള്ന്ന്

ആലപ്പടമ്പ്ന്നും വന്നോള്ന്ന്

കോട്ടൂരെ മടത്തിലും നിന്നോള്ന്ന്

ആടെയങ്ങതങ്ങനെ നിക്കും നേരം

അപ്പനും ചാന്തിയ്ക്കാൻ പോയ്ക്കോള്ന്ന്

അമ്മ അട്ക്കളീ പണിയെട്ത്തു

എന്റെ കോട്ടൂർ കണക്കപ്പിള്ള എമ്പിറാന്തി

എല്ലും പണിയങ്ങൊരങ്ങ്ന്ണ്ട്

എന്തിന് പറയുന്ന് പുള്ളമ്മാറ്

ഒന്ന്ണ്ട് തേക്കണെന്റെമ്മയോട്

നമ്മളെ കുളത്ത്ന്ന് കുളിച്ചൂടമ്മേ

നമ്മളെ കുളത്ത്ന്ന് കുളിക്കാമോളെ

അയിനെന്തിരിക്കട്ടെ പെറ്റോരമ്മേ

ഞങ്ങക്കുളത്തിലും പോകട്ടമ്മേ

നിങ്ങ കുളത്തിലും പോകുംന്നേരം

കുഞ്ഞീന നിങ്ങളും കൂട്ടേവേണ്ട

ഇപ്യക്കുളത്തിലും പോകുന്ന്ണ്ട്

അവര് കുളത്തിലും പോകന്ന്ണ്ട്

അവരോര് പോയൊര് തക്കംനോക്കി

ഇക്കുഞ്ഞി അവ്ട്ന്ന് കീയ്ന്ന്ണ്ട്

അരയിലരമണി തിരിമ്പിക്കേറ്റി

കാക്ക്ടും കാൽവള തിരുമ്പികേറ്റി

തോറ്ത്ത്ട്ത്തല്ലേ കുഞ്ഞുപോന്ന്

അവര് കുളിച്ച് കുളത്തിലങ്ങെത്ത്ന്ന്ണ്ട്

അന്നേരവര് പറഞ്ഞോള്ന്ന്

കാട് മറഞ്ഞ് നമ്മ നിന്നോളാല്ലോ

ഓളും കുളിച്ച് കേറി വന്നോളട്ടെ

കുഞ്ഞിക്കുളിച്ച് കേറിവന്നോള്ന്ന്

അത് പെരുവഴിക്ക് എത്തു നേരം

ഏഴുചവ്ട്ടടി അളക്ക്ന്ന്ണ്ട്

ഏഴു ചവ്ട്ടുമളന്നുകൊമ്ട്

ഇനിയൊന്ന് മൂന്ന് ചിതക്കിന്ന്ണ്ട്

മൂന്ന് ചിതക്കൽ ചിതച്ചുവല്ലോ

കുഞ്ഞിയും കൂടെവരുവാൻ ചൊല്ലി

അന്നേരത്തപ്യപറഞ്ഞോള്ന്ന്

കുഞ്ഞീന ഇല്ലത്ത് കേറ്റല്ല്യമ്മേ

എന്ത്കൊണ്ട് ഇല്ലത്ത് കേറ്റാഞ്ഞിനി

അങ്ങനവള് കളിക്ക്ന്ന്ണ്ട്

ഓള് കുളിച്ച് കേറി വന്നുംകൊണ്ട്

മൂന്ന് ചിതക്കല് ചിതച്ചീനമ്മേ

ആവ്നനനുവാദം മൂളിയമ്മ

അമ്മപുറത്തേക്കിറങ്ങ്ന്ന്ണ്ട്

ഒന്ന്ണ്ട് കേക്കണം പെറ്റോരമ്മേ

ഓളെ അവിടെയിരുത്തന്റെമ്മേ

കുഞ്ഞീനവിടെയിര്ത്ത്ന്ന്ണ്ട്

കുഞ്ഞീനതുമ്പാത്തീരുത്തീംകൊണ്ട്

അന്നേരെ കുഞ്ഞിഓള് ചോയിക്ക്ന്ന്

ഒന്ന്ണ്ട് കേക്കണേ പെറ്റോരമ്മേ

ദായിക്ക്ന്നമ്മേ വിശക്ക്ന്നമ്മേ

കഞ്ഞിതെരൂ എന്റെ പെറ്റോരമ്മേ

വാട്ടോടി കഞ്ഞികൊട്ക്ക്ന്ന്ണ്ട്

കണ്ണരെൻ ചിരട്ടീ കറികൊട്ത്തു

കഞ്ഞി ചവിട്ടി മറിക്ക്ന്ന്ണ്ട്

കഞ്ഞി ചവിട്ടി മറിച്ചുംകൊണ്ട്

ആടന്നും കൊറേനേരം താമസിക്കുമ്പം

അമ്മേനക്ക് കഞ്ഞിതരികേയില്ലേ

കഞ്ഞി തരൂ എന്റെ പൊന്ന് മോളെ

കഞ്ഞി കൊട്ക്കന്ന് പെറ്റോരമ്മ

മാമ്പീരി കഞ്ഞികൊട്ക്കന്ന്ണ്ട്

കണ്ണൻ ചിരട്ടീ കറികൊടുത്തു

മാമ്പിരി കഞ്ഞിയേന്തേ പെറ്റോരമ്മേ

കണ്ണൻ ചിരട്ടീ കറിയെന്തമ്മേ

എന്റെ കുഞ്ഞിക്കിണ്ണട്ത്താ പോയതെന്റേമ്മേ

എന്റെ തൂലിക്കിണ്ട ഏട്ത്താ പോയതെന്റേമ്മേ

അതിലായി കഞ്ഞിഒന്ന് തന്നാലല്ലേ

ഞാന്ഉം തന്നെ കുടിക്കൂ ഉള്ളൂ

അതിലായി കഞ്ഞി കൊട്ത്തു അമ്മ

വാരിവലിച്ചു കുടിച്ചു കുഞ്ഞി

അന്നേരെ കുഞ്ഞി പറഞ്ഞോള്ന്ന്

ഉയിവിധിയെന്റെ പെറ്റോരമ്മേ

ആട്ത്തതന്നെ കിടന്നാളന്ന്

അച്ഛനും സന്ധിഉതിക്കും നേരം

ചാന്തിയും പൂജയും കയിച്ചുംകൊണ്ട്

അച്ഛനും ചെന്നങ്ങ് വന്നൂ അല്ലോ

പൂജാമുറിയും തുറന്നു അച്ഛൻ

പൂജാമണിയുഉം കൊണ്ട്വെച്ചു

പണവുമടുത്തായികൊണ്ട ് വെച്ചു

അങ്ങിനവിട്ന്ന് കീഞ്ഞോള്ന്ന്

കുളികുറിതേവാരം കയിച്ചൂ അച്ഛൻ

എന്റെ കോട്ടൂ കണക്കപ്പിള്ള എമ്പിറാന്തി

ചോറ് തെരൂ എന്റെ എമ്പ്റാന്തി

ചോറ് കൊടുക്കന്നങ്ങെമ്പറാന്തി

അന്നേരങ്ങച്ഛൻ പറഞ്ഞാള്ന്ന്

അങ്ങേനവ്ട്ന്ന് കീഞ്ഞോള്ന്ന്

ചോറ് കൊട്ക്ക്ന്നെന്റെമ്പ്റാന്തി

അന്നേരെന്റെച്ഛൻ പറഞ്ഞോള്ന്ന്

ഏലപ്പലയും വെലിച്ച് വെച്ചു

ഒരുപിടി വാര്യച്ഛൻ തിന്നോള്ന്ന്

രണ്ട ാംപിടിചോറ് വാരും നേരം

ഉയിക്ക് നെല്ല് വിലങ്ങുപോലെ

ചോറ് വിലങ്ങുന്ന് തന്നെപോലും

കൈയ്യിപിടിച്ചുള്ള ചോറ് തന്നെ

വട്ടയിൽതന്നെ കുടഞ്ഞോള്ന്ന്

വേഗത്തിൽവരുന്നുവല്ലോ അച്ഛനല്ലേ

വെറ്റിലപാക്ക്  വെലിച്ചുവെച്ചു

വെറ്റിലമുറക്ക്ന്നൊരച്ഛനല്ലോ

എന്റെ കോട്ടൂ കണക്കപ്പിള്ളമ്പിറാന്തി

ഈടയങ്ങ്തെന്ത്ന്ന് പറ്റിയതല്ലേ

വേഗം പറയണെന്റെ എമ്പിറാന്തി

ഈടയങ്ങൊന്നും പറ്റിയില്ല

നിങ്ങളെയെളെയൊര് മോള്തന്നെ

മൂന്ന് ചിതക്കല് ചിതക്കീനോളും

ഓളതാ തുമ്പും പുറത്തുണ്ട ല്ലോ

വേഗത്തിലച്ഛൻ വരുന്നുണ്ട ല്ലോ

ബെഞ്ച് വെലിച്ചച്ചൻ മിറ്റത്തിട്ടു.

പന്തലും തന്ന്യങ്ങ്കെട്ട്ന്നച്ഛൻ

അച്ഛനും മിറ്റത്ത് കിടക്കുന്നല്ലോ

മോളൂവും മിറ്റത്ത് കിടക്കുന്നല്ലോ

അന്നേരം അമ്പിലാസി പറഞ്ഞോള്ന്ന്

ഉയിവിധിയെന്നെ നിങ്ങളോട്

കണിശന്റെ വീട്ടിലോളം പോകവേണം

വാരിവെച്ചൊന്നങ്ങ് നോക്കീറ്റല്ലോ

കുഞ്ഞിന ഇല്ലത്ത് കേറ്റ്യവേണം

വേഗത്തിൽ പോക്ന്ന് അച്ഛനല്ലോ.

അച്ഛനും വന്ന് ക്ട്ന്നോള്ന്ന്

രാവിലെ നേരം പുലര്ന്നേരം

അച്ഛനും ചെന്നങ്ങ്ണീറ്റോള്ന്ന്

കുളികുറിതേവാരം കഴിച്ചോള്ന്ന്

കുളികുറി തേവാരം കഴിച്ചു അച്ഛൻ

അന്നേരത്തച്ഛൻ കീഞ്ഞോള്ന്ന്

തോറ്ത്തെടുത്തു കയ്യിലിട്ടു

പൂജാമുറിയിലും ചെന്ന് കേറീ

പണവുമെട്ത്തച്ഛൻ കെട്ട്ന്ന്ണ്ട്

പണവുമെട്ത്തച്ഛൻ കെട്ടീംകൊണ്ട്

പൂജാമുറിയാടപൂട്ട്ന്ന്ണ്ട്.

പൂജാമുറിയങ്ങ് പൂട്ടീങ്ങണ്ട്

അച്ഛനും ചെന്നങ്ങ് യാത്രയായി

അച്ഛനും കീഞ്ഞങ്ങ് പവ്വുവാന്

കുത്തിതയഞ്ഞ കുടയെട്ത്തു

ഇട്ട്തയഞ്ഞ പെരുപ്പെടുത്ത്

കണിശന്റെ വീട്ടിലേക്ക്വയ്യൂം ചാഞ്ഞു

അച്ഛനും ചെന്നങ്ങ് പോക്ന്ന്ണ്ട്

അച്ഛനും പോയ്യാടനിക്കുംനേരം

ഊയിവിധിയെന്റെ നായനാറെ

എന്താന്ന് നിങ്ങീട വന്നോണ്ട ിത്

എനക്കൊര് വാര്യവെച്ചേ് നോക്ക്വേണം

ഊയിവിധിയെന്റെ തമ്പുരാനെ

ഒന്ന്ണ്ട് കേക്കണം നിങ്ങളോട്

ആരിക്ക് വാര്യവെച്ച് നോക്ക്യണ്ട ത്

വാരിയ്വെച്ചങ്ങ് നോക്ക്വാന്

കണിശനും കൂടെയങ്ങ് എണീറ്റോള്ന്ന്

ഏറപ്പലയും വലിച്ചുവെട്ടു

കവിടിയും സഞ്ചിയും എട്ത്തോള്ന്ന്

വാരിവെച്ചാന്നങ്ങ് നോക്ക്വാനും

കവിടിയും സഞ്ചീം നിരത്ത്ന്നല്ലോ

അന്നേരം അങ്ങങ്ങ് പറഞ്ഞോള്ന്ന്

ആരിക്ക് ബേണ്ട ീറ്റ് നോക്ക്ന്നത്

എന്റേയ് ഇളയോര് മോള്ക്കല്ലേ

ഓള്ക്ക് പേരൊന്നും ഇല്ലേപോലും

പേരൊന്നും കുഞ്ഞിക്ക് വിളച്ചതില്ല

വാരിവെച്ചച്ചനും നോക്കുംനേരം

കോട്ടൂരങ്ങപ്പന് ആളില്ലല്ലോ

അപ്പൻ തിരിച്ചങ്ങ് കെട്ട്യാതാന്ന്

അതുകൊണ്ട ് നിങ്ങക്ക് തന്നുംകൂടെ,

നിങ്ങളെ ഇല്ലത്ത് കേറ്റീംവേണ്ട

കുഞ്ഞ്യെ പുറത്ത് കൊട്ക്ക്യ വേണം.

കുഞ്ഞിനപുറത്ത് കൊടുത്തോളണേ

ഓല എഴ്ത്ന്ന് കണിശനല്ലോ

ഓല എഴ്തി കൊടുക്ക്ന്നല്ലോ

ചെറ്ക്കകൂലോം വാണ തമ്പ്രാന്

തമ്പ് രാന് ഓലയും കൊണ്ട ്പോന്ന്

ഓലയും കൊണ്ട ങ്ങ് പോയ്ക്കോണ്ട ീറ്റ്

കൂലോംത്തൂം തായല് നിന്നോള്ന്ന്

കൂലോത്തും തായല് നിന്നുംകൊണ്ട ്

അന്നേരെ ഉമ്പ്രാശൻ പറഞ്ഞോള്ന്ന്

ഒന്ന്ണ്ട് കേക്കണം തമ്പുരാനെ

എന്റെ കുഞ്ഞീന തായത്ത്റക്കവേണാലും

അയിന്തിരിക്കട്ടെ നിങ്ങളോട്

പ്പള്ളിത്തണ്ടേ ളുന്ന തമ്പുരാനെ

കാൽനാഴുന്നള്ളിവന്നുംകൊണ്ട്

ഓലപിടിച്ചോല നോക്കുന്നല്ലോ

അന്നേരെതന്നെ പറഞ്ഞോള്ന്ന്

ഞാനത് കുഞ്ഞികൊടുത്തോളാലോ

നിങ്ങള് കുഞ്ഞിന കൊടുക്കീവേണ്ട

കുഞ്ഞിന തന്നെകൊടുക്കുന്നല്ലോ

അവരൊയൊരണ്ട ാള വരുവാൻ ചൊല്ലി

കട്ടച്ചേരി നല്ല കന്നിരായിക്ക്

കട്ടച്ചേരി നല്ല കന്നിരായിക്ക്

ആടയും തന്ന്യങ്ങ് നിന്നോളട്ടെ

അപ്പോള് ആട പണിയെട്ക്കും

കയല് പണിയെട്ക്കും ആളെല്ലാന്ന്

നേരംകോടക്കാട്ട് പോന്ന്ണ്ട ാവും

നിങ്ങനടന്ന് പിടിക്കൂന്നം

കാര്യമ്പക്കാരെ അയച്ചോള്ന്ന്

മിന്നലെ മുറയത്തി പാഞ്ഞോള്ന്ന്

കാരിയമ്പക്കാര് വിളിച്ചോള്ന്ന്

ഒന്ന്ണ്ട് നിക്കണം ബാലിയക്കാരെ

നിങ്ങള തമ്പുരാൻ പോക്വാൻതന്നെ

പൂവാനും തന്ന്യങ്ങ് ചെല്ലീറ്റ്ണ്ട്

വേഗ്ത്ത് പോണോലും ബാലിയക്കാരെ

അയിനെന്തിക്കട്ടെ കാര്യസക്കാരെ

ഞാങ്ങള് ഏടത്തേക്ക് വന്നോളണ്ട്

കൂലോത്തും തായല് നിന്നുംകൊണ്ട്

കാര്യസക്കാരെ വിളിച്ചുംതൊണ്ട്.

ഞങ്ങളെ എന്തിന് വരുവാൻചെല്ലി

അന്നേരെ തമ്പിരാൻ കല്പനയല്ലോ

പള്ളിതണ്ടേ റുന്ന തമ്പുരാന്

കാൽനടെളുന്നള്ളി വന്നുംകൊണ്ട്

ഒന്ന്ണ്ട് കേക്കണം ബാല്യയക്കാരെ

കുഞ്ഞിന നിങ്ങക്ക് തന്നോളാലെ

നിങ്ങള് നന്നായി നോക്കീടേണേ

കുഞ്ഞീന നന്നായി നോക്കീടേണേ

കുഞ്ഞീന നന്നായി നോക്കീടലോ

എന്നും പറഞ്ഞവൾ കൊണ്ട്പോന്ന്

എങ്ങനനിങ്ങള് കൊണ്ട് പോവ്വാ

ദീപും തിരിയായികൊണ്ട് പോണം

ദീപും തിരിയായികൊണ്ട് പൂവ്വാൻ

ആളയും വാള വിളിച്ചുകൂട്ടി

കുഞ്ഞീനവ്ട്ന്ന് കൊണ്ട ് വന്നു.

കട്ടച്ചേരിനല്ല കന്നിരായിക്ക്

ആടയൊര് ആലും തണല്ണ്ട ല്ലോ

അവിടയത വന്നിറ്റ് നിന്നോള്ന്ന്

ആടെയും എങ്ങനെ നിക്കല്ലത്

ഞാങ്ങക്കൊര് വീടുംങ്ങ്ഇല്ലല്ലാന്ന്

അയിനെന്തിരിക്കട്ടെ വാലിയക്കാരെ

എന്റെ ചിറക്കകൂലോംവാണ കാര്യസക്കാരെ

നിങ്ങളോട് ഞാങ്ങ പറഞ്ഞീടാല്ലോ.

ഉടനൊയ്ര് വിടാട തീര്ക്കയവേണം

വാലിയക്കാരെയാട കൊണ്ട ാക്കണം

വീടാടതന്ന്യാട പണിതീര്ന്ന്

കുഞ്ഞിനീം കൂട്ടിയവര് വന്നോള്ന്ന്

മൂന്നോളം കല്ല് വളച്ചുകൂട്ടി

മടയിച്ചാറുണ്ട ി, പരദേവത

അങ്ങനെവരെല്ലാം കൂട്ന്നല്ല്യോ

ബ്രഹ്മമൂര്ത്തിയും കൂട്ന്നല്ലോ

അപ്പാടെവരെല്ലാം ഇറങ്ങ്ന്നല്ലോ

ചോയാര്കുരിക്കളും □ദ്രമൂര്ത്തീം

അവരെയും കൂടെയങ്ങ് കൂട്ട്ന്നല്ലോ

വേഗത്തിലെല്ലാരും കൊണ്ട ്വന്ന്

മൂന്ന്കല്ല്തന്നെ വളച്ചും കൂട്ടി

ആടയൊര് ദീപവും കത്തിച്ചല്ലോ

അവ്ടയും തന്നെ വളര്ന്നോള്ല്ലോ

അങ്ങനെ കുഞ്ഞ്യാട ചാപ്പേലായി.

കുഞ്ഞാട ചാപ്പേല് നിന്നോള്ന്ന്

മേലത്ത് വിരുന്തനെന്ന ആങ്ങളയും

പാറോത്ത് പള്ളിക്കുടിയനല്ലോ

ഓന് തുണയായി കൂട്ട്ന്നല്ലോ

അങ്ങനെകൂറേനാള് കയ്യുംനേരം

എന്നേര്തന്നെ പറഞ്ഞോള്ന്ന്

എന്റെ ചിറക്കകൂലോംവാഴും തമ്പുരാനേ

കുഞ്ഞിക്കൊരോമന വേണ്ടേ പോലും

കുഞ്ഞിക്കൊരിണീങ്ങനെ വേണ്ടേ പോലും

അയിനെന്തിരിക്കട്ടെ വിരുന്താ നീയ്യ്

വേണ്ട് ന്നതൊക്കെനാ തന്നോളാല്ലോ

നിങ്ങളുംതന്നെ ചെയ്തോതാളാന്

കുഞ്ഞിക്ക് കല്ല്യാണം കഴിച്ചോള്ന്ന്

കുഞ്ഞിക്ക് കല്ല്യാണം കഴിച്ചോള്ന്ന്

ദൈവത്തിനെല്ലാരേയും കൊണ്ട ാട്ന്ന്

മേലത്ത് വിരുന്തനോൻ ആങ്ങളല്ലോ

എല്ല്യം കഴിഞ്ഞാട കൂട്ന്നല്ലോ

അന്നേരതന്നെ പറഞ്ഞോള്ന്ന്

പാറോത്ത് പള്ളിക്കുടിയനല്ലോ

എളങ്ങനങ്ങായിട്ടും നിന്നോള്ന്ന്

അങ്ങേനെ ഈടത്ത് നിന്നുംകൊണ്ട്

കല്ല്യാണും മങ്ങലും കഴിഞ്ഞൂപോയി

കുഞ്ഞീന കുളികയായ്മ മടക്ക്ന്ന്ണ്ട്

എന്റെ ചെറക്ക കൂലോംവാണ തമ്പൂരാനേ

എന്റെ കുഞ്ഞിക്ക് വേണ്ട ായിത്തം ഉണ്ട്തോന്ന്

അയിനെന്തിരിക്കട്ടെവിരന്താനീയ്യ്

വേണ്ട്ന്നതൊക്കെയും തന്നോളാഞാൻ

നിങ്ങവേണ്ട്ന്നതൊക്കെയും ചെയ്താളൂനും

കുഞ്ഞിക്കൊരൊമ്പത് മാസമായി

പുങ്ങൻ, പുളികുടി കയിക്കവേണ്ട്.

എന്ത്ന്ന് വേണ്ടെന്റെ തമ്പുരാനേ

ആളയും വാള വിളിച്ചുകൂട്ടി

കുഞ്ഞിക്ക് പുങ്ങൻ കയിക്കുന്നല്ലോ

പുങ്ങൻ കളംപാട്ടും പാടീക്ക്ന്ന്

എല്ലാം കഴിഞ്ഞാട കൂട്ന്നല്ലോ

അങ്ങെനാവിടത്ത നിക്കും നേരം

ചിറക്കകൂലം വാണ തമ്പുരാനേ

തമ്പ്രാനെഴുന്നള്ളി വന്നോള്ന്ന്

പടിപ്പുരക്കും തായല് നിന്നുംകൊണ്ട്

അങ്ങനെയും തമ്പ്രാനങ്ങളപ്പാട്

എന്റെ ചിറക്കകൂലംവാണ തമ്പ്രാന്

ഒന്ന്ണ്ട് കേക്കണേ വാലിയക്കാരെ

എന്റെ കുഞ്ഞീന നന്നായി നോക്കീടേണേ

എന്റെ ചിറക്കൂലോവാണ തമ്പിരാനെ

അങ്ങനവിടകല്പനല്ലോ

കുഞ്ഞിയും പത്ത് തികഞ്ഞോള്ന്ന്

പത്തുതികഞ്ഞങ്ങ് പെറ്റോള്ന്ന്

കുഞ്ഞി ഒരാണിന പെറ്റോള്ന്ന്

അന്നേരം വിരുന്തൻ പറഞ്ഞോള്ന്ന്

എന്റെ ചിറക്കകൂലംവാഴും തമ്പിരാനെ

കുഞ്ഞീന തന്ന്യങ്ങ് പെറ്റൂ അല്ലോ

കുഞ്ഞി ഒരാണിന പെറ്റിട്ട്ണ്ട്

അയിനെന്തിരിക്കട്ടെ വാലിയക്കാരെ

കുഞ്ഞിന നന്നായി നോക്കീടേണെ

ചിറക്കകൂലം വാണ തമ്പുരാന്

എന്തിന് പറയ്ന്ന് തമ്പുരാന്

കുഞ്ഞിന നന്നായി നോക്കീടേണെ

കുഞ്ഞിന നന്നായി നോക്കീടേണെ

ആട്ന്നനുവാദം വാളുന്നല്ലോ

വേണ്ട്ന്നതൊക്കെ കൊട്ത്തോള്ന്ന്

വേണ്ട്ന്നതൊക്കെ കൊട്ത്തോള്ന്ന്

ആടയൊത്തമ്പെമെയ് വളർന്നു

കുഞ്ഞിയും വെല്ല്യാര് കുഞ്ഞീയായി

ഓനിങ്ങവേണ്ട ് ന്യൊക്കെ തന്നോളാല്ലേ

കുഞ്ഞിക്കുടുപ്പില്ല ഉടുപ്പ് വേണം

കുഞ്ഞീക്ക് പുത്തകം സ്ലേറ്റ് വേണം

എല്ലാവും ഞാനങ്ങ് കൊണ്ട ് വെരും.

അല്ലേങ്കിൽ കാര്യസക്കാര് കൊണ്ട ് വരും

എന്നേരം തമ്പ്രാൻ കൊടുത്തോള്ന്ന്

കുഞ്ഞീനെഴ്താനയച്ചോള്ന്ന്

എയ്ത്തും പൊയിത്തും പടിച്ചോള്ന്ന്

എയ്ത്തും പൊയ്ത്തും പടിച്ചുംകൊണ്ട ്

അന്നേരം തന്നെ പറഞ്ഞോള്ന്ന്

എന്റെ കുഞ്ഞികളരീലയക്കവേണം

കുഞ്ഞിന തന്യയയച്ചോള്ന്ന്

കളരിപ്പയറ്റിനയച്ചൂ അല്ലോ

എയിത്തും പൊയിത്തും കയിഞ്ഞൂവന്നു

അങ്ങനെ കുറേനാള് കയ്യുംനേരം

ഒന്ന്ണ്ട ് കേക്കണം തമ്പുരാനേ

കുഞ്ഞിന പണിക്ക് അയക്ക്യ വേണ്ട ്

കുഞ്ഞിന പണിക്ക് അയക്ക്യവേണം

അയിനെന്തിരിക്കട്ടെ വാലിയക്കാരെ

നിങ്ങക്ക് വേണ്ട ്ന്നൊരാളെയാക്ക്

വേണ്ട ്ന്നൊരാളെയങ്ങാക്കും നേരം

പുത്തൻ കയിക്കോട്ട പണിതീറ്ത്തൂ

എല്ലവും കൊണ്ടാട വെച്ചോള്ന്ന്

കട്ടച്ചേരി നല്ല കന്നിരായിക്ക്

വയലി പണിക്കാരിരിക്കുവാനും

ആടത്തക്കൊണ്ടങ്ങ് നിന്നോള്ന്ന്

വെളക്കും തളികായിനിന്നോള്ന്ന്

അന്നേര് തമ്പ്രാൻ കല്പിക്ക്ന

കുഞ്ഞിയും തന്നെ പണിയെട്ത്തോ

പുത്തൻ കയിക്കോട്ട് എട്ത്തോ കുഞ്ഞി

പുത്തൻ കയിക്കോട്ടെടുക്കുന്നല്ലോ

പുത്തൻ കയിക്കോട്ട് കുത്തും നേരം

കോയ പറിയിറിയ്ന്ന് കുഞ്ഞീര്യത്

ഒന്ന്ണ്ട് കേക്കണേ കുഞഅഞീ നീയ്യ്

എന്നേയ് നിങ്ങളെ പേരാക്ന്ന്

എന്റെ കോട്ട്ര് കുരിക്കള് കുരിക്കളാണ്

കോട്ടൂർ വിരുന്തി വിരിന്തിയാണ്

കുഞ്ഞിക്ക് പേര് വിളിച്ചോള്ന്ന

എന്റെ കോട്ട്കണക്കപ്പിള്ള എമ്പ്റാന്തി

എമ്പ്രാന്തിതന്നെ പറഞ്ഞോള്ന്ന്

എന്റെ കോട്ട് കണക്കപിള്ള എമ്പ്റാന്തി

എമ്പ്രാന്തി തന്നെ പറഞ്ഞോള്ന്ന്

എന്റെ കോട്ട് കണക്കപിള്ള കുഞ്ഞിയല്ലോ

കോട്ടൂരെ എമ്പ്രാ....കുഞ്ഞിയല്ലോ

ഓളക്ക് പേര് വിളിച്ചോള്ന്ന്

കോട്ടൂർ വിരുന്തി പടിയാലസി

പേരും വിളിച്ച്ങ്ങ് കീയ്യും നേരം

അന്നേരം തമ്പ്രാൻ കല്പനയല്ലോ

നാടുവാഴി നോക്ക്ന്ന തമ്പുരാനെ

എന്ന് കല്പന കുരിക്കള്ക്ക്

എല്ലാം കല്പന കുരിക്കള്ക്ക്

നാട് നടക്കലും കുരിക്കളാണ്

നാട് നടക്കലും കുരിക്കളാണ്

കായിച്ച നിങ്ങളും കണ്ടേ ാള്ന്ന്

അരയടിക്കാവലും കുരിക്കളാണ്

കാലികെള്ക്കാവല് കുരിക്കളാണ്

അന്നേരെ തമ്പ്രാൻ പറഞ്ഞോള്ന്ന്

കാലകള് കാവല് കുരിക്കളാന്ന്

അങ്ങെനെവിടത്താ നിക്കുംനേരം

അരയടിക്കാവല് കയിഞ്ഞിറ്റല്ലോ

വീട്ടിലേക്ക് ചെനാങ്ങ് പോകുംനേരം

അന്നേറന്നെ പറഞ്ഞോള്ന്ന്

ഊയിവിധിയെന്റെ പെറ്റോരമ്മേ

ചോറ് തരണെന്റെ പെറ്റോരമ്മേ

എനിക്കൊര് തലവേദന വന്നോള്ന്ന്

കാല് കളികാവല്ന് പോയോമോനെ

പോയിറ്റ് ഞാനിങ്ങ് വന്നൂ അമ്മേ

വെള്ളവും കേറ്റിയൊര് കണ്ട ത്തില്

ഒവ് എല്ലാം തേവികൊട്ത്തോ മോനേ

വെള്ളവും കേറ്റാത്ത കണ്ടത്തില്

വിത്തൊന്നും വേണ്ടത് കൊടുക്കുന്നില്ല

കഞ്ഞികൊട്ക്ക്ന്ന് പെറ്റോരമ്മ

കഞ്ഞികൊട്ത്തു കുടിച്ചു കുഞ്ഞി

കുഞ്ഞിക്കിടക്ക വിളിച്ചോള്ന്ന്

ഊയിവിധിയ് കുരിക്കള്ക്ക്

കെടക്കേ കെടന്നോ കുരിക്കളേ നീ

കുഞ്ഞി കെടക്കേ കെടക്കുന്നല്ല്യോ

കുഞ്ഞികെടക്കി കെടക്കും നേരം

അന്നേരം തന്നെ പറഞ്ഞോള്ന്ന്

ഊയിവിധിയെന്റെ പെറ്റോരമ്മേ

തളർച്ചാകാരം വെര്ന്നെനിക്ക്

കുഞ്ഞിയവിടെ കെടന്നു അല്ലോ

കുഞ്ഞിയും രാവിലെ എണീറ്റു അമ്മ

കുഞ്ഞീന ചെന്ന് വിളിച്ചോള്ന്ന്

എന്തേകുരിക്കളെണീക്കാത്ത്

എന്തേ കുരിക്കളെണീക്കാത്ത്

കാല്കള് കാവല്ന് പോക്അ വേണ്ടെ

അങ്ങോട്ടുരുട്ടുമ്പോ അങ്ങോട്ടുവും

ഇങ്ങോട്ടുരുട്ടുമ്പോ ഇങ്ങോട്ടുവും

അങ്ങെനവ്ടത്ത നിക്കും നേരം

എന്തെരേവിരുന്തൻ പറഞ്ഞോള്ന്ന്

ചെറക്കകൂലോം വാഴും തമ്പുരാനും

എന്റെ കുരിക്കള് തന്നെ ഒന്നും മിണ്ട ുന്നില്ല

അയിനെന്ത് വേണ്ട് എന്റെ വാലിയക്കാരെ

കുരിക്കളെവിട്ന്ന് എട്ത്തോ നിങ്ങ

അരിയിടും പാറക്കേക്കെത്തിക്കൂനും

അരിയിടും പാറകയിഞ്ഞാല്ലോ

എര് തിനൂം മുരിനും തളക്കുന്നേടം

ആടെന്നെ കുറ്റിയടിപ്പിക്കേണം

ആടെന്നെ കുറ്റിയടിപ്പിക്കുന്ന്

ചാവും പൊലയും കയിഞ്ഞ് കൂടി

എല്ലാം കയിഞ്ഞങ്ങ് കൂടുംനേരം

എന്റെ കോട്ടൂരങ്ങപ്പന് അപ്പന്ണ്ടല്ലോ

ചിത്തിരതൂണിന് പിടിച്ചു അല്ലോ

അന്നേരെതെല്ലാം പറഞ്ഞോള്ന്ന്

ചിത്തിരതൂണിനിളണക്കമെന്തേ

ചിത്തിരതൂണിനിളക്കം കണ്ടോ

ചിത്തിര തൂണിന്നിളകുനെന്തേ

കണിശനെ ചെന്നങ്ങ് വിളിക്ക് ഊനും

സ്വർണപ്രശനം നോക്ക്ഞ്ഞ വേണം

സ്വർണ്ണ പ്രശ്നം നോക്കുന്നല്ലോ

ആളെയും ആള വിളിച്ചുകൂട്ടി

അന്നേരെന്നെ പറഞ്ഞോള്ന്ന്

കുരിക്കളിവിടെ പിടിച്ച്റ്റ്ണ്ട്

ചിത്തിര തൂണ് പിടിച്ചിറ്റിണ്ട്

ചിത്തിര തൂണിന്റെ ഇണം നിക്കണ്ടേ

കുരിക്കളകെട്ടും തറ കൊടുത്തോളണേ

ആരെ വിളിക്കൺ വാലിയക്കാരെ

മേലത്ത് വിരുന്തൻ വിരുന്തനോട്

ആറ്റോവും തോറ്റം പടിച്ചോള്ന്തും

നിയൊന്ന് കേക്ക് വിരുന്താ നീയ്യ്

എന്റെ കുരിക്കള കൊണ്ടാട കേറ്റ്അ വേണം

കുരിക്കള കൊണ്ടാട കേറ്റിയാപ്പോര

അവരൊര് മുമ്പില് ഇരുത്വാവേണം

അവരൊര് മുമ്പില് ഇരുത്വാവേണം

ചോയ്യാർ കുരിക്കളും ഭദ്രമൂർത്തീം

പെര് ദേവതയും മടയി ചാമുണ്ഡിയും

അങ്ങനെയുള്ളൊര് ദൈവങ്ങള്

ബ്രാഹ്മണമൂർത്തി വടക്ക്വാഗം

തെക്ക്വാഗം അവര നിറുത്ത്വവേണം

ഒത്തനടുവിലിവര്ആണ്.

**പാട്ട് 5**

കരിവെള്ളൂരിൽ 1946 ൽ കരിവെള്ളൂർ സമരത്തെ തുടർന്ന് ഒരു താൽക്കാലിക പോലിസ് സ്റ്റേഷൻതുറന്നു. പോലിസ് സ്റ്റേഷൻ തുടങ്ങിയ കാലത്തിന്റെ ഓർമ്മ പങ്കുവയ്ക്കുന്ന ഒരു നാടൻപാട്ട്. കൊല്ലച്ചാൻ മാണിക്യം ഓണക്കുന്ന് പാടിയത്.

ഒട്ടേറെ ജനങ്ങളും കൂടിയ ദിക്കിൽ
കരിവെള്ളൂർ പോലീസ് സ്റ്റേഷനാക്കി
പെരുവഴീല് സ്റ്റേഷനും കെട്ടിക്ക്ന്ന്
എല്ലാട്ത്തും പോലീസ് ഒരവുമായി
ആരിക്കുമങ്ങോട്ടുല്ല
പൊറത്താവെങ്ങെട്ട്ക്ക് കീഞ്ഞ് കൂട
തമ്മിലൊര് വാക്ക് തെറ്റീയെങ്കില്
അന്നേരം വെടിവെപ്പ് തുട്ങ്ങ്ന്ന് പിന്നീം
അതുകൊണ്ട് നാട്ടിലിങ്ങൊക്കെയുവും
നല്ലൊരൊദ്ക്കവും പേടീം വന്നു.

(ഒട്ടേറെ - കൂടുതൽ , ജനങ്ങൾ കൂടിയ ദിക്കിൽ കൂടിച്ചേർന്ന സ്ഥലത്ത് കരിവെള്ളൂരിൽ പോലീസ് സ്റ്റേഷനാക്കി പെരുവഴി-പൊതുവഴിയിൽ സ്റ്റേഷൻ കെട്ടിക്കുന്നു. പോലീസ് ഒരവുമായി - അഹങ്കാരവുമായി എല്ലായിടത്തുമുണ്ട്. ആർക്കും-ആർക്കും അങ്ങോട്ടുമിങ്ങോട്ടുല്ല-അങ്ങോട്ടും ഇങ്ങോട്ടും ഇല്ല-വർത്തമാനമില്ല-വർത്തമാനമില്ല-പുറത്താവെങ്ങെട്ട്ക്ക് പുറത്തേക്കും എങ്ങോട്ടേക്കും കീഞ്ഞ് കൂടാ- ഇറങ്ങരുത്. അന്നേരം വെടിവെപ്പ് തൊടങ്ങ്ന്ന്-തുടങ്ങ്ന്ന്, പിന്നീം -വീണ്ടും അതുകൊണ്ട് നാട്ടിൽ -ഇങ്ങ് -ഇവിടെയും നല്ലൊരു-നല്ല ഒരു-ഒദ്ക്കവും -ഒതുക്കവും പേടീം -പേടിയും വന്നു).

**പാട്ട് 6**

വണ്ണാൻ സമുദായക്കാരുടെ ഇടയിൽ നിലനിൽക്കുന്ന ഒരു താരാട്ടുപാട്ടാണിത്.

പൊലിക പൊലിക പൊലികപൊലിക

പൊലിക തമ്പാച്ചി

ഉ്ണ്ടല്ല ഉ്ˇട നമ്മളെ  ഒരു കുഞ്ഞമ്പാച്ചി

നേരം പൊലര്മ്പം  ഒറങ്ങ്യ്യേണീച്ച് മിറ്റടിച്ചു

ചാണോക്കലത്തില് വെള്ളെടുത്ത് ചാണോംപാറ്റി

കഞ്ഞിക്കലത്തിലെ കുള്ത്തുംവെള്ളം ഊറ്റിക്കുടിച്ചു

ഒരുകെട്ട് മാറ്റും തലയില് വെച്ച് നാട്ട്പ്പോന്ന്

കെട്ട് തുണീം ഒരു കെട്ട് വെറകും കൊണ്ട്വെര്ന്ന്

ചാരക്കോലും[2] ചാരക്കല് [3]ഉം  എടത്ത് കെട്ടി

പോക്ന്ണ്ട് കുഞ്ഞണ്ണാത്തി തോട്ട്ലേക്ക്

വെള്ള പൂങ്ങി വെള്ക്ക നനച്ച്  നമ്മളണ്ണാത്തി

നനച്ചതെല്ലാം ഒണക്ക്യേട്ത്തു നല്ല പെണ്ണ്

ഒണക്ക്യതെല്ലാം പറക്ക്യേട്ത്തു കുഞ്ഞിപ്പെണ്ണ്

വെര്ന്ണ്ട് ഓള് നമ്മളണ്ണാത്തി കുഞ്ഞിപ്പെണ്ണ്

1. പൊലിക പൊലിക പൊലിക പൊലിക

പൊലിക തമ്പാച്ചി

പൊലിക = വർദ്ധിക്കട്ടെ, വളരട്ടെ

തമ്പാച്ചി = പെൺകുട്ടി

പൊല് ധാതുവിൽ നിന്നുണ്ടായ ക്രിയാപദം പൊലിക

താമ്പാൻ  പുലിംഗം - തമ്പായി , തമ്പാട്ടി സ്ത്രീലിംഗം

തമ്പാട്ടി താലവ്യാദേശം വന്ന് തമ്പാച്ചി എന്നാകുന്നു. തോറ്റം പാട്ടിൽ ധാരാളം പ്രയോഗത്തിലുള്ള  പദമാണ് പൊലിക എന്നുള്ളത്. വണ്ണാൻ സമുദായം തെയ്യം കയ്യാളുന്ന സമൂഹമായതുകൊണ്ട്  താരാട്ടുപാട്ടിലും ഈ പദം കടന്നുവന്നു. ആശയത്തിന്റെ  ഊന്നലിനുവേണ്ടി പൊലിക അഞ്ചുതവണ ആവർത്തിക്കുന്നു.

2. ഉ്ണ്ടല്ല ഉ്ˇട  നമ്മളെ  ഒരു കുഞ്ഞമ്പാച്ചി

ഉ്ണ്ടല്ല (=ഉണ്ടല്ലോ). ഉ്  കേന്ദ്രമധ്യസ്വരമാണ്. അന്ത്യത്തിലെ  അകാരം  ഒകാര വിനിമയമാണ്. (ഒകാര അകാരവിനിമയം)

ഉ്ട് (=ഇവിടെ) ഉ്ˇ കേന്ദ്രമധ്യസ്വരത്തിന്റെ ദീർഘമാണ്.

കേന്ദ്രമധ്യസ്വരത്തിന് ദീർഘമുണ്ടെന്ന് ഈ വാക്ക് അടയാളപ്പെടുത്തുന്നു.

നമ്മളെ (= നമ്മുടെ) നമ്മൾ + എ

നമ്മൾ  - ഉത്തമപുരുഷ സർവ്വനാമ ബഹുവചനം

'എ' എന്നത് സംബന്ധിക പ്രത്യയമായി പെരുമാറുന്നു

നമ്മളെ  സംബന്ധികയുടെ രൂപത്തിലും  പ്രതിഗ്രാഹികയുടെ രൂപത്തിലും വ്യവഹിക്കപ്പെടുന്നുണ്ട്

ഉദാഹരണം

നമ്മളെ മാഷ് ( നമ്മുടെ മാഷ്)

നമ്മളെ വീട് ( നമ്മുടെ വീട്)

നമ്മളെ എന്നതിലെ 'എ' പ്രത്യയം പ്രതിഗ്രാഹിക രൂപത്തിൽ ഉദാഹരണം

അവർ നമ്മളെ കണ്ടു

പോലീസ് നമ്മളെ ഓടിച്ചു

കുഞ്ഞമ്പാച്ചി

കുഞ്ഞ് ( നാമം) , തമ്പാച്ചി (നാമം) - തമ്പാച്ചി എന്ന നാമത്തെ കുഞ്ഞ് വിശേഷിപ്പിക്കുന്നതിനാൽ കുഞ്ഞ് ധർമ്മം കൊണ്ട് നാമവിശേഷണമാകുന്നു.

3. നേരം പൊലര്മ്പം ഒറങ്ങ്യണീച്ച് മിറ്റടിച്ചു

(നേരം പുലരുമ്പോൾ ഉറങ്ങിയെഴുന്നേറ്റ് മുറ്റമടിച്ചു)

നേരം (നാമം)

പൊലര്മ്പം (പുലരുമ്പോൾ) പുലര് - ധാതു

പുലരും (ഭാവികാലം) + അപ്പോൾ > പോൾ > പം = പുലരുമ്പം

'ഉ' കാര 'ഒ' കാര വിനിമയം

ഒറങ്ങി + എണീച്ചു = ഒറങ്ങ്യണീച്ചു

ഒറങ്ങി ( ഉ > ഒകാര വിനിമയം)

ങ്ങി + എ = ങ്ങ്യെ - ഇ + എ ദ്വിസ്വരം .

ഒറങ്ങി , എണീച്ചു രണ്ടു മുറ്റുവിനകളാണ്. ഒറങ്ങി പ്രാക് ക്രിയയും എണീച്ചു അനുക്രിയയും.

മിറ്റം ( മുറ്റം) - ഉ > ഇകാര വിനിമയം

അടിച്ചു - അടിത്തു > അടിച്ചു ( താലവ്യാദേശം)

4. ചാണോക്കലത്തില് വെള്ളെടുത്ത് ചാണോം പാറ്റി

ചാണോം (ചാണകം) (നാമം)+ കലം (നാമം) + ത്ത് ( ഇടനില)

ഇൽ = ചാണോക്കലത്തിൽ. ഇൽ സംവൃതോകാരം (കേന്ദ്ര മധ്യസ്വരം) ചേർന്ന് ഇല്) ആകുന്നു.

എടുത്ത് (എടുത്തു) - മുറ്റുവിന, ചാണോം (നാമം) , പാറ്റി ( ക്രിയ)

പാറ് ( ധാതു) - പാറി ( കേവലക്രിയ), പാറ്റി ( പ്രയോജക ക്രിയ)

എടുത്ത് എന്നതിന്റെ അന്ത്യത്തിൽ കേന്ദ്രമധ്യസ്വരമാണ് ഇത് മുൻവിനയെച്ചരൂപമാണെങ്കിലും മുറ്റുവിനയാണ് വ്യവഹാരത്തിൽ കാണുന്നത്. ഇത്തരത്തിൽ കേന്ദ്രമധ്യസ്വരം അന്ത്യത്തിൽ വരുന്ന ക്രിയാരൂപങ്ങൾ മുറ്റുവിനയായി വ്യവഹാരത്തിൽ കാണുന്നതിന് മറ്റുദാഹരണങ്ങൾ

ഞാൻ വര്ന്ന് - ഞാൻ വരുന്നു

ഞാൻ പോക്ന്ന് - ഞാൻ പോകുന്നു

5. കഞ്ഞിക്കലത്തിലെ കുള്ത്തും വെള്ളം ഊറ്റിക്കുടിച്ചു

കഞ്ഞി ( നാമം) + കലം ( നാമം) + ത്ത് ( ഇടനില) + ഇൽ ( ആധാരിക പ്രത്യയം) + എ ( പ്രതിഗ്രാഹിക പ്രത്യയം) = കഞ്ഞിക്കലത്തിലെ

ഇൽ + എ = ദ്വിവിഭക്തിരൂപം

കുളുത്ത് ( പഴംകഞ്ഞി) (നാമം) + ഉം + വെള്ളം = കുളുത്തിന്റെ വെള്ളം എന്നർത്ഥത്തിലാണ് കുളുത്തും വെള്ളം എന്ന് പ്രയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് 'ഉം' ധർമ്മം കൊണ്ട് സംബന്ധിക പ്രത്യയമാകുന്നു.

ഊറ്റി ( ഭൂതകാല ക്രിയാരുപം ) കുടിച്ചു ( ഭൂതകാല ക്രിയാരൂപം )

'ഊറ്റി' പ്രാക്രിയയും 'കുടിച്ചു' അനുക്രിയയുമാണ്.

6. ഒരു കെട്ട് മാറ്റും തലയില് വെച്ച് നാട്ട് പ്പോന്ന്

ഒര് (ഒരു) (സംഖ്യാവിശേഷണം) , കെട്ട് (നാമം) (കെട്ടുക എന്ന ക്രിയയിൽ നിന്നുമുണ്ടായത്) , മാറ്റ് (നാമം), തലയില് > തല (നാമം) + ഇൽ (ആധാരിക പ്രത്യയം) വെച്ച്

നാട്ട്പ്പോന്ന് – ( നാട്ടിൽ പോകുന്നു)

നാട്ട് ( നാട്ടിൽ ) ( നാട് = നാട്ട് –ട് ആധാരിക പ്രത്യയം )

ട് ആധാരിക പ്രത്യയത്തിന്റെ ധർമ്മം കാണിക്കുന്നു മറ്റു ഉദാഹരണങ്ങൾ

കാട്ട്പ്പോന്ന്

വീട്ട്പ്പോന്ന്

7. ഒര് കെട്ട് തുണിയും ഒര് കെട്ട് വെറകും കൊണ്ട് വെര്ന്ന്

ഒര് ( ഒരു) സംഖ്യാവിശേഷണം, കെട്ട് (നാമം)

തുണി ( നാമം) ഉം (സമുച്ചയ പ്രത്യയം)

വെറക് ( വിറക് – 'ഇ' കാര 'എ' കാര വിനിമയം ) ( നാമം)

ഉം (സമുച്ചയ പ്രത്യയം)

കൊണ്ട് (മുൻവിനയെച്ചം )

വെര്ന്ന് (വരുന്നു) – മുറ്റുവിന, 'അ' കാര 'എ' കാര വിനിമയം 'ഉ' കാരം കേന്ദ്രമധ്യ സ്വരമായി ഉച്ചരിക്കുന്നു.

അന്ത്യത്തിലെ 'ഉ്' ( മുൻവിനയെച്ച പ്രത്യയം) ഉണ്ടെങ്കിലും മുറ്റുവിന യാണ് വാക്യത്തിൽ

8. ചാരക്കോലും ചാരക്കല്ളം എട്ത്ത് കെട്ടി

ചാരക്കോൽ (നാമം) + ഉം ( സമുച്ചയ പ്രത്യയം)

ചാരക്കലം ( നാമം) + ഉം ( സമുച്ചയ പ്രത്യയം)

എട്ത്ത് ( മുൻവിനയച്ചം ), കെട്ടി ( മുറ്റുവിന)

9. പോക്ന്ന്ണ്ട് കുഞ്ഞണ്ണാത്തി തോട്ടിലേക്ക്

കുഞ്ഞണ്ണാത്തി - കുഞ്ഞ് ( നാമം) + വണ്ണാത്തി ( നാമം)

'കുഞ്ഞ്'ധർമ്മം കൊണ്ട് നാമവിശേഷണം

'വ' സന്ധിയിൽ ലോപിക്കുന്നു

തോട്ടിലേക്ക് - തോട്ടിൽ + ഏക്ക് (ഇൽ ആധാരിക പ്രത്യയം + ക്ക് ഉദ്ദേശികപ്രത്യയം) ഇവിടെ ആധാരികയും ഉദ്ദേശികയും ചേർന്നു വരുന്നതിനാൽ ദ്വിവിഭക്തിപോക്ന്ന്ണ്ട് - പോക്ന്ന്( പോകുന്നു) + ഉണ്ട്

പോക്ന്ന് ( മുറ്റുവിന) , ഉണ്ട് ( മുറ്റുവിന)

10. നനച്ചതെല്ലാം ഒണക്ക്യെടുത്തു നല്ല പെണ്ണ്

നനച്ച ( പേരച്ചം ) + അത് ( നാമം) + എല്ലം ( എല്ലാം) ( വിശേഷ ണം)നനച്ചത് എല്ലാം ( നനച്ച തുണികളെല്ലാം എന്ന അർത്ഥത്തിൽ ഉപയോ ഗിക്കുന്നു)

ഒണക്കി ( മുറ്റുവിന) + എടുത്തു ( മുറ്റുവിന)

'ഇ' + 'എ' ദ്വിസ്വരം

നല്ല ( വിശേഷണം) + പെണ്ണ് (നാമം)

11. ഒണക്ക്യെതെല്ലാം പറക്ക്യെട്ത്തു കുഞ്ഞിപ്പെണ്ണ്

ഒണക്കി ( ഉണക്കി ) – 'ഒ' കാര 'ഉ' കാര വിനിമയം

ഒണക്കി + അത് + എല്ലാം

അത് (നാമം) എല്ലാം ( വിശേഷണം)

'എല്ലാം ' പ്രത്യയങ്ങൾ സ്വീകരിച്ചുകൊണ്ട്

നാമ സ്വഭാവം കാണിക്കുന്നെങ്കിലും ഇവിടെ

നാമവിശേഷണം ആകുന്നു

പെറ്ക്ക + ഇ > പെറ്ക്കി > പറ്ക്കി ('എ' കാര 'ഉ' കാര ലോപം )

12. വെര്ന്ന്ണ്ടോള് നമ്മളണ്ണാത്തി കുഞ്ഞിപ്പെണ്എണ്

വരുന്നു > വെര്ന്ന് ( മുൻവിനയച്ചം) + ഉണ്ട് (മുറ്റുവിന) + ഓള് ( അവൾ )

( സർവ്വനാമം)

നമ്മുടെ വണ്ണാത്തി > നമ്മളണ്ണാത്തി = നമ്മൾ + എ + വണ്ണാത്തി

( എ സംബന്ധിക പ്രത്യയത്തിന്റെ ധർമ്മം)

കുഞ്ഞിപ്പെണ്ണ് – കുഞ്ഞ് + പെണ്ണ് ('ഇ' കാര ആഗമം)

(പൊലിക – വർദ്ധിക്കുക, തമ്പാച്ചി-കുട്ടി എന്നും ദൈവമെന്നും അർത്ഥം ഇവിടെ കുട്ടിയെന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു. ഉ്ണ്ടല്ലോ-ഉണ്ടല്ലോ-ഈട-ഇവിടെ – നമ്മളെ-നമ്മുടെ-ഒരു -കുഞ്ഞി-കുട്ടി- ചെറീയ എന്നർത്ഥത്തിൽ , തമ്പാച്ചി-കുട്ടി-നേരം പൊലർമ്പം -പുലരുമ്പോൾ-ഒറങ്ങിയെണീച്ച്

-ഉറങ്ങി-എണീച്ച് -മിറ്റം -മുറ്റം -അടിച്ചു- തൂത്തു- ചാണോകലം- ചാണകക്കലത്തിൽ - വെള്ളമെടുത്ത്-ചാണോം-ചാണകം - പാറ്റി-തെളിച്ചു. കഞ്ഞിക്കലത്തിലെ- കുള്ത്തു വെള്ളം -തലേന്നത്തെ കഞ്ഞിവെള്ളം -ഊറ്റിക്കുടിച്ചു. ഒരു കെട്ട് മാറ്റും (വണ്ണാത്തിമാറ്റ്-അലക്കിയ തുണി നാട്ട്പ്പോന്ന്-നാട്ടിൽ പോകുന്നു. ഒരു കെട്ട് തുണിയും ഒരുകെട്ട് വിറക് കൊണ്ട് വെര്ന്ന്-വരുന്നു. ചാരക്കോല് വണ്ണാത്തിപുഴുങ്ങി അലക്കിനുവേണ്ടി ഉപയോഗിക്കുന്ന വടി -ഇത് ചൂടായ തുണികൾ അടുക്കിവെക്കാൻ ഉപയോഗിക്കുന്നു. ചാരക്കലം-പുഴുങ്ങി അലക്കിനുവേണ്ടി ഉപയോഗിക്കുന്ന കലം എട്ത്ത് കെട്ടി. എടുത്തു കെട്ടി. പോക്ന്ന്ണ്ട്- പോകുന്നുണ്ട്-കുഞ്ഞി-കുട്ടി വണ്ണാത്തി തോട്ടിലേക്ക്- വെള്അ- വേവുന്ന അത്രയും പൂങ്ങി-പുഴുങ്ങി- വെള്ക്ക-വെളുക്കെ (തുണിവൃത്തിയാവുന്നത്രയും) നനച്ചു അലക്കി നമ്മള-നമ്മളെ-നമ്മുടെ- വണ്ണാത്തി, നനച്ചത് എല്ലാം ഒണക്കി -അലക്കിയതെല്ലാം ഉണക്കി എട്ത്തു - എടുത്തു നല്ല പെണ്ണ് ഒണക്ക്യതെല്ലാം -ഉണക്കിയ തുണികളെല്ലാം - പറക്കിയെട്ത്തു പെറുക്കിയെടുത്തു. കുഞ്ഞിപ്പെണ്ണ് -വെര്ന്ന്ണ്ട് ഓള് - വരുന്നുണ്ട് - അവൾ നമ്മളെ വണ്ണാത്തി കുഞ്ഞിപ്പെണ്ണ്)

**പ്രാദേശിക ചൊല്ലുകൾ**

'മണക്കാടൻ കട കടന്നാൽ കൂളി കടവ് കടക്കും'

മണക്കാടൻ കരിവെള്ളൂരിലെ വണ്ണാൻസമുദായത്തിൽപെട്ടവരാണ്. മണക്കാടൻമാർ പ്രേതപിശാചുക്കളെ അകറ്റാൻ പ്രഗത്ഭരായിരുന്നുവെന്ന് ആളുകൾ വിശ്വസി ക്കുന്നു. കൂളി എന്നാൽ പ്രേതമാണ്. കട എന്നാൽ വഴി . മണക്കാടൻ കട കടന്നാൽ കൂളി (പ്രേതം) പേടിച്ച് കടവ് കടക്കും.

''മഴപെയ്ത് വെള്ളൂം കേറി ആരാന്റെ കലത്തിലെ കുളുത്ത് എന്റെ വയറ്റിലുമായി ഇനി ഞാനെന്ത് വേണ്ട് പൂത്തൂരപ്പാ.''

മഴ പെയ്ത് വെള്ളം കയറി അന്യന്റെ വീട്ടിലെ കലത്തിലെ കുളുത്ത് (തലേദിവസത്തെ കഞ്ഞി എന്റെ വയറ്റിലായി ഞാൻ ഭക്ഷിച്ചു. വയലിൽ പണി എടുക്കാൻ പറ്റാത്ത വിഷമത്തിൽ പുത്തൂരപ്പനെ (പുത്തൂർ അമ്പലത്തിലെ ദൈവം)വിളിച്ച് സങ്കടം പറയുന്നു.

**കരിവെള്ളൂർ കേസിൽ ശിക്ഷിക്കപ്പെട്ടവരുടെ പേരുവിവരങ്ങൾ**

ആകെ പ്രതികൾ - 197

ഒളിവിൽ പോയവർ - 12

വിട്ടയക്കപ്പെട്ടവർ - 116

സെഷൻസ് വിചാരണചെയ്യപ്പെട്ടവർ - 75

ശിക്ഷിക്കപ്പെട്ടവർ - 66

ചിത്തരോഗം കാരണം വിചാരണ ഒഴിവാക്കിയത് - 1

കേസ് നമ്പർ എസ്.സി 14-1947, എസ്.സി 18-1947

വിധി - 25-09-1947

| ക്രമ നമ്പർ | പ്രതി പട്ടിക നമ്പർ | പേര് |
|---|---|---|
| 1 | 1 | എം. വി. കുഞ്ഞമ്പു |
| 2 | 2 | കെ. കൃഷ്ണൻ മാസ്റ്റർ |
| 3 | 3 | പുതിയടത്ത് രാമൻ |
| 4 | 4 | ചേരിക്കൽ കുഞ്ഞമ്പു |
| 5 | 5 | ഓളോറ പടിഞ്ഞാറെ പുരയിൽ കരുണാകരൻ |
| 6 | 6 | പഴയപുരയിൽ കണ്ണൻ |
| 7 | 7 | തോട്ടത്തിൽ കുഞ്ഞമ്പു |
| 8 | 8 | കെ. കെ. വി. കുഞ്ഞിരാമൻ നായർ |
| 9 | 9 | പുഞ്ചക്കര കുഞ്ഞിരാമൻ |
| 10 | 10 | കണ്ണോത്ത് നാരായണൻ നായർ |
| 11 | 11 | പുല്ലായ്ക്കൊടി കുഞ്ഞിരാമൻ നമ്പ്യാർ |

| | | |
|---|---|---|
| 12 | 12 | ചേനാറ്റിൽ കുഞ്ഞമ്പു |
| 13 | 13 | ടി.എൻ നാരായണൻ അടിയോടി |
| 14 | 14 | കോട്ടയൻ വീട്ടിൽ രാമൻ മണിയാണി |
| 15 | 15 | ഉത്തമത്തിൽ കുഞ്ഞിരാമപൊതുവാൾ |
| 16 | 16 | ചേനാറ്റിൽ കണ്ണൻ |
| 17 | 17 | കണ്ടമ്പത്ത്  അപ്പാടി വീട്ടിൽ കൃഷ്ണപ്പൊതുവാൾ |
| 18 | 18 | തെക്കെവീട്ടിൽ കുഞ്ഞമ്പു |
| 19 | 19 | മുണ്ടയാട്ട് കുഞ്ഞമ്പു |
| 20 | 20 | കണ്ടമ്പത്ത് അപ്പാടിവീട്ടിൽ കണ്ണപ്പൊതുവാൾ |
| 21 | 21 | മന്ദ്യത്ത് കുഞ്ഞമ്പു |
| 22 | 22 | കാങ്കോലന്റെ കൂട്ടത്തിൽ  വണ്ണത്താൻ കണ്ണൻ |
| 23 | 23 | പുതിയപുരയിൽ രാമൻ |
| 24 | 24 | ഇരുട്ടൻ ചിരുകണ്ടൻ |
| 25 | 26 | ഇരുട്ടൻ ചന്ദ്രശേഖരൻ |
| 26 | 27 | തെക്കിനിയിൽ കുഞ്ഞമ്പുഉദയവർമ്മൻ ആചാരി |
| 27 | 28 | തിരുത്തിപ്പള്ളി കുഞ്ഞിരാമൻ |
| 29 | 30 | കണ്ണടബാപ്പൂട്ടി |
| 30 | 31 | കൊടക്കാരന്റെ വെളുത്തമ്പു |
| 31 | 32 | വടക്കേവീട്ടിൽ കൊല്ലൻ രാമൻ |
| 32 | 34 | പുന്നക്കോടൻ കണ്ണൻ |
| 33 | 35 | കുന്നിയൂർ നാരായണൻ നായർ |
| 35 | 36 | മടയമ്പത്ത് രാമൻ |
| 36 | 37 | പുതിയമ്പത്ത് കണ്ണൻ |
| 37 | 38 | കൊഴുമ്മൽ  കൊലിയൻ രാമൻ |
| 38 | 40 | വണ്ണാൻ കണ്ണൻ |
| 39 | 47 | കോയ്യോൻ അമ്പാടി |
| 40 | 48 | വടക്കേമഠത്തിൽ കൃഷ്ണൻ നമ്പീശൻ |
| 41 | 49 | മഞ്ഞതാഴത്ത് വീട്ടിൽ കേളുപ്പൊതുവാൾ |
| 42 | 50 | വട്ട്യൻ വീട്ടിൽ കണ്ണൻ |
| 43 | 51 | കീനേരി കൃഷ്ണൻ |
| 44 | 52 | കുഞ്ഞിപ്പുരയിൽ കൃഷ്ണൻ |
| 45 | 53 | മട്ടമ്മൽ രാമൻ |
| 46 | 54 | ചാലപ്പുരയിൽ ചവിണിയൻ |
| 47 | 55 | ചീറ്റയിൽ കൊല്ലൻ രാമൻ |

| | | |
|---|---|---|
| 48 | 56 | തേറ ഗോവിന്ദൻ |
| 49 | 57 | പനയന്തട്ട ഗോവിന്ദൻ |
| 50 | 58 | പനയന്തട്ട രാമൻ |
| 51 | 59 | നരസിംഹഭക്തർ |
| 52 | 60 | പുതിയപുരയിൽ ചന്ദ്രാരൻ |
| 53 | 62 | ചാലിൽ പുരയിൽ വെളുത്തമ്പു |
| 54 | 63 | പടിഞ്ഞാറേ പുരയിൽ വെളുത്തമ്പു |
| 55 | 64 | കെ.ടി.കമ്മാരൻ ( കെടി.കുമാരനാശാൻ) |
| 56 | 65 | എൻ.ജി.കമ്മത്ത് |
| 57 | 66 | സി.എച്ച് കേശവൻ നായർ |
| 58 | 67 | കരയാപ്പള്ളി കണ്ണൻ |
| 59 | 68 | വാണിയൻ രാമൻ |
| 60 | 69 | കടിഞ്ഞിയിൽ കുഞ്ഞിരാമൻ നായർ |
| 61 | 70 | അഞ്ചാരവീട്ടിൽ കണ്ണൻ |
| 62 | 71 | തേത്രോൻ കൃഷ്ണൻനായർ |
| 63 | 72 | കമ്മാടത്ത് രാമൻ |
| 64 | 73 | ഉണ്ണിയാടൻ നാരായണൻ എസ് .സി-18/1947 |
| 65 | 1 | കണ്ണ്യാട്ട് ഗോവിന്ദൻ നായർ |
| 66 | 2 | തൈവളപ്പിൽ കണ്ണൻ |

1. പഴുതറ




2. പഴുതറ കവാടം



3. പഴുതറയുടെ മുകളിലത്തെ ദ്വാരം



4. 22 കുഴികളോട് കൂടിയ വലിയ പഴുതറ – രേഖാചിത്രം



5. വലിയ പഴുതറയുടെ പ്രവേശന കവാടം



6. വലിയ പഴുതറയുടെ മുകളിലുള്ള ചെറുകുഴികളിൽ ഒന്ന്



7. ചെറിയ കുടക്കല്ല്



**8. കൽവൃത്തം**



കണിയാൻകുന്ന് കല്‌വൃത്തം
(കരിവെള്ളൂർ - പെരളം പഞ്ചായത്ത്)


9. കുടക്കല്ല്





10. കൂത്ത്



കണ്ണൂർ ജില്ല – കരിവെള്ളൂർ പെരളം പഞ്ചായത്ത്-
നരോത്ത് വിഷ്ണു ക്ഷേത്ര വട്ടെഴുത്ത് ലിഖിതം –2 വരി.
വായന – ഡോ. ടി. പവിത്രൻ.

1 

പൊനന അകിരിടടന് ചെയിതതു ഇതതേവ

2 

റകകു മേ ണികകാനതങ്ങ കൊടുതതതു

ആധുനികമലയാളരൂപം:

1, 2 പൊന്ന് അകൃഷ്ണൻ ചെയ്വിച്ചതു ഇന്ന ദേവർക്കു
വാങ്ങിക്കാൻ അന്തങ്ങ് കൊടുത്തതു (ളി)

വ്യാഖ്യാനം:

പൊന്ന് ആ കൃഷ്ണൻ (രാജാവ്?) ചെയ്വിച്ചത്. ഇന്ന
ദേവർക്ക് വാങ്ങിക്കാനായി അതങ്ങ് (പൊന്ന്
അമ്പലവിഗ്രഹത്തിന്) കൊടുത്താർ|കൊടുത്തരുളി.

**11. കാലിച്ചാൻ തെയ്യം**



**12. മണക്കാടൻ ഗുരുക്കൾ സമാധി സ്ഥാനം**



13. നെയ്ത്തു തറി




14. പായനെയ്ത്ത്



15. ചക്ക് സമർപ്പിക്കൽ





16. മുച്ചിലോട്ട് ഭഗവതി



17. തീയ്യ- അച്ചൻമാർ




18. കുട്ടൂക്കര കാമൻ



**19. ചൂള**




**20. കരിവെള്ളൂർ രക്തസാക്ഷി സ്മാരകം കുണിയൻ പുഴക്കര**



## 21. പൂരക്കളി



# ദാരുശിൽപങ്ങൾ  പറമ്പത്ത് അറ









































